# ഒൻപതാം പദ്ധതി ജനകീയ പദ്ധതി




# വികസന റിപ്പോർട്ട്

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**ജനകീയാസൂത്രണം**

നമ്മുടെ പഞ്ചായത്തിലൂടെ നാടിന് സമൃദ്ധി






വ്യവസായം, മീൻവളർത്തൽ, പശു - കോഴി വളർത്തൽ,
കൃഷി തുടങ്ങിയവകൊണ്ട് നമുക്ക് സമ്പന്നമാകാം
ആ നല്ല സ്വപ്നം സഫലീകൃതമാകാൻ ജാതി-മത ചിന്തകൾക്കും
കക്ഷി രാഷ്ട്രീയത്തിനും അതീതമായി നമുക്ക് ഒന്നിക്കാം
എന്ന് പ്രവർത്തകർ

**സുരേഷ് ടെക്സ്റ്റയിൽസ്, ഓച്ചിറ.**

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്
# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

(20.12.1996 വെള്ളിയാഴ്ച ഓച്ചിറ മരുതവന ഗാർഡൻസ് ഹാളിൽ നടന്ന വികസന സെമിനാറിൽ അവതരിപ്പിച്ചത്)



KRISHNAPURAM • GRAMA PANCHAYAT •

## ജനകീയാസൂത്രണം

# എഡിറ്റോറിയൽ ബോർഡ്


എൻ.രവി (പ്രസിഡന്റ്)
അഡ്വ. സി.എ. അൻഷാദ് (വൈസ് പ്രസിഡന്റ്)
കെ.ദേവദാസൻ (ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി)
ചിറപ്പുറത്ത് മുരളി (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)
കൊച്ചു കളീക്കൽ നാരായണപിള്ള (പഞ്ചായത്ത് മെമ്പർ)
എൻ. സദാനന്ദൻ (പഞ്ചായത്ത് മെമ്പർ)
എം. ആർ. ജീവൻലാൽ (കീ-റിസോഴ്സ് പേഴ്സൺ)
എസ്. നസീം (കീ-റിസോഴ്സ് പേഴ്സൺ)
മണക്കാട് രാമചന്ദ്രൻ പിള്ള
(കൺവീനർ-ജില്ലാ റിസോഴ്സ് പേഴ്സൺ)
കെ.എം. വാസുദേവനുണ്ണിത്താൻ
(ജില്ലാ റിസോഴ്സ് പേഴ്സൺ)
ഓച്ചിറ ശിവരാമൻ (ജില്ലാ റിസോഴ്സ് പേഴ്സൺ)
കെ.എം. ഷംസുകുഞ്ഞ് (ജില്ലാ റിസോഴ്സ് പേഴ്സൺ)
ആർ. അനിൽ (ജില്ലാ റിസോഴ്സ് പേഴ്സൺ)
രാജേഷ് അരവിന്ദ് (ജില്ലാ റിസോഴ്സ് പേഴ്സൺ)
പി.രാധാമണി (ജില്ലാ റിസോഴ്സ് പേഴ്സൺ)


## വികസന റിപ്പോർട്ട് തയ്യാറാക്കിയ റിസോഴ്സ് ഗ്രൂപ്പ്


സർവ്വശ്രീ. പി.എസ്സ്. സോമൻ.
(അസ്സി: ഡയറക്ടർ, കേരഫെഡ്)
ആർ. സുജാത. (കൃഷി ഓഫീസർ, കൃഷ്ണപുരം.)
ഡോക്ടർ. കെ.സി. മഹാദേവ കൈമൾ
(വെറ്റിനറി സർജൻ, കൃഷ്ണപുരം)
ഡോക്ടർ. ശശികുമാർ,
(മെഡിക്കൽ ഓഫീസർ പി.എച്ച്.സി, കൃഷ്ണപുരം)
ഡോക്ടർ. അജിത്.
(ഹോമിയോ മെഡിക്കൽ ഓഫീസർ, കൃഷ്ണപുരം.)
ഡോക്ടർ. പുരുഷോത്തമൻ.
(ആയുർവേദമെഡിക്കൽ ഓഫീസർ, കൃഷ്ണപുരം.)
കെ. ഭാസ്കരൻ. (അസി: രജിസ്ട്രാർ, സഹകരണവകുപ്പ്.)
എൻ. സുകുമാരപിള്ള,
(ഹെഡ്മാസ്റ്റർ, വിശ്വഭാരതി മോഡൽ H.S; കൃഷ്ണപുരം.)
എ. മുഹമ്മദ് റഷീദ് കുട്ടി,
(സെക്രട്ടറി, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്.)
എം.കെ. രാജശേഖരൻ,
(വില്ലേജ് ഓഫീസർ, കൃഷ്ണപുരം.)
എൻ.പത്മാധരൻ, (വി.ഇ.ഒ, കൃഷ്ണപുരം.)
എം.കെ.നാരായണൻ, (റിട്ട. ഡെപ്യൂട്ടി കളക്ടർ)
ജി.ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ.
(റിട്ട. പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ )
ആർ. വിജയൻപിള്ള
ജി. അഹമ്മദ് കുഞ്ഞ്
കെ.രാജേന്ദ്രൻ
എം.രാജമ്മ.
പി.കെ. നാണു.
കെ. അബ്ദുൽസലാം
പ്രൊഫ: വൈ. അബ്ദുൽ സലാം
റ്റി.സി. ശങ്കരപ്പിള്ള.
കെ.ബി. ജുബൈരിയത്ത് ബായ്
കളത്തിൽ ഗോപി
എം. നൂഹുക്കണ്ണ്.
വയലിൽ ജയചന്ദ്രൻ

*ഇന്ത്യുടെ ആത്മാവ് ഗ്രാമങ്ങളിലാണ്*
*- മഹാത്മാ ഗാന്ധി*



# മാനിഫോൾഡ് ഇൻഡസ്ട്രീസ്

സ്ട്രക്ച്ചറൽ എൻജിനീയേഴസ് & ഫ്രാബ്രിക്കേറ്റേഴ്സ്)

കാപ്പിൽ കിഴക്ക് ഫോൺ : 443263

ഹെൽത്ത് സെന്റർ ജംഗ്ഷൻ, കൃഷ്ണപുരം പി.ഓ

സ്ട്രക്ച്ചറൽ ഫാബ്രിക്കേറ്റേഴ്സ്

(സ്റ്റീൽ, ട്രസ് റൂഫ് വർക്സ്)

സ്പെഷ്യൽ പർപ്പസ് മെഷീൻസ്

---

ഓച്ചിറയിലെ വിദേശ യാത്ര സഹായി

# ഇൻഡോ അറബ് ട്രാവൽ


# എന്റർ പ്രൈസസ്

ദേവസ്വം ബിൽഡിംഗ് മഹാലക്ഷ്മി നട

ഓച്ചിറ

ടെലിഫോൺ : 690853, 691387

'യാത്രയുടെ പൂർണ്ണമായ ചുമതല ഞങ്ങൾക്കും



# ആമുഖം

കേരളത്തിന്റെ ഒമ്പതാം പഞ്ചവൽസര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് സംസ്ഥാന സർക്കാരും പ്ലാനിംഗ് ബോർഡും ചേർന്ന് രീപീകരിച്ച 'ജനകീയാസൂത്രണ പ്രസ്ഥാന' ത്തിന്റെ ലക്ഷ്യം. എല്ലാ വികസന പദ്ധതികളും കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പതിവിൽ നിന്നും വ്യത്യസ്ഥമായി, പദ്ധതി അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികളുടെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളെയും (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്) നഗരസഭകളെയും ഏല്പിക്കാനാണു തീരുമാനം. പദ്ധതി രൂപീകരിക്കുന്നതു മുതൽ നടപ്പിലാക്കുന്നതുവെരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ ഒരു പുത്തൻ വികസന സംസ്ക്കാരം വളർത്തിയെടുക്കാനാവുമെന്നാണ് പ്രതീക്ഷ.

1996 സെപ്തം: 7,8,9 തീയതികളിൽ കായംകുളം ഗവ: ഗേൾസ് ഹൈസ്ക്കൂളുകളിൽ നടന്ന ഡി.ആർ.പി.(ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ) മാർക്കുള്ള പരിശീലന ക്യാമ്പോടുകൂടിയാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ഉണർവുണ്ടാകുന്നത്. പ്രസ്തുത ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് 9 പേർ പങ്കെടുത്തു. തുടർന്ന് 19.9.96-ൽ കാപ്പിൽ കിഴക്ക് എൻ.എൻ.എം.യു.പി.സ്ക്കൂളിൽവെച്ച് എൽ.ആർ.പി (ലോക്കൽ റിസോഴ്സ് പേഴ്സൺ) മാർക്കുള്ള പരിശീലന ക്യാമ്പ് നടന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരുമടക്കം 140 പേർ ക്യാമ്പിൽ പങ്കെടുത്തു.

22.9.96 (വാർഡ് 10,11), 28.9.96 (വാർഡ് 9), 29.9.96 (വാർഡ് 1,2), 2.10.96 (വാർഡ് 3,4), 5.10.96 (വാർഡ് 7,8), 6.10.96 (വാർഡ് 5,6) എന്നീ തീയതികളിലായി പഞ്ചായത്തിലെ 11 വാർഡുകളിലും 'വിശേഷാൽ ഗ്രാമസഭകൾ' നടന്നു. ഏറ്റവും കൂടുതൽ ജനങ്ങൾ പങ്കെടുത്തത് 7-ാം വാർഡിലാണ് (302 പേർ). 193 പേർ പങ്കെടുത്ത 8-ാം വാർഡിൽ പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളായിരുന്നു (110 പേർ) 'ഗ്രാമസഭ'കളുടെ മുന്നോടിയായി ഭൂരിപക്ഷം വാർഡുകളിലും വിപുലമായ സ്വാഗതസംഘം വിളിച്ചുചേർത്തിരുന്നു. കാര്യമായ പ്രചാരണപ്രവർത്തനങ്ങളിലും ശ്രദ്ധിച്ചിരുന്നു. പോസ്റ്ററുകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റ് എന്നിവയ്ക്കുപുറമേ ചില വാർഡുകളിൽ കരോൾസംഘങ്ങളും സംഘടിപ്പിച്ചിരുന്നു.

നിർദ്ദേശിക്കപ്പെട്ട 12 വിഷയങ്ങളിൽ സമാനസ്വഭാവമുള്ളവയെ ഒരുമിച്ചുചേർത്തുകൊണ്ട് നാല് ഗ്രൂപ്പുകളിലായിട്ടാണ് ഗ്രാമസഭകളിൽ ചർച്ച നടന്നത്. സ്ത്രീകൾ ഉൾപ്പടെ ജനങ്ങൾ ആവേശ പൂർവ്വം ചർച്ചകളിൽ പങ്കെടുത്തു.

'അധികാരം ജനങ്ങളിലേയ്ക്ക്' എന്ന സന്ദേശവുമായി 24.10.96-ൽ പഞ്ചായത്തിൽ പര്യടനം നടത്തിയ 'ജനാധികാര കലാജാഥ'യ്ക്ക് അഞ്ചു കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. 'കലാജാഥയിൽ' അവതരിപ്പിക്കപ്പെട്ട പരിപാടികൾ ശരാശരി നിലവാരം മാത്രമേ പുലർത്തിയുള്ളൂ. 'ഗ്രാമസഭ'കളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കാൻ വേണ്ടി സംഘടിപ്പിക്കപ്പെട്ട ജാഥ പര്യടനം നടത്തുന്നത് ഗ്രാമസഭകൾ കൂടി ഏതാണ്ട് മൂന്ന് ആഴ്ചകൾക്കുശേഷവും. കുറേക്കൂടി നിലവാരമുള്ള പരിപാടികൾ ഒരുക്കുന്നതിലും ഗ്രാമസഭായോഗങ്ങൾക്കു മുമ്പായി പര്യടന പരിപാടികൾ സംഘടിപ്പിക്കുന്നതിലും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതായിരുന്നു.

ഗ്രാമസഭായോഗങ്ങൾക്കുശേഷം നടന്ന പ്രധാന പ്രവർത്തനം ദ്വിതീയ സ്ഥിതി വിവരിക്കണക്കുകളുടെ ശേഖരണം ആണ്. പഞ്ചായത്തിലെ ഡി.ആർ.പി മാർ വിവിധ സർക്കാരിഫീസുകൾ സന്ദർശിച്ച് ഏറെക്കുറെ തൃപ്തികമാം വിധം ഈ പ്രവർത്തനം പൂർത്തിയാക്കി. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ വിദഗ്ധരുടെ മേൽ നോട്ടത്തിൽ, സാക്ഷരതാ പ്രവർത്തകരുടെ സഹകരണത്തോടെ വിഭവഭൂപട നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്താകയാൽ 'പഠനപര്യടനം' ആവശ്യമായി വന്നില്ല.

കേരളപിറവിദിനമായ നവം:1 പുനരർപ്പണ ദിനമായി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലും ആചരിച്ചു. മുഞ്ഞനാട്ടുമുക്ക് മേടയിൽമുക്ക് റോഡിന്റെയും മേടയിൽ തടിപ്പാലത്തിന്റെയും കാഷിൽ കുറ്റിപ്പുറം ചന്ത മുതൽ സേവാഗ്രാമം മുക്ക് വരെയുള്ള റോഡിന്റെയും അറ്റകുറ്റപ്പണികൾക്ക് അന്നേ ദിവസം ജനപങ്കാളിത്തത്തോടെ തുടക്കംകുറിച്ചു.

1996 നവം: 8,9,10, തീയതികളിൽ ഹരിപ്പാട് ഗവ: ഗേൾസ് ഹൈസ്ക്കൂൾ നടന്ന ഡി.ആർ.പി മാർക്കുള്ള രണ്ടാംഘട്ട പരിശീലന ക്യമ്പിൽ പഞ്ചായത്തിൽ നിന്ന് 7 പേരും 14.11.96 ൽ വിശ്വഭാരതി മോഡൽ ഹൈസ്ക്കൂളിൽ നടന്ന എൽ.ആർ.പി മാർക്കുള്ള രണ്ടാംഘട്ട പരിശീലന ക്യമ്പിൽ 123 പേരും പങ്കെടുത്തു. തൊട്ടടുത്തദിവസം തന്നെ 12 വികസനമേഖലകളുടെ റിപ്പോർട്ടിന്റെ കരടും തയ്യാറാക്കുവാൻ 10 റിസോഴ്സ് ഗ്രൂപ്പുകളും വികസന രേഖയ്ക്ക് അന്തിമ രൂപം നൽകുവാൻ ഒരു എഡിറ്റോറിയിൽ ബോർഡും രൂപീകരിച്ചു. പഞ്ചായത്ത് മെമ്പർ (ചെയർമാൻ), ബന്ധപ്പെട്ട മേഖലയിലെ പ്രധാന ഉദ്യോഗസ്ഥൻ (കൺവീനർ), ഡി.ആർ.പി/എൽ.ആർ.പി. പ്രതിനിധി, മറ്റ് വിദഗ്ദ്ധർ എന്നിവരടങ്ങുന്നതാണ് ഒരോ റിസോഴ്സ് ഗ്രൂപ്പും

റിപ്പോർട്ടിന്റെ കരട് തയ്യാറാക്കുവാൻ 23.11.96 ൽ വിശ്വഭാരതി മോഡൽ ഹൈസ്ക്കൂളിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു. പത്ത് റിസോഴ്സ് ഗ്രൂപ്പുകളും രാവിലെ 10 മണിമുതൽ വൈകിട്ട് 6 മണിവരെ പ്രത്യേകം കൂടി പന്ത്രണ്ട് വികസന മേഖലകളുടെ റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തിന്റെ ചുമതലയുള്ള കെ.ആർ.പി., ഡി.ആർ.പി മാരുടെ കൺവീനർ എന്നിവർ മേൽനോട്ടം വഹിച്ചു.

25.11.1996 മുതൽ 29.11.1996 വരെ എഡിറ്റോറിയൽ ബോർഡ് തുടർച്ചയായി യോഗം ചേർന്ന് മറ്റ് അദ്ധ്യായങ്ങൾ തയ്യാറാക്കുകയും വികസന റിപ്പോർട്ടിന് അന്തിമ രൂപം നൽകുകയും ചെയ്തു. 30.11.1996,1.12.1996,2.12.1996 എന്നീ ദിവസങ്ങളിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി കൃഷ്ണപുരത്തിന്റെ വികസന റിപ്പോർട്ട് അംഗീകരിച്ചു.


വികസന സെമിനാറോടെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം അവസാനിക്കുകയാണ്. ഓരോ മേഖലയിലും ഉയർന്നു വന്ന നിർദ്ദേശങ്ങൾ പ്രൊജക്ടുകളായി രൂപപ്പെടുത്താനുള്ള 'കർമ്മ സമിതി'കളുടെ പ്രവർത്തനമാണ് ഇനി നടക്കാൻ പോകുന്നത്. കർമ്മസമിതികൾ രൂപം നൽകുന്ന പദ്ധതികൾ ശാസ്ത്രീയമായി സംയോജിപ്പിച്ച് 'പഞ്ചായത്ത് വികസന പദ്ധതി' തയ്യാറാക്കാൻ ഗ്രാമപഞ്ചായത്ത് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കും. പ്രസ്തുത സമിതി പഞ്ചായത്ത് വികസന പദ്ധതി രൂപപ്പെടുമ്പോഴേക്കും 9-ാം പദ്ധതിയിൽ പഞ്ചായത്തുകൾക്കുള്ള വിഹിതത്തെ കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുമെന്നാണ് പ്രതീക്ഷ.

| | |
|---|---|
| പേജ് 5 | ആമുഖം |
| പേജ് 7 | പഞ്ചായത്ത് ഭരണസമിതി |
| പേജ് 9 | പഞ്ചായത്ത് : പൊതുവിവരണം |
| പേജ് 10 | സാമൂഹിക സാംസ്കാരിക ചരിത്രം |
| പേജ് 16 | ഭൂപ്രകൃതിയും വിഭവങ്ങളും |
| പേജ് 20 | കൃഷിയും ജലസേചനവും |
| പേജ് 36 | മൃഗസംരക്ഷണവും മൽസ്യബന്ധനവും |
| പേജ് 44 | വ്യവസായം |
| പേജ് 48 | വിദ്യാഭ്യാസം |
| പേജ് 54 | കുടിവെള്ളവും പൊതുജനാരോഗ്യവും |
| പേജ് 58 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് |
| പേജ് 70 | പാർപ്പിടവും സാമൂഹ്യക്ഷേമവും |
| പേജ് 76 | സംസ്കാരം |
| പേജ് 79 | വനിതാ ക്ഷേമം |
| പേജ് 81 | സഹകരണം |
| പേജ് 86 | പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം |
| പേജ് 93 | വിഭവസമാഹരണം |
| പേജ് 96 | രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരം |
| പേജ് 97 | നന്ദിപൂർവ്വം ..... |
| പേജ് 99 | ഉപസംഹാരം |


പട്ടിക . 1 വിശേഷാൽ ഗ്രാമസഭകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | സ്ഥലം | തീയതി | സമയം | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
| 1 | ജി. എൻ. പി. എൽ. പി. സ്കൂൾ, തേവള്ളി സങ്കം | 29-9-96 | 1-30 pm 6 pm | 48 | 117 | 165 |
| 2 | കിച്ചു. കിച്ചു. തൈവനൽ എം. കൃ. പി. സ്കൂൾ കിഴക്കുവശം | " | " | 25 | 103 | 128 |
| 3 | വിശ്വനാഥൻ മോഹൻ നൈനാസ്കൂൾ, പണയന്നാർ കാവ് | 2-10-96 | " | 50 | 75 | 125 |
| 4 | ശവ. എൽ. പി. സ്കൂൾ, തേവലപ്പുറം | " | " | 52 | 82 | 134 |
| 5 | ശവ. എൽ. പി. സ്കൂൾ, കാഷിൽ കിഴക്ക്. | 6-10-96 | " | 31 | 110 | 141 |
| 6 | സി. എം. എസ്. എൽ. പി. സ്കൂൾ, കാഷിൽ കിഴക്ക് | " | " | 23 | 63 | 86 |
| 7 | നൂഖദാരൻ. അസ്ഥാന, ഞാങ്കനാൽ | 5-10-96 | " | 97 | 205 | 302 |
| 8 | കല്ലേലി പടീറ്റതിൽ, കാഷിൽ തെക്ക്. | " | " | 110 | 83 | 193 |
| 9 | മണ്ണുവണ അംഗൻവാടി കിഴക്ക്, കുഴിഞ്ഞപുരം | 28-9-96 | " | 45 | 113 | 158 |
| 10 | ഒവിദവനം, കുഴിഞ്ഞപുരം | 22-9-96 | " | 25 | 76 | 101 |
| 11 | പണം പ്ലാവിൽ തെക്കേ കൊച്ചുമുറി | " | " | 14 | 60 | 74 |
| | | | ആകെ | 520 | 1087 | 1607 |


# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി




എൻ. രവി
(പ്രസിഡന്റ്)




സി.എ. അൻഷാദ്
(വൈസ് പ്രസിഡന്റ്)



കെ. ദേവദാസൻ
(സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ)




കെ. ജനാർദ്ദനൻ




അജിത നസീം



ജയ വിജയൻപിള്ള




റ്റി. രാഘവൻ



ഓമന വാവച്ചൻ




കെ. നാരായണപിള്ള




എൻ. സദാനന്ദൻ



ആബിദാബീവി



എ. മുഹമ്മദ് റഷീദ്കുട്ടി
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)



# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | – | കൃഷ്ണപുരം പഞ്ചായത്ത് |
| റവന്യൂ വില്ലേജ് | – | കൃഷ്ണപുരം |
| ബ്ലോക്ക് പഞ്ചായത്ത് | – | മുതുകുളം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – | 1. കൃഷ്ണപുരം ഈസ്റ്റ്<br>2. കൃഷ്ണപുരം വെസ്റ്റ് (ഭാഗികം) |
| താലൂക്ക് | – | കാർത്തികപ്പള്ളി |
| ജില്ല | – | ആലപ്പുഴ |
| അസംബ്ലിമണ്ഡലം | – | കായംകുളം |
| പാർലമെന്റ് മണ്ഡലം | – | മാവേലിക്കര |
| അതിരുകൾ | – | വടക്ക് ഭരണിക്കാവ് പഞ്ചായത്ത്<br>കിഴക്ക് ഭരണിക്കാവ്, വള്ളികുന്നം പഞ്ചായത്തുകൾ<br>തെക്ക് ഓച്ചിറ (കൊല്ലം ജില്ല) പഞ്ചായത്ത്,<br>പടിഞ്ഞാറ് ദേവികുളങ്ങര പഞ്ചായത്ത്<br>കായംകുളം മുൻസിപ്പാലിറ്റി |
| ജനസംഖ്യ | – | 24242 |
| പുരുഷൻ | – | 11778 |
| സ്ത്രീ | – | 12464 |
| വിസ്തീർണ്ണം | – | 10.64 ച.കീ |
| ജനസാന്ദ്രത | – | 2278 |
| സാക്ഷരർ | – | 87% |
| വാർഡുകൾ | – | 11 |
| പ്രസിഡന്റിന്റെ പേര് | – | എൻ.രവി |
| വൈസ് പ്രസിഡന്റിന്റെ പേര് | – | സി.എ.അൻഷാദ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ പേര് | – | കെ.ദേവദാസൻ |



# സാമൂഹിക സാംസ്കാരിക ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കേ അറ്റത്ത് ദക്ഷിണകാശി എന്ന് വിഖ്യാതമായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തെ (കൊല്ലം ജില്ല) തൊട്ടുകിടക്കുന്ന 'കൃഷ്ണപുരത്തിന്' സമ്പന്നമായ ഒരു സാമൂഹിക ചരിത്ര പശ്ചാത്തല മുണ്ട്. പ്രസിദ്ധമായ ശ്രീ കൃഷ്ണസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലമാകയാൽ കൃഷ്ണന്റെ ആ വാസസ്ഥലം (പുരം) എന്ന അർത്ഥത്തിലാണ് കൃഷ്ണപുരത്തിന് ആ പേർ സിദ്ധിച്ചതെന്ന് പറയപ്പെടുന്നു. കായംകുളം രാജാവിന്റെ തലസ്ഥാനവുമായിരുന്നു കൃഷ്ണപുരം. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദളവ, രാമയ്യൻ കായംകുളം രാജ്യം ആക്രമിച്ചു കീഴടക്കി വേണാടിനോട് ചേർക്കുകയായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രവും കായംകുളം കൊട്ടാരവും കായംകുളം രാജാവിന്റെ കോട്ടയ്ക്കകത്തുള്ള അതിർത്തിച്ചിറയും പട്ടാളത്തേയും കുതിരകളേയും പാർപ്പിച്ചിരുന്ന ലയത്തിൽ പുരയിടവും ( കേന്ദ്ര നാളീകേര ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം) ഇന്ന് കായംകുളം മുൻസിപ്പാലിറ്റിയിലാണ്. കേരള വർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച (മയൂര സന്ദേശത്തിൽ) കൃഷ്ണപുരം കൊട്ടാരത്തെപ്പറ്റി പ്രതിപാദിക്കുന്നു.

തിരുവിതാകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റേയും പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും നേതൃനിരയിലെ ശ്രദ്ധേയനായിരുന്ന ശ്രീ.ജി.പി നീലകണ്ഠ പിള്ള ഈ പ്രദേശത്തുകാരനായിരുന്നു.(മഠത്തിക്കാരാണ്മ - ഇപ്പോൾ ഓച്ചിറ പഞ്ചായത്തിൽ) കൃഷ്ണപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ കോട്ടയ്ക്കൽ ശേഖരപണിക്കനും ഇവിടുത്തെ ആദ്യകാല കോൺഗ്രസ്സ് നേതാക്കൾ പ്രമുഖനാണ്. ശ്രീ വെട്ടുകുളഞ്ഞിയിൽ രാമൻപിള്ള, അഡ്വക്കേറ്റ് രാഘവൻ പിള്ള, അഡ്വക്കറ്റ് സുബ്രഹ്മണ്യം പിള്ള, പാട്ടത്തിൽ കുഞ്ഞുപിള്ള, പാട്ടത്തിൽ വാസുപിള്ള, കൊച്ചു കളിയിക്കൽ മാധവൻപിള്ള എന്നിവർ പ്രമുഖ കോൺഗ്രസ്സ് പ്രവർത്തകരായിരുന്നു. ശ്രീ കേശവൻ പോറ്റി(കെ.പി.എ.സി) ആയിരുന്നു. അക്കാലത്ത് ഈപ്രദേശത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് സർവ്വ ശ്രീ നാണുക്കുട്ടി ആശാൻ, വൂരവിള ശങ്കരൻനായർ, നീലകണ്ഡൻ നമ്പ്യാതിരി എന്നിവരും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

കൊല്ലം ജില്ലയുടെയും കരുനാഗപ്പള്ളി താലൂ

ക്കിന്റെയും ഭാഗമായിരുന്ന കൃഷ്ണപുരത്തിന് ഒരു വില്ലേജ് യൂണിയൻ ഉണ്ടായിരുന്നു. പിൽക്കാലത്തെ പഞ്ചായത്തിന്റെ ഒരു പ്രാഗ് രൂപമായിരുന്നു ഇത്. പാട്ടത്തിൽ ശ്രീ കഞ്ചുപിള്ള പ്രസിഡന്റായിരുന്ന വില്ലേജ് യൂണിയനിൽ വയലിൽ ശ്രീ പത്മനാഭൻ, അഡ്വക്കേറ്റ് സുബ്രഹ്മണ്യം പിള്ള, വി.ദാമോദര പണിക്കർ തുടങ്ങിയവർ അംഗങ്ങളായിരുന്നു. അക്കാലത്ത് ശ്രീ സുബ്രഹ്മണ്യം പിള്ളയുടെ നേത്രത്വത്തിൽ ഒരു ഖാദി സ്ഥാപനം കൃഷ്ണപുരത്ത് പ്രവർത്തിച്ചിരുന്നു. വില്ലേജ് യൂണിയന്റെ പ്രസിഡന്റായിരുന്ന പാട്ടത്തിൽ ശ്രീ കുഞ്ചുപിള്ള ഓച്ചിറ ക്ഷേത്രഭരണ സമിതിയുടെയും പ്രസിഡന്റായിരുന്നു.

1953 ൽ കൃഷ്ണപുരത്ത് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ആദ്യത്തെ പഞ്ചായത്ത് സമിതിയിൽ പത്ത് അംഗങ്ങൾ ഉണ്ടായിരുന്നു( 9 വാർഡും 10 അംഗങ്ങളും) കൃഷ്ണപുരം കോവിലകത്തെ ശ്രീ കേരളവർമ്മ, മഠത്തിക്കാരാൺമ കോട്ടയിൽ ശ്രീ ശേഖരപണിക്കർ, ശ്രീ വെളുത്ത കുഞ്ഞ് (പട്ടികജാതി സംവരണം), ഞക്കനാൽ വെട്ടുകുളഞ്ഞിയിൽ ശ്രീ രാമൻപിള്ള, കൊറ്റം പള്ളി കേശവപ്പണിക്കർ, മീനത്തേരിയിൽ മൈതീൻ കുഞ്ഞ്, പുള്ളിക്കണക്കിൽ പാലക്കോട് ഇല്ലത്ത് ശ്രീ നീലകണ്ഡൻ നമ്പ്യാതിരി, കാപ്പിൽ മേക്ക് ചിറയിൽക്കാട്ടിൽ ശ്രീ കൊച്ചുകൃഷ്ണൻ, കോമളത്ത് ശ്രീ കേശവ പിള്ള എന്നിവരായിരുന്നു അംഗങ്ങൾ. ശ്രീ കേരളവർമ്മ പഞ്ചായത്തിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റും ശ്രീ ശേഖരപ്പണിക്കർ വൈസ് പ്രസിഡന്റും ആയി. ഇന്നത്തെ കൃഷ്ണപുരം പഞ്ചായത്തിൽപ്പെടുന്ന ദേശത്തിനകവും, തെക്ക് കൊച്ച് മുറിയും ഒഴികെയുള്ള പ്രദേശങ്ങളും കായംകുളം മുൻസിപ്പാലിറ്റിയുടെ ഭാഗമായ കൃഷ്ണപുരം, കാപ്പിൽ മേക്ക്, പുള്ളിക്കണക്ക്, ചേരാവള്ളി പ്രദേശങ്ങളും ഒച്ചിറ ഗ്രാമപഞ്ചായത്തിൽ (ഇപ്പോൾ കൊല്ലം ജില്ല) പ്പെടുന്ന മേമന വായനകം, ഞക്കനാൽ, മഠത്തിക്കാരാണ്മ, കൊറ്റംപള്ളി പ്രദേശങ്ങളും ഉൾപ്പെടുന്നതായിരുന്നു അന്നത്തെ കൃഷ്ണപുരം പഞ്ചായത്ത്. അതിർത്തിച്ചിറയ്ക്ക് സമീപമുള്ള കുഴിയിൽ നാണുപിള്ളയുടെ വസതിയിലും പിന്നീട് അതിർത്തിച്ചിറയ്ക്ക് കിഴക്ക് വശത്തുള്ള അഡ്വക്കേറ്റ് സുബ്രഹ്മണ്യം പിള്ളയുടെ കെട്ടിടത്തിലുമായിരുന്നു (ഇപ്പോഴത്തെ മുണ്ടുകോട്ടനെഴ്സറിക്ക് പിറകുവശം) പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത് ശ്രീ. കേരളവർമ്മയെ കൂടാതെ ശ്രീ ശേഖരപ്പണിക്കർ, ശ്രീ വെളുത്ത കുഞ്ഞ്, ശ്രീ വെട്ടുകുളഞ്ഞിയിൽ രാമൻപിള്ള എന്നിവരും ഒന്നാമത്തെ പഞ്ചായത്തിൻ പ്രസിഡന്റ് പാദം അലങ്കരിച്ചിരുന്നു. പഞ്ചായത്തിന്റെ പ്രതിവർഷ വരുമാനം 2000 രൂപ സർക്കാർ ഗ്രാന്റും 20-25 രൂപ വീട്ടുവാടക, ലൈൻസ് ഫീ: ഇനത്തിലുള്ള വരവുമായിരുന്നു. അംഗങ്ങളുടെ പ്രതിമാസ സിറ്റിംഗ് അലവൻസ് 7രൂപ ആയിരുന്നു. ഒന്നാമത്തെ പഞ്ചായത്ത് സമിതിയിൽ അംഗങ്ങളായിരുന്ന സർവ്വ ശ്രീ വെട്ടുകുളഞ്ഞിയിൽ രാമൻ പിള്ള, പാലക്കോട്ട് ഇല്ലത്ത് നീലകണ്ഡൻ നമ്പ്യാതിരി, ചിറയിൽ കാട്ടിൽ (വയലിൽ) കൊച്ചുകൃഷ്ണൻ എന്നിവർ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇന്നത്തെ കൃഷ്ണപുരം പഞ്ചായത്തിലെ ഒന്നാം വാർഡ് (ദേശത്തിനകം) അന്ന് പെരുങ്ങാല വില്ലേജിലും പെരുങ്ങാല പഞ്ചായത്തിലുമായിരുന്നു. 10 വാർഡിന്റെ കൃഷ്ണപുരം തോടിന് പടിഞ്ഞാറുള്ള ഭാഗവും പതിനൊന്നാം വാർഡും (തെക്കുകൊച്ചുമുറി) പതുപ്പള്ളി വില്ലേജിലും പുതുപ്പള്ളി പഞ്ചായത്തിലുമായിരുന്നു.

ഡി-ലിമിറ്റേഷനുശേഷം 1963 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ പഞ്ചായത്തിൽ 7 വാർഡുകളും 8 അംഗങ്ങളുമാണുണ്ടായിരുന്നത്. അംഗങ്ങളുടെ പേരുവിലാസം താഴെ കൊടുക്കുന്നു

1. ദേശത്തിനകം – പെരുങ്ങാല – ശ്രീ. എൻ.കുമാരൻ
2. പുള്ളിക്കണക്ക് – ശ്രീ.പി.കൃഷ്ണപിള്ള
3. കാപ്പിൽമേക്ക് – ശ്രീ.നെടുമ്പറയിൽ കൊച്ചു കുഞ്ഞുപിള്ള
4. കാപ്പിൽ കിഴക്ക് – ശ്രീ. എം. അനിരുദ്ധൻ
5. കൃഷ്ണപുരം (ദ്വയാംഗം) – ശ്രീ. വി. ദാമോദരപണിക്കർ
6. (പട്ടികജാതി സംവരണം) – ശ്രീ. ചെല്ലപ്പൻ
7. ഞക്കനാൽ – ശ്രീ. കൊച്ചുകളീക്കൽ കെ. നാരായണപിള്ള
8. തെക്കുകൊച്ചുമുറി– ശ്രീ. ഏ.കെ.കുറുപ്പ്

1964 ജനുവരി ഒന്നിന് അധികാരത്തിൽ വന്ന ഈ കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. എം. അനിരുദ്ധനും, വൈസ് പ്രസിഡന്റ് ശ്രീ. നെടുമ്പറയിൽ ശ്രീ. കൊച്ചുകുഞ്ഞുപിള്ളയുമായിരുന്നു. 1967 ൽപട്ടികജാതി സംവരണ സീറ്റിൽ നിന്നും ജയിച്ച ശ്രീ. ചെല്ലപ്പന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. കെ.കെ. രാഘവൻ തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തു സമിതിയിലെ വനിതാ അംഗമായി നോമിനേറ്റ് ചെയ്യപ്പെട്ട ശ്രീമതി. സുഹ്റാ ബീവി രാജിവെച്ചപ്പോൾ ശ്രീമതി. ഐഷാ ബീവി നോമിനേറ്റ് ചെയ്യപ്പെട്ടു. ഈ പഞ്ചായത്തു കമ്മറ്റിയുടെ കാലത്താണ് സേവഗ്രാമം ദാമോദരപണിക്കർ സംഭാവന നൽകിയ സ്ഥലത്തു പഞ്ചായത്താഫീസ് കെട്ടിടവും ഹോമിയോ ആശുപത്രിക്കായി രണ്ട് പ്രത്യേക മുറികളും പണികഴിപ്പിച്ചത്. 1–1–1969 ൽ ഹോമിയോ ആശുപത്രി പ്രവർത്തനം ആരംഭിച്ചു. 1979 ൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം പത്തായി ഉയർന്നു. അംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

വാർഡ് 1 ദേശത്തിനകം – പെരുങ്ങാല കെ.എൻ. പുരുഷോത്തമൻ
വാർഡ് 2. പുള്ളക്കണക്ക് – കെ. ബാലകൃഷ്ണപിള്ള
വാർഡ് 3. കാപ്പിൽമേക്ക് എ എൻ. ശിവരാമൻനായർ
വാർഡ് 4. കാപ്പിൽമേക്ക് ബി. എൽ.എസ്. ഹർഷൻ
വാർഡ് 5 കാപ്പിൽകിഴക്ക് (വനിതാസംവരണം) അന്നമ്മ മാത്തുക്കുട്ടി
വാർഡ് 6 ഞക്കനാൽ ഡോ. സത്യദാസ്
വാർഡ് 7 കാപ്പിൽ എൻ. സദാനന്ദൻ
വാർഡ് 8 കൃഷ്ണപുരം എ കടമ്പാട്ടു പ്രഭാകരൻപിള്ള
വാർഡ് 9 കൃഷ്ണപുരം ബി (പട്ടികജാതി സംവരണം) കെ.കെ. രാഘവൻ
വാർഡ് 10. തെക്കുകൊച്ചുമുറി ഓച്ചിറ രാമചന്ദ്രൻ

ഈ പഞ്ചായത്തു കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ.കെ. കെ.രാഘവനും, വൈസ് പ്രസിഡന്റ് ശ്രീ. എൻ. സദാനന്ദനുമായിരുന്നു. 1979 മുതൽ 1985 വരെ നിലവിലുണ്ടായിരുന്ന ഈ പഞ്ചായത്തു കമ്മറ്റിയുടെ കാലത്താണ് പഞ്ചായത്തിലുള്ള ഏക ഹൈസ്കൂൾ വിശ്വഭാരതി മോഡൽ ഹൈസ്കൂൾ, പനയന്നാർകാവ് സ്ഥാപിക്കപ്പെട്ടത്. ഈ ' എയ്ഡഡ്' സ്ക്കൂൾ സ്ഥാപിക്കുന്നതിന് വിലപ്പെട്ട സേവനങ്ങൾ പഞ്ചായത്തു കമ്മറ്റി നൽകിയിട്ടുണ്ട്. ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡ് നേടിയ അദ്ധ്യാപകൻ ശ്രീ. എൻ. സുകുമാരപിള്ളയാണ് ഇപ്പോൾ ഈ സ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ.

1988 ൽ നടന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

വാർഡ് 1 – എൻ. രവി
വാർഡ്, 2 – സുശീല രഘുനാഥ്
വാർഡ് 3 – വി.ചന്ദ്രനാഥ്
വാർഡ് 4 – ആർ. വിജയൻപിള്ള
വാർഡ് 5 – എൻ. ശിവരാമൻനായർ
വാർഡ് 6 – എസ്. ഗോപാല–കൃഷ്ണ പണിക്കർ
വാർഡ് 7 – അഡ്വ: എൽ. വിജയമ്മ
വാർഡ് 8 – സി.എ. അൻഷാദ്
വാർഡ് 9 – കെ.കെ.ചന്ദ്രൻ
വാർഡ് 10 – ബി. ഭാസ്ക്കരകുറുപ്പ്

ശ്രീ. വി. ചന്ദ്രനാഥ് പ്രസിഡന്റായും ശ്രീ.

എസ്. ഗോപാലകൃഷ്ണപണിക്കർ വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 1993 ൽ ചന്ദ്രനാഥ് പ്രസിഡന്റ് സ്ഥാനവും മെമ്പർ സ്ഥാനവും ഒഴിഞ്ഞപ്പോൾ വൈസ് പ്രസ്ഡന്റായിരുന്ന ശ്രീ. എസ്. ഗോപാലകൃഷ്ണപണിക്കർ പ്രസിഡന്റിന്റെ ചുമതലകൾ ഏറ്റെടുക്കുകയും 1995 വരെ തൽസ്ഥാനത്ത് തുടരുകയും ചെയ്തു. ഈ കമ്മറ്റിയുടെ കാലത്താണ് പഞ്ചായത്ത് ഹോമിയോ ആശുപത്രിക്ക് പ്രത്യേക കെട്ടിടം (വാർഡ് 3 ൽ കടുവിൻത്തറ ദേവികികുഞ്ഞമ്മ സംഭാവന ചെയ്ത സ്ഥലത്ത്) പഞ്ചായത്തു കോൺഫറൻസ് ഹാൾ, പഞ്ചായത്ത് സാംസ്കാരിക നിലയം, മൃഗാശുപത്രി കെട്ടിടം എന്നിവ നിർമ്മിക്കപ്പെട്ടത്.

1987–91 കാലത്ത് ശ്രീ.എം.ആർ.ഗോപാലകൃഷ്ണൻ എം.എൽ.എ ആയിരുന്നപ്പോൾ എം.എൽ.എ സ്കീമിൽ ഉൾപ്പെടുത്തി കൊച്ചാലും മൂട് പനയന്നാർകാവ് തങ്കയ്യത്തിൽ മുക്ക് റോഡ് പി.ഡബ്ല്യു.ഡി യെ കൊണ്ട് ഏറ്റെടുപ്പിച്ചു. 1991–96 കാലത്ത് കായംകുളം എം.എൽ.എ യായിരുന്ന ശ്രീ.തച്ചടി പ്രഭാകരൻ മേനാത്തേരി പനയന്നാർകാവ് കുറ്റിപ്പുറം ചന്ത റോഡിന്റെ പഞ്ചായത്താഫീസ് ജംഗ്ഷൻ വരെയുള്ള ഭാഗം ടാർ ചെയ്യിക്കുന്നതിനുള്ള നടപടികൾ എടുത്തു. (അതിന്റെ പണി ഇതിനകം പൂർത്തിയായിട്ടുണ്ട്) ഇദ്ദേഹത്തിന്റെ കാലത്താണ് പനയന്നാർകാവ് പാറയ്ക്കൽ മുക്ക് റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തത്.

1995 ഒക്ടോബർ രണ്ടിന് അധികാരമേറ്റ ഇപ്പോഴത്തെ ഗ്രാമപഞ്ചായത്തു കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. എൻ. രവിയും, വൈസ് പ്രസിഡന്റ് അഡ്വ: സി.എ. അൻഷാദുമാണ്. പതിനൊന്ന് വാർഡുകളാണ് ഇപ്പോഴുള്ളത്. അംഗങ്ങൾ

| | |
|---|---|
| വാർഡ് 1 | എൻ.രവി |
| വാർഡ് 2 | കെ. ജനാർദ്ദനൻ |
| വാർഡ് 3 | അജിതാ നസീം |
| വാർഡ് 4 | ജയാ വിജയൻപിള്ള |
| വാർഡ് 5 | റ്റി. രാഘവൻ |
| വാർഡ് 6 | ഓമന വാവച്ചൻ |
| വാർഡ് 7 | കൊച്ചുകളീയ്ക്കൽ കെ. നാരായണപിള്ള |
| വാർഡ് 8 | എൻ. സദാനന്ദൻ |
| വാർഡ് 9 | അഡ്വ: സി.എ.അൻഷാദ് |
| വാർഡ് 10 | കെ.ദേവദാസൻ |
| വാർഡ് 11 | ആബിദാ ബീവി |

പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചെയർമാൻ ശ്രീ. കെ.ദേവദാസനാണ്. സർവ്വശ്രീ. കൊച്ചുകളീയ്ക്കൽ കെ. നാരായണപിള്ള, റ്റി. രാഘവൻ, കെ. ജനാർദ്ദനൻ, ഓമന വാവച്ചൻ എന്നിവർ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അംഗങ്ങളാണ്. പ്രസിഡന്റ് ശ്രീ. എൻ. രവിയും വൈസ് പ്രസിഡന്റ് സി.എ.അൻഷാദ് എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്.

കലാ–സാംസ്കാരിക മണ്ഡലങ്ങളിലും അഖില കേരള പ്രസിദ്ധിയാർജ്ജിച്ച സ്ഥാപനങ്ങളേയും വ്യക്തികളേയും ഈ പ്രദേശം സംഭാവന ചെയ്തിട്ടുണ്ട്. ശ്രീ. പൊട്ടക്കനയത്ത് വേലുപിള്ളയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും പ്രവർത്തിച്ചിരുന്ന ഓച്ചിറ 'പരബ്രഹ്മോദയ സംഗീതനടനസഭ'യ്ക്ക് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ തന്നെ ഗണ്യമായ ഒരു സ്ഥാനമാണുള്ളത്. തമിഴ് സ്വാധീനത്തിൽ നിന്നും മലയാള നാടക വേദിയെ മോചിപ്പിക്കുന്നതിൽ ഈ കലാസമിതി വഹിച്ച പങ്ക് ചെറുതല്ല. സർവ്വശ്രീ. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, അഗസ്റ്റിൻ ജോസഫ് (ഗാനഗന്ധർവൻ യേശുദാസിന്റെ പിതാവ്), ഓച്ചിറ ശിവപ്രസാദ് വേലുക്കുട്ടി (പരബ്രഹ്മോദയ സംഗീത നടനസഭയുടെ സ്ഥാപകൻ ഇദ്ദേഹമാണ്), എസ്.പി.പിള്ള, മുതുകുളം കാർത്തികേയൻ നായർ, ഓച്ചിറ

ശങ്കരൻകുട്ടിനായർ, മാവേലിക്കര പൊന്നമ്മ തുടങ്ങിയ പ്രഗൽഭരായ നടീനടൻമാരും സ്വാമി ബ്രഹ്മവ്രതൻ, മുതുകുളം രാഘവൻപിള്ള, മുൻഷി പരമുപിള്ള തുടങ്ങിയ നാടകകൃത്തുക്കളും ഈ കലാസമിതിയിൽ പ്രവർത്തിച്ചുരുന്നു. കരുണ, നല്ല തങ്ക, സത്യവാൻ സാവിത്രി, ശാകുന്തളം, യാചകി, സുപ്രഭ എന്നിവയായിരുന്നു സമിതി അവതരിപ്പിച്ച പ്രധാന നാടകങ്ങൾ. ഇക്കൂട്ടത്തിൽ 'കരുണ' പ്രത്യേകം പരാമർശം അർഹിക്കുന്നു. മലയാള നാടക ചരിത്രത്തിൽ ഏറ്റവുമധികം വേദികളിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളിൽ ഒന്നാണ് കരുണ. (കെ.പി.എ.സിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയാണ് മറ്റൊന്ന്)

'കൃഷ്ണപുരം' കലാകേരളത്തിനു സംഭാവന ചെയ്ത ഏക്കാലത്തേയും മികച്ച കലാകാരനാണ് 'നാട്യകലാകുശലൻ' ശ്രീ. ഓച്ചിറ ശിവപ്രസാദ് വേലുക്കുട്ടി. പരബ്രഹ്മോദയ സംഗീതനടന സഭയുടെ ചൈതന്യമായിരുന്നു ശ്രീ. വേലുക്കുട്ടി. സ്ത്രീയെ വെല്ലുന്ന സ്ത്രൈണ ഭാവങ്ങളുമായി മലയാള നാടക പ്രേക്ഷകരെ കൈയ്യിലെടുത്തമ്മാനമാടിയ ഈ മഹാനായ കലാകാരന്റെ സ്ത്രീ കഥാപാത്രങ്ങൾ പഴയ തലമുറ ഇന്നും രോമാഞ്ചത്തോടെയാണ് അനുസ്മരിക്കുന്നത്. 'കരുണ' യിലെ വാസവദത്തയായി അരങ്ങുവാണ ശ്രീ. വേലുക്കുട്ടി കലാരംഗത്തെ നിത്യ വിസ്മയമാണ്. പരബ്രഹ്മോദയസംഗീത നടന സഭയിൽ നിന്നും പിരിഞ്ഞതിനു ശേഷം അദ്ദേഹം 'ശ്രീ മുരളീഗാനനടന സഭ' എന്ന പേരിൽ ഒരു കലാസമിതി രൂപീകരിച്ചു. 'മിസ്കാമ അഥവാ രക്തലീല' എന്ന നാടകം ഈ സമിതിയാണ് അവതരിപ്പിച്ചത്. മൺമറഞ്ഞ ഈ മഹാപ്രതിഭയുടെ സ്മരണ നിലനിർത്താൻ സമുചിതമായ ഒരു സ്മാരകം ഇനിയും ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. ഇതിനു പരിഹാരം കാണണമെന്ന ദൃഢ നിശ്ചയത്തോടെ ഓച്ചിറ വേലുക്കുട്ടി സ്മാരക സൊസൈറ്റി' നടത്തുന്ന പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്.

യശഃശരീരനായ പ്രസിദ്ധ തുള്ളൽ കലാകാരൻ ശ്രീ.കാപ്പിൽ രാഘവൻപിള്ള, ഹരികഥാ കലാകാരൻ ശ്രീകൃഷ്ണപുരം രാഘവൻപിള്ള, സംഗീതജ്ഞനായിരുന്ന ശ്രീ. ഓച്ചിറ ശങ്കരൻകുട്ടി, ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡു നേടിയ ശ്രീ കൃഷ്ണപുരം ശങ്കരൻകുട്ടി, ജ്യോതിഷ പണ്ഡിതൻ കൊച്ചുമുറി ശ്രീ. കേശവൻ ജോത്സ്യൻ കഥാപ്രസംഗ കലാകാരനായിരുന്ന ശ്രീ. കാപ്പിൽ പ്രഭ, ബുദ്ധമതവിശ്വാസിയും പ്രചാരകനുമായിരുന്ന 'ഭിക്ഷുപ്രിയ' ഡോക്ടർ കരുണാകരൻ, കാപ്പിൽ പി. സുകുമാരൻ (A.I.R) എന്നിവർ കൃഷ്ണപുരത്തിന്റെ സാംസ്കാരിക മഹിമ ഉയർത്തിപ്പിടിച്ചവരാണ്.

കഥാപ്രസംഗകലാ രംഗത്തെ പ്രമുഖനായ ശ്രീ. ഓച്ചിറ രാമചന്ദ്രൻ, സിനിമാ-നാടക ഗാനരചയിതാവ് ശ്രീ. എ.പി.ഗോപാലൻ എന്നിവർ (ഇരുവരും കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാക്കൾ) കൃഷ്ണപുരത്തുകാരാണ് എന്ന വസ്തുത നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ നിറഞ്ഞുനില്ക്കുന്ന, വിശേഷണങ്ങൾ ആവശ്യമില്ലാത്ത പ്രൊഫ. എസ്. ഗുപ്തൻനായരും കൃഷ്ണപുരം (ഇപ്പോൾ മുനിസിപ്പൽ പ്രദേശം) സ്വദേശിയാണ്. മുൻ ഡപ്യൂട്ടി സ്പീക്കറും കോൺഗ്രസിന്റെ സമുന്നത നേതാവുമായ ശ്രീമതി. നബീസത്തുബീവി (പുത്തൻപുരയിൽ) പ്രശസ്ത ക്രിമിനൽ അഡ്വ: ശ്രീ. മാത്യു ഇടിക്കുള (കരിഞ്ഞപ്പള്ളിൽ) എന്നിവരും കൃഷ്ണപുരം സ്വദേശികളാണ്.

പുള്ളിക്കണക്കു പോസ്റ്റ് ഓഫീസ് ആണ് പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ്. തുടർന്ന് ഞക്കനാൽ, കാപ്പിൽ കിഴക്ക് പോസ്റ്റാഫീസുകളും ആരംഭിച്ചു. 1980 കളിലാണ് പഞ്ചായത്തിൽ ടെലിഫോൺ സൗകര്യം വ്യാപ

കമാക്കാൻ തുടങ്ങിയത്. മലയാള രാജ്യം, ദേശ ബന്ധു എന്നിവയാണ ആദ്യകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ദിനപത്രങ്ങൾ. ഇപ്പോൾ മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി, മാധ്യമം, മംഗളം, ചന്ദ്രിക, രാഷ്ട്രദീപിക തുടങ്ങിയ മലയാള പത്രങ്ങളും ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും പ്രചാരത്തിലുണ്ട്. റേഡിയോ, ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്.

19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ സ്ഥാപിതമായ C.M.S. L.P.S (കാപ്പിൽ കിഴക്ക്) ആണ് പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം. തുടർന്ന് മറ്റു സ്ക്കൂളുകളും ഉണ്ടായി. 1982 ൽ വിശ്വഭാരതി മോഡൽ ഹൈസ്ക്കൂൾ (പനയന്നാർകാവ്) സ്ഥാപിതമാകുന്നതുവരെ നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടായിരുന്നില്ല. 1946 ൽ സ്ഥാപിതമായ ഞക്കനൽ ജയഭാരത് ഗ്രന്ഥശാലയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ഗ്രന്ഥശാല.

ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ 1958-72 കാലഘട്ടം പ്രത്യേക പരാമർശം അർഹിക്കുന്നു. നിരവധി തൊഴിൽ സമരങ്ങളും ഭൂമിക്കു വേണ്ടിയുള്ള സമരങ്ങളും ഈ കാലത്ത് ഇവിടെ നടന്നു. കർഷകരും കർഷകതൊഴിലാളികളും തമ്മിലുള്ള ബന്ധത്തിൽ ദൂരവ്യാപകമായ ഫലങ്ങളാണ് ഇതുളവാക്കിയത്, കാപ്പിൽ കിഴക്ക് ചുടല സമരം, താച്ചേത്തറ സമരം എന്നിവ എടുത്തു പറയാവുന്നവയാണ്. 1959-60 കാലത്ത്, ഓച്ചിറ പ്രീമിയർ തിയേറ്റർ, തൊഴിലാളിയെ പിരിച്ചുവിട്ടതിനെതിരെ നടന്ന 'കൊട്ടകസമരം' പ്രത്യേക പരാമർശം അർഹിക്കുന്നു. സമരത്തിന്റെ ഫലമായി പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കാൻ മുതലാളി നിർബന്ധിതനായി.

ആലപ്പുഴ റവന്യു ജില്ലയുടെ തെക്കേ അറ്റത്തു കിടക്കുന്ന കൃഷ്ണപുരം പഞ്ചായത്ത് 1988 വരെ കൊല്ലം ജില്ലയിലുള്ള ഓച്ചിറ വികസന ബ്ലോക്കിന്റെ കീഴിലായിരുന്നു. പഞ്ചായത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിന് ഇതുമൂലം പല തടസ്സങ്ങളും ഉണ്ടായിട്ടുണ്ട്. 1988 ൽ കൃഷ്ണപുരം പഞ്ചായത്ത് മുതുകുളം വികസന ബ്ലോക്കിന്റെ കീഴിലായതിനുശേഷമാണ് വികസന പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായത്. ഇപ്പോഴും ചില സാമ്പത്തിക ഇടപാടുകൾക്ക് കൊല്ലം ജില്ലയിൽ പെടുന്ന കരുനാഗപ്പള്ളി സബ്ട്രഷറിയുമായി ബന്ധപ്പെടേണ്ട സ്ഥിതിയാണുള്ളത്. ഇതിനു മാറ്റമുണ്ടാകണം.

1992-93 ൽ കേരള സർക്കാരിന്റെ 'സ്വാശ്രയ പഞ്ചായത്ത്' പദ്ധതിയിൽ കൃഷ്ണപുരം പഞ്ചായത്തിനേയും ഉൾപ്പെടുത്തി. ഈ പദ്ധതിയിൽ കീഴിൽ ഇതുവരെ 1262500 (പന്ത്രണ്ടുലക്ഷത്തി അറുപത്തീരായിരത്തി അഞ്ഞൂറ്) രൂപയുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

കൃഷ്ണപുരം പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിലേക്കുള്ള ഒരു എത്തിനോട്ടം മാത്രമാണ് ഇവിടെ നടത്തിയത്. വിവിധ മണ്ഡലങ്ങളിൽ കുറെയൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഇന്നിന്റെ പ്രശ്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നേടിയതിനേക്കാൾ എത്രയോ കൂടുതൽ ഇനിയും നേടാനിരിക്കുന്നു എന്ന തിരിച്ചറിവ് നമുക്കുണ്ടാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഊർജ്ജം സമ്പന്നമായ ഭൂതകാലത്തിൽ നിന്ന് നമുക്ക് സമാഹരിക്കാം. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ അതിനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്.



# ഭൂപ്രകൃതിയും വിഭവങ്ങളും

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ പെടുന്ന ഒന്നാം ഗ്രേഡ് പഞ്ചായത്താണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. മുതുകുളം ബ്ലോക്കിൽ പെടുന്ന ഈ പഞ്ചായത്ത് 11 വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കൃഷ്ണപുരം പഞ്ചായത്തിന്റെ തെക്കുവശം കൊല്ലം, ആലപ്പുഴ ജില്ലകളുടെ അതിർത്തിയാണ്. ഈ പഞ്ചായത്തിൽ നിന്ന് കിലോമീറ്റർ പടിഞ്ഞാറോട്ട് പോയാൽ കായംകുളം കായലാണ്. 10.64 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും തീരസമതല മേഖലയാണ്. ഈ പഞ്ചായത്തിന്റെ ഏതാണ്ട് ശതമാനം ഭാഗവും കരപ്രദേശവും ബാക്കി ഭാഗം നിലങ്ങളുമാണ്. 31 കുളങ്ങളും 35 കുഴൽകിണറുകളുമുണ്ട്.

കൃഷ്ണപുരം പഞ്ചായത്തിന്റെ തെക്കുവശം കൊല്ലം, ആലപ്പുഴ ജില്ലകളുടെ അതിർത്തിയാണ്. ഇതിന്റെ വടക്കുവശം ഭരണിക്കാവ് പഞ്ചായത്തും വടക്കു പടിഞ്ഞാറ് ചെട്ടിക്കുളങ്ങര പഞ്ചായത്തും, കിഴക്കുവശം ഭരണിക്കാവ്, വള്ളികുന്നം പഞ്ചായത്തുകളും തെക്കുവശം ഓച്ചിറ പഞ്ചായത്തും പടിഞ്ഞാറു വശം ദേവികുളങ്ങര പഞ്ചായത്ത്, കായംകുളം മുനിസിപ്പാലിറ്റി എന്നിവയുമാണ്.


കൃഷ്ണപുരം പഞ്ചായത്തിൽ പ്രധാനപ്പെട്ട അഞ്ച് തോടുകളാണ് ഉള്ളത്. ഒന്നാം വാർഡിനെ രണ്ടായി വിഭജിച്ച് കൊണ്ടുള്ള ചേരാവള്ളി തോടും 2-ാം വാർഡിനെ രണ്ടായി വിഭജിച്ച് കൊണ്ടുള്ള ചാലയ്ക്കൽ തോടും 5, 6 എന്നീ വാർഡുകളെ രണ്ടായി വിഭജിച്ചു കൊണ്ട് പോകുന്ന അട്ടത്തോടും 5, 6, 8 എന്നീ വാർഡുകളുടെ തെക്കേ അതിർത്തിയായും 7, 9 എന്നീ വാർഡുകളുടെ വടക്കേ അതിർത്തിയായ ആറുകടമ്പത്തോടും,10, 11 വാർഡുകളുടെ പടിഞ്ഞാറു ഭാഗത്തു കൂടി ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട നീരൊഴുക്ക് തോടുകൾ പഞ്ചായത്തിലെ ഒന്നാം വാർഡിന്റെ തെക്കുകിഴക്കൻ പ്രദേശത്തും മേനാത്തേരിൽ കാരാവള്ളിൽ മുക്കിന് വടക്കുവശവും പുള്ളിക്കണക്കിൽ പേരൂർമുക്ക് കൊച്ചാലുംമൂട് റോഡിന് തെക്കുവശവുമുള്ള 3 ഉം 4 ഉം വാർഡുകളുടെ ഭാഗമായ ഈ പ്രദേശത്ത് ഇരുമ്പയിരുകളുടെ നിക്ഷേപവും ഉണ്ടെന്നാണ് ഭൂഗർഭ മണ്ണു സംരക്ഷണ ഗവേഷകരുടേയും പഠന റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്.

കാപ്പിൽ കുറ്റിപ്പുറം ചന്തയ്ക്ക് കിഴക്കു വശവും 5 ഉം 7 ഉം വാർഡുകളുടെ അതിർത്തിയായ ആറുകടമ്പത്തോടിന്റെ ഭാഗവും 10-ാം വാർഡിൽ കൃഷ്ണപുരം തോടുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലങ്ങളുമാണ് നമ്മുടെ പഞ്ചായത്തിലെ കളിമൺ പ്രദേശങ്ങൾ.

കൃഷ്ണപുരം പഞ്ചായത്തിൽ നെല്ല് ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലങ്ങൾ ചാലയ്ക്കൽ വയൽ, മുക്ക്റാം വയൽ, കണ്ണങ്കര വയൽ, ചാങ്ങേത്ത് വയൽ, വരയണി വയൽ, ചാലിൽ വയൽ, നീലയിൽ വയൽ

ബാക്കിയുള്ള പ്രദേശങ്ങളിൽ കരകൃഷികളാണ്തെങ്ങ്, കവുങ്ങ്, കശുമാവ്, കപ്പ, വാഴ, പ്ലാവ്, മാവ്, മുതലായ വിളകളാണ് സാധാരണയായി നടത്താറുള്ളത്. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. വർഷത്തിൽ ശരാശരിമില്ലിമീറ്റർ ആണ്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി ഫെബ്രുവരി മാസങ്ങളിലാണ്.

1991 ലെ സെൻസസ് അനുസരിചച് ഈ പഞ്ചായത്തിൽ 4734 കുടുംബങ്ങളിലായി 24242 പേർ അധിവസിക്കുന്നു. 1981 ലെ ജനസംഖ്യാ പ്രകാരം 22498 പേർ ആയിരുന്നു. ഇതിൽ 10,959 പേർ പുരുഷൻമാരും 11 539 പേർ സ്ത്രീകളും ആയിരുന്നു. 1991 ൽ 11778 പുരുഷൻമാരും 12464 സ്ത്രീകളുമായി ഉയർന്നു. 1991 ൽ നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 2278 ആണ്. 1981 ൽ ഇത് 2112 ഉണ്ടായിരുന്നുള്ളു. പഞ്ചായത്തിലെ സ്ത്രീ പുരുഷ ആനുപാതം 1981 ൽ 1052 ആയിരുന്നത് 1058 ആയി ഉയർന്നു. പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ എണ്ണം 1981 ൽ 2342 ആയിരുന്നു. 1991 ൽ അത് 2568 ആയി ഉയർന്നു. പട്ടിക വർഗ്ഗക്കാരുടെ എണ്ണം 1981 ൽ 20 ആയിരുന്നത് 1991 ൽ 24 ആയി ഉയർന്നു. 1991 ൽ പട്ടികജാതിക്കാരിൽ 1311 പേർ പുരുഷൻമാരും 1257 പേർ സ്ത്രീകളുമാണ്. പട്ടികവർഗ്ഗക്കാരിൽ പുരുഷൻമാർ 12 ഉം സ്ത്രീകൾ 12 ഉം ആണ്. ജനസംഖ്യയിൽ 19757 പേർ സാക്ഷരരാണ്. ഇത് ജനസംഖ്യയുടെ 87% മാണ്. അതിൽ പുരുഷൻമാർ 9.805 പുരുഷൻമാരും 99521 സ്ത്രീകളുമാണ്. 1981 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യയിൽ 236 പേർ കർഷകരായിരുന്നു. ഇത് 1991 ൽ 705 പേർ ആയി ഉയർന്നു. കർഷക തൊഴിലാളികളുടെ എണ്ണം 81 ൽ 1465 ആയിരുന്നത് 1991 ൽ 1947 ആയി ഉയർന്നു. നാമമാത്രതൊഴിൽ ഉണ്ടായിരുന്നത് 1981 ൽ 87 ആയിരുന്നത് 1991 ൽ 480 ആയി ഉയർന്നു. യാതൊരു തൊഴിലിലും ഏർപ്പെടാത്തവർ 1981 ൽ 16711 ആയിരുന്നത് 1991 ൽ 20642 ആയി ഉയർന്നു.



# സാമൂഹിക സാമ്പത്തിക മേഖലകൾ

Shop : 442395
Res : 445529

# ഫിനിക്സ് ട്രേഡേഴ്സ്

## ഫിനിക്സ് ഷോപ്പിംഗ് കോംപ്ലെക്സ്
## കാപ്പിൽ - കുറ്റിപ്പുറം

*ശങ്കർ സിമെന്റിന്റെ അംഗീകൃത വ്യാപാരി*

കമ്പി, സിമെന്റ്, പെയിന്റ്, ആസ്ബെസ്റ്റോസ് ഷീറ്റ്, ഗ്ലാസ്സ്, മൈക്ക
പ്ലൈവുഡ്, ടൈൽസ് പൈപ്പുകൾ, സാനിട്ടറി ഫിറ്റിംഗ്സ് പ്ലംബിംഗ് -
ഇലക്ട്രിക്കൽ & വയറിംഗ് മെറ്റീരിയൽസ്
ഇഷ്ടിക, ചരൽ, മെറ്റൽ, ഓട് വേലിക്കല്ല്, മുള്ളുകമ്പി എന്നിവയും
ക്രോംപ്ടൻ ഗ്രീവ്സ് - മിക്സി, ഗ്രൈൻഡർ, വാട്ടർഹീറ്റർ
ഉഷ-പത്മിനി-റാലി-വീഡിയോകോൺ ഫാനുകൾ
സ്റ്റൗ തുടങ്ങിയ വീട്ടുപകരണങ്ങളും
കിർലോസ്കർ-ഷാർപ്പ്-ലക്ഷ്മി പമ്പുസെറ്റുകളും

*മിതമായ വിലയ്ക്ക് ലഭിക്കുന്നതിന് ഏറ്റവും വിശ്വസ്തമായ സ്ഥാപനം*

*ബേക്കറി സാധനങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ*
*പ്രസന്റേഷൻ സെറ്റുകൾ ചെരുപ്പുകൾ*
*തുണിത്തരങ്ങൾ എന്നിവയ്ക്ക്*

# ഫിനിക്സ് സൂപ്പർ മാർട്ട്

*ഫിനിക്സ് ഷോപ്പിംഗ് കോംപ്ലെക്സ്*
*കാപ്പിൽ-കുറ്റിപ്പുറം*



# കൃഷിയും ജലസേചനവും

## കൃഷി

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. 1065 ഹെക്ടർ കൃഷി ഭൂമിയുണ്ട്. ഇതിൽ 210 ഹെക്ടർ നിലവും 825 ഹെക്ടർ പുരയിടവും 30 ഹെക്ടർ കൃഷിയോഗ്യ തരിശുഭൂമിയുമാണ്. (അവലംബം വില്ലേജ് ആഫീസിലെ അടിസ്ഥാന വിവര രജിസ്റ്റർ) പ്രധാന കൃഷി നെല്ല്, നാളീകേരം, ഇടവിള കൃഷിയായി വാഴ, മരച്ചീനി, ചേന, ചേമ്പ് മറ്റ് കിഴങ്ങു വർഗ്ഗങ്ങൾ മുതലായവയുമുണ്ട്. പച്ചകറികളും, കുരുമുളകും കമുകും കൃഷിചെയ്തു വരുന്നു. വെറ്റില, ഉള്ളി, മഞ്ഞൾ എന്നിവയും കൃഷി ചെയ്യുന്നു. വ്യാപകമായല്ലെങ്കിലും കശുമാവ്, മാവ്, പ്ലാവ് എന്നിവയും കൃഷിചെയ്തു വരുന്നു. ഇവിടുത്തെ 70% ആളുകളും കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഓണാട്ടുകര പ്രദേശമായ ഇവിടെ എള്ളും പയറു വർഗ്ഗങ്ങളും കൃഷിചെയ്തു വരുന്നുണ്ട്. ഇവിടുത്തെ ഭൂമി ഏതാണ്ട് നിരപ്പാർന്നതാണ്. പുരയിടവും നിലവും ഇടകലർന്ന ഭൂപ്രദേശമാണ്. ഭൂരിഭാഗം ജനങ്ങളും ചെറുകിട പരിമിത കർഷക വിഭാഗത്തിൽപ്പെട്ടവരാണ്. രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. ശരാശരി ആളോഹരി ഭൂമി 0.06 ഹെക്ടറാണ്.

ആദ്യകാലത്ത് നെൽകൃഷിക്കും, എള്ളുകൃഷിക്കുമായിരുന്നു പ്രത്യേക പരിചരണം നൽകിയിരുന്നത്. പൂർണ്ണമായും പ്രകൃതിയെ ആശ്രയിച്ചുമാത്രമാണ് കൃഷി നടത്തിയിരുന്നത്. നിലത്തിലൂടെയും സമീപത്തുള്ള നീർച്ചാലുകൾ ജല നിർഗമന മാർഗ്ഗങ്ങളായിരുന്നു. ആദ്യകാലത്ത് ഭൂമിയുടെ സിംഹഭാഗവും വൻകിട കൃഷിക്കാരായിരുന്നു കൈയ്യടക്കി വച്ചിരുന്നത്.

ആകെ ഭൂമിയുടെ പകുതിയേിലേറെയും നെൽകൃഷിക്കായി ഉപയോഗിച്ചിരുന്ന നെൽ വയലുകളായിരുന്നു. കൊച്ചുവിത്ത്, അതിക്കിരാഴി, ചമ്പാവ്, തവളക്കണ്ണൻ, മുണ്ടകൻ, ഞവരവിഞ്ഞ് എന്നിവ ജൈവ വളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്തു വന്നിരുന്നു. പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിന്റെ ആവിർഭാവത്തോടെ ഉൽപ്പാദന ക്ഷമത കൂടിയ വിത്തിനങ്ങൾ കൃഷി ചെയ്യുവാനാരംഭിച്ചു. PTB 10, PTB 20, UR. 19 എന്നിവ ആദ്യഘട്ടത്തിൽ കൃഷി ചെയ്തിരുന്നു. പിന്നീട് IR. 8. ജയ, ത്രിവേണി, പവിഴം, ജ്യോതി എന്നീ അത്യുൽപാദന ശേഷിയുള്ള സങ്കരയിനം വിത്തിനങ്ങൾ കൃഷിചെയ്യാൻ തുടങ്ങി. ഇതോടൊപ്പം രാസവളങ്ങളും ഉപയോഗിച്ചു തുടങ്ങി. പാടങ്ങ

ളിൽ മൂന്നാം വിളയായി എള്ളും, പയർ വർഗ്ഗങ്ങളും കൃഷി ചെയ്യുവാൻ തുടങ്ങി.

ജലസേചനത്തിന് ചെളിയും മുളംകുറ്റിയും, തെങ്ങോലയും ഉപയോഗിച്ച് തടയിണകെട്ടി ജല ചേസനം നടത്തിയിരുന്നു. ദൂരമുള്ള സ്ഥലങ്ങളിലേക്ക് തേക്കൊട്ട, ചക്രവും അറയും എന്നിവ ഉപയോഗിച്ചും ജലസേചനവും ജലനിർഗ്ഗമനവും നടത്തിയിരുന്നു. കൃഷിക്കാരനും, തൊഴിലാളികളും തമ്മിൽ ആത്മാർത്ഥതയുള്ള ഒരു ബന്ധം നിലനിന്നിരുന്നു.

നെൽവയലുകളിലെ കീടങ്ങളേയും പ്രാണികളേയും നശിപ്പിക്കുന്നതിന് പരക്കൊട്ട, കൈത, ചാരം വീശൽ, വടത്തിൽ പൊയില കഷായം, മണ്ണെണ്ണ എന്നിവ പുരട്ടി വലിച്ചും ഉപയോഗിച്ചിരുന്നു. രോഗബാധയും കീടബാധയും അന്ന് വ്യാപകമായിരുന്നില്ല. വരമ്പിൽ തീയിടൽ, നിലത്തിൽ ചെറിയ മരക്കൊമ്പുകൾ നാട്ടുക എന്നീ രീതികൾ ചാഴിശല്യം ഒഴിവാക്കുന്നതിന് കൃഷിക്കാർ ഉപയോഗിച്ചിരുന്നു.

അക്കാലത്ത് തെങ്ങുകൃഷി, നെൽകൃഷിയോളം താൽപര്യമുള്ളതായിരുന്നില്ല. വേഗത്തിലുള്ള വിളവെടുപ്പ് തെങ്ങിനെ അപേക്ഷിച്ച് നെല്ലിനോട് കൃഷിക്കാർക്ക് ആഭിമുഖ്യം ഉണ്ടാക്കിയത്. വിപണനത്തിനുള്ള സൗകര്യമില്ലായ്മയും തെങ്ങു കൃഷിയോട് ആഭിമുഖ്യം കുറയാനുള്ള മറ്റൊരു കാരണമാണ്.

ഭൂമിയിലുള്ള ഉടമാവകാശം ലഭ്യമായതോടെ ദീർഘകാല വിളകൾ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. നെൽവയലുകൾ നികത്തി വീട് വയ്ക്കുന്നതിനും തുടങ്ങി. നെൽ വയലുകൾ നികത്താൻ തുടങ്ങിയതോടെ പാടങ്ങളിൽ നീർകെട്ടുകൾ ഉണ്ടായിതുടങ്ങി. നീർക്കെട്ടുകൾ കൃഷി ലാഭകരമല്ലാതാക്കി തീർക്കാൻ ഇടയായി. ഇതോടൊപ്പം കൃഷിക്കാർ കൂടുതൽ ലാഭകരമായ തൊഴിൽ തേടാൻ തുടങ്ങി. അങ്ങനെ കൃഷിയിൽ നിന്ന് ജനങ്ങൾ അകലാൻ തുടങ്ങി. കൂലി കുടുന്നതിനനുസരിച്ച് അദ്ധ്വാനത്തിന്റെ അളവും കുറഞ്ഞ് തുടങ്ങി. ഇവയെല്ലാം നെൽകൃഷിയിൽ നിന്ന് കർഷകരെ അകറ്റി നിലം നികത്താനുള്ള പ്രവണതയിൽ എത്തിച്ചു.

ഇതുമൂലം നെൽകൃഷി ചെയ്തിരുന്ന ഭൂമിയുടെ അളവ് 50% ആയി ചുരുങ്ങി. 210 ഹെക്ടറിൽ 60 ലേറെ ഹെക്ടർ നികത്തിയും 25 ഹെക്ടറോളം , വെള്ളക്കെട്ട്, തൊഴിലാളികളുടെ ലഭ്യത കുറവ്, വർദ്ധിച്ച കൃഷിച്ചെലവ് എന്നിവ മൂലം കൃഷി ചെയ്യാതെയും ഇട്ടിരിക്കുന്നു. പാരമ്പര്യമായി കർഷക തൊഴിലാളികളായിരുന്ന കുടുംബങ്ങളിൽ വിദ്യാഭ്യാസപരമായും സാമൂഹ്യമായും ഉണ്ടായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ പണിയെടുക്കാൻ ആളെ കിട്ടാത്ത അവസ്ഥയാണിന്ന്. ഇതുമൂലം നെൽവയൽ നികത്താനും ദീർഘകാല വിളയായ തെങ്ങുകൃഷിയിലേക്ക് മാറാനും കൃഷിക്കാർ നിർബന്ധിതരായി. പാടത്തിന്റേയും തറകളുടേയും വിസ്തൃതി കുറയാൻ തുടങ്ങിയതോടെ ഇടവിള കൃഷികളായ എള്ള്, പയർ, കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി കൃഷി എന്നിവ ക്രമേണ കുറയാൻ തുടങ്ങി.

കാവുകൾ, കുളങ്ങൾ, തോടുകൾ ചാലുകൾ ചതുപ്പുസ്ഥലങ്ങൾ എന്നിവ ഇല്ലാതായി തുടങ്ങിയതോട് ഭൂമിയുടെ ജലവിതാനം വളരെ താണു. ഇത് പ്രകൃതി സന്തുലിതാവസ്ഥയ്ക്ക് വലിയ മാറ്റം വരുത്തി. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് പ്രകൃതി നൽകുന്ന ജലം സംരക്ഷിച്ച് കൃഷിക്ക് ഉപയോഗിക്കാൻ പരമാവധി ശ്രദ്ധിക്കണം. രാസവളങ്ങളുടെ അമിതമായ ഉപയോഗവും ജൈവജന്തുവളങ്ങളുടെ ഉപയോഗകുറവും ഭൂമിയുടെ ഫലഭൂയിഷ്ഠത നശിപ്പിച്ചു. ഭൂമിയ്ക്ക് ജൈവാംശം കൂടുതൽ നൽകി. പ്രജനനശേഷി വർദ്ധിപ്പിക്കണം. ഇപ്പോൾ പഞ്ചായത്തിലുള്ള കൃഷിഭൂമിയുടെ PH ആണ്.

## ഭൂവിനിയോഗം

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ആകെ വിസ്തൃതി 1065 ഹെക്ടറാണ്. മണൽ കൂടുതൽ ഉള്ള പശിമരാശി മണ്ണാണ്. ഫലഭൂയിഷ്ഠത പൊതുവേ കുറവാണ്. ഭൂവിനിയോഗം സംബന്ധിച്ച പട്ടിക 1. കാണുക.

നെല്ല് : ഈ പഞ്ചായത്തിലെ ചെറിയ ചെറിയ പാടങ്ങൾ ഉൾപ്പെടുത്തി ഏഴ് പാടശേഖരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലങ്ങൾ രണ്ട് പൂവ്

നെല്ലും മൂന്നാം വിളയായി എള്ളും കൃഷിചെയ്യുന്നവയാണ്. ചുരുക്കം കർഷകർ മൂന്നാം വിളയായി പയറും കൃഷിചെയ്തിരുന്നു. ഒന്നാം വിളയ്ക്ക് പ്രധാനമായും ഉപയോഗിക്കുന്നത് അത്യുൽപാദനശേഷിയുള്ള ജ്യോതി, ചുവന്ന ത്രിവേണി എന്നീ വിത്തിനങ്ങളാണ്. രണ്ടാം വിളയായി മുണ്ടകൻ (PTB 4), PTB 20 എന്നിവയും ലക്ഷ്മി, ധന്യ മുതലായ പുതിയ ഇനങ്ങളും കൃഷിചെയ്തുവരുന്നു. ഒന്നാം വിളയ്ക്ക് ശരാശരി ഉൽപാദനം ഹെക്ടറിന് 2500-3000 കി.ഗ്രാമും ജ്യോതിക്കും , ത്രിവേണിക്ക് 2000-2500 കി.ഗ്രാമും ലഭിക്കുന്നു. രണ്ടാം വിളയ്ക്ക് ശരാശരി ഉൽപാദനം ഹെക്ടറിന് 1500-2000 കി.ഗ്രാം നെല്ലാണ്. രണ്ടാം വിളയ്ക്ക് വൈയ്ക്കോലാണ് മികച്ച ആദായമായി ലഭിക്കുന്നുത്. പ്രകൃതിയെ ആശ്രയിച്ചു മാത്രമാണ് ഇവിടെ കൃഷിചെയ്തു വരുന്നത്. ജലനിർഗ്ഗമനത്തിനും ജലസേചനത്തിനുമുള്ള പരിമിതികൾ കൃഷിയെ സാരമായി ബാധിക്കുന്നു.

നെൽപാടങ്ങളിൽ മൂന്നാം വിളയായി എള്ള് സാധാരണയായി കൃഷിചെയ്തുവരുന്നു. അപൂർവ്വം കർഷകർ പയറും മൂന്നാം വിളയ്ക്ക് ഉപയോഗിക്കുന്നു. എള്ളിന്റെ ശരാശരി ഉൽപാദനം ഹെക്ടറിന് 175 കി.ഗ്രാമും, പയറിന് 500 കി.ഗ്രാമും ആകുന്നു. രണ്ടാം വിളയ്ക്ക് ശേഷം ഒരു വിഭാഗം കൃഷിക്കാർ മൂന്നാം വിള ഇറക്കാറില്ല. ഉഴവുയന്ത്രങ്ങളുടെ അപര്യാപ്തത ജലസേചനത്തിനുള്ള സൗകര്യക്കുറവ് എന്നിവ കൃഷിചെയ്യുന്നതിൽ നിന്നും കൃഷിക്കാരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്. സാമ്പത്തിക പ്രയാസം മറ്റൊരു ഘടകമാണ്.

## തെങ്ങ്കൃഷി

ഈ പഞ്ചായത്തിലെ 11 വാർഡുകളിലായി 765 ഹെക്ടർ പുരയിടങ്ങളിലും നിലം പരിവർത്തനപ്പെടുത്തിയും തെങ്ങുകൃഷി ചെയ്തു വരുന്നു. എന്നാൽ കാറ്റു വീഴ്ച, വേരുചീയൽ, മണ്ടപ്പുഴു, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, ഓലചീയൽ എന്നീ രോഗകീടബാധമൂലം ശരാശരി ഉൽപാദനം വർഷത്തിൽ 18 ആണ്. ഇതു വർദ്ധിപ്പിക്കുന്നതിനായി കാറ്റുവീഴ്ച ബാധിച്ചതും ഉൽപ്പാദനക്ഷമത തീരെ കുറവുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റണം. ഈ കാര്യത്തിൽ ഭൂവിസ്തൃതി കണക്കാക്കാൻ പാടില്ല. വെട്ടി മാറ്റുന്ന തെങ്ങിനു പകരം രോഗപ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ നൽകേണ്ടതാണ്. വർഷത്തിൽ രണ്ടു പ്രാവശ്യം തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുവാൻ പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ലഭ്യമാക്കണം. ഇക്കാര്യത്തിൽ കേരസംരക്ഷണ സമിതികളുടെ മുൻകൈ ഉണ്ടാകണം. ചില വളങ്ങളും ജന്തുജ വളങ്ങളും കൂടുതൽ ഉപയോഗിക്കാൻ കഴിയണം. ജൈവവളത്തിന്റെ ഉൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കണം.

**ഉല്പാദനക്ഷമത**

പട്ടിക 1

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | ശരാശരി ഉൽപാദനം (ഹെക്ടറിന്) |
|---|---|---|
| നെല്ല് (ഒന്നാംവിള) | 130 | 2250-2775 കി.ഗ്രാം |
| നെല്ല് (രണ്ടാംവിള) | 150 | 1500-2000 കി.ഗ്രാം |
| എള്ള് (മൂന്നാംവിള) | 100 | 175 കി.ഗ്രാം |
| പയർ (മൂന്നാംവിള) | 5 | 500 കി.ഗ്രാം. |

രാസവളം ഉപയോഗിക്കുന്ന കർഷകന് അത് മിത മായ വിലയ്ക്ക് ലഭ്യമാക്കണം. ആയതിലേക്ക് ഉൽപാദനോപാദികൾ ലഭിക്കുന്നതിനുള്ള സൗക ര്യമില്ലായ്മ പരിഹരിക്കണം. തെങ്ങുകൾക്ക് ജല സേചന സൗകര്യങ്ങൾ ഉണ്ടാകണം. ഇതിനെല്ലാം പുറമെ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്ന തിന് ഇടവിളകൃഷി വ്യാപകമാക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. നാളീകേര ത്തിന്റെ ഉപഉൽപ്പന്ന വ്യവസായം പ്രോത്സാഹി പ്പിക്കണം.

**കവുങ്ങ് കൃഷി**

തെങ്ങിന്റെ ഇടവിള കൃഷിയായി കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. നല്ല ആദായം ലഭിക്കുന്ന ഒരു കൃഷിയാണ് കവുങ്ങി ന്റേത്. പഞ്ചായത്തിൽ 5 ഹെക്ടർ സ്ഥലത്താണ് ഇന്ന് കവുങ്ങ് കൃഷിയുള്ളത്. നല്ലയിനം കവുങ്ങ് തൈകൾ കൃഷിക്കാർക്ക് ലഭ്യമാക്കിയാൽ ഈ കൃഷി വികസിപ്പിക്കാം.

**പച്ചക്കറികൃഷി**

പഞ്ചായത്തിൽ 12 ഹെക്ടറോളം (3 സീസ ണിലും കൂടി) സ്ഥലത്ത് ഇന്ന് പച്ചക്കറി കൃഷിചെയ്യുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായ പരിചരണവും മേൽനോട്ടവും ഉണ്ടാകുന്നില്ല. തൽഫലമായി ഇന്ന് ഇത് ആദായകരവും വ്യാപ കവുമായി ചെയ്യുന്നില്ല. നല്ലയിനം വിത്തുകൾ ലഭ്യമാക്കിയും ശാസ്ത്രീയ പരിചരണ മുറകൾ കൃഷിക്കാരെ മനസ്സിലാക്കിയും ഈ കൃഷി വിക സിപ്പിച്ച് ആദായകരമാക്കാം. ജൈവവളത്തി ന്റേയും ജൈവ കീടനാശിനിയുടേയും ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തണം. ഇതിനാവശ്യ മായ വിജ്ഞാന വ്യാപനം നടത്തണം.

**വെറ്റിലകൃഷി**

വളരെ ആദായകരമായ വെറ്റിലകൃഷി പഞ്ചാ യത്തിൽ ചുരുക്കം കൃഷിക്കാർ മാത്രമേ ചെയ്യു ന്നുള്ളൂ. വലിയ ശ്രദ്ധയും പരിചരണവും ആവ ശ്യമുള്ള ഈ കൃഷി വികസിപ്പിക്കുന്നതിനും കൂടു തൽ ആളുകടെ ഈ രംഗത്തേക്ക് ആനുകൂല്യം നൽകി ആകർഷിക്കുന്നതിനും കഴിയണം.

പയർ/എള്ളുകൃഷി

പരമ്പരാഗതമായി ഓണാട്ടുകരയിൽ ചെയ്തുകൊണ്ടിരുന്ന എള്ളുകൃഷിയിന്ന് നാമാ വശേമായിക്കൊണ്ടിരിക്കുന്നു. നല്ലയിനം എള്ള് വിത്തുകൾ, ജലസേചന സൗകര്യം എന്നിവ ഉറപ്പു വരുത്തിയാൽ ഈ കൃഷി കുറെ കൂടി വിസ്തൃതമായി വ്യാപിപ്പിക്കാൻ കഴിയും. ഇപ്പോൾ 100 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പഞ്ചായത്തിൽ എള്ളു കൃഷിയുള്ളത്. പയർ കൃഷിയും പ്രോത്സാഹിപ്പിച്ച് ആദായകരമാക്കാ വുന്നതാണ്. ഈ പഞ്ചായത്തിലെ പാടങ്ങൾ പയ റുകൃഷിക്ക് അനുയോജ്യമാണ്. കരയിലും പാട ത്തുമായി 10 ഹെക്ടറോളം സ്ഥലത്ത് പയർ കൃഷി ചെയ്തു വരുന്നു.

**ഫലവൃക്ഷ കൃഷി**

ഫലവൃക്ഷങ്ങൾ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. അതിന്റെ ഫലമായി എല്ലാ ഫല ങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയി ക്കേണ്ട സ്ഥിതിയാണുള്ളത്. ഇക്കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവ സ്ഥയ്ക്ക് മാറ്റം വരുക തന്നെ വേണം.

**കശുമാവ് കൃഷി**

വാണിജ്യാടിസ്ഥാനത്തിൽ നല്ല ഫലം നേടാൻ കഴിയുന്ന ഒരു കൃഷിയാണ്. നമ്മുടെ പഞ്ചായത്തിൽ 20 ഹെക്ടർ സ്ഥലത്ത് ഈ കൃഷിയുണ്ട്. എന്നാൽ അത്യുൽപാദനശേഷി യുള്ള വിത്തിന്റേയും തൈകളുടേയും വിതരണം ഇല്ലാത്തതിനാൽ ഉൽപ്പാദനം വളരെ കുറവാണ്. ആദായകരമായ ഈ കൃഷി വ്യാപകമാക്കണം.

**കുൺ കൃഷി**

ഒട്ടും തന്നെ ഭൂമി ആവശ്യമില്ലാത്ത ഒരു കൃഷിയാണിത്. വളരെ ആദായകരവുമാണ്. നമ്മുടെ പഞ്ചായത്തിൽ ഈ കൃഷി ഇപ്പോൾ നിലവിലില്ല. ഉൽപ്പാദന ചിലവ് കുറവും വരു മാനം കൂടുതലും ലഭിക്കുന്ന ഒരു കൃഷിയാണ്. കുൺ കൃഷി നമ്മുടെ പഞ്ചായത്തിൽ വികസി പ്പിച്ചെടുക്കേണ്ടതാണ്.

**പുഷ്പകൃഷി**

ഇപ്പോൾ നമ്മുടെ നാട്ടിൽ ആവശ്യത്തിന് പുഷ്പം ലഭിക്കാറില്ല. അന്യസംസ്ഥാനങ്ങളെ

ആശ്രയിച്ചു മാത്രമാണ് ആവശ്യം നിർവ്വഹിച്ചു പോരുന്നത്. ആദായകരമായ ഈ കൃഷി വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ച് സ്വയം പര്യാപ്തമാകാനുള്ള സാദ്ധ്യത ഉണ്ടാകണം. ലാഭകരമായി ഈ കൃഷി വ്യാപകമാക്കണം. കുറ്റിമുല്ല കൃഷിയുടെ ഏതാനും ചെറിയ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

**ഔഷധ കൃഷി**

പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഔഷധകൃഷി നടത്തുന്നില്ല. എന്നാൽ ചില കർഷകരെങ്കിലും ഇഞ്ചി, മഞ്ഞൾ, എന്നിവ കൃഷി ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, ജാതി ഗ്രാമ്പൂ, കച്ചോലം, തുളസി, കുറുന്തോട്ടി, ആടലോടകം, ശതാവേലി എന്നിവ കൃഷി ചെയ്ത് ആദായകരമാക്കാവുന്നതാണ്.

**മണ്ണു പരിശോധന**

മണ്ണറിഞ്ഞ് വളം ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മണ്ണിൽ ഏതനുപാതത്തിൽ വളപ്രയോഗം നടത്തണമെന്ന് കൃഷിക്കാരെ ബോധവനാക്കിയാൽ മാത്രമേ ഒരു പരിധി വരെയെങ്കിലും സാമ്പത്തിക നഷ്ടം ഒഴിവക്കാൻ സാദ്ധ്യമാകു. മണ്ണു പരിശോധനയ്ക്കുള്ള സാദ്ധ്യത വർദ്ധിപ്പിക്കേണ്ടതാണ്.

**എലി നശീകരണം**

കൃഷിക്കാരന്റെ ആദായത്തെ കുറയ്ക്കുന്ന ഒരു മുഖ്യ ശത്രുവാണ് എലി. എലി നശീകരണം ഒരു സാമൂഹ്യ പ്രശ്നമാക്കി ഉയർത്തികൊണ്ടുവരികയും എല്ലാ കൃഷിക്കാരും പഞ്ചായത്തടിസ്ഥാനത്തിൽ ഒത്തൊരുമിച്ച് ഈ വിപത്തിനെതിരെ പൊരുതുക തന്നെ വേണം.

**തെങ്ങിൻ തോപ്പിൽ ഇടവിള കൃഷി**

വീട്ടുപുരയിടങ്ങളിലും, തെങ്ങിൻ തോപ്പുകളിലും ഇടവിള കൃഷി പ്രോൽസാഹിപ്പിക്കണം. നമുക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും, നാളീകേരത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. വാഴ, മരച്ചീനി, ചേന, കാച്ചിൽ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഇടവിള കൃഷിയായി ചെയ്യാവുന്നതാണ്. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**കർഷക തൊഴിലാളി ക്ഷേമപദ്ധതി**

കാർഷികമേഖല ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിപത്താണ് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല എന്നുള്ളത്. കർഷക തൊഴിലാളികളുടെ സ്ഥിരത ഇല്ലാത്ത ജോലി, ജോലി സുരക്ഷിതത്വമില്ലായ്മ, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ബോണസ്, ഇൻഷുറൻസ്, തുടങ്ങിയ ആനുകൂല്യം ലഭിക്കാതിരിക്കുന്ന രീതി എന്നിവ ഈ മേഖലയിലേക്ക് പുതിയ ആളുകളെ ആകർഷിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളാണ്. ആകയാൽ കർഷക തൊഴിലാളി രംഗത്തേക്ക് പുതിയ ആളുകളെ ആകർഷിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി**

കാർഷിക മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ 102 യുവതി യുവാക്കൾ ഈ പഞ്ചായത്തിൽ അംഗങ്ങളായിട്ടുണ്ട്. അവർക്കു കൂടി അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി കൃഷിക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

**ഇൻഷുറൻസ് പദ്ധതി**

വിള ഇൻഷുറൻസ് പദ്ധതി ഇന്ന് നിലവിൽ ഉണ്ടെങ്കിലും കാര്യക്ഷമമായി അത് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് കൃഷിക്കെന്ന പോലെ കർഷകർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

❖ ❖ ❖ ❖

വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിപ്പിക്കുന്നതായിട്ടാണ് ക്കാണുന്നത്. പുരയിടങ്ങളിൽ താരതമ്യേന രാസവള പ്രയോഗം കുറവുള്ളതുകൊണ്ട് മണ്ണിന്റെ അമ്ല സ്വഭാവം പുരയിടത്തിനെ അപേക്ഷിച്ച് നിലത്തിൽ കൂടുതലായി കാണപ്പെടുന്നു.

കീടനാശിനി ഒരുമായിള്ളുത് 130 കി.ഗ്രാം.

ദ്രവം 50 ലിറ്റർ എന്നിങ്ങനെയാണ് ശരാശരി പ്രതി വർഷ ഉപയോഗം. പഞ്ചായത്തിലെ രണ്ട് കീട നാശിനി വില്പനശാലയിലെ കണക്കനുസരിച്ചാണ് രേഖപ്പെടുത്തുന്നുത്. സഹകരണ മേഖലയിൽ 1ഉം സ്വാകാര്യമേഖലിയിൽ 2 ഉം രാസ വള വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. രാസവളത്തിന്റെയും കീടനാശിനികളു ടെയും ഉപയോഗം സംബന്ധിച്ച് കൃഷിക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിന വിത്തിനങ്ങളുടെ അപര്യാപ്തത
2. ഗ്രൂപ്പു ഫാമിംഗ് രംഗത്തുണ്ടായ പോരായ്മ
3. ജൈവ പച്ചില വള പ്രയോഗത്തിൽ വന്ന കുറവ്
4. ആവശ്യത്തിനുമ കാലാകാലങ്ങളിലും തൊഴി ലാളികളെ ലഭിക്കാതിരിക്കുക
5. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത
6. മണ്ണിന്റെ പ്രജനന ശേഷി അറിയുവാനുള്ള മാർഗ്ഗം ഫലപ്രദമായി ഇല്ലാത്ത അവസ്ഥ
7. രാസവളങ്ങളുടെ അമിതമായ വിലക്കയറ്റവും മതിയായ വിപണന കേന്ദ്രങ്ങൾ ഇല്ലായ്മയും
8. സാങ്കേതികമായ അറിവുകളുടെ കുറവ്
9. ഇടവിളകൃഷികളുടെ തകർച്ച
10. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുന്നില്ല
11. കാർഷിക വായ്പകൾ ലഭിക്കാനുള്ള തടസ്സം
12. കോഴി, താറാവ് എന്നിവയുടെ ശല്യം

**നിർദ്ദേശങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ**

1. (a). വിരിപ്പ് കൃഷിക്ക് അത്യുൽപ്പാദനശേഷി യുള്ള സങ്കരയിനം വിത്തിനങ്ങൾ യഥാകാലം ആവശ്യത്തിന് ലഭിക്കുമെന്ന് ഉറപ്പു വരുത്തുക
(b)മുണ്ടകൻ കൃഷിക്ക് അത്യുൽപ്പാദനശേഷി യുള്ളതും കാലാവസ്ഥക്കനുയോജ്യമായതും രോഗപ്രതിരോധ ശക്തിയുള്ളതുമായ വിത്തിന ങ്ങൾ യഥാകാലത്ത് ആവശ്യത്തിന് ലഭ്യമാക്കുക
(c) നെൽ വിത്തുകളുടെ സംഭരണച്ചുമതല കാർഷിക ഉദ്യോഗസ്ഥന്മാരും വിതരണ ച്ചുമതല പാടശേഖര കമ്മറ്റികളും ഏറ്റെടുക്കുക
(d) എല്ലാത്തരം നെൽ വിത്തുകൾക്കും 50% സബ്സിഡി ഉറപ്പു വരുത്തുക
2. പാടശേഖര സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ഉദ്യോഗസ്ഥ തലത്തിൽ നിരീക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുക.
3. കമ്പോസ്റ്റ് വളക്കുഴി നിർമ്മിക്കുന്നതിന് ഇന്നുള്ള പരിമിതമായ ധനസാഹയത്തിന് പകരം ഓരോ കമ്പോസ്റ്റ് കുഴിയും നിർമ്മിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് ധനസഹായം അനുവദി ക്കുക. പ്രതിവർഷം 70 എന്ന കണക്കിൽ 5 വർഷം കൊണ്ട് 350 കമ്പോസ്റ്റ് വളക്കുഴി നിർമ്മിച്ച് ജൈവപച്ചില വള നിർമ്മാണം ത്വരി തപ്പെടുത്തണം. ജൈവ വളങ്ങൾക്ക് 50% സബ്സിഡി അനുവദിക്കുക. ഒരു വീട്ടിൽ ഒരു കമ്പോസ്റ്റ് കുഴി എന്നതായിരിക്കണം അന്തിമ ലക്ഷ്യം
4. കാർഷിക രംഗത്തെ പണികൾ ചെയ്യുന്നതിന് മതിയായ തരത്തിൽ തൊഴിലാളികളെ ലഭ്യമാ ക്കുന്നതിന് അവരുടെ സേവന വ്യവസ്ഥകൾ ഏകീകരിക്കുക. ലഭ്യമായ തൊഴിലാളികൾക്ക് മിതമായ തൊഴിൽ വിതരണം ഉറപ്പാക്കുക.
5. കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതി മാറണം. അതിനു മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക.
6. മണ്ണു പരിശോധന വ്യാപകവും വേഗതയിലും ആക്കിത്തീർക്കുക. മണ്ണു പരിശോധന കൃഷി ഭവ നിൽ നടത്തുന്നതിന് പരിശോധനാ ഫലം എത്രയും പെട്ടെന്ന് കൃഷിക്കാരന് കിട്ടുന്നതിനും സൗകര്യങ്ങൾ ഉണ്ടാകണം. മൊബൈൽ പരി ശോധന യൂണിറ്റുകൾ വർദ്ധിപ്പിച്ച് മണ്ണു പരിശോ ധന ഫലപ്രദമാക്കണം.
7. രാസവളങ്ങളുടെ അമിതമായ വിലക്കയറ്റം തട യുന്നതിന് കർഷകന് ഓരോ വിളക്കും 50% വളം സബ്സിഡി അനുവദിക്കുക.
8. രാസവളത്തിന്റെ വിൽപ്പനകേന്ദ്രങ്ങൾ 7, 8 9, 10 11 വാർഡുകളിൽ തുറക്കുക
9. തെങ്ങ്
(a) പഞ്ചായത്തിലുള്ള മുഴുവൻ രോഗം ബാധിച്ചതെങ്ങുകളും വെട്ടിമാറ്റുക. വെട്ടിമാറ്റേണ്ട വിഭാഗത്തിൽ ഉൽപ്പാദന ക്ഷമത വളരെ കുറഞ്ഞ

വയേയും ഉൾപ്പെടുത്തണം. തെങ്ങൊന്നിന് 200 രൂപ സാമ്പത്തിക സഹായവും പകരം നല്ലയിനം തെങ്ങിൻ തൈയും ലഭ്യമാക്കുക

(b) ആണ്ടിൽ 2 പ്രാവശ്യം തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും മരുന്നു തളിക്കുന്നതിനും സാങ്കേതികമായഅറിവു ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക. ഇതിലേക്ക് ഓരോ വാർഡിൽ നിന്നും 10 തൊഴിലാളികൾക്ക് വീതം പഞ്ചായത്തിൽ 110 പേർക്ക് പരിശീലനം നൽകുക. വൃത്തിയാക്കൽ, മരുന്നുതളി ആവശ്യത്തിലേക്ക് വേണ്ടുവരുന്ന ചിലവിന്റെ 50% തുക സബ്സിഡി അനുവദിക്കുക

(c) കേരസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുകയും മുഴുവൻ കേര കൃഷിക്കാരുടെയും പങ്കാളിത്തം ഉറപ്പു വരുത്തകുയും ചെയ്യുക

(d) നാളികേരത്തിന് ഉൽപ്പാദന ച്ചിലവുമായി ബന്ധപ്പെടുത്തു ന്യായവില ഉറപ്പു വരുത്തുക

(e)തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം ഉറപ്പു വരുത്തുന്നതിലേക്ക് കമ്മ്യൂണിറ്റി ഇറിഗേഷൻ, ട്രിപ്പ് ഇറിഗേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തകയും വ്യാപകമാക്കുകയും ചെയ്യുക

(f) മതിയായ തോതിൽ കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കുക (നെൽകൃഷി ഉൾപ്പടെയുള്ള കൃഷിപ്പണികൾക്ക്)

(g) കൃഷികാർക്ക് കാർഷിക ഉപകരണങ്ങൾ തൂമ്പ, മൺവെട്ടി,കലപ്പ, സ്പ്രേയർ തുടങ്ങിയവ സഹായവിലക്ക് ലഭ്യമാക്കുക

10. കൃഷി ഭൂമികൾ അനാവശ്യമായി കുഴിക്കുന്നത് നികത്തുന്നതും സംബന്ധിച്ച് നിലവിലുള്ള നിയമം കർശനമായി നടപ്പാക്കുക

11. പച്ചക്കറിയുടെ വളർച്ചക്കും പ്രോത്സാഹനത്തിനും നല്ലയിനം വിത്തുകളുടെ ലഭ്യത ഉറപ്പു വരുത്തുകയും സ്കൂൾതോട്ടം, അടുക്കളത്തോട്ടം പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക. ഒരു വാർഡിൽ 100 എന്ന കണക്കിൽ 1100 പച്ചക്കറിത്തോട്ടം ഉണ്ടാക്കുക. ആവശ്യമായ വിത്തും ജൈവവളവും കീടനാശിനികളും ലഭ്യമാക്കുക. ഇതിന്റെ നിരീക്ഷണത്തിനും പ്രോത്സാഹനത്തിനും, സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുക.

12. കൂൺ കൃഷിയുടെ വികസനത്തിന്റെ ഭാഗമായി ഒരു വാർഡിൽ 10 യൂണിറ്റ് പ്രകാരം 110യൂണിറ്റുകൾ സ്ഥാപിക്കുക. കൃഷിക്കാർക്ക് ആവശ്യമായ വിത്തും പരിശീലനവും നൽകുക.

13. സുഗന്ധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായത്തോടും സാങ്കേതിക ഉപദേശത്തോടും കൂടി ഓരോ വാർഡിലും 10 യൂണിറ്റ് വീതം സ്ഥാപിക്കുക

14. നല്ലയിനം ഫല വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി പ്ലാവ്, മാവ്, വാളൻപുളി, കുടംപുളി എന്നിവയുടെ തൈകൾ കർഷകർക്ക് നൽകുക. ഒരു വർഷം 1000 എന്ന കണക്കിൽ 5 വർഷം കൊണ്ട് 5000 ഫലവൃക്ഷത്തൈകൾ നടുന്നതിന് പദ്ധതി ആവിഷ്കരിക്കുക.സാമൂഹ്യവനവൽക്കരണവുമായി ബന്ധപ്പെടുത്തി പഞ്ചായത്തിലെ പി.ഡബ്ളിയു.ടി. റോഡുകൾ, വീതിയുള്ള പഞ്ചായത്തു റോഡുകൾ എന്നിവയുടെ ഓരത്ത് ഫലവൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കാവുന്നതാണ്.

15.(a) ഇടവിളകൃഷിയായി മരച്ചീനി, ചേന, കാച്ചിൽ, ചേമ്പ് മറ്റു കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കണം.

(b)ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം ഉണ്ടാകണം

(c) 5 വർഷം കൊണ്ട് 100 ഹെക്ടർ സ്ഥലത്ത് വാഴകൃഷി വ്യാപിപ്പിക്കാൻ വേണ്ടതായ സഹായം ഉണ്ടാകണം

(d). വെറ്റില കൃഷിക്ക് ഒരു സ്കീം തയ്യാറാക്കി പഞ്ചായത്തിൽ 100 കൃഷിക്കാരെയെങ്കിലും പ്രോത്സാഹിപ്പിക്കണ.

16. കശുമാവ് കൃഷി :-

കശുവണ്ടിയുടെ വാണിജ്യ സാദ്ധ്യതയും തൊഴിൽ സാദ്ധ്യതയും കണക്കിലെടുത്ത് 100 ഹെക്ടർസ്ഥലത്ത് കൃഷി വ്യാപിപ്പിക്കണം. ആവശ്യമായ ഉൽപ്പാദനക്ഷമത കൂടിയ തൈകൾ സാമ്പത്തിക സഹായം എന്നിവ ഉറപ്പാക്കണം.

17. എലി നശീകരണത്തിന് വ്യാപകമായ തോതിൽ ബോധവൽക്കരണവും എല്ലാ കൃഷി

ക്കാർക്കും എലികളെ നശിപ്പിക്കാനുള്ള വിഷവും കെണി ഉപകരണങ്ങളും ലഭ്യമാക്കുക. വാർഡ തിസ്ഥാനത്തിൽ കേര സമിതികളുടെയും കൃഷി ഭവന്റെയും സം.യുക്താഭിമുഖ്യത്തിൽ കർഷക സെമിനാറുകൾ സംഘടിപ്പിക്കുക.

18. കാർഷികോൽപ്പനങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ സ്ഥാപനം ഉണ്ടാകണം. അതിന്റെ ശാഖകൾ പഞ്ചായത്തിൽ 3 ഓ 4 ഓ കേന്ദ്രങ്ങളിൽ തുറക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും കൃഷിക്കാരന് ന്യായവില ലഭിക്കുന്നതിനും ഇത് ഉപകരിക്കും.

19. എല്ലാത്തരം കൃഷികൾ ചെയ്യുന്നതിനും ഹ്രസ്വകാല കാർഷിക വായ്പ അനുവദിച്ച് കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കുക. ഇന്നുള്ള വർദ്ധിച്ച പലിശ നിരക്ക് കുറയ്ക്കുക. കാർഷിക വായ്പയിൻമേലുള്ള പലിശ കുടിശ്ശികയിൽ ഇളവ് അനുവദിക്കുക. വായ്പാ രീതികൾ സുഗമമാക്കുക.

20.കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ രാസവളത്തിന്റെയും കീടനാശിനികളുടെയും ഉപയോഗം സംബന്ധിച്ച് കാലാകാലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും കാർഷിക സെമിനാറുകളും സംഘടിപ്പിക്കണം

21. കൃഷിഭവന്റെ സഹായം ഉറപ്പാക്കുന്നതിന് 2 വാർഡിന് 1 എന്ന കണക്കിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുക.

22. കൃഷി ഭവനിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക

23. പൂകൃഷി വികസനത്തിന് പഞ്ചായത്തിൽ 100 യൂണിറ്റുകൾ സ്ഥാപിക്കുക. കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡുകൾ എന്നിവയുടെ നല്ലയിനം തൈകളും വിത്തിനങ്ങളും ലഭ്യമാക്കുക.

24. എള്ള് 100 ഹെക്ടർ, പയർ 50 ഹെക്ടർ എന്നിങ്ങനെ 5 സെന്റ് വീതമുള്ള 100 യൂണിറ്റുകൾ അനുവദിക്കുക. ഇവക്കായി മെച്ചപ്പെട്ട വിത്തിനങ്ങളും മാനേജ്മെന്റും ലഭ്യമാക്കുക. ജൈവരാസവളങ്ങൾക്ക് 50% സബ്സിഡിയും അനുവദിക്കുക.

25. ഭൂ സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പാക്കുക.

26. ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിന് പ്രാധാന്യം നൽകി പദ്ധതി തയ്യാറാക്കുക. ഇവയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

27. എല്ലാത്തരം വിളകൾക്കും ഉൽപ്പാദന ബോണസ്സ് ഏർപ്പെടുത്തണം.

28. ഓരോ തരം വിളകൾക്കും മത്സരം ഏർപ്പെടുത്തി സമ്മാനം നൽകണം .

29. കോഴി, താറാവ് എന്നിവയെ കൂട്ടിലിട്ടു വളർത്താനുള്ള കർശന നിർദ്ദേശം നൽകുക.

30. നീർമറി പ്രദേശവികസന പദ്ധതി

കേന്ദ്രഗവ.സഹായത്തോടു കൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രയോജനം നമ്മുടെ പഞ്ചായത്തിലും ലഭ്യമാക്കണം.

31. എള്ള് കൃഷി വികസിപ്പിക്കുന്നതിന് ചാലും കുളവുമുള്ള പാടശേഖരങ്ങളിൽ പോർട്ടബിൾ പമ്പ് സെറ്റ് ഉപയോഗിച്ച് എള്ള് വിത്ത് വിതക്കുന്ന സമയത്തും പൂക്കുന്നതിന് തൊട്ടു മുൻപും വെള്ളം സ്പ്രേ ചെയ്യുന്നതിനും ഉള്ള സംവിധാനം ഉണ്ടാകണം.

32. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പ്രവർത്തനം

പ്രകൃതി ക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിരമായി സഹായിക്കുന്നതിനുതകുമാറ് ഒരു ഫണ്ട് സ്വരൂപിച്ച് പഞ്ചായത്തിൽ ലഭ്യമാക്കുക.

33. എൻഡമിക്ക് ഏരിയാ സ്കീം

പെട്ടെന്നുണ്ടാകുന്നതും വർദ്ധിച്ചതോതിലുള്ളതുമായ ചില പ്രത്യേക കീടരോഗാക്രമണം നിയന്ത്രിക്കുന്നതിന് കർഷകർക്ക് കീടനാശിനിയും സ്പ്രേയറും സാമ്പത്തികസഹായവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

35. ഒൻപതാം പഞ്ചവത്സരപദ്ധതികാലത്ത് പഞ്ചായത്തിൽ ആവശ്യമായ വിത്തുകളുടേയും തൈകളുടേയും ഒരു ഏകദേശ കണക്ക് പട്ടിക 10 ൽ കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് വിത്തുകളും തൈകളും ലഭ്യമാക്കേണ്ടതാണ്.

പട്ടിക 2

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, കൃഷ്ണപുരം കൃഷിഭവൻ

നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | വർഷം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 935 | 1870 | 673 |
| കശുമാവ് | 160 | — | — |
| കുരുമുളക് | 1250 | 8000 | 5400 |
| കവുങ്ങ് | 200 | 225 | — |
| വാഴ | 1850 | സിക്കന്നങ്ങിൽ മാത്രം | — |
| ഇടമാവ് | 82 | 710 | — |
| പച്ചക്കറി തൈകൾ | 198 | 370 | 875 |
| സുഗന്ധവിളകൾ | 40 | 40 | 240 |
| ജാതി, ഗ്രാമ്പൂ, സർവ്വഗന്ധി, മാതളനാരകം etc | — | — | — |
| പച്ചക്കറി വിത്തുകൾ | 951 kit | 1404 kit | 934 kit |
| നെല്ല് | 2010 kg | — | 650 kg |
| എണ്ണ് | — | 460 kg | 40 kg |
| കിടങ്ങ് വഴുതന (40 kg kit) | 25 nos | 16 Nos | 10 Nos |
| പയറു വർഗ്ഗങ്ങൾ | 200 kg | 240 kg. | 160 kg. |

പട്ടിക 3

കാർഷിക ഉപകരണങ്ങൾ

| നമ്പർ | ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ട്രാക്ടർ | 1 |
| 2 | ടില്ലർ | 4 |
| 3 | നാടൻ കലപ്പ | 64 |
| 4 | മണ്ണ് കിളി ഉപകരണങ്ങൾ | 14 |
| 5 | നാപ് സ്പ്രാക് പമ്പ് | 10 |
| 6 | മെതിയന്ത്രം | 2 |
| 7 | തെങ്ങു കയറ്റ യന്ത്രം | 12 |
| 8 | പോൾടണിൽ പമ്പ് സെറ്റ്. | 12 |

പട്ടിക 4

മഴയുടെ അളവ്

| വർഷം | ജന. | ഫെ. | മാർ | ഏപ്രി. | മേയ് | ജൂൺ | ജൂലൈ | ഓഗ. | സെപ്റ്റ് | ഒക്ടോ: | നവം: | ഡിസം: |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | | | | | | | | | | | | |
| 92 | | | | | | | | | | | | |
| 93 | | | | | | | | | | | | |
| 94 | | | | | | | | | | | | |
| 95 | | | | | | | | | | | | |

പട്ടിക 5

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പ്രധാന തോടുകൾ | 2 |
| 2 | കുളം | 25 |
| 3 | കുഴൽ കിണർ | 35 |
| 4 | ഗ്ലോസ് ബാൾ (ഉപയോഗശൂന്യമായവ) | 1 |

പട്ടിക 6

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങുകൾ എണ്ണം | | | | ദിവസം ശരാശരി തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് വീടിനു ചുറ്റും | കായ്ക്കുന്നവ | കായ്ക്കുന്നവ | ആകെ | കൂടുവിൽക്കുന്നത് (തേങ്ങയുടെ) | പിഴിഞ്ഞ് (കാലതോഴ) | ബൾക്ക് നോട്ട് (മൂന്ന് മാസം) | തെങ്ങുകൾ സ്വന്തം വരുമാനമില്ലാത്തവ | മിച്ചമുള്ളവ | ആകെ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 60 | 6000 | 4500 | 10,500 | 1700 | 2200 | 800 | – | | 4700 |
| 2 | 63 | 7025 | 4100 | 11025 | 1400 | 2550 | 650 | – | | 4600 |
| 3 | 74 | 5080 | 7900 | 12980 | 2000 | 2300 | 840 | – | | 5140 |
| 4 | 76 | 6300 | 7000 | 13300 | 2400 | 3000 | 600 | – | 50 | 6050 |
| 5 | 70 | 6000 | 6250 | 12250 | 1800 | 3400 | 740 | – | 90 | 6030 |
| 6 | 68 | 6100 | 5800 | 11900 | 2100 | 3600 | 600 | – | 120 | 6420 |
| 7 | 73 | 6075 | 6700 | 12775 | 3000 | 3900 | 720 | – | 140 | 7760 |
| 8 | 65 | 6375 | 5000 | 11375 | 2150 | 2800 | 440 | – | 200 | 4990 |
| 9 | 72 | 6000 | 6600 | 12600 | 1900 | 1950 | 530 | – | 170 | 4550 |
| 10 | 75 | 7000 | 6125 | 13125 | 2010 | 2840 | 470 | – | 165 | 4485 |
| 11 | 64 | 6000 | 6075 | 12075 | 2140 | 1990 | 515 | – | 185 | 4830 |
| ToTal | 765 | 67955 | 66050 | 136005 | 22600 | 28430 | 6905 | – | 1120 | 59555 |
| | | | | | | | | | | |

പട്ടിക 7

വളത്തിന്റെ ഉപഭോഗം

| വർഷം | നൈട്രജൻ ($N_2$) | ഫോസ്ഫറസ് (P) | പൊട്ടാഷ് (K) | Bunemeal |
|---|---|---|---|---|
| 1993 - 94 | 28.5 tone | 27 tone | 17.5 tone | 6 tone |
| 1994 - 95 | 31.5 tone | 25 tone | 12.7 tone | 8 tone |
| 1995 - 96 | 40.5 tone | 29 tone | 23.5 tone | 7.5 tone |

പട്ടിക 8

ഭൂവിനിയോഗം

| നമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 170 | |
| 2 | തെങ്ങ് | 765 | |
| 3 | മിശ്രവിളകൾ | 52 | |
| 4 | കശുമാവ് | 20 | |
| 5 | പച്ചക്കറി | 12 | |
| 6 | മറ്റിനങ്ങൾ | 36 | |
| 7 | തരിശുഭൂമി | 30 | |

പട്ടിക 9

ഇടവിളകൾ

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | വാഴ | 100 |
| 2 | പയർ | 10 |
| 3 | ചേന | 30 |
| 4 | മരച്ചീനി | 30 |
| 5 | കൂർക്ക | 12 |
| 6 | കിഴങ്ങ് | 5 |
| 7 | ഇഞ്ചി | 3 |
| 8 | മഞ്ഞൾ | 1 |
| 9 | കിഴങ്ങുവർഗ്ഗങ്ങൾ | 50 |
| 10 | കശുമാവ് | 20 |
| 11 | മാവ് | 12 |
| 12 | പ്ലാവ് | 7 |
| 13 | പച്ചക്കറികൾ | 5 |
| 14 | സുഗന്ധവിളകൾ | 2 |

പട്ടിക 10

വിത്തുകളുടേയും തൈകളുടേയും ആവശ്യം

| No | വിള | | 1997 | 98 | 99 | 2000 | 2001 |
|---|---|---|---|---|---|---|---|
| 1. | നെല്ല് | 1-ാം വിള | 130000 kg | 130 Quintl | 130 Quintl | 130 Quintl | 130 Quintl |
| | | 2-ാം വിള | 120000 kg | 120 Quintl | 120 Quintl | 120 Quintl | 120 Quintl |
| 2 | ഗ്രൗണ്ട് നട്ട് രണ്ടാംവിള | | 500 kg | 500 kg | 500 kg | 500 kg | 500 kg |
| 3 | പയർ രണ്ടാംവിള | | 600 kg | 600 kg | 600 kg | 600 kg | 600 kg |
| 4 | തെങ്ങിൻ തൈ | | 60000 | 2500 | 2000 | 2000 | 1800 |
| 5 | വാഴ | | 22000 | 22000 | 22000 | 22000 | 22000 |
| 6 | കുരുമുളക് | | 5000 | 5000 | 5000 | 5000 | 5000 |
| 7 | കമുക് | | 6000 | 5500 | 5500 | 5500 | 5500 |
| 8 | കിഴങ്ങുവർഗ്ഗങ്ങൾ | | 200 Quintl | 200 Quintl | 200 Quintl | 200 Quintl | 200 Quintl |
| 9 | കശുമാവ് (grafts) | | 2750 | 2750 | 2750 | 2750 | 2750 |
| 10 | മുട്ടുമാവ് | | 550 | 550 | 550 | 550 | 550 |
| 11 | പ്ലാവ് (grafts) | | 300 | 300 | 300 | 300 | 300 |
| 12 | കൊക്കോ | | 275 | 300 | 300 | 300 | 300 |
| 13 | ഫലവൃക്ഷത്തൈകൾ | | 2000 | 2000 | 2000 | 2000 | 2000 |
| 14 | കുടിവെള്ളം | | 8250 | 8250 | 8250 | 8250 | 8250 |
| 15 | ഔഷധസസ്യത്തൈകൾ (scions) | | 55 unit | 55 unit | 55 unit | 55 | 55 |
| 16 | സുഗന്ധവിളകൾ കാന്തി, ഗ്രാമ്പൂ, | | 1650 | 1650 | 1650 | 1650 | 1650 |
| 17 | ഇഞ്ചി, മഞ്ഞൾ | | 17000 kg | 12000 kg | 12000 kg | 12000 kg | 12000 kg |
| 18 | പച്ചക്കറി | | 1100 kit | 1100 kit | 1100 kit | 1100 kit | 1100 kit |
| 19 | വെളിലക്കൃഷി. | | 10 unit | 10 unit | 10 unit | 10 unit | 10 unit |
| | | | | | | | |

## ജലസേചനം

കൃഷി നെല്ലായാലും തെങ്ങായാലും ഇടവിളയായാലും വികസിപ്പിക്കുന്നതിന് മണ്ണിന്റെ സംരക്ഷണം, ജലസേചനം, ജലനിർഗ്ഗമനം എന്നിവ അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര കാര്യക്ഷമമല്ല ഈ മേഖല. തോടുകൾ നികന്നും നിലം നികത്തിയും ലഭ്യമായ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞിരിക്കുന്നു. പാടത്തും പറമ്പിലും വെള്ളം കെട്ടിക്കിടക്കുന്നു. തൽഫലമായി നെൽകൃഷി നശിക്കുന്നു. ഇടവിള കൃഷി നശിക്കുന്നു. തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയുന്നു. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകണം. നിലവിലുള്ള നീർച്ചാലുകൾ സംരക്ഷിച്ച് കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. തോടുകളുടെ സംരക്ഷണഭിത്തി കെട്ടാത്തതു മൂലം ഇരുഭാഗത്തു നിന്നും മണ്ണിടിഞ്ഞു വീണ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടയുകയാണ്. ലഭ്യമായ ജലം തന്നെ സംരക്ഷിച്ച് നിർത്താത്തതിന്റെ ഫലമായി പാഴായി ഒഴുകി നഷ്ടപ്പെടുകയാണ്. പാഴായി ഒഴുകി

നഷ്ടപ്പെടുന്ന ജലം വേണ്ടത്ര സംരക്ഷണം നൽകി തടഞ്ഞു നിർത്തിയാൽ പാടത്തും പറമ്പിലും കൃഷികൾ കൂടുതൽ ഉൽപ്പാദനക്ഷമവും കാര്യക്ഷമവുമാക്കിത്തീർക്കാവുന്നതാണ്.

മറ്റൊന്ന് ആവശ്യമായ ജലസേചന സൗകര്യമില്ലാത്തതു കൊണ്ട് എള്ള്, പയർ, കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, തെങ്ങ്, തുടങ്ങിയ കൃഷികളുടെ ഉൽപ്പാദനക്ഷമത കുറയുന്നു. അതിനും ന്യായമായ പരിഹാരമാർഗ്ഗങ്ങൾ ഞെക്കണം

പട്ടിക – 1

ജലസമ്പത്ത് – ആസ്തികൾ

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പ്രധാന തോടുകൾ | 3 |
| 2 | ചെറുതോടുകൾ | |
| 3 | കുളം | 25 |
| 4 | കുഴൽ കിണർ | 35 |
| 5 | ഫ്രോസ്ബെഡ് | |

## നിർദ്ദേശങ്ങൾ പരിഹാരങ്ങൾ

### 1. തോടുകൾ

(a). 1-ാം വാർഡിൽ ഞവരക്കൽ പാടശേഖരത്തിലെ ജലനിർഗ്ഗമനം ഉറപ്പാക്കുന്നതിന് തെക്കോട്ട് പുള്ളിക്കണക്ക് ചാലക്കൽ തോടുമായി വടക്കോട്ട് ചേരാവള്ളി കുറ്റിത്തെരുവ് തോടുമായി ബന്ധിപ്പിക്കുന്ന 2നീർച്ചാലുകൾ നിർമ്മിക്കുക. ഈ ഭാഗത്ത ആവശ്യം വേണ്ടിടത്ത് ഓടകളും നിർമ്മിക്കുക.

(b). ചാലക്കൽ പാടത്ത് കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി വിടുന്നതിന് ചോക്കാട്ടുതറ കിഴക്കു വശത്തുന നിന്നും ഒരു നിർച്ചാൽ നിർമ്മിച്ച് തട്ടാരേത്ത് ചന്ദ്രൻപിള്ളയുടെ നിലത്തിൽ നിന്നും നിർമ്മിച്ചിട്ടുള്ള തോടുമായി ബന്ധപ്പിച്ച് ചാലക്കൽ കുറ്റിത്തെരുവ് തോടിലേക്ക് ഒഴുക്കി വിടുക ( വാർഡ് 2)

(c). 2-ാം വാർഡിൽ കോയിക്കൽ വയലിൽ പുത്തൻ കണ്ടത്തിൽ പടിഞ്ഞാറു വശത്തു നിന്നും തെക്കോട്ടു വെട്ടി പഞ്ചവടി തോടുമായി ബന്ധിപ്പിക്കുക.

(d). 3-ാം വാർഡിൽ മുക്കം വയൽ പാടശേഖരത്തിൽ മുമ്പുണ്ടായിരുന്ന പുറംമ്പോക്ക് റോഡ് പുനർനിർമ്മിച്ച് ചാലക്കൽ പാടശേഖരത്തിലേക്ക് വെള്ളം ഒഴുക്കി വിടുക.

(e). 3-ാം വാർഡിൽ ചാങ്ങേത്തു വയൽ പുന്നമ്മൂട് വയൽ നിലയിൽ വയലുകളെ ബന്ധിപ്പിച്ച് ഒരു നീർച്ചാൽ നിർമ്മിക്കുക.

(f). 4-ാം വാർഡിൽ വരേനി പാടശേഖരത്തിൽ കോയിക്കൽ വയലിൽ നിന്ന തെക്കോട്ട് തോടു വെട്ടി പഞ്ചവടി തോടുമായി ബന്ധിപ്പിക്കുക.

(g)4-ാം വാർഡിൽ തോങ്ങലിൽ മുതൽ മുലയിൽ മുക്കുവരെ നിലവിലുള്ള തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുക

(h) 5-ാം വാർഡിൽ മേടയിൽ പടിഞ്ഞാറു വശത്ത് നിന്നാരംഭിക്കുന്ന നീരൊഴുക്ക് തോട് പുറമ്പോക്ക് തിട്ടപ്പെടുത്തി പുനർനിർമ്മിക്കുക

(i) 5-ാം വാർഡിൽ മണ്ണാംപറമ്പു വേലിക്കെട്ടു മുതൽ ആരക്കണ്ടം പാടത്തിന്റെ തെക്കേ മൂലയിൽകൂടി ആറു കടമ്പ തോട്ടിലെത്തുന്ന ഒരു നീർച്ചാൽ നിർമ്മിക്കുക

(j) 5-ാം വാർഡിസ് ചാങ്ങേത്തു വയലിൽ നിന്നും ചാലിൽ വയൽ വഴി ആറു കടമ്പ തോട്ടിലേക്ക് വെള്ളം ഒഴുക്കി വിടുന്നതിന് നീർച്ചാൽ നിർമ്മിക്കണം.

(k)6-ാം വാർഡിൽ ഈപ്പള്ളി കിഴക്കു വശത്തുള്ള വയലിൽ നിന്നും അട്ടത്തോട്ടിൽ ചേരുന്ന നീർച്ചാൽ ഉണ്ടാക്കണം. ഇതിന്റെ ഇരുവശവും സംരക്ഷണഭിത്തിയുടം കെട്ടണം.

(l) 7-ാം വാർഡിൽ പണയ വയലിന്റെ ആരംഭം മുതൽ വടക്കോട്ട് ആറു കടമ്പത്തോടു വരെ വെള്ളം ഒഴിഞ്ഞു പോകുന്നതിനുള്ള നിർച്ചാൽ നിർമ്മിക്കുക

(m)7-ാം വാർഡിൽ മേടയിൽ തെക്കുവശത്തുള്ള വയലിൽ നിന്നും വെള്ളെ ഒഴുകി പോകുന്നതിന് സൗകര്യം ഉണ്ടാക്കുക

(n). 8-ാം വാർഡിൽ ചേലക്കാട്ടു വയൽ, കിഴ

ക്കോട്ട് വയൽ വെളിത്തറ വയൽ എന്നിവയെ ബന്ധിപ്പിച്ച് വെള്ളമൊഴുക്ക് സുഗമമാക്കുന്നതിന് നീർച്ചാൽ നിർമ്മിക്കുക

(o) പച്ചംകുളത്തു വയൽ കൃഷി യോഗ്യമാക്കുന്നതിന് അവിടെ കെട്ടിക്കിടക്കുന്ന വെള്ളം ആറു കടമ്പ തോട്ടിലെത്തിക്കുന്നതിനുള്ള നീർച്ചാൽ നിർമ്മിക്കുക

(p) 8-ാംവാർഡിൽ നിലിയിൽ വയലിൽ നിന്നും ആറു കടമ്പ തോട്ടിലേക്ക് വെള്ളമൊഴുക്കി വിടുന്നതിനുള്ള നീർച്ചാൽ നിർമ്മിക്കണം.

(q) 9-ാം വാർഡിൽ സദ്യാലയത്തിന് കിഴക്കു വശത്തു കൂടി വടക്കോട്ട് ഒഴുകി റെയിൽവേ ലൈന് ആടിയിൽ കൂടി ഏഴാം വാർഡു കടന്ന് ആറു കടമ്പ തോട്ടിലെത്തുന്ന തഴത്തോടിന് വീതി കൂട്ടി 2 വശവും ഭിത്തികെട്ടി മണ്ണാലിപ്പ് തടഞ്ഞ് വെള്ളമൊഴുക്ക് സുഗമമാക്കണം.

(r). 9-ാം വാർഡിൽ കൈമാട്ടിൽ കിഴക്കു നിലത്തിൽ നിന്നും വടക്കോട്ട് ചേങ്കരക്കലുങ്കിൽ കൂടി വടക്കോട്ട് എൻ.എച്ചിൽ നിന്നും വയനകം കലുങ്കു വരെ നീർച്ചാൽ വെട്ടി ഭിത്തികെട്ടി ജല സേചനസൗകര്യം ഉണ്ടാക്കണം.

9-ാം വാർഡിൽ ശാസ്താം നട കുറ്റിത്തറ റോഡിൽ പുത്തൻവീട്ടിൽ പടിഞ്ഞാറു വശം കൈത്തോടിന്റെ ഇരുവശത്തും പീച്ചിങ്ങ് കെട്ടി മണ്ണാലിപ്പു തടഞ്ഞു ജലസേചനസൗകര്യം ഉണ്ടാക്കണം.

(s). 9-ാം വാർഡിൽ കുറ്റിത്തറ നിലത്തിലെ വെള്ളം വടക്കോട്ടൊഴുകി മീനത്തേരിൽ പടിഞ്ഞാറു വശത്തുള്ള എൻ.എച്ചിന്റെ ഓടയിലേക്ക് ഓട കെട്ടി ജലസേചനസൗകര്യം ഉണ്ടാക്കണം.

(t) 9-ാം വാർഡിൽ താച്ചയിൽ വീടിന് വടക്കു വശത്തുള്ള നിലത്തിലെ വെള്ളം ആറു കടമ്പ ത്തോട്ടിലേക്ക് ഒഴുക്കുവാൻ ഓട നിർമ്മിക്കണം.

(u). 9-ാം വാർഡിൽ വയനകം തോടിന്റെ വീതി കൂട്ടി ഇരുസൈഡും ഭിത്തികെട്ടി ,ജലസേചന സൗകര്യം ഉണ്ടാകണം

(v) 10-ാംവാർഡിൽ തുണ്ടിപ്പാടം, മാലിത്തറപുഞ്ച, കണ്ണമ്പള്ളി പുഞ്ച, കൈവേലിപ്പാടം മണ്ണാമുറി കിഴക്കുവശത്തുള്ള പാടം എന്നിവിടങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കി വിടണം.

(w). 11-ാം വാർഡിൽ പാപ്പനാടി പുഞ്ച ഇന്ന് തരിശായി കിടക്കുകയാണ്. ഇത് കൃഷിയോഗ്യമാക്കുന്നതിന് ജലനിർഗ്ഗമനസൗകര്യം ഉണ്ടാക്കണം.

(x)കാവനാൽ പടിഞ്ഞാറുവശത്തുള്ള പാടത്തു നിന്നും വെള്ളമൊഴുകി പോകുന്നതിനുള്ള നീർച്ചാൽ നിർമ്മിക്കണം.

സംരക്ഷണഭിത്തി

(a). 1-ാം വാർഡിൽ ചേരാവള്ളി കുറ്റിത്തെരുവ് തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി കെട്ടി മണ്ണാലിപ്പ് തടയേണ്ടതാണ്.

(a) രണ്ടാം വാർഡിൽ ചാലക്കൽ കുറ്റിത്തെരുവ് തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി കെട്ടി മണ്ണാലിപ്പ് തടയേണ്ടതാണ്.

(b) നാലാ വാർഡിൽ തോങ്ങലിൽ മുതൽ മുലയിൽ മുക്കു വരെയുള്ള തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി മണ്ണാലിപ്പ് തടയുക.

(c). അഞ്ചാം വാർഡിൽ മേടയിൽ തെക്കു വശത്തു നിന്നും ആറു കടമ്പത്തോടു വരെയും വേണാട്ടു വയലില് നിന്നും കോളശ്ശേരി ലക്ഷം വീട് വരെ ആറുകടമ്പതോടു വരെയും ഉള്ള ഭാഗങ്ങളിൽ ഇരകുവശവും സംരക്ഷണഭിത്തി കെട്ടി മണ്ണാലിപ്പ് തടയുക.

(d) ആറാം വാർഡിൽ ആറുകടമ്പ തോട്ടിൽ ചേരുന്ന അട്ടത്തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി കെട്ടുക.

(e). ഏഴാം 5 , 6 8 വാർഡുകളിലൂടെ കടന്നു പോകുന്ന ആറുകടമ്പത്തോടിൽ തോണ്ടുതറ പാലം മുതൽ കിഴക്കോട്ട് കറുകത്തറ പാലം വരെയുള്ള ഭാഗം ഇരുവശവും സംരക്ഷണഭിത്തി നിർമ്മിക്കുകയും ഇതേ ഭാഗത്ത് യഥാസ്ഥാനങ്ങളിൽ 5 തടയണകൾ നിർമ്മിച്ച് പമ്പിംഗ് സൗകര്യത്തോടുകൂടി ജലസേചന സൈകര്യം ഏർപ്പെടുത്തുകയും മണ്ണാലിപ്പ് തടയുകയും ചെയ്യുക

(f) ഏഴാം വാർഡിൽ മണിമംഗലത്തു മുക്ക് ആറു കടമ്പത്തോട് സൈഡ് വാൾ കെട്ടി സംരക്ഷിക്കുക

(g) ഏട്ടാം വാർഡിൽ വെളിയിൽ മുക്കു മുതൽ ആറുകടമ്പത്തോടുവരെയുള്ള നീർച്ചാൽ

താഴ്ത്തി സംരക്ഷണഭിത്തി കെട്ടുക

(f) എട്ടാം വാർഡിൽ ആറുകടമ്പത്തോടിന് ഇരുവശവും സംരക്ഷണഭിത്തി കെട്ടി ബലപ്പെടുത്തുക പുത്തൻതറ തെക്കു വശത്തു ആറുകടമ്പത്തോടിന് കുറുകെ സൂയിസ് കം ബ്രിഡ്ജ് പണിയുക

(h) ഒൻപതാം വാർഡിൽ തഴത്തോട്ടിൽ സദ്യാലയത്തിൽ കിഴക്കുവശം മുതൽ റെയിൽവേ ലൈൻ വരെ സംരക്ഷണഭിത്തികെട്ടുക.

(i) പത്താം വാർഡിൽ തോണ്ടലിൽ കുന്നേൽ മുതൽ തെക്കോട്ടും തെക്കൻകാവിന് കിഴക്കു വശം ചീലാന്തറ കോളനിയിൽ കൂടി കടന്നുപോകുന്ന കൃഷ്ണപുരം കനാലിന്റെ രണ്ടു സൈഡും സംരക്ഷണഭിത്തി കെട്ടുക.

(j) പത്താം വാർഡിൽ മണ്ണാമുറി വയലിൽ തട്ടയ്ക്കാട്ട് തെക്കുവശത്തുള്ള നീരൊഴുക്ക് തോടിന് സംരംക്ഷണ ഭിത്തി കെട്ടുക

(k) പത്താം വാർഡിൽ ഒണ്ടിക്കാവ് മുതൽ പാപ്പനാടി പുഞ്ച വരെയുള്ള നീരൊഴുക്ക് തോടിന് സംരക്ഷണഭിത്തി കെട്ടുക

(l) പതിനൊന്നാം വാർഡിൽ കാവനാൽ വയലിൽ നിന്നും തഴത്തോടു വരെ സൈഡ് വാൾ കെട്ടി സംരക്ഷിക്കുക.

(m) പതിനൊന്നാം വാർഡിൽ കാവനാൽ വയലിൽ നിന്നും കാർത്തികപ്പള്ളി വടക്കുവശം വരെ സൈഡ് വാൾകെട്ടി സംരക്ഷിക്കുക

3. കലുങ്കുകൾ ജലനിർഗ്ഗമനം ത്വരിതപ്പെടുത്തുന്നതിന് ചുവടെ പറയുന്ന സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുക.

(a) രണ്ടാം വാർഡിൽ ഞവരക്കൽ മുക്ക് മുതൽ തെക്കോട്ട് ചാലക്കൽ തോട്ടിലേക്ക് ഓടയും പുത്തൻകണ്ടത്തിന് മുക്കിന് കലുങ്കും നിർമ്മിക്കുക

(b). മുത്തിനിതാഴെ പാടശേഖരത്തിന് വടക്കേയറ്റം പേരൂർമുക്ക് – മങ്കുഴി റോഡിൽ കലുങ്കു നിർമ്മിക്കുക. (രണ്ടാം വാർഡിന്റെയും മൂന്നാം വാർഡിന്റെയും അതിർത്തി)

c. ലക്ഷ്മീശ്വരത്ത് കളിയിക്കൽ റോഡിൽ കോയിക്കൽ പാടശേഖരത്തിൽ കലുങ്കു നിർമ്മിക്കുക (2, 4 വാർഡുകളുടെ അതിർത്തി)

d. മൂന്നാം വാർഡിൽ പുരയ്ക്കൽ മുക്ക് – മങ്കുഴി റോഡിൽ മുക്രാം വയൽ പാടശേഖരത്തിൽ കലുങ്കു നിർമ്മിക്കുക

e. മൂന്നാം വാർഡിൽ പനയന്നാർക്കാവ് പേരൂർ റോഡിൽ കണ്ണങ്കര പാടശേഖരത്തിൽ നിന്നും മുക്രാം വയൽ പാടശേഖരത്തിലേക്ക് നാരായണമന്ദിരത്തിന് പടിഞ്ഞാറ് വശം കലുങ്കു നിർമ്മിക്കുക.

f. മൂന്നാം വാർഡിൽ ചാങ്ങേത്തു വയലിൽ വലിയ വീട്ടിൽ കിഴക്കു വശത്തുള്ള കലുങ്കു താഴ്ത്തി പണിയുക.

g. നാലാം വാർഡിൽ കുറ്റിത്തറ കിടങ്ങിൽ റോഡിൽ വരേനി പാടശേഖരത്തിൽ കലുങ്കു നിർമ്മിക്കുക. നാലാം വാർഡിൽ വരേനി പാടശേഖരത്തിൽ പഞ്ചവടി ഭാഗത്ത് കലുങ്കു നിർമ്മിക്കുക

h. അഞ്ചാം വാർഡിൽ ചാത്തവന പാടത്ത് നീരൊഴുക്ക് തോട്ടിൽ കലുങ്കു നിർമ്മിക്കണം.

i. ആറാം വാർഡിൽ മാവിലിശ്ശേരി കിഴക്കു വശത്ത് അട്ടത്തോട്ടിൽ കലുങ്കു നിർമ്മിക്കുക

j. പാങ്ങാട്ടു വയലിൽ ഉപയോഗശൂന്യമായി കിടക്കുന്ന കലുങ്കും തടവണയും ഉപയോഗയോഗ്യമാക്കുക. (വാർഡ് 8)

k. ഒമ്പതാം വാർഡിൽ തൂവിനേത്ത് അശ്വതി വീടിന് കിഴക്കു വശം തെക്കുവശത്തുള്ള നീരൊഴുക്ക് തോട്ടിൽ നിലവിലുള്ള കലുങ്കു പുതുക്കിപ്പണിയുക

l. ഒൻപതാം വാർഡിൽ ഞാറാലി കിഴക്കു വശത്തു ഓച്ചിറ താമരക്കുളം റോഡിലുള്ള കലുങ്കു താഴ്ത്തിയും വീതി കൂട്ടിയും പുതുക്കിപ്പണിയുക.

4. ഓടകൾ

ചുവടെപ്പറയുന്ന സ്ഥലങ്ങളിൽ ജലനിർഗ്ഗമനത്തിന് ഉതകും വിധം ഓടകൾ സ്ഥാപിക്കുക

a. മൂന്നാം വാർഡിൽ വേലിയിൽ പടിഞ്ഞാറു വശത്ത് നിലത്തിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിവിടുന്നതിന് അനുയോജ്യമായ വിധത്തിൽ ഓട നിർമ്മിക്കുക

b. നാലാം വാർഡിൽ പാലക്കോട്ട് പടിഞ്ഞാറു വശത്ത് അംഗൻവാടിക്ക് തെക്കുവശത്തുള്ള തറ

കളിലും മറ്റും കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കി ഇരങ്ങക്കൽ വടക്കുവശത്തുള്ള നിലത്തിൽ കൂടി ഒഴുക്കി വിടുന്നതിന് ഓട നിർമ്മിക്കുക

c. അഞ്ചാം വാർഡിൽ ചാത്തനവ പാടത്തെ നീരൊഴുക്കിന് സഹായകമായി ചാത്തവനം തെക്കുവശത്തുള്ള ഓട പുതുക്കി പണിയുക.

d. അഞ്ചാം വാർഡിൽ കലവറശ്ശേരി വടക്കു വശത്തെ കലുങ്കു വഴി വരുന്ന വെള്ളം ഓട കെട്ടി ആറുകടമ്പത്തോട്ടിലെത്തിക്കുക

e. അഞ്ചാം വാർഡിൽ കോലേലി വയലിൽ നിന്നും വരുന്ന വെള്ള പാവൂർ വടക്കു വശത്തെ ഓടയിലെത്തിക്കുന്നതിന് പുതിയൊരു ഓട നിർമ്മിക്കുക

f. അഞ്ചാം വാർഡിൽ കുറ്റിവയലിലെ വെള്ളം ഒഴുക്കി വിടുന്നതിന് പടിഞ്ഞാറോട്ട് ഓട കെട്ടി വരിനേത്ത് വടക്കു വശത്തെ കലുങ്കു വഴി ആറാം വാർഡിൽ കൂടി പുല്ലമ്പള്ളി കിഴക്കു വശത്തെത്തിക്കുന്നതിന് ഓട നിർമ്മിക്കുക

g. ഏഴാം വാർഡിൽ പണയവയലിൽ തങ്കയത്തിൽ കിഴക്കു വശം മുതൽ വടക്കോട്ട് ആറുകടമ്പത്തോടു വരെ ഓട നിർമ്മിക്കുക.

h. ഏഴാം വാർഡിൽ വെളുത്തേരി മുക്ക് മുതൽ വടക്കോട് ആറുകടമ്പത്തോടുവരയുള്ള ഭാഗത്ത് ഓട കെട്ടുക.

i. എട്ടാം വാർഡിൽ ചേലക്കോട്ട് വയൽ കിടക്കോട് വയൽ വെളിത്തറ വയൽ എന്നിവയെ ബന്ധിപ്പിച്ച് ജലനിർഗ്ഗമനത്തിന് സഹായകമായി ഓടകൾ നിർമ്മിക്കുക

j. എട്ടാം വാർഡിൽ പച്ചംകുളത്ത് വയലിലെ വെള്ളം ഒഴുക്കി വിടുന്നതിന് ഓട നിർമ്മിക്കണം.

k. പത്താം വാർഡിൽ തഴവയലിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യത്തിന് ജലം ഉപയോഗിക്കുന്നതിനും മണ്ണാമുറി, പടിഞ്ഞാറു വശത്ത് തഴത്തോട്ടിലേക്ക് ഓട കെട്ടി ചീപ്പിടണം.

l. പത്താം വാർഡിൽ കോയിക്കൽ കിഴക്കുവശത്തുള്ള വയലിൽ നിന്ന് വെള്ളമൊഴുക്കുന്നതിന് വെള്ളം കയറ്റുന്നതിന് കോയിക്കൽ പടിഞ്ഞാറു വശളത്തു നിന്നും കൃഷ്ണപുരം കനാൽ വരെ ഓട കെട്ടി ചീപ്പിടണം.

m. ഉണക്കകുത്ത് കുളത്തിൽ നിന്നും മണ്ണാമുറി വയലിലേക്ക് വെള്ളം ഒഴുക്കുന്നതിനുവേണ്ടി ഓട നിർമ്മിക്കുക.

n. പത്താം വാർഡിൽ കണ്ണമ്പള്ളി വയലിൽ നിന്ന കൃഷ്ണപുരം കനാലിലേക്ക് ഓട കെട്ടി ചീപ്പ് സ്ഥാപിക്കുക.

o. മാലിത്തറ പടിഞ്ഞാറു വശത്ത് വയലിൽ നിന്നും കൃഷ്ണപുരം കനാലിലേക്ക് ഓട കെട്ടി ചീർപ്പുസ്ഥാപിക്കുക

5. തടയണ : ചുവടെ പറയുന്ന സ്ഥലങ്ങളിൽ തടയണയും ചീർപ്പും സ്ഥാപിച്ച് ജലസേചന സൗകര്യം ഉറപ്പാക്കുക.

a. ഒന്നാം വാർഡിൽ ചേരാവള്ളി ഇടയൊടിക്കാവ് കുറ്റിത്തെരുവ് തോട്ടിൽ രണ്ട് തടയണ കെട്ടി ചീർപ്പു സ്ഥാപിക്കുക

b. രണ്ടാം വാർഡിൽ ചാലക്കൽ കുറ്റിത്തെരുവ് തോട്ടിൽ കളപ്പുരയക്കൽ വടക്കുവശത്ത് തടയണയും ചീർപ്പും സ്ഥാപിക്കുക

c. മൂന്നാം വാർഡിൽ മുക്രാം വയൽ പാടശേഖരത്തിൽ നിർമ്മിക്കുന്ന തോട്ടിൽ നാഗമ്പറപ്പിൽ കിഴക്കുവശം ഒലിക്കര ഭാഗം മുത്തിനിത്താഴ പാടത്തിന്റെ വടക്കേയറ്റം എന്നിവിടങ്ങളിൽ തടയണയും ചീർപ്പും സ്ഥാപിക്കുക

d. നാലാം വാർഡിൽ പഞ്ചവടിപ്പാടത്ത് ജലസേചനസൗകര്യം ഉറപ്പാക്കുന്നതിന് പഞ്ചവടിത്തോട്ടിൽ ഒരു തടയണ നിർമ്മിക്കുക

e. അഞ്ചാം വാർഡിൽ ചാങ്ങേത്തു വയലിൽ നിന്നും ചാലിൽ നിലം വഴി ആറുകടമ്പത്തോടിലേക്കുള്ള ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന് അവിടെ തോടും മൂന്നിടങ്ങളിൽ തടയണയും ചീർപ്പും സ്ഥാപിക്കുക

f. ആറാം വാർഡിൽ അട്ടത്തോട്ടിൽ വയലിൽ പടിഞ്ഞാറ് വശത്ത് ഒരു തടയണയും കുറവന്തറ കിഴക്കു വശത്ത് ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്ന തടയണ പുതുക്കിയും നിർമ്മിക്കേണ്ടതാണ്.

g. 5 6, 7, 8 എന്നീ വാർഡുകളിലൂടെ ഒഴുകുന്ന ആറുകടമ്പത്തോട്ടിൽ ഇരുവശവും ഭിത്തികെട്ടി ബലപ്പെടുത്തി 5 സ്ഥലങ്ങളിൽ തടയണയും ചീർപ്പും സ്ഥാപിക്കുക

h. പതിനൊന്നാം വാർഡിൽ പാപ്പനാലി പുഞ്ചയിൽ ഓച്ചിറയിൽ നിന്നെത്തുന്ന തോടിന്റെ തുടർച്ചായി തോടും സൈഡ് വാളും പുഞ്ചയുടെ

വടക്കേയറ്റം, മധ്യഭാഗം എന്നിവിടങ്ങളിൽ തടയണയും ചീർപ്പും സ്ഥാപിക്കേണ്ടതാണ്.

6. കുളങ്ങൾ : – ചുവടെ ചേർത്തിട്ടുള്ള കുളങ്ങൾ സംരക്ഷിച്ച് ജലസേചന സൗകര്യങ്ങൾ ഉറപ്പു വരുത്തണം.

a . രണ്ടാം വാർഡിൽ പഞ്ചായത്ത് വക കോയിക്കൽ ചാൽ താഴ്ത്തി സംരക്ഷണനടപടികൾ സ്വീകരിക്കുകയും ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക


b. മൂന്നാം വാർഡിൽ പഞ്ചായത്തു വക മുത്തിനിത്താഴച്ചാൽ താഴ്ത്തി സംരക്ഷണനടപടികൾ സ്വീകരിച്ച് ജലസേചനസൗകര്യങ്ങൾ ഉറപ്പാക്കുക .

c. അഞ്ചാം വാർഡിലുള്ള പഞ്ചായത്തു വക ആലുംമൂട്ടിൽ കുളം താഴ്ത്തി സംരക്ഷണ നടപടികൾ സ്വീകരിച്ച് ജലസേചനയോഗ്യമാക്കുക

d. എട്ടാം വാർഡിലുള്ള പഞ്ചായത്തു വക കുളം താഴത്തിയും സംരക്ഷണ നടപടികൾ സ്വീകരിച്ചും ജലസേചന യോഗ്യമാക്കുക

7. കുഴൽക്കിണറുകൾ :– ഭൂഗർഭജലം ഫലപ്രദമായി കാർഷികാവശ്യങ്ങൾക്ക് ഉപയോഗ്യ മാക്കുന്നതിന് കൂടുതൽ കുഴൽ കിണറുകൾ എല്ലാ വാർഡിലും സ്ഥാപിക്കുക. ചിലവിന്റെ 50% കർഷകർക്ക് സബ്സിഡി അനുവദിക്കുക

8. മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകളുടെ സഹായം മേൽവിവരിച്ച പദ്ധതികൾ നടപ്പാക്കാൻ ഉണ്ടാകണം. മൈനർ ഇറിഗേഷന്റെ ഒരുദ്യോഗസ്ഥന് പഞ്ചായത്ത് തലത്തിൽ നിയമിക്കുക.



# മൃഗസംരക്ഷണവും മൽസ്യബന്ധനവും

## മൃഗസംരക്ഷണം

മനുഷ്യന്റെ ഘടനാപരമായ വളർച്ചയ്ക്ക് അത്യാവശ്യമായ മാംസ്യപ്രധാനമായ ഭക്ഷണപദാർത്ഥങ്ങളുടെ (പാൽ, മുട്ട, മാംസം) ഉൽപ്പാദനമാണ് പ്രധാനമായും മൃഗസംരക്ഷണമേഖല നിറവേറ്റുന്നത്. ഇതു കൂടാതെ വ്യാവസായികാവശ്യങ്ങൾക്കുള്ള തുകൽ, രോമം, കൊഴുപ്പ്, ജലാറ്റിൻ, ഓസിൻ എന്നീ ഉൽപ്പന്നങ്ങളും ഹോർമോണുകൾ ഹൈപ്പർ ഇമ്മ്യൂൺസിറം തുടങ്ങിയ ഔഷധവ്യവസായത്തിനുള്ള വസ്തുക്കളുടെ ഉൽപ്പാദനം ഈ മേഖല നിർവ്വഹിക്കുന്നു. കാർഷിക മേഖലയ്ക്ക് അത്യാവശ്യമായ ജൈവവളവും കൃഷിപ്പണിക്കും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തിയും ഈ മേഖലയുടെ സംഭാവനയാണ്. ബയോഗ്യാസിനുള്ള ഊർജ്ജസ്രോതസ്സ് ഈ മേഖല സംഭാവന ചെയ്യുന്നു. ഈ

ഉൽപ്പാദനമേഖല. ഗ്രാമീണതൊഴിൽ മേഖലയിൽ ഒട്ടേറെ തൊഴിലവസരം ഉണ്ടാക്കുന്നതിന് ഗ്രാമീണരുടെ പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. ഈ മേഖലയിലുണ്ടാകുന്ന ഏതൊരു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ ശക്തമാക്കും. പേവിഷബാധ നിയന്ത്രണം, മാസംപരിശോധനയിലൂടെ ശുദ്ധമായ മാംസ ഉൽപ്പാദനം തുടങ്ങി പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ ഈ രംഗത്ത് നടത്തി വരുന്നുണ്ട്.

സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലെ എന്നപോലെ കൃഷ്ണപുരം പഞ്ചായത്തിലും പണ്ടുകാലത്ത് ഉൽപ്പാദനക്ഷമത കുറഞ്ഞ കറവമാടുകളും കൃഷിപ്പണിക്കും ഭാരം വലിക്കുന്നതിനുമുള്ള കാളകൾ, പോത്തുകൾ എന്നിവയുമാണ് ഉണ്ടായിരുന്നത്. അന്നു കാലികൾക്ക് വ്യാപകമായ തോതിൽ പകർച്ചവ്യാധികൾ പിടിപെട്ടിരുന്നു. കുളമ്പുരോഗം, കാലിപ്ലേഗ്, അടപ്പൻ, ഉരലടപ്പൻ എന്നീ രോഗങ്ങൾ മൂലം കഷ്ടപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അത്. ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇല്ലായിരുന്നു.

കൃഷ്ണപുരം പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും കർഷകരാണ്. ഇവരുടെ പ്രധാനവരുമാന മാർഗ്ഗമാണ് കാലിവളർത്തൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് വളരെയേറെ വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ന് സങ്കരയിനത്തിൽപെട്ട 1823 ഉരുക്കളും 53 നാടൻ ഉരുക്കളും 12 പോത്തുകളും 53 എരുമകളും 1181 ആടുകളും 9735 കോഴികളും 214 താറാവുകളുമുണ്ട്.

കൃഷ്ണപുരം പഞ്ചായത്തിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കായി ഒരേ ഒരു മൃഗാശുപത്രി മാത്രമാണുള്ളത്.. ഇത് 1-1-84-ൽ പ്രവർത്തനം ആരംഭിച്ചു. 4-3-96ൽ സ്ഥാപനം അപ്ഗ്രേഡു ചെയ്തു.

സ്ഥാപനത്തിലെ തസ്തികകൾ

| | |
|---|---|
| സീനിയർ വെറ്ററിനറി സർജൻ | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| അറ്റൻഡർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

പഞ്ചായത്ത് മുഴുവൻ പ്രവർത്തനമേഖലയായുള്ള ഈ സ്ഥാപനം പഞ്ചായത്തിന്റെ വകയായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഏക മൃഗസംരക്ഷണ സ്ഥാപനമായ ഈ മൃഗാശുപത്രയിൽ മോശമായ സാഹചര്യങ്ങളും അസൗകര്യങ്ങളുമാണ് ഉള്ളത്. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ, പരിശോധനാ ലബോറട്ടറികൾ എന്നിവ ഇവിടെയില്ല. രോഗനിർണ്ണയത്തിനാവശ്യമായ മൈക്രോസ്കോപ്പുകളും മറ്റും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ആശുപത്രിയിലെ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രാഥമിക

പട്ടിക - 1

മൃഗസമ്പത്ത്

| കന്നുകാലികൾ | | | | കന്നുകുട്ടി | | പോത്ത് | | പന്നി | നാടൻകോഴി | സങ്കരയിനം കോഴി | താറാവ് |
|---|---|---|---|---|---|---|---|---|---|---|---|
| സങ്കരയിനം | | നാടൻ | | പോത്ത് | എരുമ | പോത്ത് | എരുമ | | | | |
| പശു | പെണ്ണ് | പശു | പെണ്ണ് | | | | | | | | |
| 131 | 1544 | 27 | 297 | 6 | 35 | 13 | 206 | 763 | 1299 | 9149 | 667 | 947 |
| 65 | 1758 | 25 | 53 | 12 | 53 | കുഴിമടി | | | | | |

സൗകര്യങ്ങളും ഓപ്പറേഷൻ തീയറ്റർ, കർഷകർക്കുള്ള പരിശീലന ഹാൾ, ഫോൺ സൗകര്യം, വാഹനം എന്നിവ ഉണ്ടാകേണ്ടതാണ്.

## പാലുൽപ്പാദനരംഗം

ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പ്രതിവർഷപാലുൽപ്പാദനം 1910970 ലിറ്റർ ആണ്. നിലവിൽ 3 പാൽ വിപണന സഹകരണസംഘങ്ങൾ മാത്രമാണുള്ളത് വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യണം.

ഈ മേഖലയിലേക്ക് കടന്നുവരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത ധനകാര്യവായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉൽപ്പാദനച്ചിലവ്, തീറ്റപ്പുൽകൃഷിയിലുണ്ടായ മാന്ദ്യത, കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ കുറവ് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അഭാവം എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. കൂടതെ ഉൽപ്പാദനച്ചിലവിന് അനുസൃതമായ പാൽവില, ഉൽപ്പാദകന് ലഭിക്കുന്നില്ല. ഉൽപ്പാദന രോഗങ്ങൾ മൂലവും അകിടുവീക്കം, വന്ധ്യത എന്നിവ മൂലവും ഉൽപ്പാദനം കുറയുന്നു. ഇത്തരം രോഗങ്ങളെ ആരംഭത്തിലെ നിയന്ത്രിക്കുവാനും ചികിത്സിക്കാനുമുള്ള സൗകര്യങ്ങൾ ആശുപത്രയിലില്ല. ഈ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന കർഷകർക്ക് വേണ്ട പരിശീലനം കൊടുക്കുന്നതിന് വിജ്ഞാനവ്യാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ മൃഗാശുപത്രിയിലില്ല.

## കാലിത്തീറ്റ ഉൽപ്പാദനം

കാലിത്തീറ്റ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മുടെ സ്ഥിതി വളരെ ശോചനീയമാണ്. പരുഷാഹാരത്തിന്റെ കാര്യത്തിലും ഗുരുത്വാഹാരത്തിന്റെ കാര്യത്തിലും അന്യപ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. നെൽകൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രധാന പരുഷാഹാരമായ വൈക്കോലിന് ദൗർലഭ്യം നേരിടുന്നു.ഈ കുറവ് പരിഹരിക്കാൻ തീറ്റപ്പുൽ ഉൽപാദനകാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നീക്കങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. തീറ്റപ്പുൽകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട് ഇവിടങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്തി പാലുൽപ്പാദനച്ചിലവ് കഴിവതു കുറക്കേണ്ടിയിരിക്കുന്നു. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണ അടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാഹചര്യം നിലവിലുണ്ട്.

## മാംസോൽപ്പാദനം

മാംസോൽപ്പാദനം ഗണ്യമായ തോതിൽ നടത്തുന്നുണ്ടെങ്കിലും ഇതിനാവശ്യമായ മൃഗങ്ങളിൽ മുക്കാൽഭാഗവും അന്യപഞ്ചായത്തുകളിൽ നിന്ന് എത്തിക്കുന്നവയാണ്. പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഏതാനും അറവു സ്ഥലങ്ങൾ ഉണ്ടെങ്കിലും ഒരു അറവു ശാലയില്ല എന്നുള്ളത് അപാകതയാണ്. മാംസോൽപ്പാദന മേഖല സ്വയം പര്യാപ്തതക്ക് സാദ്ധ്യതയുള്ള ഒരു മേഖലയാണ്. അതിനുള്ള പല സാദ്ധ്യതകളും പഞ്ചായത്തിലുണ്ട്.അവ താഴെ കൊടുക്കുന്നു

### a. ആടുവളർത്തൽ

ഈ രംഗത്ത് താൽപര്യമുള്ള കർഷകരുണ്ടെങ്കിലും ആട്ടിൻകുട്ടികളുടെ ദൗർലഭ്യം, പച്ചിലത്തീറ്റയുടെ ദൗർലഭ്യം, പരിശീലനത്തിൻറെ അഭാവം, അറവു ശാലയുടെ അഭാവം,സഹകരണ വിപണന ശൃംഖലയുടെ അഭാവം എന്നിവ ഈ രംഗത്തെ അപര്യാപ്തതകളാണ്.

### b. പന്നിവളർത്തൽ

പഞ്ചായത്തിൽ പന്നിവളർത്തിലിലും സാമൂഹ്യവിലക്കുകൾ ഇല്ലാത്ത ഭാഗങ്ങൾ ഉണ്ട്. താൽപര്യമുള്ള ആളുകൾ ഉള്ളതുകൊണ്ടും, ഹോട്ടൽ വേസ്റ്റ്, അറവു സ്ഥലങ്ങളിലെ വേസ്റ്റ്, എന്നിവ ഉള്ളതുകൊണ്ടും പദ്ധതി ആവിഷ്കരിച്ച് മാംസോൽപ്പാദനം കൂട്ടാനുള്ള സാദ്ധ്യതയുണ്ട്. പരിശീലന കുറവ്, ശാസ്ത്രീയ അറവു ശാലയില്ലായ്മ. വിപണന ശൃംഖലയുടെ അഭാവം

എന്നിവ ഈ രംഗത്തു നില നിൽക്കുന്നു.

c. പോത്തൻകുട്ടി, കാളക്കുട്ടി പരിപാലനം

മാംസോൽപ്പാദനത്തിനു വേണ്ടി മൂരിക്കുട്ടികളേയും പോത്തിൻകുട്ടികളേയും വളർത്താൻ താൽപര്യമുള്ളവരുണ്ട്. കാലിത്തീറ്റ, പുല്ല്, വൃക്ഷവിളകൾ എന്നിവയുടെ ദൗർലഭ്യം പരിശീലനം, വിപണന ശൃംഖല, ശാസ്ത്രീയമായ അറവുശാല എന്നിവയുടെ അഭാവം എന്നീ പ്രശ്നങ്ങൾ ഈ രംഗത്തിനും ബാധകമാണ്.

d. മുയൽ, കാട, ടർക്കി, താറാവു വളർത്തൽ

ഈ മേഖലയിൽ താൽപര്യമുള്ളവരുണ്ടെങ്കിലും കുഞ്ഞുങ്ങളുടെ ദൗർലഭ്യം, പരിശീലനം, വിപണന ശൃംഖല എന്നിവയുടെ അഭാവം മുതലായവ ഈ രംഗത്തും പ്രശ്നങ്ങളാണ്.

e .ബ്രോയിലർ കോഴിയിറച്ചി ഉൽപ്പാദനം

പഞ്ചായത്തിൽ ഇറച്ചിക്കോഴികൾ ഗണ്യമായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ ഇവ അന്യസ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് വിറ്റഴിക്കപ്പെടുകയാണ്. അതിനാൽ ക്രയവിക്രയ സമ്പത്ത് ഏറെയും അന്യസ്ഥലങ്ങളിലേക്ക് ഒഴുകുന്നു. തീറ്റിയുടേയും, കോഴിക്കുഞ്ഞുങ്ങളുടേയും അമിതമായ വില ഇടത്തട്ടുകാരുടെ ചൂഷണം വിപണന ശൃംഖലയുടെ അഭാവം എന്നിവ പ്രശ്നങ്ങളാണ്.

f. അറവു ശാല മാംസപരിശോധന

അറവു ശാലയില്ലാത്തതിനാൽ അറവിനു മുൻപും പിൻപും വെറ്ററിനറി സർജൻ മാംസപരിശോധന നടത്തുന്നില്ല. പരിശോധനയുടെ അഭാവത്തിൽ ചത്ത മൃഗങ്ങളും രോഗം ബാധിച്ച മൃഗങ്ങളും മാംസമായി വിറ്റഴിക്കപ്പെടുകയാണ്. വൃത്തിഹീനമായ സാഹചര്യങ്ങളിലെ മാംസോൽപ്പാദനം, പൊതുജനാരോഗ്യത്തിന് ഭീഷണിയായി ഇരിക്കുന്നു. പ്രാകൃതവും ക്രൂരവുമാ. സമ്പ്രദായങ്ങളിലാണ് അറവു നടത്തുന്നത്. വൃത്തിഹീനമായ സാഹചര്യങ്ങളിൽ അറവു നടത്തുന്നതിനാൽ ഉപോൽപ്പന്നങ്ങൾ പലതും പാഴായിപോകുന്നു.

g. തുകൽ സംസ്കരണം-അറവു ശാല ഉപോൽപ്പന്നസംസ്കരണം

ഘട്ടം ഘട്ടമായി ഈ മേഖലകളിൽ തുകൽ സംസ്കരത്തിനും അറവു ശാലയിലെ ഉപോൽപ്പനസംസ്കരണത്തിനുമുള്ള സാദ്ധ്യതകൾ ഉണ്ട്

**മുട്ടയുൽപാദനരംഗം**

മുട്ടയുടെ ഉപയോഗം ആഭ്യന്തര ഉൽപ്പാദനത്തേക്കാൾ വളരെ കൂടുതൽ ആണ്. ആയതിനാൽ മുട്ട അന്യസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരേണ്ടയിരിക്കുന്നു. യഥാർത്ഥത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കു മതി ചെയ്യുന്ന മുട്ടയാണ് നാം ഉപയോഗിക്കുന്നത്.. ഈ മുട്ടയുടെ വിലയായി ഒരു നല്ല തുക നമ്മുടെ പഞ്ചായത്തിൽ നിന്നും അന്യനാടുകളിലേക്ക് ഒഴുകിപ്പോകുന്നു.. അതേ സമയം മുട്ടക്കോഴിവളർത്തലിൽ താൽപര്യമുള്ള ധാരാളം കർഷകർ ഇവിടെയുണ്ടുതാനും. ആസൂത്രിതമായ നീക്കം ഈ രംഗത്ത് നടത്തുകയാണെങ്കിൽ ഇറക്കു മതി ചെയ്യുന്ന മുട്ടയുടെ വിലായായി പുറത്തേക്ക് ഒഴുകുന്ന തുക ഗ്രാമത്തിലെ ഉൽപാദകരുടെ കൈകളിലേക്ക തിരിച്ചുവിടാൻ കഴിയും. കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിശീലനത്തിന്റെ അഭാവം, സഹകരണ വിപണന ശൃംഖലയുടെ അഭാവം എന്നിവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

**ഊർജ്ജം (ബയോഗ്യാസ്, മൃഗശക്തി, ജൈവവളം)**

ഈ മൂന്ന് മേഖലകളിലും വികസനത്തിന് സാദ്ധ്യതകൾ ഉണ്ട്

**സേവനമേഖല**

a. ചികിത്സാരംഗം

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം ഈ രംഗത്ത് ഇന്ന് ഗ്രാമീണർക്ക് ലഭ്യമാകുന്ന സേവനം അപര്യാപ്തമാണ്.

b. വന്ധ്യതാ നിവാരണം

വന്ധ്യതാ നിവാരണത്തിന് അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്.

c. പേവിഷബാധ നിർമ്മാർജ്ജനം

പ്രതിരോധ കുത്തിവെയ്പോ ലൈസൻസോ നായ വളർത്തലിന് ഇന്നത്തെ സാഹചര്യത്തിൽ നിർബന്ധമാക്കുന്നില്ല. ഈ സ്ഥിതി മാറേണ്ടിയി

രിക്കുന്നു. രണ്ടായിരമാണ്ടോടു കൂടി പേവിഷ നിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടു കൂടി പേവിഷ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

d. കർഷക പരിശീലനം

ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്ത് തലത്തിൽ കർഷക പരിശീലനത്തിനുള്ള സാഹചര്യം നിലവിലില്ല. മൃഗസംരക്ഷണമേഖലയിൽ കൈവരിച്ച് നേട്ടങ്ങളും സാങ്കേതികമായ അറിവുകളും ഗ്രാമീണർക്ക് പകർന്നു കൊടുക്കുവാൻ സാധിക്കുമാറ് കാർഷിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ മൃഗാശുപത്രയോടനുബന്ധിച്ച് ഉണ്ടാകേണ്ടതാണ്.

e. ഇൻഷുറൻസ്

കന്നുകാലിളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ നൽകാനായി പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്

f.കർഷകർക്ക് അംഗീകാരം

മൃഗസംരക്ഷണ മേഖലയിലെ കർശകരെ പഞ്ചായത്തു തലത്തിൽ പ്രത്യേകം ആദരിക്കേണ്ടത് അത്യാവശ്യമാണ്. കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും അങ്ങനെ ഉൽപ്പാദനം കൂട്ടുന്നതിനും ഇതുവഴി സാധിക്കും.

## നടപ്പു പദ്ധതികൾ – വേണ്ട മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിശീലന പരിപാടി

ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുകുട്ടികളെയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സഹായധനം വർദ്ധിപ്പിക്കണം.

2. പേവിഷ നിയന്ത്രണ പദ്ധതി

പ്രതിരോധകുത്തിവെയ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ നായ്ക്കളേയും നിർബന്ധകുത്തിവെയ്പിന് വിധേയമാക്കുകയും ലൈസൻസിങ്ങ് ഏർപ്പെടുത്തുകയും വേണം. ലൈസൻസില്ലാതെ അലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ, സൗജന്യമായ ലഭ്യമാക്കണം.

3. കാലിരോഗ നിയന്ത്രണ പദ്ധതി

പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.

4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം.

5. ആടുവളർത്തൽ പദ്ധതി

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യവും പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമാക്കുകയുടം സോഷ്യൽ ഫോറസ്ട്രി മുഖേനയുള്ള പദ്ധതികൾ വഴി ഇതുനവേണ്ട പച്ചിലത്തീറ്റ, പ്ലാവ്, സുബാബൂൾ എന്നിവ വളർത്തുവാൻ പ്രേരിപ്പിക്കണം

6. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ പദ്ധതിയിൽ പ്രശ്നങ്ങളാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

7. ഏഗ്ഗർ നേഴ്സ്റി

നേരത്തെയുണ്ടായിരുന്ന ഒരു എഗ്ഗർ നേഴ്സറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പുതിയ എഗ്ഗർ നേഴ്സറികൾ സ്ഥാപിക്കണം. നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാക്കണം.

8. അടുക്കള മുറ്റത്തെ കോഴിവളർത്തൽ

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടു മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായ നിരക്കിന് ലഭ്യമാക്കണം.

9. ബീജസങ്കലനസൗകര്യങ്ങൾ

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. ആത്യുൽപ്പാദന ശേഷിയുള്ള ജനുസ്സുകളുടെ പ്രീമിയം ബുൾസെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജസങ്കലനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇത് പഞ്ചായത്തിൽ മൃഗസംരക്ഷണകേന്ദ്രത്തിൽ കൂടി നടപ്പിലാക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്ന കർഷകരുടെ എണ്ണം കുറവാണ്.
2. കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വേണ്ടത്ര ലഭിക്കുന്നില്ല.
3. പാൽ വിപണന സൗകര്യങ്ങൾ അപര്യാപ്തമാണ്. 3, 7, 8 എന്നീ വാർഡുകളിൽ മാത്രമാണ് ക്ഷിരസംഘങ്ങൾ നിലവിലുള്ളത്. മറ്റു വാർഡുകളിൽ വിപണന സൗകര്യം ഇല്ല.
4. ഉൽപ്പാദനച്ചിലവിനനുസൃതമായി പാലിന് വില ലഭിക്കുന്നില്ല.
5. തീറ്റപ്പുൽ കൃഷി കുറവാണ്. വൈക്കോൽ ലഭ്യത മുൻപത്തേക്കാൾ കുറവാണ്.
6. രോഗനിവാരണമാർഗ്ഗങ്ങൾ അപര്യാപ്തമാണ്. അമിതമായ ചികിത്സാചിലവ്, മരുന്നിന്റെ ദൗർലഭ്യം
7., മൃഗാശുപത്രയിൽ ആധുനിക രോഗനിർണ്ണയ സൗകര്യങ്ങൾ ലഭ്യമല്ല.
8. ബീജസങ്കലന കേന്ദ്രങ്ങളുടെ അഭാവം മൂലം ബീജസങ്കലനസൗകര്യങ്ങൾ കുറവാണ്.
9. കാലിത്തീറ്റിയുടെ ക്രമാതീതമായ വില വർദ്ധനവും ദൗർലഭ്യവും
10. പഞ്ചായത്തിലെ കാപ്പിൽകിഴക്ക്, ദേശത്തിനകം, കൃഷ്ണപരും, കൊച്ചുമുറി ഭാഗങ്ങളിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾ അപര്യാപ്തമാണ്.
11. ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ വളരെ കുറവാണ്.
12. മാംസോൽപാദത്തിനായുള്ള ആട്, പന്നി, കാട തുടങ്ങിയവയുടെ വളർത്തൽ കുറവാണ്.
13. അറവുശാലയുടെ അഭാവം
14. മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇല്ല. കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാനുള്ള എഗ്ഗർ നഴ്സറി നിലവിലില്ല.
15. താറാവ് വളർത്തൽ വേണ്ടത്ര പുഷ്ടിപ്പെട്ടിട്ടില്ല.
16. എരുമ വളർത്തൽ വേണ്ടത്ര വ്യാപകമല്ല.
17. പേപ്പട്ടി ശല്യം സ്ഥിരമായി ഉണ്ടാകുന്നു.
18. പക്ഷി മൃഗാദികൾക്ക് ഇൻഷുറൻസ് സംരക്ഷണം പൊതുവായി ലഭിക്കുന്നില്ല.
19. ഗോബർ ഗ്യാസ് പ്ലാന്റുകൾ വേണ്ടത്രയില്ല.
20. കർഷക പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ കർഷകർക്ക് വേണ്ടത്ര അംഗീകാരം ഇല്ല.

## സാദ്ധ്യതകൾ

1. എല്ലാ വീടിലും പശു എന്ന ലക്ഷ്യത്തിലെത്തുവാൻ 2 പശുക്കളും ഒരു തൊഴുത്തും എന്ന നിലയിൽ 1000 യൂണിറ്റ് സ്ഥാപിക്കുക. ഇതിനാവശ്യമായ ബാങ്ക് വായ്പ ധനസഹായം എന്നിവ ലഭ്യമാക്കണം.
2. വനിതാഡയറി യൂണിറ്റുകൾ സ്ഥാപിക്കുക (പഞ്ചായത്തിലെ 15 വനിതകൾക്ക് 2 പശുകൾ വീതം നൽകുന്ന പദ്ധതി – മൊത്തം 55 യൂണിറ്റുകൾ ,സ്ഥാപിക്കണം. )ഇത് ധനകാര്യ സ്ഥാപനങ്ങളും ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കണം
3. ഓരോ വാർഡിലും പാൽ-വിപണന-സംസ്കരണ സൗകര്യം മെച്ചപ്പെടുത്തുവാൻ ഓരോ ക്ഷീരോൽപ്പാദക സംസ്കരണ സംഘങ്ങൾ സ്ഥാപിക്കണം. (ഇപ്പോൾ ക്ഷീരസംഘങ്ങൾ നിലവിലില്ലാത്തത് 1, 2, 4, 5, 6 9, 10, 11 വാർഡുകളിലാണ് )
4. കാലിത്തീറ്റയും പാലുൽപ്പന്നങ്ങളും ന്യായമായ വിലക്ക് അതാതു വാർഡുകളിലെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുക.
5. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം. ഇതിന് പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.
6. 4 മുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് (എരുമക്കുട്ടികൾക്ക് – 2 മുതൽ 42 മാസം വരം) സൗജന്യനിരക്കിൽ (മൂന്നിലൊന്ന് സഹായധനം) കാലിത്തീറ്റ, മരു

ന്ന്, ഇൻഷുറൻസ് സൗകര്യം എന്നിവ ലഭ്യമാക്കണം. പഞ്ചായത്തിൽ 1000 യൂണിറ്റ് നടപ്പിലാക്കണം.

7. മേൽത്തരം സങ്കലവർഗ്ഗ കിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുന്നതിനായി സഹായധനത്തോടെ ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം ചെയ്യുക. 250 യൂണിറ്റ് നടപ്പിലാക്കുക

8. പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്താം - ഇതിനാവശ്യമായ പുൽവിത്തും, വളവും അടങ്ങിയ പദ്ധതി അതാതു വാർഡുകളിലെ ക്ഷീരോൽപ്പദക സംഘങ്ങളിലൂടെ നടപ്പിലാക്കേണ്ടതാണ്.

9. മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തണം. ആധുനിക രോഗനിർണയ സംവിധാനങ്ങൾ ലബോറട്ടറികൾ ഓപ്പറേഷൻ തീയേറ്റർ കർഷകർക്കുള്ള പരിശീലന ഹാൾ എന്നിവ ഏർപ്പെടുത്തണം. ടെലിഫോൺ, വാഹനസൗകര്യം എന്നിവ ഘട്ടം ഘട്ടമായി ഏർപ്പെടുത്തണം

10. പഞ്ചായത്തിലെ കാപ്പിൽ കിഴക്ക് ദേശത്തിനകം, കൃഷ്ണപുരം കൊച്ചുമുറി ഞക്കനാൽ എന്നിവിടങ്ങളിൽ കൃത്രിമ ബിജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഈ സ്ഥലങ്ങളിൽ കൃഷ്ണപുരം മൃഗാശുപത്രയിൽ ക്യാമ്പ് ഡിസ്പെൻസറികൾ നടത്തണം.

11. അത്യുൽപ്പാദനശേഷിയുള്ള ജനുസ്സുകളുടെ പ്രിമിയം ബുൾ സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബിജസങ്കലനം പഞ്ചായത്തിലെ മൃഗ സംരക്ഷണ കേന്ദ്രത്തിൽ കൂടി നടപ്പിലാക്കണം.

12. ഉൽപ്പാദന രോഗങ്ങൾ, അകിടു വീക്കം, വന്ധ്യത എന്നിവയ്ക്ക് പരിഹാരമായി മൃഗാശുപത്രയിൽ ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

13. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇറച്ചിക്കോഴി വളർത്തൽ, പന്നി വളർത്തൽ, മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ, പന്നി വളർത്തല്, എന്നിവ പ്രോത്സാഹിപ്പിക്കണം.

1. ഇറച്ചിക്കോഴി - 1 വാർഡിൽ 2 യൂണിറ്റ് പ്രകാരം മൊത്തം 22 യൂണിറ്റ് സ്ഥാപിക്കുക.

2. ആട് - 2 ആട്ടിൻ കുട്ടികൾ വീതമുള്ള 550 യൂണിറ്റുകൾ 50% സഹായധനത്തോടു കൂടി നടപ്പിലാക്കുക. ഇവയ്ക്ക് തീറ്റയ്ക്കായി സുബാബൂൾ, പ്ലാവ് മുതലായവ സോഷ്യൽ ഫോറസ്ട്രി പദ്ധതി പ്രകാരം വച്ചു പിടിപ്പിക്കേണ്ടതാണ്

3. പന്നി - പഞ്ചായത്തിൽ മൊത്തത്തിൽ 25 യൂണിറ്റ് സ്ഥാപിക്കുക (1 യൂണിറ്റ് - എണ്ണം)

4. മുയൽ, കാട ടർക്കി എന്നിവ 25 യൂണിറ്റ് വീതം സ്ഥാപിക്കുക

14. മാംസവിപണനത്തിനായി പഞ്ചായത്തിന്റെ വിവധ സ്ഥലങ്ങളിലായി 3 വിപണന സ്റ്റാളുകൾ സ്ഥാപിക്കുകയും ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് വേണ്ട പരിശീലനം നൽകുകയും ചെയ്യുക

15. പഞ്ചായത്തിന്റെ ഒന്നാം വാർഡിലോ, രണ്ടാ വാർഡിലോ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക- മാംസപരിശോധന നിർബന്ധമാക്കുക ഇതിലൂടെ പഞ്ചായത്തിന് വളരെ വലിയ ഒരു വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

16.തുകൽ സംസ്കരണത്തിനും അറവുശാലയിലെ ഉപോൽപ്പന്നസംസ്കരണത്തിനും - ഉൽപ്പന്ന നിർമ്മാണത്തിനും വേണ്ടിയുള്ള ഒരു ഫാക്ടറി സ്ഥാപിക്കുക

17. പഞ്ചായത്തിൽ 3 എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക ( 1 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുക

18. 10 കോഴിക്കുഞ്ഞുങ്ങളും ഒരു കൂടും എന്ന കണക്കിൽ 2750 യൂണിറ്റുകൾ സ്ഥാപിക്കുക

19. സ്കൂൾ പൗൾട്രിക്ലബുകൾ സ്ഥാപിക്കുക

20. വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുക

21. ഒരാൾക്ക് 20 താറാവുകുഞ്ഞുങ്ങൾ വീതം പകുതി വിലയ്ക്ക് 3000 പേർക്ക് നൽകുക

22. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക. ഒരു യൂണിറ്റിന് 2 എരുമകൾ എന്ന തരത്തിൽ 200 യൂണിറ്റ് സ്ഥാപിക്കുക

23. വളർത്തു നായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക. എല്ലാ വളർത്തു നായ്ക്കൾക്കും നിർബന്ധകുത്തിവെയ്പ് ഏർപ്പെടുത്തുക. അലഞ്ഞു തിരിയുന്ന നായ്ക്കളെ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്യുക.

24. മാസ്റ്റർ പോളിസി വഴി പക്ഷി മൃഗാദികൾക്ക് ഇൻഷുറൻസ് സംരക്ഷണം ഉറപ്പു വരുത്തുക

25. ഗോഹർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക (30 യൂണിറ്റുകൾ)

26. കർഷകരെ സമൂഹത്തിന്റെ മുഖ
ലേക്ക് കൊണ്ടു വരുന്നതിന് എല്ലാരംഗ
അവർക്ക് പ്രാമുഖ്യം നൽകുക. മൃഗസം
വുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകരെ
പ്രോത്സാഹിപ്പിക്കുന്നതിനായി അവർക്ക്
അവാർഡുകൾ ഏർപ്പെടുത്തുക.

## മൽസ്യബന്ധനം

പഞ്ചായത്തിൽ മൽസ്യബന്ധനം ഒരു പ്രധാന ഉൽപ്പാദന മേഖല അല്ല. പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിർത്തിയിൽ നിന്ന് 3 കി. മീറ്റർ അകലത്തിലാണ് കായൽ സ്ഥിതി ചെയ്യുന്നത്. മൽസ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള 80 കുടുംബങ്ങൾ ഉണ്ട്. മൽസ്യക്കച്ചവടം നടത്തുന്നവരായി 338 പേരും ഉണ്ട്. മൽസ്യ ഉപഭോഗം പ്രദേശത്ത് വളരെ കൂടുതൽ ആണ്. എന്നാൽ മൽസ്യഉൽപ്പാദനം കുറവുമാണ്. ആയതിനാൽ പ്രദേശത്ത് ശുദ്ധജലമൽസ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ് പഞ്ചായത്ത് വകയായ 3 കുളങ്ങളും സ്വകാര്യവ്യക്തികളുടെ 125 കുളങ്ങളും പഞ്ചായത്തിലെ ചാലുകളും തോടുകളും ശുദ്ധജലമൽസ്യകൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. മൽസ്യകൃഷിയെ പൊതുവെ ബാധിച്ചുകൊണ്ടിരിക്കുന്ന മൽസ്യരോഗങ്ങൾ നിയന്ത്രിക്കേണ്ടത് അത്യാവശ്യമായ ഒന്നാണ്.

### പ്രധാന പ്രശ്നങ്ങൾ


1. മൽസ്യവിപണനത്തിന് ആധുനിക സംവിധാനങ്ങളോ, പൊതു സംവിധാനങ്ങളോ ഇല്ല.
2. പ്രദേശത്തെ ജലാശയങ്ങളിൽ മൽസ്യരോഗം നിലനിൽക്കുന്നു.

ശുദ്ധമായ ജലമൽസ്യകൃഷിക്ക് വേണ്ട
ാത്സാഹനം ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

ഞ്ചായത്ത് വക കുളങ്ങൾ മൽസ്യ വളർത്തുതിനു വേണ്ടി ഉപയുക്തമാക്കണം.

2. സ്വകാര്യമൽസ്യകൃഷി പ്രോത്സാഹിപ്പിക്കണം. – ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 100 യൂണിറ്റ് സ്ഥാപിക്കണം. ഇതിനു വേണ്ട മേൽത്തരം മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.
3. മൽസ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യവും പൊതു മാർക്കറ്റും സ്ഥാപിക്കുക
4. മൽസ്യരോഗം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക
5. മൽസ്യത്തൊഴിലാളികൾക്കും മൽസ്യവിപണനതൊഴിലാളികൾക്കും ഭവനനിർമ്മാണവായ്പയ്ക്കും അവരുടെ കുട്ടികൾക്കും വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തികസഹായവും ലഭ്യമാക്കുക
6. മൽസ്യകൃഷിക്ക് ആവശ്യമായ വിദഗദ്ധോപദേശം ലഭ്യമാക്കുക
7. മൽസ്യകച്ചവടക്കാർക്ക് കച്ചവടത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക
8. മൽസ്യ തൊഴിലാളികളേയും കച്ചവടക്കാരേയും ഉൾപ്പെടുത്തി ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുക.



# വ്യവസായം

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഏതാണ്ട് 30 വർഷങ്ങൾക്ക് മുൻപ് തന്നെ സഹകരണമേഖലയിൽ വ്യവസായ സംരഭത്തിന് തുടക്കമിട്ടു. സഹകരണമേഖലയിൽ ഒരു ബനിയൻ ഫാക്ടറി പുള്ളിക്കണക്കിൽ സ്ഥാപിച്ച് കൊണ്ടായിരുന്നു തുടക്കം. പിന്നീട് പുള്ളിക്കണക്കിൽ തന്നെ ഒരു തീപ്പെട്ടിക്കൊള്ളി നിർമ്മാണ ഫാക്ടറിയും സ്ഥാപിച്ചു. തുടർന്ന് പൊതുമേഖലായിലോ, സഹകരണമേഖലയിലോ വ്യവസായം തുടങ്ങുന്നതിന് ആരും മുന്നോട്ട് വന്നില്ല. ഈ കാലയളവിൽ കൃഷ്ണപുരത്തുള്ള മരുതവന മെറ്റൽസ് എന്ന പാത്ര നിർമ്മാണ ഫാക്ടറിയാണ്. സ്വകാര്യമേഖലയിൽ ആരംഭിച്ച ഏക വ്യവസായ സ്ഥാപനം.

ഈ പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് തീപ്പെട്ടിനിർമ്മണ ഫാക്ടറികൾ, രണ്ട് തിപ്പെട്ടിക്കൊള്ളി നിർമ്മാണ ഫാക്ടറികൾ, രണ്ട് ചെമ്മീൻ നിർമ്മാണ ഫാക്ടറികൾ, രണ്ട് അലൂമിനിയം നിർമ്മണ ഫാക്ടറികൾ, പുള്ളിക്കൽ കാപ്പിൽ കിഴക്ക്, കൃഷ്ണപുരം, എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ (നിർമ്മാണ യൂണിറ്റുകൾ) ദേശത്തിനകം, പുള്ളിക്കണക്ക്, കാപ്പിൽ കിഴക്ക്, കാപ്പിൽ, കൊച്ചുമുറി, എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കോൺക്രീറ്റ് സ്ലാബ് മതിൽ, കിണറുകൾ, കട്ടള, ജന്നൽ) തുടങ്ങിയവ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ, കാപ്പിൽ കിഴക്ക്, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സിമന്റ് ക്യാവിറ്റി ബ്ലോക്ക് നിർമ്മാണശാല, കാപ്പിൽ കിഴക്ക്, കാപ്പിൽ കൊച്ചുമുറി, എന്നിവടങ്ങളിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി വിപണന വ്യവസായം, കൃഷ്ണപുരത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഐസ് ഫാക്ടറി, ദേശത്തിനകം, പുള്ളിക്കണക്ക് കേന്ദ്രീകരിച്ച് പവർത്തിക്കുന്ന ഇറച്ചി വ്യാപാരം, രണ്ട് വ്യവസായ യൂണിറ്റുകൾ, കാപ്പിൽ, കൃഷ്ണപുരം എന്നീ പ്രദേശത്തുള്ള രണ്ട് കയർ സഹകരണസംഘങ്ങൾ, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് തടി മില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന ഏഴ് മില്ലുകൾ, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അനവധി ഫർണിച്ചർ കേന്ദ്രങ്ങൾ, സ്വകാര്യമേഖലയിലുള്ള ഒരു കറിപൗഡർ നിർമ്മാണ യൂണിറ്റും, ഏതാനും സോഡാ നിർമ്മാണ യൂണിറ്റുകൾ, പർപ്പിടക യൂണിറ്റും, അഞ്ച് സ്വകാര്യ മോട്ടോർ വ്യവസായങ്ങളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

ഉല്പാദന സംസ്കരണ വ്യവസായ കച്ചവട, വാണിജ്യ ഗതാഗത രംഗങ്ങളിലായി 1969 പേരാണ് ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്നത്. ഇതിൽ തന്നെ 1645 പുരുഷൻമാരും ബാക്കി 324 പേർ സ്ത്രീകളുമാണ്. നാമമാത്ര തൊഴിലുള്ളവർ 409 പേരാണ്. ഇതിൽ 171 പുരുഷൻമാരും 238 സ്ത്രീകളുമാണ്. തൊഴിൽ രഹിതരായി നമ്മുടെ പഞ്ചായത്തിൽ 13612 പേരാണുള്ളത്. ഗാർഹികേതര

വ്യവസായ രംഗത്തു മാത്രം 362 പുരുഷൻമാരും 208 സ്ത്രീകളുമാണ് ജോലി ചെയ്യുന്നത്. കശുവണ്ടി മേഖലയിൽ ജോലി ചോയ്യുന്ന ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിന് വെളിയിൽ പോയി ജോലി ചെയ്യുന്നവരാണ്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ തഴപ്പായനിർമ്മാണം, ചെമ്പുപാത്ര നിർമ്മാണം, സ്വർണ്ണപ്പണി എന്നിവ മാത്രമെ ഈ പഞ്ചായത്തിൽ നിലവിലുള്ളു.

## വ്യവസായമേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

തൊഴിലാളികൾ ഭൂരിപക്ഷവും പുരുഷൻമാരാണെങ്കിലും വ്യവസായ തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. ചെറുകുട വ്യവസായ മേഖലകളായ ചെമ്മീൻ സംസ്കരണം, തീപ്പെട്ടി നിർമ്മാണം, കശുവണ്ടി മേഖല എന്നിവിടങ്ങളിൽ സ്ത്രീകളാണ് കൂടിതൽ. ചെറുകിട മേഖലാ പ്രാഥമിക മേഖലകളായ നാളീകേരം, മരം ഭക്ഷ്യം, ഗാർഹിക ഉപഭോക്തവസ്തുക്കൾ എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

## പ്രശ്നങ്ങൾ

വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി , ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു വരുവാൻ തുടങ്ങിയിട്ടും വേണ്ടത്ര നിലയിൽ വ്യവസായ പുരോഗതി ഉണ്ടായിട്ടില്ല.

10.96 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 47771 കുടുബങ്ങളിലായി ഏകദേശം 27000 ത്തോളം പേർ അധിവസിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉല്പന്നങ്ങൽ ഉണ്ടാക്കി വിൽക്കുന്ന വ്യവസായ യൂണിറ്റുകൾ വളർന്നു വരുന്നില്ല എന്നത് നാം ഗൗരവമായി കാണേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്ക് അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമ സൗകര്യങ്ങൽ, ജനക്ഷേമ പ്രവർത്തനങ്ങൾ ഉപഭോഗ നിലവാരം, സുഖ സൗകര്യങ്ങളോടെ ജിവിക്കുവാനുള്ള തല്പരത ഇവയെല്ലാമുണ്ടെങ്കിലും വ്യസായ വളർച്ച കൈവരിക്കുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെപറയുന്നവയാണ്.

1. മുഖ്യകാർഷികോൽപന്നമായ നാളീകേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
2. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം ഒരു പ്രധാന പ്രശ്നമാണ്.
3. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.
4. ധനസഹായം കിട്ടുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. വിപണന സാദ്ധ്യതകുറവ്.
6. വനിതകൾക്ക് തൊഴിലവസരം കുറവ്.
7. സാങ്കേതിക വിദ്യ അഭ്യസിച്ചവർക്ക് പരിശീലനക്കുറവ്.
8. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകുവാനുള്ള സാദ്ധ്യതകുറവ്.
9. ഒരു സംരഭകന് അത്യാവശ്യമായി വേണ്ട മാനസികമായ തയ്യാറെടുപ്പിന്റ ശക്തമായ പ്രേരണക്കുറവ്.
10. വ്യവസായ മേഖലയുമായുള്ള സമ്പർക്കകുറവ്.
11. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്.
12. ഉയർന്ന കൂലി നിരക്ക്.
13. ചെമ്മീൻ സംസ്കരണ രംഗത്ത് ജോലിചെയ്യുന്നവരുടെ ആരോഗ്യപ്രശ്നവും പരിസ്ഥിതി മലിനീകരണ പ്രശ്നവും.
14. വായ്പകൾ നൽകുന്നതിൽ ബാങ്കുകൾക്കുള്ള വിമുഖത.

## സാദ്ധ്യതകൾ

ആലപ്പുഴ ജില്ലയിൽ വിദ്യാസമ്പന്നരായ യുവതി യുവാക്കൾ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആൾക്കാരും മറ്റു പ്രദേശങ്ങളിൽ പോയി ജോലി ചോയ്യുന്നവരാണ്. പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണവും വളരെ കുറവാണ്. കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് ചെമ്മീൻ സംസ്കരണ രംഗത്തുമാണ്. ഈ മേഖലയിൽ ജോലി ചോയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. പൊതുവേ കൂലിനിരക്ക് കുറഞ്ഞ മേഖലയാണിത്. ചെമ്മീൺ സംസ്കരണ രംഗത്ത് നിലനിൽക്കുന്ന ആരോഗ്യപ്രശ്നവും, പരിസ്ഥിതി പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടാൽ ആ മേഖലയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാൻ കഴിയും, തീപ്പെട്ടി നിർമ്മാണ രംഗത്ത് പ്രവർത്തിച്ചിരുന്ന സ്വകാര്യ സ്ഥാപനം തീപ്പെട്ടികൊള്ളി നിർമ്മാണ യൂണിറ്റാക്കിയത് കൊണ്ടുണ്ടായ തൊഴിൽ സ്ദ്ധ്യത

വർദ്ധിപ്പിക്കന്നതിനും നിലവിലുള്ള തിപ്പെട്ടിക്കൊള്ളി നിർമ്മാണ യൂണിറ്റുകളെല്ലാം തീപ്പെട്ടി നിർമ്മാണ ഫാക്ടറികളായി മാറ്റണം.

ഈ പഞ്ചായത്തിൽ 12 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇറച്ചി വ്യാപാരം സഹകരണ അടിസ്ഥാനത്തിൽ വിപുലമായി നടത്താൻ സ്ദ്ധ്യത ഉള്ളതാണ്. പരിസര മലിനീകരണത്തിനും, ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള ആധിനിക സൗകര്യങ്ങളോട് കൂടിയ അറവുശാലയും, ഉരുക്കളെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകി കശാപ്പു ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടാക്കണം. ഈ പ്രദേശത്ത് ശാസ്ത്രീയമായ രിതിയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന ഒരു തുകൽ സംസ്കരണ യൂണിറ്റിനുള്ള സാദ്ധ്യതയും ഉണ്ട്.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളീകേരം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൽ വളരെ കുറവാണ്. നാളീകേരങ്ങൾ കർഷകർക്ക് ന്യായവില ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി നാളീകേരം, ചിരട്ട, ചകിരി, തെങ്ങിന്റെ തടി എന്നിവ ഉപയോഗിച്ചുള്ള വിവിധ ഇനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാനും ഒരു നാളീകേര കോംപ്ലക്സിനും സാദ്ധ്യതയുണ്ട്.

## പൊതുനിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ വ്യവസായ രംഗം ശക്തിപ്പെടുത്തുവാൻ ഏറ്റവും കുറഞ്ഞത് അഞ്ചേക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് എല്ലാ സൗകര്യങ്ങളോട് കൂടി ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കണം.

### I A പരമ്പരാഗത വ്യവസായങ്ങൾ

1. തഴപ്പായ് നെയ്ത്.
2. തീപ്പെട്ടി വ്യവസായം
3. കശുവണ്ടി വ്യവസായം
4. കയർ നിർമ്മാണം.
5. സ്വർണ്ണപ്പണി
6. ചെമ്പ്പാത്ര നിർമ്മാണം.

### കB ചെറുകിട വ്യവസായം

1. തുകൽ സംസ്കരണ വ്യവസായം
2. ഇറച്ചി വ്യവസായം
3. മെഴുകുതിരി വ്യവസായം, ചന്ദനത്തിരി വ്യവസായം.
4. ക്ഷീര ഉൽപ്പന്നങ്ങൾ
5. അലൂമിനിയം പാത്ര നിർമ്മാണം.
6. കൊപ്രാസംസ്കരണവും, എണ്ണ ഉല്പാദനവും
7. റെഡിമെയ്ഡ് ഗാർമെന്റ്സ്
8. സ്റ്റീൽ ഉപകരണ നിർമ്മാണ യൂണിറ്റ്.
9. ചിരട്ട, ചകിരി, കളിമണ്ണ് എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ ഉല്പാദന യൂണിറ്റുകൾ
10. എഞ്ചിനീയറിംഗ് യൂണിറ്റുകൾ
11. വൈദ്യുത ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ്.
12. തടി വ്യവസായം
13. ഓട്ടോമൊബൈൽ വർക്ഷോപ്പ്.
14. കറിപൗഡർ വ്യവസായം (അച്ചാറുകൾ, സ്ക്വാഷുകൾ)
15. ബീഡി വ്യവസായം.
16. കുട നിർമ്മാണം
17. സിമന്റുൽപന്നങ്ങൾ
18. മിഠായി നിർമ്മാണം, ബിസ്ക്കറ്റ് വ്യവസായം.
19. മുട്ട വ്യവസായം
20. സോപ്പ് വ്യവസായം, ബുക്ക്ബയന്റിംഗ്
21. ഇറച്ചിക്കോഴി,മുട്ടക്കോഴി, പന്നി എന്നിവയുടെ വളർത്തൽ
22. ചെരുപ്പ് നിർമ്മാണം.
23. പൂക്കൾ (കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ്) വ്യവസായം
24. വെറ്റില വ്യവസായം
25. വാർണിഷുൽപാദനം
26. തേനീച്ച വളർത്തൽ
27. പർപ്പടക നിർമ്മാണം.
28. ഇറച്ചി, മുട്ട, മൽസ്യം എന്നിവ ഉപയോഗിച്ചുള്ള ഫുഡ് പ്രോഡക്ട്സ്.
29. പഴവർഗ്ഗ സംസ്കരണം.
30. ആയുർവ്വേദ മരുന്നുൽപാദനം.
31. പേപ്പർ കവർ നിർമ്മാണം.
32. കൂൺ കൃഷി
33. അടയ്ക്ക സംസ്കരണം.
34. സോഡാ-ശീതള പാനീയ നിർമ്മാണം

### നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് ആവശ്യമായ പരസ്യം നൽകുക.
2. വ്യവസായ സംരംഭകരെ വാർത്ത് എടുക്കുന്നതിന് വിദഗ്ധ പരിശീലനം നൽകുക.
3. പരിശീലനം നൽകുന്നതിന് സ്ഥിരമായ പരിശീലന കേന്ദ്രം തുടങ്ങുക.
4. ഇവിടെ സുലഭമായി ലഭിക്കുന്ന നാളീകേരത്തെ

അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളീകേര വികസന ബോർഡ്, കേരഫെഡ്, കയർ വികസനബോർഡ്, റീജിണൽ റിസർച്ച് ലാബറട്ടറി തിരുവനന്തപുരം തുടങ്ങിയ സ്തആപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കണം.

5. റെഡീമെയ്ഡ്. വസ്ത്ര വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തെ നവീന രീതികളെപ്പറ്റിയും അതിന്റെ വിപണനരീതിയെപ്പറ്റിയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (മദ്രാസ്) എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

6. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെ പറ്റിയുള്ള ആശങ്കകളെ അകറ്റിയും വിജയകരമായി വ്യവസായം നടത്തിക്കൊണ്ട് പോകുവാനും വ്യവസായികളുമായി ആശയവിനിമയം നടത്തുവാനുമായുള്ള സൗകര്യം ഉണ്ടക്കണം.

7. വ്യവസായ വളർച്ചയ്ക്കാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

8. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും ത്രീഫെയ്സ് ലൈനാക്കി മാറ്റുകയും ഇവിടെ ഏറ്റവും കുറഞ്ഞത് മൂന്ന് ട്രാൻസ്ഫോമറുകളെങ്കിലും സ്ഥാപിക്കുകയും വേണം.

9. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങി നല്ല നിലയിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യങ്ങൽ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി സ്ഥാപിക്കണം.

10. വ്യാവസായിക പ്രസിദ്ധീകരണങ്ങൾ പഞ്ചായത്ത് വഴി ലൈബ്രറികളിൽ എത്തിക്കണം.


### മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. യന്ത്രവൽകൃത് റാട്ടികളിൽ പരിശീലനം നൽകി വനിതാകയർ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
2. നൂൽ ഉപയോഗിച്ച് കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ
3. പോളിത്തീൻ കവർ വ്യവസായം
4. ടയർ റീ ട്രേയ്ഡിംഗ്
5. ബ്യൂട്ടിപാർലർ, ക്രഷർമെറ്റൽ, മൈക്ക്സെറ്റ്, ടാക്സി സർവ്വീസ്.
6. പച്ചക്കറി വ്യവസായം, മൽസ്യവ്യവസായം
7. സിനിമാ തിയേറ്റർ
8. ഇഷ്ടിക വ്യവസായം
9. തേങ്ങാവെള്ളത്തിൽ നിന്ന് ദാഹശമിനി ഉൽപാദിപ്പിക്കാനുള്ള യൂണിറ്റ്.
10. പനമ്പ് നെയ്ത്ത് - കുട്ട നെയ്ത്ത്

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ അടുത്ത ഏതാനും വർഷങ്ങൾക്ക് ഉള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കനും നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവുടെ തന്നെ ലഭ്യമാക്കാനും, ഈ പഞ്ചായത്തലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുവാനും നല്ലൊരു ശതമാനം തൊഴിവില്ലാത്തവരർക്ക് തൊഴിൽ നൽകുവാനും, പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും ആളോഹരി വരിമാനം വർദ്ധിപ്പിക്കുവാനും ജനങ്ങളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക പിരോഗതിക്ക് ആക്കം കൂട്ടുവാനും വികസന സാക്ഷരതയും വളർന്ന് വരുവാനും കഴിയും.

## ഖാദിമേഖല

നമ്മുടെ പഞ്ചായത്തിന്റെ ഖാദീമേഖലയുമായി ബന്ധപ്പെട്ട് തിപ്പെട്ടിക്കൊള്ളി, തീപ്പെട്ടി നിർമ്മാണം, സോപ്പ് നിർമ്മാണം മുതലായവ ദേശത്തിനകം, പുള്ളിക്കണക്ക്, കാപ്പിൽ മേക്ക്, കാപ്പിൽ കിഴക്ക് എന്നിവിടങ്ങളിൽ ആരംഭിക്കുകയുണ്ടായി. പുള്ളിക്കണക്കിൽ ആരംഭിച്ച കുട്ട, പനമ്പ്, നിർമ്മാണ യൂണിറ്റ് വിദഗ്ദതൊഴിലാളികളുടെയും അസംസ്കൃത പദാർത്ഥങ്ങളുടെയും ദൗർലഭ്യം കാരണം പ്രവർത്തന രഹിതമായി ദേശത്തിനകത്തും, പുള്ളിക്കണക്കിലും കാപ്പിൽ മേക്കിലും ഉള്ള തീപ്പെട്ടിക്കൊള്ളി, ഫാക്ടറി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കാപ്പിൽമേക്ക്, ആരംഭിച്ച് തിപ്പെട്ടി നിർമ്മാണ ഫാക്ടറി, തിപ്പെട്ടിക്കൊള്ളി ഫാക്ടറിയാക്കി മാറ്റി. കാപ്പിൽ കിഴക്ക് ആരംഭിച്ച് തിപ്പെട്ടി നിർമ്മാണ ഫാക്ടറി ഉത്ഘാടനം ചെയ്യുകയും പ്രവർത്തന മൂലധനം അടക്കമുള്ള പണം ഖാദീബോർഡിൽ നിന്നും വാങ്ങിയതിന് ശേഷം അടച്ച് പൂട്ടി. ദേശത്തിനകത്ത് ആരംഭിച്ച സോപ്പ് ഫാക്ടറിയും കുറച്ച് കാലം മാത്രമെ പ്രവർത്തിച്ചുള്ളു.



# വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സ്ഥാപിതമായ കാപ്പിൽ സി.എം.എസ്. എൽ.പി. സ്കൂളാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ പ്രഥമ ഔപചാരിക വിദ്യാഭ്യാസം സ്ഥാപനം. 1991 ലെ സെൻസസ് കണക്കനുസരിച്ച് 24242 ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ 6 സ്കൂളു കളിലായി 2365 കുട്ടികൾ പഠിക്കുന്നു. സമീപ പഞ്ചായത്തു കളിലെയും കായംകുളം പട്ടണത്തിന്റെയും സ്കൂളുകളിലും. ഇവിടെയുള്ള നിരവധി കുട്ടികൾ പഠിക്കുന്നുണ്ട്.

കൃഷ്ണപുരം പഞ്ചായത്തിലെ മൂന്ന് എൽ.പി.സ്കൂളുകളും സ്വകാര്യ മാനേജ്മെന്റിൽ ഉള്ളതായിരുന്നു ഇതിൽ രണ്ടെണ്ണം (തയ്യിൽ തെക്ക ഗവ. എൽ.പി,സ്കൂൾ, കെ,എൻ.എം. എൽ.പി. സ്കൂൾ) പിന്നീട് ഗവൺമെന്റ് ഉടമയിലായി. തയ്യിൽ തെക്ക് എൽ.പി.സ്കൂൾ, മാനേജർ സ്വമേധയാ സർക്കാരിന് വിട്ടുകൊടുക്കുകയായിരുന്നു. ഇന്ന് ഈ സ്കൂൾ മെച്ചപ്പെട്ട രിതിയിൽ പ്രവർത്തിച്ചു വരുന്നു. കെ.എൻ.എം.എൽ.പി.സ്കൂളിന്റെ മാനേജർ അനുകൂലമായ കോടതിവിധി സമ്പാദിച്ച് സ്കൂൾ നിർത്തലാക്കിയപ്പോൾ നാട്ടുകാരും അദ്ധ്യാപകരും, രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെ സഹായത്തോടെ തൊട്ടടുത്തു തന്നെ ആവശ്യമായ സ്ഥലം സമ്പാദിച്ച് കെട്ടിടം നിർമ്മിച്ച് ഗവൺമെന്റ് ഉടമയിലുള്ള സ്കൂൾ സ്ഥാപിക്കുകയാ ണുണ്ടായത്. ഈ സ്കൂളാണ് ഇന്നത്തെ കാപ്പിൽ കിഴക്ക് ഗവ.എൽ.പി.സ്കൂൾ. 1975 മുതൽ ഈവിദ്യാലയത്തന് ഓരോ വർഷവും സർക്കാരിൽ നിന്ന് താൽക്കാലികാംഗീകാരം ലഭിച്ചു വരുന്നു. എന്നാൽ 1996-97 വർഷം മുതൽ ഈ സ്കൂളിന് സ്ഥിരാംഗീകാരം നൽകികൊണ്ട് ഗവൺമെന്റുത്ത രവായിട്ടുണ്ട്.

1982 ലാണ് പഞ്ചായത്തിലെ ഏകഹൈസ്കൂൾ (വിശ്വഭാരതി മോഡൽ സ്കൂൾ) സ്ഥാപിത മായത്.അതുവരെ ഇവിടെയുള്ള കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി സമീപ പഞ്ചായത്തുകളിലെയും കായംകുളം പട്ടണത്തി ലെയും സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്.

ഇന്ന് പഞ്ചായത്തിൽ ആകെ ആറ് സ്കൂളുകളാ ണുള്ളത്. . (സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് പട്ടിക 1 കാണുക.)

കൃഷ്ണപുരം പഞ്ചായത്തിലെ വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും വിശ്വഭാരതി മോഡൽ ഹൈസ്കൂൾ സജീവമായ സഹകരമാണ് നൽകി വരിന്നത്. സാക്ഷരതാ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. ദേശീയ അവാർഡ് ജേതാവായ അദ്ധ്യാപൻ ശ്രീ. എൻ. സുകുമാരപിള്ളയാണ് ഈ സ്കൂളിലെ ഹെഡ്മാസ്റ്റർ.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിൽ ഇല്ല. കലാലയ വിദ്യാഭ്യാസത്തിനുള്ള പ്രധാന അശ്രയം

കായംകളം M.S.M. കോളേജ് ആണ്. നങ്ങ്യാർ കുളങ്ങര T.K.M.M. കോളജ്, മാവേലിക്കര ബിഷപ്പ്പൂർ കേളജ്, പന്തളം N.S.S. കോളജ്, ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജ്, മാവേലിക്കര പീറ്റ്മെമ്മോറിയൽ ട്രെയിനിഗ് കോളജ്, തുടങ്ങിയ കലാലയങ്ങളിലും പഞ്ചായത്തിൽ നിന്നുള്ള ധ്രാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഗവൺമെന്റ് ഉടമയിലുള്ള സാങ്കേതിക വിദ്യലയങ്ങൾ ഇല്ലാത്തതിനാൽ ഭാരിച്ച ഫീസ് നൽകി സ്വകാര്യ I.T.I. കളെ അഭയം പ്രാപിക്കേണ്ട സ്ഥിതിയാണ് ഈ പ്രദേശത്ത് ഒരു I.T.I. കമ്പ്യൂട്ടർ പരിശീലനകേന്ദ്രം എന്നിവ അത്യവശ്യമാണ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

കുട്ടികളുടെ മാനസിക വളർച്ചക്കുതകുന്ന തരത്തിൽ ശാസ്ത്രീയമായ പ്രീ-പ്രൈമറി വിദ്യാഭ്യസം നൽകുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം എടുത്തു പറയോണ്ട ഒരു പ്രശ്നമാണ്. വൻതുക ഡൊണേഷനും ഫിസും കൊടുത്ത് സമീപ പട്ടണത്തിലെ ആൺ-എയ്ഡ്ഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കാണ് നല്ലൊരു ശതമാനം രക്ഷകർത്താക്കളും കുട്ടികളെ അയക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 17 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. ഇതിൽ 15 എണ്ണത്തിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഇവയ്ക്ക് അടിയന്തിരമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണം. ആയിരം പേർക്ക് ഒന്ന് എന്ന അനുപാതം പാലിക്കണമെങ്കിൽ ഇനിയും എട്ട് അംഗൻവാടികൾ കൂടി പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഇനിയും മെച്ചപ്പെടാനുണ്ട്. (പട്ടിക 6,7,8 കാണുക. ) പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യമാധ്യമങ്ങൾ തുടങ്ങിയവയ്ക്ക് ആധുനിക വിദ്യാഭ്യാസത്തിലുള്ള സ്ഥാനം പരമപ്രധാനമാണ്.

നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും കുട്ടികൾക്ക് പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രോത്സാഹനം നൽകുകയും വേണ്ണം. പൊതുജനങ്ങളുടെ സഹകരണത്തോടെ സ്കൂൾ വികസനത്തിന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിന് തയ്യിൽ തെക്ക് ഗവ. L.P.സ്കൂളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മൂത്രപ്പുര , കക്കൂസ്, ചുറ്റുമതിൽ, വാട്ടർസപ്ലൈ സ്കീം, ഇവ ഉത്തമോദാഹരണങ്ങളാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും P.T.A. പ്രവർത്തിക്കുന്നുണ്ട്. ചില സ്കൂളുകളിലെ പ്രവർത്തനം മാതൃകാപരമാണ്.

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും യൊജിപ്പിച്ചു കൊണ്ട് വിശ്വഭാതരി മോഡൽ ഹൈസ്കൂൾ കേന്ദ്രീകരിച്ച് ഒരു സ്കൂൾ കോംപ്ലക്സിന് രൂപം നൽകണം. പഞ്ചായത്ത് സമിതിയുടെ സഹായത്തോടെ നിരക്ഷരതാ നിർമ്മാർജ്ജനം, മൂല്യവിദ്യാഭ്യാസം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തൽ , പൊതുപഠനനിലവാരവും SSLC വിജയശതമാനവും ഉയത്തൽ എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഇതാവശ്യമാണ്.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. V.B.M.H.S. ലും N.N.M.U.P.S. ലും നൽകി വരുന്ന എൻഡോവ്മെന്റുകൾ മറ്റു സ്കൂളുകൾക്കും മാതൃകയാക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി SSLC പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഗ്രമപഞ്ചായത്ത് കാഷ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ സ്കൂളികളിൽ നിന്ന് മികച്ച വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് കൂടി ഇത്തരം പ്രോത്സാഹനംസമ്മാനങ്ങൾ നൽകേണ്ടതാണ്. പഞ്ചായത്തിലെ U.P. തലത്തിലെ മികച്ച വിദ്യാർത്ഥികൾക്ക്കൂടി അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

അദ്ധ്യാപകരും രക്ഷാകർത്താക്കളും മാനേജ്മെന്റും പൊതുജനങ്ങളുമടങ്ങിയ ഒരു പുത്തൻ കൂട്ടായ്മക്ക് വിദ്യാഭ്യസരംഗത്ത് ഇന്നുള്ള മുരടിപ്പ് മാറ്റിയെടുക്കൻ തിർച്ചയായും കഴിയും.

പഞ്ചായത്തിലെ സാക്ഷരത 89 % ആണ്. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തനതായ ഒരു പദ്ധതിക്ക് രൂപം നൽകണം. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും

ലൈബ്രേറിയൻമാരെ നിയമിക്കുകയും വേണം. പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കൃഷ്ണപുരം ദേശസേവനി ഗ്രന്ഥശാല, ഞക്കനാൽ "ജയഭാരതം" ഗ്രന്ഥസാല കാപ്പിൽ കൈരളി വിലാസം ഗ്രന്ഥശാല തുടങ്ങിയവ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസം
## പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

1. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പൊതുവെ തൃപ്തികരമല്ല.

2. ഇംഗ്ലീഷ് മീഡിയം (അൺ എയ്ഡഡ്) സ്കൂളുകളുടെ അതിപ്രസരം കാരണം ഗവ.എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണവും തൽഫലമായി ഡിവിഷനും കുറയുന്നു. അതിനാൽ ഡിവിഷൻ കുറയുകയും ചെയ്യുന്നു.

3. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടടവുമില്ല. ഭൗതികസാഹചര്യങ്ങൾ ശോചനീയമാണ്.

4. പഞ്ചായത്തിലെ 7, 9 വാർഡികളിലെ കുട്ടികൾ വളരെ ദൂരം സഞ്ചരിച്ചാണ് പ്രാഥമിക വിദ്യാഭ്യാസം നേടുന്നത്.

5. സ്വകാര്യ സ്കൂളുകളിലെ മാനേജർമാരിൽ ചിലർ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൽ മെച്ചപ്പെടുത്തുന്നതിൽ വിമുഖരാണ്.

6. വിദ്യാലയ നിരക്ഷരത അൽപമെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്.

7. സ്കൂളുകളിലെ ലൈബ്രറി-ലാബോറട്ടറി പ്രവർത്തനം ഇന്നും തൃപ്തികരമല്ല. കലാ-കായിക പരിശീലനത്തിനുള്ള സംവിധാനവും തൃപ്തികരമല്ല.

8. 4.8. വാർഡികളിലെ കുട്ടചികൾക്ക് യു.പി. സ്കൂൾ വിദ്യാഭ്യാസത്തിന് അകലെ പോകേണ്ട സ്ഥിതിയുണ്ട്.

## സാദ്ധ്യതകൾ

1. എയ്ഡഡ് സ്കൂൾ മാനേജർമാരുമായി ബന്ധപ്പെട്ട് അവർ ചെയ്യേണ്ടുന്ന സ്കൂളിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിക്കുക. ഗവ. സ്കൂളുകളുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക. കോമ്പൗണ്ട് വാൾ, പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ മുതലായവ യഥാസമയം ലഭ്യമാക്കുക.

2. പൊതു വിദ്യാലയങ്ങൾ ആകർഷകമാക്കുക. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക. അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുക. പഠ്യേതര വിഷയങ്ങളിൽ കുട്ടുകളെ കൂടുതലായി പങ്കെടുപ്പിക്കുക. 3. മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.. എട്ടു അംഗൻവാടികൾ കൂടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുവദിക്കുക.

4. പഞ്ചായത്തിലെ 7,9 വാർഡുകളുടെ പ്രയോജനത്തിന് ഉതകുന്ന വിധത്തിൽ ഒരു എൽ.പി.സ്കൂളും 4,8 വാർഡുകൾക്ക് ഒരു യു.പി.സ്കൂളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

5. മനോരോഗ വിദഗ്ദർ, സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസരംഗത്തെ വനിതാ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മാതൃസംഗമ പ്രവർത്തകർ രക്ഷാകർത്തൃ സമിതി പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

6. ഗവൺമെന്റ് സ്കൂളുകളിലുണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തുക. പഞ്ചായത്തു സമിതികൾ വിദ്യാലയനിരക്ഷരരെ കണ്ടെത്തുന്നതിന് ടെസ്റ്റുകൾ നടത്തി പരിഹാര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. M.L.L. (മിനിമം ലെവൽ ഓറ് ലേണിംഗ്) പ്രോഗ്രാം സാർവ്വത്രികമാക്കുക. സ്കൂൾ കോപ്ലക്സുകളുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുക.

7. പ്രൈമറി തലം മുതൽ കലാകായിക അദ്ധ്യാപകരെ നിയമിക്കുക. കലാ-കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് ഇന്നുള്ള നിയമ തടസ്സം നീക്കം ചെയ്യുക. ഇന്നുള്ള ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം മൂലം ചെറുപ്പക്കാരിൽ പുസ്തകവായനാശീലം അസ്തമിക്കുന്നു. കുട്ടികൾ വായനാശീലം ഉറപ്പിച്ചെടുക്കുന്നതിന് എല്ലാ വിദ്യാലയങ്ങളിലും ഓരോ ലൈബ്രേറിയൻ പെസ്റ്റ് അനുവദിക്കുകയും ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

പട്ടിക - 1

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| ക്ര നമ്പർ | | സ്കൂളിന്റെ തരം | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു: | സ്ത്രീ: | ആകെ |
| 1 | കാഞ്ഞിരം ഈസ്റ്റ്, ഗവ. എൽ.പി. സ്കൂൾ | ഗവ: | 47 | 56 | 103 | 1 | 4 | 5 |
| 2 | സി. ചിന്ന. സ്. എൽ.പി. സ്കൂൾ കാഞ്ഞിരം | എയ്ഡഡ് | 112 | 77 | 189 | 0 | 7 | 7 |
| 3 | തെക്കിനേത്ത് ഗവ: എൽ.പി സ്കൂൾ കാഞ്ഞിരം ഈസ്റ്റ്. | ഗവ | 125 | 127 | 252 | 1 | 9 | 10 |
| 4 | എൻ. എൻ. എം. യു. പി. സ്കൂൾ കാഞ്ഞിരം ഈസ്റ്റ്. | എയ്ഡഡ് | 234 | 184 | 418 | 4 | 15 | 19 |
| 5 | ഹെച്ച്. ഹെച്ച്. വൈ. സ്കൂൾ ഓഫ് ഹിയറിംഗ് ഇമ്പയേർഡ് | അൺഎയ്ഡഡ് | 351 | 299 | 650 | 6 | 19 | 25 |
| 6 | വിശ്വഭാരതി ഇമാഡബ്ല തെരേസ്സാൾ കിഴക്കേപുറം. | അൺഎയ്ഡഡ് | 411 | 342 | 753 | 5 | 24 | 29 |
| | ആകെ | | 1280 | 1085 | 2365 | 17 | 78 | 95 |

പട്ടിക - 2

LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| L.P | | | U.P | | | H.S | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 437 | 387 | 47% | 432 | 356 | 46% | 411 | 342 | 45% | 1280 | 1085 | 46% |

പട്ടിക - 3

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| L.P | | | U.P | | | H.S | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 824 | 89 | 11% | 788 | 89 | 11% | 753 | 102 | 13% | 2365 | 280 | 12% |

പട്ടിക - 4

പഠനം നിർത്തിയവരുടെ കണക്ക് (95-96 ൽ)

| SC / ST | | | മറ്റുള്ളവർ | | | ആകെ | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 1 | 2 | 0 | 3 | 3 | 1 | 4 | 5 |

പട്ടിക – 5

ഗവ. സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ: വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | % | ആകെ വിദ്യാർത്ഥികൾ (പഞ്ചായത്തിൽ) | ഗവ: വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം | % |
|---|---|---|---|---|---|
| 95 | 15 | 17% | 2365 | 355 | 15% |

പട്ടിക – 6

അക്കാദമിക് സൗകര്യങ്ങൾ

| ലൈബ്രറി | | ലാബ്/സയൻസ് കോർണർ | | മാതൃസംഗമം | | പി. ടി. എ. | |
|---|---|---|---|---|---|---|---|
| പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് |
| 4 | 2 | 4 | 2 | 6 | 0 | 6 | 0 |

പട്ടിക – 7

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത


| | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | തെർമോമീറ്റർ | ബ്ലാക്ക് ബോർഡ് | പഠനോപകരണങ്ങൾ |
|---|---|---|---|---|---|---|---|
| ഉണ്ട് | 3 | 0 | 0 | 0 | 0 | 6 | 4 |
| ഇല്ലാത്തത് | 3 | 6 | 6 | 6 | 6 | 0 | 2 |

പട്ടിക - 8
ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | കുട്ടികളുടെ എണ്ണം | അധ്യാപകരുടെ എണ്ണം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | വൈദ്യുതി | കുടിവെള്ളം | കമ്പ്യൂട്ടർ | ലൈബ്രറി | ശുചിമുറി | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|
| കാഷിൽ ഈസ്റ്റ് ഗവ: L.P.S | 103 | 5 | 21.75 സെന്റ് | ഉണ്ട് | ഉണ്ട് | കിണർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| C.M.S L.P.S കാഷിൽ | 189 | 7 | 58 സെന്റ് | ഉണ്ട് | ഇല്ല | കിണർ | ഇല്ല | താൽക്കാലികം | ഉണ്ട് | ഇല്ല |
| തെക്കിൽ തെക്ക് ഗവ: L.P.S | 252 | 10 | 52.5 സെന്റ് | ഉണ്ട് | ഉണ്ട് | കിണർ | ഉണ്ട് | താൽക്കാലികം | ഉണ്ട് | ഇല്ല |
| N.N.M.U.P.S കാഷിൽ | 418 | 19 | 52.5 സെന്റ് | ഉണ്ട് (പുതിയത്) | ഉണ്ട് (പുതിയത്) | കിണർ + മോട്ടോർ പമ്പ് | ഉണ്ട് | താൽക്കാലികം | ഉണ്ട് | ഉണ്ട് |
| H.H.Y.S.M.U.P.S കുളിഞ്ഞാവ് | 650 | 25 | 2 ഏക്കർ 13 സെന്റ് | ഉണ്ട് | ഉണ്ട് | കിണർ + മോട്ടോർ പമ്പ് | ഉണ്ട് | താൽക്കാലികം | ഉണ്ട് | ഉണ്ട് |
| വിശ്വ കാരുണ്യ മോഡൽ H.S. കുഞ്ഞാച്ചേരി | 753 | 29 | 3 ഏക്കർ 41 സെന്റ് | ഉണ്ട് | ഉണ്ട് | കിണർ + മോട്ടോർ പമ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |

പട്ടിക - 9
S.S.L.C വിജയശതമാനം

| സ്കൂൾ | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| വിശ്വദീപ്തി മോഡൽ ഹൈസ്കൂൾ | 77% | 86% | 70% | 87% | 71% |



# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം , ശുചിത്വ മുള്ള പാർപ്പിടം – ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെ 4014 കിണറുകൾ ഉള്ളതിൽ 450 കിണറുകളോളം വെള്ളം ഇല്ലാത്തവയാണ്. 35% രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ ഒന്നും തന്നെ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നില്ല. K.W.A പദ്ധതി അനുസരിച്ചുള്ള ശുദ്ധജല വിതരണത്തിനാവശ്യമായ പൈപ്പുലൈൻ സ്ഥാപിക്കുകയും വാർഡുകൾ കേന്ദ്രീകരിച്ച് ഓവർ ഹെഡ് ടാങ്കുകൾ നിർമ്മിക്കുകയും പൈപ്പുലൈൻ എത്താത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാകുന്നു. നിലവിലുള്ള പഞ്ചായത്തുകിണറുകളുടെ അറ്റകുറ്റപണികൾ നടത്തി ഉപയോഗ യോഗ്യമാക്കുകയും പൈപ്പു ലൈനുകൾക്കും കുഴൽ കിണറുകൾക്കും സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ കിണറുകൾ സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതുമാകുന്നു. (ചെറിയ പ്ലോട്ടുകളിൽ കക്കൂസും കിണറും ആവശ്യമായ അകലം സൂക്ഷിച്ചുകൊണ്ട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമുള്ളതു കൊണ്ടണ് വ്യാപകമായ രിതിയിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നത്. (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്)

## സ്ഥാപനങ്ങളും സേവനങ്ങളും

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ പട്ടിക .2ൽ വിവരിച്ചിട്ടുണ്ട്. ഇവയിൽ എല്ലാംകൂടി 25 ജീവനക്കാരാണുള്ളത്. ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തനം ആരംഭി ച്ചിട്ട് 9 മാസമായി. യാതൊരു വിധമായ സൗകര്യങ്ങളും സുരക്ഷിതത്വവുമില്ലത്ത് വാടകകെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഒറ്റ മെഡിക്കൽ ആഫീസർ മാത്രം ഉള്ളതിനാൽ 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാകുന്നില്ല. ആയതിനാൽ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുകയും കിടക്കകളോടു കൂടിയ വാർഡും സ്റ്റാഫ്കോർട്ടേഴ്സും നിർമ്മിക്കുകയും വേണ്ടതാണ്. കുറഞ്ഞ പക്ഷം 3 ഡോക്ടർമാരേയും ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുകയും യന്ത്രസജ്ജീകരണങ്ങൾ അനുവദിക്കേണ്ടതുമാകുന്നു.

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന (F.W.C) സബ്സെന്ററുകൾ പരിമിധമായ സൗകര്യങ്ങളോടു കൂടിയവയാണ്. സ്വന്തമായി കെട്ടിടം നിർമ്മിച്ച് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളോടുകൂടിയ ഈ സെന്ററുകൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണവും ജനസംഖ്യയും കണക്കാക്കി 5000:1 എന്ന

റേഷ്യോയിൽ അവ പുനഃക്രമീകരിക്കുയും ഒപ്പം പുതിയതായി രണ്ട് F.W.C. അനുവദിക്കുയും ചെയ്യുക. ഈ പഞ്ചായത്തിലെ 9-ാം വാർഡിലുള്ള ഇപ്പോൾ പ്രവർത്തനക്ഷമം അല്ലാതിരിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള കൃഷ്ണപുരം ലേഡീസ് അസോസിയേഷൻ സോഷ്യൽ വെൽഫോയർ സെന്ററിന്റെ 10 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും പഞ്ചായത്തിന് കൈമാറി സബ്സെന്റർ സ്ഥാപിക്കേണ്ടതാകുന്നു

II ഗവ: ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചിട്ട് ഒന്നര വർഷം കഴിഞ്ഞു. ഇപ്പോൾ വാടകക്കെട്ടിടത്തലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിലെ ഏക സർക്കാർ ആയുർവ്വേദ സ്ഥാപനമാണിത്. ആവശ്യത്തിനുള്ള ഔഷധം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിന്റേതായി ഇരുപത്തമ്പതര സെന്റ് സ്ഥലം ആയുർവ്വേദ ഡിസ്പെൻസറിക്കു വേണ്ടി വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് കുറഞ്ഞപക്ഷം 10 കിടക്കകളോടു കൂടിയ ഒരു ആശുപത്രി പണിയുകയും ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുകയും ഒരു ആശുപത്രിയായി ഉയർത്തേണ്ടതുമാണ്. ഈ ഡിസ്പെൻസറിയിൽ 1995-96 സാമ്പത്തിക വർഷത്തിൽ 27214 രോഗികളെ ചികിത്സിച്ചിട്ടുണ്ട്.

III. ഗവ:ഹോമിയോ ഡിസ്പെൻസറി കൃഷ്ണപുരം സ്ഥാപിതമായിട്ട 28 വർഷം ആകുന്നു. ഇപ്പോൾ ഈ സ്ഥാപനം പഞ്ചായത്തിലെ III -ാം വാർഡിൽ സ്ഥിതി തചെയ്യുന്ന. സ്വന്തമായി 28 സെന്റ് സ്ഥലവും സ്വന്തം കെട്ടിടവും ഉണ്ട്. പ്രതിവർഷം ശരാശരി 36000 രോഗികൾ ഈ സ്ഥാപനത്തിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്. ഇവിടെ വരുന്ന രോഗികൾ മിക്കവാറും വാതരോഗവും ത്വക്ക് രോഗവും മറ്റു പകർച്ചവ്യാധികളുമായിട്ടാണ് എത്തുന്നത്. ഇത് രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായി വികസിപ്പിക്കേണ്ടതാണ്. ഈ ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ കിട്ടാറില്ല. അതുകൊണ്ട് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചുറ്റുമതിൽ കെട്ടുകയും ഒഴിവുള്ള തസ്തികകളിൽ ആളെ നിയമിക്കുകയും ആവശ്യമായ സ്റ്റേഷനറി സ്ധനങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കുകയും ചെയ്യണം. വർഷത്തിൽ ഒരിക്കൽ മാത്രമെ ആശുപത്രിയിൽ ഔഷധം ലഭ്യമാകുന്നുള്ളു. വർഷത്തിൽ കുറഞ്ഞത് മൂന്നു പ്രാവശ്യമെങ്കിലും മരുന്നു ലഭ്യമാക്കേണ്ടതാണ്.

## കക്കൂസ്

പൊതുജനാരോഗ്യത്തെപറ്റി പ്രതിപാദിക്കുമ്പോൾ കുടിവെള്ളത്തേക്കാൾ പ്രധാന്യം അർഹിക്കുന്നതാണ് ശുചിത്വം. പരിസരശുചിത്വത്തിന് അത്യാവശ്യമായ ഒന്നാണ് കക്കൂസ്. ഈ പഞ്ചായത്തിലെ 5216 വീടുകളിൾ 3216 വീടുകൾക്കേ കക്കൂസ് ഉള്ളു. ഇവയിൽ 1500 സെപ്റ്റിക് ടാങ്കുകളും 1023 E.S.P കക്കൂസുകളും 693 സാധാരണ കക്കൂസുകളുമാണ് ഉള്ളത്. സ്ഥല പരിമിതി കാരണവും സാമ്പത്തിക പരാധീനത കാരണവും നില്ലരീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കുവാൻ പലർക്കും കഴിയുന്നില്ല. ആകെയാൽ. കുടിവെള്ളം എത്തിക്കുന്നതോടൊപ്പം കേന്ദ്രീകൃത സെപ്റ്റ്ക് ടാങ്കുകൾ നിർമ്മിച്ച് ശുചിത്വം പാലിക്കേണ്ടതാകുന്ന.

മലിനജലവും അറവു ശാലവും

മലിനജലം കെട്ടികിടക്കാതിരിക്കാൻ ഓരോ വാർഡിലും ജലം ഒഴുകി പോകാനുള്ള ഓടകൾ നിർമ്മിക്കുക. അറവുശാലകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനു വേണ്ടി സർക്കാരിന്റെ പദ്ധതി അനുസരിച്ചുള്ള അറവുശാല നിർമ്മിക്കുക. കശാപ്പു ചെയ്യുന്ന ആടുമാടുകളെ മൃഗടോക്ടറുടെ പരിശോധനക്കു വിധേയമാക്കി പരസ്യപ്പെടുത്തുകയും വേണം. മത്സ്യമാർക്കറ്റുകളൾ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിന ടി സ്ഥലങ്ങളിൽ തറ കോൺക്രീറ്റ് ചെയ്യുകയും ആവശ്യമായ കുപ്പതൊട്ടികൾ നിർമ്മിക്കുകയും മാർക്കറ്റിനുള്ളിൽ ശുചുാലയങ്ങൾ നിർമ്മിക്കുകയും ചെയ്യും.

സന്തുഷ്ടമായ മനസ്സ് ആരോഗ്യത്തിന്റെ പ്രധാന ഉറവിടമാണ്. കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യ പരിപാലനത്തിനായി കളി സ്ഥലങ്ങളും പാർക്കുകളും നിർമ്മിക്കേണ്ടതാകുന്നു.

## മറ്റ് നിർദ്ദേശങ്ങൾ

1. ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ നിർമ്മിക്കക.
2. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുക.
3. ചപ്പുചവറുകൾ നീക്കം ചെയ്ത് മലിനീകരണം ഒഴിവാക്കുക. എല്ലാ വീടുകളിലും ഗവ: ഓഫീസുകളിലും കമ്പോസ്റ്റുകുഴികൾ ഉണ്ടാക്കുക.
4. വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പക്കുക.

5. എല്ലാ കിണറുകളും വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും ക്ലോറിനേറ്റ് ചെയ്യുക.

6. കോളനികളിൽ പഞ്ചായത്തു വക പൊതുകക്കൂസുകൾ (സെപ്റ്റിക് ടാങ്ക്) സ്ഥാപിക്കുക.

7. ഇരുപത്തി അഞ്ചു വീടുകൾക്ക് രണ്ടുപേർ വീതമുള്ള പഞ്ചായത്ത് ആരോഗ്യസേന രൂപീകരിക്കുക.

8. ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ ഉത്സവകാലത്ത് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ദർശത്തിനായി എത്താറുണ്ട്. ക്ഷേത്രവളപ്പിലെ സെപ്റ്റിങ്ക് ടാങ്കുകളിൽ നിന്ന് മലം പമ്പ് ചെയ്ത് പൈപ്പിലൂടെയും ഈ പഞ്ചായത്തിലെ മഹാലക്ഷ്മി ക്ഷേത്രം-ഒണ്ടിക്കാവ് തോട്ടിലേക്കാണ് ഒഴുക്കി വിടുന്നത്. നമ്മുടെ പഞ്ചായത്തിലെ 10,11 വാർഡുകളിൽ പെടുന്ന ഈ പ്രദേശത്തെത്തെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണിത്. ഈ ഭാഗത്തെ 50 ഏക്കറിലധികം വരുന്ന കൃഷിയെയും ഇത് സാരമായി ബാധിക്കുന്നുണ്ട്. ഈ പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിന ഓച്ചിറ ക്ഷേത്രഭരണസമിതി മുന്നോട്ടു വരണം. ആരോഗ്യ വകുപ്പിന്റെയും സത്വരശ്രദ്ധ ഇക്കാര്യത്തിലുണ്ടാവണം.

9. പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന അനിയൻസ് ആശുപത്രിയിലെ ഡ്രെയിനേജ് സംവിധാനം തൃപ്തികരമല്ല എന്ന പരാതി ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട് ഇതിന് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ ആശുപത്രി ഉടമ ശ്രദ്ധിക്കേണ്ടതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

കായകളം നിയോജക മണ്ഡലത്തിൽ K.W.A യുടെ വാട്ടർ സപ്ലൈ സ്കീമുകളില്ലാത്ത ഏക പഞ്ചായത്താണ് കൃഷ്ണപുരം. ഇക്കാര്യം കഴിഞ്ഞ പഞ്ചായത്തു കമ്മിറ്റി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ പഞ്ചായത്തിന്റെ രണ്ടു വലിയ വാട്ടർ ടാങ്കുകൾ (റെയിൽ വേ ലൈനിനു പടിഞ്ഞാറു കിഴക്കും ഒന്നു വീതം) സ്ഥാപിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം വലിയൊരളവു വരെ പരിഹരിക്കപ്പെടുമെന്നു കരുതുന്നു. ഈ പദ്ധതി മുന്തിയ പരിഗണന കൊടുത്ത് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക – 1

കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| | പ്രധാന മേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം. |
|---|---|---|
| WARD I | തെങ്ങ് പടിഞ്ഞാറു ഭാഗം (കിഴവാട്ടു ഭാഗം) | 1. ഈ പ്രദേശത്ത് ഗ്രൂപ്പ് കുടിവെള്ള പദ്ധതികൾ ഇവർത്തിക്കുന്നത് നിർത്തലാക്കുക<br>2. സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുക (കായംകുളം മുൻസിപ്പാലിറ്റി. K.W.A വാട്ടർ നമ്പർ നീക്കുക)<br>3. കോസ്ട്രിയൽ മാലിന്യശാല സ്ഥാപിക്കുക. |
| WARD II | രണ്ടാം വാർഡിന്റെ വടക്ക് പടിഞ്ഞാറ് ഭാഗം, പാലയ്ക്കൽ I.W.D.P. കോളനി, പരിധിയിലെ ലക്ഷം വീട് പണിക്കുള്ളിലെ പ്രദേശങ്ങൾ. | 1. Do<br>2. ഞക്കിനാട്ടുചിറയിൽ സ്വാർത്ഥമെങ്കിലും സ്ഥാപിച്ച് കോമ്പർട്ടാങ്ക് പണിഞ്ഞ് ഈ പ്രദേശങ്ങളിൽ K.W.A യുടെ ശുദ്ധജലം എത്തിക്കുക. |
| WARD III | മുക്കിനിഞ്ഞാലേത്ത് | 1. നിലവിലുള്ള പബ്ലിക് കിണറുകൾ അടുക്കുപണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.<br>2. K.W.A യുടെ പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| WARD IV | പണ്ടാരത്തിൽ കാവ് Jn. പടനിലത്ത് Jn. | 1. നിലവിലുള്ള പബ്ലിക് കിണറുകൾ അടുക്കുപണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.<br>2. K.W.A യുടെ പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| WARD V | WARD V | 1. Do |
| WARD VI | WARD VI | 2. Do |
| WARD VII | WARD VII | 3. Do |
| WARD VIII | WARD VIII | 4. Do |
| WARD IX | WARD IX | 5. Do |
| WARD X | WARD X | 6. Do |
| WARD XI | WARD XI | 7. Do |

[പണ്ടാരത്തിൽ എല്ലാ വാർഡുകളിലെയും പൊതു കിണറുകളിൽ ഉപയോഗയോഗ്യമാണെങ്കിലും വേനൽ അടുക്കുപണികൾ നടത്തി ഉപയോഗ്യമാക്കുക]

പട്ടിക – 2

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ – 1 | VI | 12-1-96 | 7 |
| 2 | Female Welfare Centre | IV | | 2 |
| 3 | Do | VI | | 4 |
| 4 | Do | IX | | 2 |
| 5 | Do | XI | | 2 |
| 6 | ഗവ. ആയുർവേദ ഡിസ്പെൻസറി. | IV | 21-4-95 | 4 |
| 7 | ഗവ. ഹോമിയോ ഡിസ്പെൻസറി. | III | 1-1-1965 | 4 |

പട്ടിക – 3

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ആരോഗ്യസ്ഥിതി വിവരങ്ങൾ

| | | | | | | |
|---|---|---|---|---|---|---|
| ആകെ ജനസംഖ്യ. 26260 | പുരുഷന്മാർ | 13167 | ആകെ കിടക്കകൾ 5216 | കിടക്കകൾ | | കൂടിക്കണ്ട സ്ത്രോതസ്സ് |
| | സ്ത്രീകൾ | 13093 | | സെപ്ട്രിക് ടാങ്ക് | 1500 | സാനിട്ടറി വെൽ – 27 |
| | കുട്ടികൾ (പൂജ്യം മുതൽ 5 വയസ്സ് വരെ) | 1737 | | ഇ.കോ.സി | 1023 | സാധാരണ കിണർ 3987 |
| | | | | മറ്റുള്ളവ | 693 | |
| | | | | ആകെ | 3216 | 4014 |

പട്ടിക – 4


പ്രായാടിസ്ഥാനത്തിൽ ദമ്പതികൾ

| വയസ്സ് | എണ്ണം |
|---|---|
| 15 – 19 | 92 |
| 20 – 24 | 737 |
| 25 – 29 | 1035 |
| 30 – 34 | 864 |
| 35 – 39 | 605 |
| 40 – 44 | 282 |
| | 3615 |

പട്ടിക – 5

കൃഷ്ണപുരം ഗവ. ഹോമിയോ ആശുപത്രിയിലെ രോഗികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| വർഷം | ഇൻ-പേഷ്യന്റ് എണ്ണം | ഔട്ട്-പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (കീല്വാതം ഉൾപ്പെടെ) | പക്ഷാഘാതം മുതലായവ | വിഷചികിത്സ (പാമ്പുകടി ഉൾപ്പെടെ) | മറ്റു രോഗങ്ങൾ | ആകെ |
| 1992-93 | Nil | 39147 | 3915 | 11745 | 3915 | 1957 | 17615 | 39147 |
| 93-94 | Nil | 33670 | 3367 | 10101 | 3367 | 1683 | 15152 | 33670 |
| 94-95 | Nil | 36360 | 3636 | 10908 | 3636 | 1818 | 16362 | 36360 |
| 95-96 | Nil | 36720 | 3672 | 11016 | 3672 | 1836 | 16524 | 36720 |
| ആകെ | Nil | 145897 | 14590 | 43870 | 14590 | 7394 | 65653 | 145897 |



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നാടിന്റെ വികസനത്തെ സംബന്ധിച്ച് ബോധമുള്ളവർ ആയിരുന്നു നമ്മുടെ പൂർവ്വികൻമാർ. സംഘടിത ശക്തി ഒന്നു മാത്രമാണ് നാടിന്റെ വികസനത്തിന് ആധാരം. ഈ സംഘബോധം ഒന്നു കൊണ്ട് മാത്രമാണ് കൃഷ്ണപരം പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചു കടന്നു പോകുന്ന കൃഷ്ണപുരം-ചൂനാട് റോഡ് മേനാത്തേരിൽ കേശവപണിക്കന്റെ നേതൃത്വത്തിൽ മാനവശേഷി സമാഹരിച്ച് നിർമ്മാണം ആരംഭിച്ചത്. തുടർന്ന് ഭരണിക്കാവ്-കൃഷ്ണപുരം റോഡും ഈ കാലയളവിൽ തന്നെ മാനവശേഷി എന്ന വിഭവം സമാഹരിച്ച് നിർമ്മിക്കപ്പെട്ടു. ആവേശകരമായ അനുസ്മരണ പുതിയ ജനകീയാസൂത്രണതത്തിന്റെ ഉണർത്തു പാട്ടിനിടയിലും നമുക്ക് ആ ദിശാബോധം പകർന്ന തരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് നൂറ്റി നാൽപതോളം റോഡുകൾ നിർമ്മിക്കപ്പെട്ടതും ജനകീയ ശക്തി ഒന്നു കൊണ്ടു മാത്രമാണ്. 1958 ൽ ആണ് പുള്ളിക്കണക്ക് കൊച്ചാലുംമൂട് മുതൽഞക്കനാൽ കൊച്ചുംമൂട് തങ്കയ്യത്തിൽ മുക്ക് വരെയുള്ള റോഡിൽ മെറ്റൽ ചെയ്തു കൊണ്ട് നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിന് തുടക്കം കുറിച്ചത്. ഇന്നിപ്പോൾ നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന പി.ഡബ്ലിയു.ഡി റോഡുകൾ, എൻ.എച്ച് 47 കായംകുളം പുനലൂർ റോഡും ഒഴിച്ചാൽ നാലു കിലോ മീറ്ററോളം നീളം വരുന്ന കൃഷ്ണപുരം-ചുനാട് റോഡിന്റെ ഭാഗമായ മാമ്പ്രക്കണേൽ-മാമനാൽകുറ്റിയിൽ റോഡും മൂന്ന് കിലോമീറ്ററോളം നീളം വരുന്ന മേനാമത്തേതിൽ-പാറയ്ക്കൽ മുക്ക് റോഡും ഏതാണ്ട് അരകിലോ മീറ്ററോളം നീളം വരുന്ന പനയന്നാർകാവ് പഞ്ചായത്താഫീസ് റോഡും പുള്ളിക്കണക്ക് കൊച്ചാലുംമൂട് മുതൽ പനയന്നാർകാവ് വരെയുള്ള ഒന്നരകിലോ മീറ്റർ റോഡും ഏതാണ്ട് അരകിലോമീറ്ററോളം നീളം വരുന്ന ഹെൽത്ത് സെന്റർ മുതൽ കൃഷ്ണപുരം പഞ്ചായത്തിൻറെ അതൃത്തി വരെയുള്ള റോഡിന്റെ ഭാഗവുമാണ്. ടാർ ചെയ്ത 16130 മീറ്റർ പഞ്ചായത്തു റോഡുകളും ഗ്രാമൽ ചെയ്ത 46430 മീറ്റർ റോഡുകളും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഉണ്ട. ഇതിൽ 675 മീറ്റർ നീളമുള്ള റോഡു മാത്രമേ മൂന്നു മീറ്റർ താഴെ വീതി ഉള്ളതായിട്ടുള്ളു. ഇത്രയും ദൈർഘ്യമുള്ള റോഡുകളാണ് ഗ്രാമവാസികൾ ഗതാഗതത്തിനായി ഉപയോഗപ്പെടുത്തി വരുന്നത്. കൃഷ്ണപുരം പഞ്ചായത്തിലൂടെ ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരത്തിൽ റെയിൽപാത കടന്നു പോകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിനോട് ചേർന്നു കിടക്കുന്നു ഓച്ചിറ പഞ്ചായത്ത് കായംകുളം മുൻസിപ്പാലിറ്റി എന്നീ രണ്ട് പ്രദേശങ്ങളിലും റെയിൽവേ സ്റ്റേഷനുകൾ നിലവിൽ ഉണ്ട്.

കൃഷ്ണപുരം പഞ്ചായത്തിൽ ബസ് സർവ്വീസ് നടത്തുന്നത് കൃഷ്ണപരും-ചുനാട്, കൃഷ്ണപുരം -മൂന്നാംകുറ്റി, കൃഷ്ണപുരം -കൊപ്രാപ്പുര, എന്നീ റോഡുകളിൽ മാത്രമാണ്. ഈ പഞ്ചായത്തിൽ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ ഉള്ളത് കാപ്പിൽ കിഴക്ക് കുറ്റിപ്പുറത്തും, ചിറയ്ക്കൽ കുറ്റിയിലും ആണ്.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടനിലയിൽ ആണെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപണികൾ യഥാസമയം നടക്കാത്തതു മൂലം വർഷകാലത്ത് കുഴികളിൽ വെള്ളക്കെട്ട അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിന് പ്രധാന കാരണം. ആവശ്യത്തിന് ഫണ്ടില്ലായ്മ പഞ്ചായത്തിലെ എല്ലാവിധ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാവുന്നു.

### കപ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ അപര്യാപ്തത
2. റോഡുകളുടെ ഗുണനിലവാരം ഇല്ലായ്മ
3. യാത്രാ സൗകര്യത്തിന് അനുയോജ്യമായ രീതിയിൽ റോഡുകൽ മെച്ചപ്പെടുത്താതിരിക്കൽ
4. യാത്രാസൗകര്യത്തിന് തടസ്സമായി നിൽക്കുന്ന ടെലിഫോൺ പോസ്റ്റുകൾ, ഇലക്ട്രിക് പോസ്റ്റുകൾ എന്നിവ റോഡിന്റെ സൈഡിലേക്കു മാറ്റാതിരിക്കൽ
5. ടെലിഫോൺ കേബിളുകൾക്കു വേണ്ടി എടുക്കുന്ന റോഡുസൈഡുകളുടെ ഓടകൾ സമയാസമയങ്ങളിൽ നികത്താതിരിക്കൽ

### കമെറ്റൽ റോഡ്, ഗ്രാവൽ റോഡ്

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പരാതികളിൽ ഭൂരിഭാഗവും നിലവിലുള്ള മെറ്റൽ റോഡുകളുടെയും ഗ്രാവൽ റോഡുകളുടെയും ശോചനീയ അവസ്ഥയെ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞു താറുമാറായതും കുണ്ടും കുഴിയും നിറഞ്ഞതുമായ റോഡുകളാണ് അധികവും.

### കകപുതിയ റോഡുകൾ

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗതാഗത സൗകര്യമില്ലാത്ത ഇടങ്ങളിലെ ഇടവഴികൾ വീതികൂട്ടിവെട്ടാതിരിക്കൽ

### കV. പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡുകളുടെ നിർമ്മാണം മൂലം മണ്ണൊലിപ്പ് വെള്ളം ഒഴുകിപ്പോകുന്നതിനുമുള്ള മാർഗ്ഗമില്ലായ്മ എന്നിവ പരിസ്ഥിതിയെയും കൃഷിയെയും യാത്രയേയും ബാധിക്കുന്നുണ്ട്.

### V. യാത്രാസൗകര്യകുറവ്

ബസ്സ് റൂട്ടുകളുടെ അപര്യാപ്തത

#### പരിഹാര നിർദ്ദേശങ്ങൾ

1. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക
2. റോഡു സൈഡിൽ വീതിയുള്ള നടപ്പാതകൾ നിർമ്മിക്കുക.

3. കൈയ്യേറപ്പെട്ട റോഡുപുറമ്പോക്കുകൾ ഒഴിച്ചെടുക്കുക.

4. റോഡിനോടു ചേർന്ന് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക.

5. ടെലിഫോൺ പോസ്റ്റുകൾ, ഇലക്ട്രിക്ക് പോസ്റ്റുകൾ എന്നിവ റോഡിന്റെ സൈഡിലേക്കു മാറ്റി സ്ഥാപിക്കുക.

6. എല്ലാ റോഡുകളുടെ സൈഡുകളിൽ വെള്ളം ഒഴിഞ്ഞു പോകുന്നതിന് ഓടകൾ നിർമ്മിക്കുക.

7. പഞ്ചായത്തിൽ കൂടി മുൻപുണ്ടായിരുന്ന ബസ്സ് സർവ്വീസുൾ പുനരാരംഭിക്കുക.

8. (a) മാവേലിക്കര നിന്നും, കുറ്റിത്തെരുവ്, കൊച്ചാലുംമൂട്, പനയന്നാർകാവ്, കാപ്പിൽ, ഞക്കനാൽ, തങ്കയ്യത്തിൽ മുക്ക്, വയനകം, വഴി കരുനാഗപ്പള്ളിയും തിരിച്ചും പുതിയ ബസ്സ് സവ്വീസ് ആരംഭിക്കുക.

(b) കായംകുളത്തു നിന്നും ഒന്നാം കുറ്റി, ചേരാവള്ളി, മേനാത്തേരി, പനയന്നാർകാവ്, കാപ്പിൽ, ഞക്കനാൽ തങ്കയത്തിൽ മുക്ക് ശാസ്താംകോട്ടയ്ക്കും തിരിച്ചും ബസ്സ് സർവ്വീസ് ആരംഭിക്കുക.

(c) കായംകുളത്തു നിന്നും പനയന്നാർകാവ് കാപ്പിൽ ഞക്കനാൽ വഴി ശാസ്താംകോട്ട, പാവുമ്പ എന്നിവിടങ്ങളിലേയ്ക്കും തിരിച്ചും ബസ്സ് റൂട്ടുകൾ അനുവദിക്കുക.

(d) കായംകുളത്തു നിന്നും കുറ്റിത്തെരുവ് കൊച്ചാലുംമൂട് പനയന്നാർകാവ്, കാപ്പിൽ, ഞക്കനാൽ, തങ്കയത്തിൽ മുക്ക് വഴി കൊട്ടാരക്കരക്കും തിരിച്ചും ബസ്സ് റൂട്ടുകൾ അനുവദിക്കുക.

(e) കായംകുളത്തു നിന്നും കൊച്ചുമുറി ഓച്ചിറ വഴി ഓടിക്കൊണ്ടിരുന്ന ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുക.

9. നിലവിലുള്ള പഞ്ചായത്തു റോഡുകൾ കൈയേറുന്നതു തടയുന്നതിന് റോഡുകളിൽ അതിർത്തികല്ലുകൾ സ്ഥാപിക്കുക.

10. പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

11. ഓച്ചിറ-ചൂനാട് റോഡിൽ 7-ാം വാർഡിലുള്ള ഈരിയ്ക്കൽ പാലം വീതി കൂട്ടി പണിയുക

12. ഓച്ചിറ-ഈരിയ്ക്കൽപാലം റോഡ് മെയിന്റൻസു നടത്തുകയും റോഡിന്റെ അസ്സൽ വീതി പുനസ്ഥാപിക്കുകയും ചെയ്യുക

13. മരുതവനമുക്ക്-പരത്തറമുക്ക് റോഡ് പൂർണ്ണമായും വാഹന ഗതാഗതയോഗ്യമാക്കണമെങ്കിൽ (6 മീറ്റർ വീതിയുള്ള റോഡ്) കോയിപ്പുറത്തുമുക്കിൽ നിലവിലുള്ള അൺമാൻഡ് ലവൽ ക്രോസ് സംവിധാനം മാറ്റി കാവൽക്കാരനുള്ള ലവൽ ക്രോസാക്കി സംവിധാനം ചെയ്യുക.

14. കൃഷ്ണപുരം പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടിയാണ് റെയിൽ പാത കടന്നു പോകുന്നത്. ഇവിടെ പ്രധാനമായും രണ്ടു ലവൽ ക്രോസുകളുണ്ട്. ഒന്ന് ഓച്ചിറ-ചൂനാടു റോഡിലും (റെയിൽവേ സ്റ്റേഷനു വടക്കുവശവും) മറ്റൊന്ന് കൃഷ്ണപുരം ചൂനാട് റോഡിൽ മാമ്പ്രക്കണേൽ ജംഗ്ഷനിലും ആണ്. ധാരാളം ബസ്സ് സർവ്വീസുകളും മറ്റു വാഹനങ്ങളും കടന്നുപോകുന്ന ഈ രണ്ടു റോഡുകളിലും റെയിൽവേ ക്രോസ്സ് അടച്ചിടുന്നതു കാരണം യാത്രക്കാർ വളരെയധികം വിഷമം അനുഭവിക്കുന്നു. അതിനു പരിഹാരമായി രണ്ടു റോഡുകളിലും ഓവർ ബ്രിഡ്ജ് സ്ഥാപിച്ചു ഗതാഗതബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കുള്ള പരിഹാരം കാണണം.

15. 7-ാം വാർഡും 8-ാം വാർഡുമായുള്ള യാത്രാക്ലേശം പരിഹരിക്കുന്നിനും പച്ചംകുളം വയലിലേക്കു വിത്തും വളവും കൊണ്ടുപോകുന്നതിനും സൗകര്യപ്രദമായ നിലയിൽ തീപ്പുരയിൽ വടക്കുവശ അറുകടമ്പത്തോടിനു കുറുകേ ഒരു പാലം നിർമ്മിക്കേണ്ടതാണ്.

16. 6-ാം വാർഡിലുള്ള കുറ്റിപ്പുറം ചന്തയിലേക്കും സി.എം.എസ്.എൽ.പി.എസ് ലേയ്ക്കും പോകുന്നതിന് 7-ാം വാർഡിലുള്ള ബഹുജനങ്ങളും പിഞ്ചുകുഞ്ഞുങ്ങളും ആറുകടമ്പ തോടു കടക്കുന്നതിന് ഇന്നനുഭവിച്ചു കൊണ്ടിരിക്കുന്ന ദുരിതം ഒഴിവാക്കുന്നതിന് ചന്തക്കു തെക്കുവശവും ചിറയിൽ വീടിനു വടക്കുവശവുമായി ഒരു ഫുട്പാത്ത് പാലം നിർമ്മിക്കേണ്ടതാണ്.

17. മുഞ്ഞനാട്ടുമുക്ക്-ശ്രീരംഗം മുക്കു റോഡിൽ മേടയിൽ പടിഞ്ഞാറു വശത്ത് ഒരു പാലം നിർമ്മിച്ച് യാത്രാക്ലേശം ഒഴിവാക്കുക.

18. 5-ാം വാർഡിലുള്ള വേതാളൻ കാവു ക്ഷേത്രത്തിനു തെക്കുവശം ആറുകടമ്പ തോട്ടിൽ ഒരു പാലം നിർമ്മിച്ച് 5-ാം വാർഡും 7-ാം വാർഡുമായി ബന്ധിപ്പിച്ച് യാത്രാക്ലേശം ഒഴിവാക്കുക.

മേൽപറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയാൽ കൃഷ്ണപുരം പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന ഗതാഗത വൈഷമ്യങ്ങൾ ഒരു പരിധി വരെയെങ്കിലും പരിഹരിക്കാവുന്നതാണ്.

അടിയന്തിര പ്രധാന്യം കൊടുത്ത് ടാർ ചെയ്യേണ്ട ഓരോ വാർഡിലെയും 3 റോഡുകൾ വീതം

വാർഡ് I

1. കവറാട്ടുമുക്ക് - ലക്ഷം വീടുമുക്ക് റോഡ്
2. ഇടയൊടിക്കാവു ക്ഷേത്രം - മുട്ടത്തു വയൽ റോഡ്
3. ഞവരയ്ക്കൽ മുക്ക് - നെടുങ്കണ്ടത്തിൽമുക്ക് റോഡ്

വാർഡ് II

1. കോളശ്ശേരിൽ മുക്ക് - മുനിസിപ്പൽ ലിമിറ്റ് റോഡ്
2. N.S.S കരയോഗം - ചാലയ്ക്കൽ മുക്കു റോഡ്
3. H.N.Y.S.M.U.P.S ജംഗ്ഷൻ - ചാലയ്ക്കൽ I.H.D.P കോളനി റോഡ്

വാർഡ് III

1. പനച്ചൂർ കാപ്പിൽമുക്ക് - അമ്പിമുക്കു റോഡ്
2. പേരൂർമുക്കു റോഡ് - തീപ്പെട്ടി കമ്പനിമുക്ക് റോഡ്
3. സൈസൈറ്റിമുക്ക് - കാവുംകടമുക്ക് റോഡ്

വാർഡ് IV

1. വെളിയിൽ മുക്ക് - രവിമന്ദിരം മുക്ക് റോഡ്
2. ഇരണ്ടയ്ക്കൽമിക്ക് - കളീക്കൽ മുക്ക് റോഡ്
3. കളത്തിൽമുക്ക് - കുറ്റിക്കാട്ടിൽ മുക്ക് റോഡ്

വാർഡ് V

1. N.N.M.U.P.S - പള്ളിത്തറമുക്ക് റോഡ്
2. പാവുത്തറമുക്ക് - ചിറയ്ക്കൽ കുറ്റി റോഡ്
3. ചിറയ്ക്കൽ കുറ്റി ജംഗ്ഷൻ - അരക്കണ്ടത്തിൽ കോളനി റോഡ്

വാർഡ് VI

1. കുറ്റിപ്പുറചന്ത - താച്ചേത്തറമുക്ക് റോഡ്
2. പീടികയിൽ മുക്ക് - വാത്തിപ്പറമ്പിൽ മുക്ക് റോഡ്
3. ഗുരുമന്ദിരം - വാത്തിപ്പറമ്പിൽമുക്ക് റോഡ്

വാർഡ് VII

1. ചക്കാലയിൽമുക്ക് (റെയിൽക്രോസിനു കിഴക്കുവശം) - വടക്കോട് തച്ചില്ലം മുക്കു റോഡു വരെ
2. വെട്ടത്തേത്തുമുക്ക് വെളുത്തേരിമുക്കു വഴി - കണിയാന്റയ്ത്ത് T.V. മുക്കു റോഡു വരെ
3. പുളിമൂട്ടിൽ മുക്കു മുതൽ തുമ്പിളൽ ജംഗ്ഷൻ വഴി പടിഞ്ഞാറോട്ടും വേലൻപുരയിടം മുക്ക്, പറത്തറമുക്ക് വഴി കോയിപ്പുറത്തു മുക്കു വരെ.

വാർഡ് VIII

1. സേവാഗ്രാമംമുക്ക് - കുറ്റിപ്പുറചന്ത റോഡ്
2. കൊച്ചുകളീക്കൽമുക്ക് - പാറയിൽ മുക്കു റോഡ്
3. നാട്ടുങ്കൽ മുക്ക് - ആഞ്ഞിലേഴത്തു മുക്കു റോഡ്

വാർഡ് IX

1. മുക്കാലമുക്ക് - കോട്ടക്കുഴിമുക്കു റോഡ്
2. അജന്തമുക്ക് - ചാവടിമുക്കു റോഡ്
3. ശാസ്താംനട - പുളിമൂട് റോഡ്

വാർഡ് X

1. തഴത്തോട് - തോണ്ടലികുന്നേൽ പാലം റോഡ്
2. പള്ളിമുക്ക് - കൃഷ്ണപുരം Govt. U.P.S റോഡ്
3. K.T.D.C - കൃഷ്ണപുരം കനാൽ റോഡ്

വാർഡ് XI

1. കണിയാമുക്ക് - തഴത്തോട് റോഡ്
2. കിളിക്കൽ മുക്ക് - പൂളയിൽമുക്കു വഴി മണക്കാട്ടു മുക്കു വരെയുള്ള റോഡ്
3. തൊണ്ടിയിൽ മുക്ക് - കൊച്ചു വീട്ടിൽ മുക്ക്.

## പുതിയതായി വെട്ടേണ്ട റോഡുകൾ

വാർഡ് I

1. കേക്കുപാലം മുതൽ കിഴക്കോട്ട് തോടിന്റെ അരുകിൽ കൂടി വാർഡിന്റെ കിഴക്കേ അറ്റം വരെ
2. കേക്കുപാലം മുതൽ കുഴിവേലിക്ഷേത്രം വരെ
3. തറാലേത്തുമുക്കു മുതൽ മുനിസിപ്പൽ അതിർത്തി വരെ
4. ഐക്കരേത്തു മുക്കു മുതൽ ഞവരയ്ക്കൽ മുക്കു വരെ

വാർഡ് II

1. K.P. റോഡിൽ നിന്നും വടക്കോട്ട് മുനിസിപ്പൽ അതിർത്തിവരെയുള്ളള നടവഴി
2. മന്നത്ത് ക്ഷേത്രം മുതൽ കിഴക്കോട്ട് പുത്തൻ കണ്ടത്തിൽ വഴി പഞ്ചായത്ത് അതിർത്തി വരെ
3. കളപ്പുരയ്ക്കൽ മുതൽ ചാലയ്ക്കൽ വരെ
4. പേരൂർ മുക്കു മുതൽ പടിഞ്ഞാട്ട് കുറിച്ചിയിലെ കിഴക്കുവശം
5. പുത്തൻ കണ്ടത്തിൽ കിഴക്കു വശത്തു നിന്ന് 4-ാം വാർഡിൽ കുന്നുറെ കിഴക്കു വശം വരെ
6. വള്ളകപ്പള്ളി മുതൽ ലക്ഷം വീടുവരെ
7. കോയിക്കൽ മുക്കു മുതൽ കളിക്കൽ മുക്കു വരെ
8. രണ്ടാംകുറ്റി വർക്കുഷോപ്പുമുതൽ വടക്കോട്ട് വാർഡ് അതിർത്തി വരെ
9. പുള്ളിക്കണക്ക് S.N.D.P മന്ദിരത്തിനു തെക്കു വശം കൂടി കിഴക്കോട്ട് വാർഡ് അതിർത്തി വരെ
10. തോപ്പിൽ തെക്കു വശം കൂടി പടിഞ്ഞാറോട്ട് പൂവടിയിൽ മുക്കു വരെ
11. പോപ്പുലർ ആശുപത്രിക്കു തെക്കു വശം കൂടി

കിഴക്കോട്ട് കുറ്റിയിൽ മുക്കു വരെ

12. മന്നത്തു ക്ഷേത്രത്തിനു പടിഞ്ഞാറു വശത്തു കൂടി തെക്കോട്ട് തെക്കേ റോഡു വരെ
13. കുറ്റിഭാഗത്ത് തെക്കുവശത്തുള്ള നീരൊഴുക്കു തോടിന്റെ സൈഡിൽ കൂടി.

വാർഡ് III

1 C.M.S.L.P.S നു മുന്നിലുള്ള റോഡ് ചെങ്ങാലപ്പള്ളി കിഴക്കു വശത്തുകൂടി വെട്ടി മാവേലിസ്റ്റോർ ജംഗ്ഷൻ വരെ.
2. ഊരാലയത്ത് തെക്കു വശത്തു കൂടിയുള്ള ഇടവഴി
3. ഹെൽത്തു സെന്റർ മുതൽ ചാലുകുറ്റിമുക്കു വരെ
4. അമ്മാംകുളത്തു മുക്കു മുതൽ കളരീക്കൽമുക്കു വരെ
5. മടപ്പാട്ടു വടക്കുഴസം മുതൽ ചാലിൽ പുരയിടത്തിനു സമീപം വഴി പുത്തൻ തറയിൽ വടക്കുവശം വരെ.

വാർഡ് IV

1. വേണാട്ടുതറ കിഴക്കുവശത്തു നിന്ന് കാവനാൽ മുക്കു വരെ
2. പ്രകാശ് ഭവനം മുക്കു മുതൽ കിഴക്കോട്ട് തേവലപ്പുറം വയലിൽ കൂടി കാപ്പിൽ റോഡു വരെ
3. പവ്വടത്തു ജംഗ്ഷൻ മുതൽ തറയിൽ മുക്കു വരെ
4. മണ്ണിരേത്തു ജംഗ്ഷൻ മുതൽ പിരളശ്ശേരി ജംഗ്ഷൻ വരെ
5. പവ്വടത്തു ജംഗ്ഷൻ മുതല് രണ്ടാശ്ശേരി ജംഗ്ഷൻ വരെ
6. വലിയതറ ജംഗഷൻ മുതൽ പ്ലാങ്കീഴിൽ ജംഗ്ഷൻ വരെ

വാർഡ് V

1. ആലുംമൂട് ജംഗ്ഷൻ മുതൽ പേരൂർ മുക്കു വരെ
2. നല്ലേത്തു ജംഗ്ഷൻ മുതൽ പേരൂർ മുക്കു വരെ
3. നല്ലേത്തു മുക്കു മുതൽ തട്ടാരുടെ അയ്യത്ത് മുക്കു വരെ
4. വയലിൽ ജംഗ്ഷൻ മുതൽ തണ്ടാശ്ശേരി മുക്കു വരെ
5. പനച്ചമൂട്ടിൽ ജംഗ്ഷൻ മുതൽ തയ്യിൽ പടിഞ്ഞാറുവശം വരെ
6. കൊട്ടോളിൽ വടക്കുവശം മുതൽ കളീക്കൽമുക്കു വരെ
7. കടത്തുവള്ളിൽ മുക്കു മുതൽ പാറയ്ക്കൽത്തറ കിഴക്കു വശം വരെ
8. കടത്തു വള്ളിൽ ജംഗ്ഷൻ മുതൽ പാണ്ടിശ്ശേരി ജംഗ്ഷൻ വരെ
9. ഒറ്റതെങ്ങിൽ ജംഗ്ഷൻ മുതൽ പാലപ്പള്ളിൽ ജംഗ്ഷൻ വരെ
10. ബുദ്ധാശ്രമം മുതൽ വരമ്പിൻതറ പടിഞ്ഞാറുവശം വരെ
11. വേതാളംകാവു മുതൽ കിഴക്കോട്ടു കലവറശ്ശേരിൽ മുക്കു വരെ.

വാർഡ് VI

1. തറാൽ കളീക്കൽ മുക്കു മുതൽ തെക്കോട്ടു മണലാടി വടക്കുവശം വരെ
2. പുളിമൂട്ടിത്തറ കിഴക്കുവശം കൂടി ആറുകടമ്പ തോടു വരെ
3. മാവിലശ്ശേരി കിഴക്കു വശത്തു കൂടി മോളീമന്ദിരംമുക്ക് വരെ
4. C.M.S.L.P.S മുക്കു മുതൽ കാരുകുറ്റി മുക്കു വരെ

വാർഡ് VII

1. കോയിപ്പുറത്തുമുക്കു മുതൽ വടക്കോട്ടു മണിമന്ദിരത്തിനു കിഴക്കു വശത്തു കൂടി ആറുകടമ്പ തോടു വരെ.
2. ചെക്കാട്ടുമുക്കു മുതൽ കിഴക്കോട്ടു കറുകത്തറ പാലത്തിനു തെക്കുവശം വരെ
3. ഗ്യാലക്സി മുതൽ തെക്കോട്ട് തെക്കേ റോഡു വരെ
4. കണ്ണങ്കര പടിഞ്ഞാറേ മുക്കു മുതൽ വടക്കോട്ട് ആറുകടമ്പ തോടു വരെ
5. ഈരിയ്ക്കൽ പാലത്തിനു പടിഞ്ഞാറു വശം വയലിൽ കൂടി വടക്കോട്ട് അറുകടമ്പതോടു വരെ.

വാർഡ് VIII

1. കാട്ടുകണ്ടത്തിൽ മുക്കു മുതൽ തോണ്ടുതറപാലം വരെ
2. പുല്ലംപള്ളിൽ ജംഗ്ഷൻ മുതൽ റെയിൽവേ ലൈൻ വരെ.
3. പുളിന്താനത്തു ജംഗ്ഷൻ മുതൽ മുടിയിൽ പടിഞ്ഞാറു വരെ.
4. കളത്തിൽ ക്ഷേത്രത്തിനു പടിഞ്ഞാറുവശം മുതൽ പുത്തൻ തറയിൽ തടിപ്പാലം വരെ.
5. കൃഷ്ണമന്ദിരം മുക്കു മുതൽ തയ്യിൽ ജംഗ്ഷൻ വരെ
6. കാപ്പിലേത്തു മുക്കു മുതൽ പാലക്കോട്ടു മുക്കു വരെ
7. പാഞ്ചേരിൽ മുക്കു മുതൽ പടിഞ്ഞാട്ടു പടിഞ്ഞാറേ റോഡു വരെ.

വാർഡ് IX

1. സത്യാലയത്തിനു കിഴക്കു ഭാഗത്തുള്ള വയലിൽ കൂടി വടക്കേ റോഡു വരെ.
2. ഓച്ചിറ താമരക്കുളം റോഡിൽ ആദ്യത്തെ കലുങ്കിന്റെ ഭാഗത്തു നിന്ന് വടക്കോട്ടും അവിടെ നിന്നും കിഴക്കോട്ടും ഉള്ള നടവഴി
3. ചേങ്കര വടക്കുവശത്തു നിന്നും വടക്കേ റോഡു വരെ

വാർഡ് X

1. ശീലാന്തറ പാലം മുതൽ പടിഞ്ഞാറോട്ട് കൃഷ്ണപുരം കനാൽ വരെ.
2. പുഞ്ച വെളുമ്പേൽ മുക്കു മുതൽ N.H. 47 വരെ. (മലിഞ്ഞറ കോളനിയിലേക്കുള്ള റോഡ്)
3. തോണ്ടലിൽ കുന്നേൽ മുതൽ കുരവേലി മണൽപ്പുറം വരെ
4. J.J ആശുപത്രിയ്ക്കു കിഴക്കു വശം മുതൽ തെക്കോട്ട് തെൻ കാവിനു കിഴക്കു വശം വരെ.

വാർഡ് XI

1. ഈരിയ്ക്കൽ പടിഞ്ഞാറുവശം മുതൽ പരിച്ചിപ്പുഴ പടിഞ്ഞാറു വശം വരെ.
2. പുതുക്കാട്ടു കിഴക്കുവശം മുതൽ പാപ്പനാടി മുക്കു വരെ -
3. ആയിരത്തു വീടു മുതൽ തഴത്തോടു വരെ
4. കാർത്തികപ്പള്ളി മുക്കു മുതൽ നാലു കണ്ടത്തിൽ പടിഞ്ഞാറു വശം വരെ
5. പറമ്പിൽ മുക്കു മുതൽ കിടങ്ങിൽ മുക്കു വരെ.
6. വാഴശ്ശേരി മുക്കു മുതൽ പോടേത്തു വടക്കു വശം വരെ.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ അവയുടെ ഉടമസ്ഥത, ഇനം, നീളം, വീതി എന്നിവ താഴെ കൊടുത്തിരിന്ന പട്ടികകളിൽ വിവരിക്കുന്നു.

പട്ടിക 1 P.W.D റോഡുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം (km) | വീതി (m) | ഇനം |
|---|---|---|---|---|---|
| 1 | | മാരനാകുടിക്കൽ - മാന്ത്രക്കുഞ്ഞിൽ റോഡ് | 4 | 3 | ടാറിംഗ് |
| 2 | | മേനാത്തേരിൽ - പാറയ്ക്കൽ മുക്ക് | 3 | 8 | ടാറിംഗ് |
| 3 | | ഹൈൽത്ത് സെന്റർ റോഡ് - പഞ്ചായത്ത് ഓഫീസ് | .5 | 8 | ടാറിംഗ് |
| 4 | | പനമ്പിന്നാൽ കാവ് - മേവാഗ്രാമം മുക്ക് | .5 | 8 | മെറ്റൽ |
| 5 | | പനമ്പിന്നാൽ കാവ് - കൊച്ചുപാലം മുക്ക് | 1.5 | 6 | ടാറിംഗ് |

## പട്ടിക 2 പഞ്ചായത്ത് റോഡുകൾ (ടാർ ചെയ്തത്)

| ക്രമ നമ്പർ | വാർഡു നമ്പർ | റോഡ് | നീളം (മീറ്റർ) | വീതി (മീറ്റർ) | ഇനം |
|---|---|---|---|---|---|
| 1 | I | തെക്കാവ് മുക്ക് - ഞാറയ്ക്കാട്ട് മുക്ക് | 1500 | 6 | ടാറിംഗ് |
| 2 | I | ട്രാൻസ്ഫോർമറും - മീനത്തമൂല | 1500 | 4.5 | ഭാഗികമായി ടാറിംഗ് |
| 3 | I | ജി.എൽവി.സ്കൂൾ - തട്ടാരുമുക്ക് | 475 | 5 | ടാറിംഗ് |
| 4 | I | ഇടയൊടികാവ് മുക്ക് - മുട്ടത്ത് മുക്ക് വയൽ | 725 | 5 | ഭാഗികമായി ടാറിംഗ് |
| 1 | II | കോയക്കിൽ മുക്ക് - നബീരേത്ത് മുക്ക് | 750 | 5 | ടാറിംഗ് |
| 2 | II | കുറിച്ചിൽ മുക്ക് - മുൻസിപ്പൽ ലിമിറ്റ് | 300 | 3.5 | ടാറിംഗ് |
| 3 | II | മുളമൂട്ടിൽ മുക്ക് - തെക്കാവ് മുക്ക് | 300 | 3.5 | ടാറിംഗ് |
| 4 | II | N.S.S കരയോഗം മുക്ക് - ചാലയ്ക്കൽമുക്ക് | 300 | 6 | ടാറിംഗ് ഭാഗികമായി |
| 5 | II | പേരൂർ മുക്ക് - പഞ്ചായത്ത് അതൃത്തി | 450 | 6 | ടാറിംഗ് |
| 1 | V | പാവൂത്തറ മുക്ക് - ചിറയ്ക്കൽ കുറ്റി | 600 | 5 | ടാർ (ഭാഗികം) |
| 1 | VI | പാവൂർ മുക്ക് - കൃഷിഭവൻ മുക്ക് | 550 | 4 | ടാർ (ഭാഗികം) |
| 2 | VI | C.S.I ചർച്ച - ആറുകടമ്പതോട് | 100 | 6 | ടാർ |
| 1 | VII | കൊച്ചുകളീക്കൽമുക്ക് - പുളിമൂട്ടിൽ മുക്ക് | 150 | 5 | ടാർ |
| 2 | VII | തങ്കയത്തിൽ മക്ക് - താച്ചേത്തറമുക്ക് | 800 | 6 | ടാർ |
| 1 | VIII | വെളിയൽ മുക്ക് - ആഞ്ഞിലേഴത്ത് മുക്ക് | 1000 | 5 | ടാർ (ഭാഗികം) |
| 1 | IX | മരുതവനമുകക്ക് - പറത്തറമുക്ക് | 1200 | 6 | ടാർ (ഭാഗികം) |
| 2 | IX | സത്യാലയം മുക്ക് - അച്ചടിയിൽ പുരയിടം | 400 | 5 | ടാർ |
| 3 | IX | വയനകം മുക്ക് - പുളിമൂട്ടിൽ മുക്ക് | 600 | 4 | ടാർ |
| 4 | IX | പുതിയകാവ് മുക്ക് - മുൻസിപ്പൽ ലിമിറ്റ് | 300 | 5 | ടാർ |
| 1 | XI | താഴത്തോട് - കാട്ടിൽ മുക്ക് | 500 | 6 | ടാർ |
| 2 | XI | പടിഞ്ഞാറേതെരുവ് മുക്ക് - തോപ്പിൽ സ്ക്കൂൾ | 1800 | 8 | ടാർ |

*ആകെ ടാർ ചെയ്ത റോഡ് 16130 മീറ്റർ*
*ഗ്രാവൽ റോഡ് 46430 മീറ്റർ*
*ആകെ റോഡുകളുടെ നീളം 62560 മീറ്റർ*

കിലോ മീറ്റർ

## പട്ടിക 2 പഞ്ചായത്ത് റോഡുകൾ (ടാർ ചെയ്യാത്തത്)

| ക്രമ നമ്പർ | വാർഡു നമ്പർ | റോഡ് | നീളം (മീറ്റർ) | വീതി (മീറ്റർ) | ഇനം |
|---|---|---|---|---|---|
| 1 | I | ഞവരയ്ക്കൽ മുക്ക് - നെടുംകണ്ടത്തിൽ മുക്ക് | 750 | 4 | ഗ്രാവൽ |
| 2 | I | കുമ്പളത്ത് മുക്ക് - ബംഗ്ലാവിൽ മുക്ക് | 225 | 4 | ഗ്രാവൽ |
| 3 | I | തട്ടാരു മുക്ക് - നെടുവക്കാട്ട് മുക്ക് | 400 | 3½ | ഗ്രാവൽ |
| 4 | I | കവറാട്ടു മുക്ക് - ലക്ഷം വീട് മുക്ക് | 400 | 3½ | ഗ്രാവൽ |
| 5 | I | ലക്ഷം വീട് - മുൻസിപ്പാലിറ്റി റോഡ് | 100 | 3½ | ഗ്രാവൽ |
| 6 | I | പണിക്കവീട്ടിൽ മുക്ക് - കുഴുവേലിൽ മിക്ക് | 500 | 4 | ഗ്രാവൽ |
| 7 | I | മഠത്തിൽ മുക്ക് - ഇടയൊടിയ്ക്കൽ | 175 | 3½ | ഗ്രാവൽ |
| 8 | I | കാരുർകോട്ടുമുക്ക് - കണ്ടലിൽ കിഴക്ക് | 300 | 2 | ഗ്രാവൽ |
| 9 | I | താനുവേലി മുക്ക് - ഐക്കരേത്ത് മുക്ക് | 300 | 2 | ഗ്രാവൽ |
| 10 | I | ഞവരയ്ൽ മുക്ക് - ബംഗ്ലാവിൽ മുക്ക് | 150 | 4½ | ഗ്രാവൽ |
| 1 | II | പേരർ മുക്ക് - പനയ്ക്കൽ മുക്ക് | 200 | 4 | ഗ്രാവൽ |
| 2 | II | ചാലയ്ക്കൽ മുക്ക് - N.S.S കരയോഗം മുക്ക് | 500 | 3 | ഗ്രാവൽ |
| 3 | II | h.H.Y.S -ചാലയ്ക്കൽ കോളനി | 900 | 3.8 | ഗ്രാവൽ |
| 4 | II | മുളമൂഴിൽ മുക്ക് - തൈക്കാവ് | 550 | 3 | ഗ്രാവൽ |
| 5 | II | തൈക്കവ് - പൂവടിയിൽ | 375 | 6 | ഗ്രാവൽ |
| 6 | II | കോളശേരിമുകക്ക് - മുൻസിപ്പൽ ലിമിറ്റ് | 500 | 4 | ഗ്രാവൽ |
| 7 | II | കളപ്പുരക്കൽ - മുൻസിപ്പൽ | 350 | 4 | ഗ്രാവൽ |
| 8 | II | വള്ളുകപ്പള്ളി - പൂവടിയിൽ | 180 | 4 | ഗ്രാവൽ |
| 1 | III | പേരർമുക്ക - പൂവടിയിൽ മുക്ക് | 600 | 3 | ഗ്രാവൽ |
| 2 | III | പനച്ചകാവിൽ - തറയിൽ പടീകതിൽ | 300 | 3 | ഗ്രാവൽ |
| 3 | III | സൊസൈറ്റി - കാവുംകട | 1000 | 3 | ഗ്രാവൽ |
| 4 | III | കാവുംകടം - മടപ്പാട്ട് | 250 | 3 | ഗ്രാവൽ |
| 5 | III | പുരക്കൽമുക്ക് - കുറ്റിയിൽ | 300 | 3 | ഗ്രാവൽ |
| 6 | III | ഹോമിയോ - തച്ചിത്തറ | 300 | 3 | ഗ്രാവൽ |
| 7 | III | തോടിന്റെ തെക്കതിൽ - അബീമുക്ക് | 400 | 3 | ഗ്രാവൽ |
| 1 | IV | തേവലപ്പുറം - കുഴീലേത്ത് | 300 | 3 | ഗ്രാവൽ |
| 2 | IV | വെളിയിൽ മുക്ക് - ഇരണ്ടക്കൽ മുക്ക് | 500 | 3 | ഗ്രാവൽ |
| 3 | IV | ഇരണ്ടക്കൽ മുക്ക് - മണ്ണീരേത്ത് | 500 | 3½ | ഗ്രാവൽ |
| 4 | IV | ഇരണ്ടക്കൽ മുക്ക് - രവിമന്ദിരം | 225 | 3½ | ഗ്രാവൽ |
| 5 | IV | കിടങ്ങിൽ മുക്ക്,- കളത്തിൽ മുക്ക് | 300 | 4 | ഗ്രാവൽ |
| 6 | IV | കളത്തിൽ മുക്ക് - കുറ്റിക്കാട്ട് മുക്ക് | 550 | 4 | ഗ്രാവൽ |
| 7 | IV | പള്ളേത്ത് - വരേണിമുക്ക് | 200 | 4 | ഗ്രാവൽ |
| 8 | IV | കളീക്കൽ മുക്ക് - ലക്ഷ്മീശ്വരം | 500 | 4 | ഗ്രാവൽ |
| 9 | IV | പൗവ്വടത്ത് - കോളനിമുക്ക് | 100 | 2 | ഗ്രാവൽ |
| 10 | IV | കറുകത്തറമുക്ക് - കളീക്കൽ മുക്ക് | 700 | 4 | ഗ്രാവൽ |
| 11 | IV | ചെമ്പകശേരി - പ്രകാശ് ഭവനം | 200 | 3 | ഗ്രാവൽ |

## പട്ടിക 2 പഞ്ചായത്ത് റോഡുകൾ (ടാർ ചെയ്യാത്തത്)

| ക്രമ നമ്പർ | വാർഡു നമ്പർ | റോഡ് | നീളം (മീറ്റർ) | വീതി (മീറ്റർ) | ഇനം |
|---|---|---|---|---|---|
| 1 | V | ചിറക്കക്കുറ്റി - വേതാളംകാവ് | 350 | 4 | ഗ്രാവൽ |
| 2 | V | ചിറക്കക്കുറ്റി - ആരക്കണ്ടത്തിൽ കോളനി | 350 | 3 | ഗ്രാവൽ |
| 3 | V | മാവനാൽ കുഴി - പ്ലാന്തറ | 100 | 6 | ഗ്രാവൽ |
| 4 | V | കൊല്ലകകുഴി - പാണ്ടിശേരി | 600 | 3 | ഗ്രാവൽ |
| 5 | V | ചിറക്കക്കുഴി - പാവൂത്തറ | 400 | 5 | ഗ്രാവൽ |
| 6 | V | മുത്തനാട് മുക്ക് - ശ്രീരംഗത്ത് | 800 | 3 | ഗ്രാവൽ |
| 7 | V | തണ്ടാശേരി - ഹരിജൻ കോളനി | 300 | 3 | ഗ്രാവൽ |
| 8 | V | മഠത്തിൽ മുക്ക് - മുത്തിനാട് മുക്ക് | 125 | 2 | ഗ്രാവൽ |
| 9 | V | പള്ളേത്ത് - പെമ്പിളേത്ത് | 200 | 3 | ഗ്രാവൽ |
| 10 | V | N.N.M.U.P.S - പള്ളിത്തറ | 100 | 4 | ഗ്രാവൽ |
| 11 | V | മാവനാൽകുഴി - കലവറശേരി | 400 | 4 | ഗ്രാവൽ |
| 12 | V | വരനിളമുക്ക് - ലക്ഷംവീട്കോളനി | 50 | 3 | ഗ്രാവൽ |
| 1 | VI | കൃഷിഭവൻ - ആറുകടബത്തോട് | 400 | 6 | ഗ്രാവൽ |
| 2 | VI | ഗുരുമന്ദിരം - ആറുകടബത്തോട് | 350 | 3 | ഗ്രാവൽ |
| 3 | VI | കുറ്റിപ്പുറം ചന്ത - ആറുകടബത്തോട് | 250 | 4 | ഗ്രാവൽ |
| 4 | VI | കൃഷിഭവൻ - പാവൂർമുക്ക് | 500 | 4 | ഗ്രാവൽ |
| 5 | VI | കരിഞ്ഞപ്പള്ളി - ചെറുവിളേത്ത് | 300 | 3 | ഗ്രാവൽ |
| 6 | VI | കരിഞ്ഞപ്പള്ളി - വായനാശാല മുക്ക് | 250 | 7 | ഗ്രാവൽ |
| 7 | VI | വാത്തിപ്പറമ്പ് - പാട്ടത്തിൽ മുക്ക് | 550 | 4 | ഗ്രാവൽ |
| 8 | VI | പീടികയിൽ - പാറയിൽ മുക്ക് | 500 | 4 | ഗ്രാവൽ |
| 9 | VI | കുറ്റിപ്പുറം ചന്ത - പാട്ടത്തിൽ | 1000 | 8 | ഗ്രാവൽ |
| 10 | VI | C.M.S.L.P.S. - കാരുകുടിയിൽ | 200 | 3 | ഗ്രാവൽ |
| 11 | VI | ഗുരുമന്ദിരം മുക്ക് - വാണിപ്പറമ്പിൽ | 425 | 4 | ഗ്രാവൽ |
| 12 | VI | വയലിൽ മുക്ക് - കുരുബോലിൽ | 380 | 4 | ഗ്രാവൽ |
| 1 | VII | ചെക്കാട്ടു മുക്ക് - പുളിമൂട്ടിൽ മുക്ക് | 300 | 5 | ഗ്രാവൽ |
| 2 | VII | വായനശാല - കണ്ണീലേത്ത് | 450 | 3 | ഗ്രാവൽ |
| 3 | VII | മഠത്തിൽ മുക്ക് - ചിറയിൽ മുക്ക് | 750 | 3 | ഗ്രാവൽ |
| 4 | VII | പറത്തറ മുക്ക് - റെയ്ൽവേ ലൈൻ | 600 | 6 | ഗ്രാവൽ |
| 5 | VII | മീനത്തേരിൽ - ലക്ഷ്മീനിലയം | 200 | 3 | ഗ്രാവൽ |
| 6 | VII | കല്ലേത്ത് മുക്ക് - റെയിൽവേ ക്രോസ് | 100 | 3 | ഗ്രാവൽ |
| 7 | VII | ചക്കാലേത്ത് മുക്ക് - പുത്തൻപുര മുക്ക് | 600 | 3 | ഗ്രാവൽ |
| 8 | VII | മഠത്തിൽ മുക്ക് - കല്ലേത്തറ | 300 | 3 | ഗ്രാവൽ |
| 9 | VII | മീനത്തേരിൽ - ഇമ്പള്ളിൽ മുക്ക് | 200 | 3 | ഗ്രാവൽ |
| 10 | VII | ചാത്തവന - വാലാത്ത് മുക്ക് | 500 | 3 | ഗ്രാവൽ |
| 11 | VII | കറുകത്തറ - കൈരളീമുക്ക് | 400 | 3 | ഗ്രാവൽ |
| 12 | VII | റേഡിയോ മുക്ക് - വെളുത്തേരി വഴി വെട്ടത്തേത്ത് | 800 | 3 | ഗ്രാവൽ |
| 13 | VII | കണ്ണമ്പള്ളി - ലക്ഷം വീട് | 200 | 3 | ഗ്രാവൽ |
| 14 | VII | തണ്ടാൻ തറ - ഇരമത്തൂർ | 300 | 3 | ഗ്രാവൽ |
| 15 | VII | ലക്ഷംവീട് കോളനി റോഡ് | 100 | 3 | ഗ്രാവൽ |

## പട്ടിക 2 പഞ്ചായത്ത് റോഡുകൾ (ടാർ ചെയ്യാത്തത്)

| ക്രമ നമ്പർ | വാർഡു നമ്പർ | റോഡ് | നീളം (മീറ്റർ) | വീതി (മീറ്റർ) | ഇനം |
|---|---|---|---|---|---|
| 1 | VIII | ആഞ്ഞിലേഴത്ത് മുക്ക് - വെളിയിൽ മുക്ക് | 1200 | 5 | ഗ്രാവൽ |
| 2 | VIII | സേവാഗ്രാമം - താച്ചേത്തറ | 2000 | 6 | ഗ്രാവൽ |
| 3 | VIII | ആറുകടമ്പത്തോട് - റെയിൽവേ ക്രോസ് കളത്തിൽ മുക്ക് | 300 | 5 | ഗ്രാവൽ |
| 4 | VIII | കണ്ണമ്പള്ളി മുക്ക് - മുടിയിൽ മുക്ക് | 250 | 3½ | ഗ്രാവൽ |
| 5 | VIII | കൊച്ചു കുരുമ്പോലിൽ - റെയിൽവേ | 150 | 3½ | ഗ്രാവൽ |
| 6 | VIII | ച.S.S. കരയോഗം - പാലമൂട്ടിൽ തറയിൽ | 350 | 3½ | ഗ്രാവൽ |
| 7 | VIII | കുരിക്കശേരി മുക്ക് - പ്ലാവിളയിൽ | 250 | 3½ | ഗ്രാവൽ |
| 8 | VIII | പുല്ലമ്പള്ളി മുക്ക് - കരിഞ്ഞപ്പള്ളി | 450 | 4 | ഗ്രാവൽ |
| 9 | VIII | പ്ലാൻകീഴിൽ - തോണ്ടുതറപ്പാലം | 600 | 4 | ഗ്രാവൽ |
| 10 | VIII | കെട്ടിടത്തൽ - കാട്ടിൽ | 350 | 3 | ഗ്രാവൽ |
| 1 | IX | മുക്കവല മുക്ക് - കോട്ടക്കുഴി | 400 | 4 | ഗ്രാവൽ |
| 2 | IX | ശാസ്താവിന്റയ്യത്ത് - കുറ്റിത്തറ | 400 | 3 | ഗ്രാവൽ |
| 3 | IX | പുതിയകാവ് - അച്ചടിയൻ പുരയിടം | 200 | 3 | ഗ്രാവൽ |
| 4 | IX | ുളിമൂട്ടിൽ - ശാസ്താമുക്ക് | 400 | 3 | ഗ്രാവൽ |
| 5 | IX | ആറുകാബത്തോട് - മുൻസിപ്പൽ | 300 | 3 | ഗ്രാവൽ |
| 6 | IX | മൂർത്തി അയ്യത്ത് മുക്ക് - കണ്ടത്തിൽ പറമ്പ് | 150 | 3 | ഗ്രാവൽ |
| 7 | IX | അജന്താ ജംഗ്ഷൻഡ - ചാവടിയിൽ | 250 | 4 | ഗ്രാവൽ |
| 1 | X | കോയിക്കൽ മുക്ക് - തൈക്കാവ് | 125 | 3 | ഗ്രാവൽ |
| 2 | X | വാഴവിള ബത്ത് - ഓച്ചിറ ക്ഷേത്രം | 150 | 4 | ഗ്രാവൽ |
| 3 | X | പള്ളിമുക്ക - ചിലാന്തറപാലം | 1000 | 6 | ഗ്രാവൽ |
| 4 | X | ചിലാന്തറപാലം - കൃഷ്ണപുരം u.p.s | 700 | 6 | ഗ്രാവൽ |
| 5 | X | മേടയിൽ - കൃഷ്ണപുരം കനാൽ | 350 | 3 | ഗ്രാവൽ |
| 6 | X | കണ്ണങ്കാവ് - കൃഷ്ണപുരം കനാൽ | 350 | 3 | ഗ്രാവൽ |
| 7 | X | ഇലമ്പടത്ത് - മണ്ണാമുറി | 500 | 3 | ഗ്രാവൽ |
| 8 | X | ഉന്നക്കയ്യത്ത് - തഴത്തോട് | 300 | 6 | ഗ്രാവൽ |
| 9 | X | ഉണക്കലയത്ത് - തോണ്ടലിൽ കുന്നേൽ | 350 | 6 | ഗ്രാവൽ |
| 10 | X | പാവത്തേരിൽ - മണ്ണാമ്പറമ്പിൽ | 150 | 4 | ഗ്രാവൽ |
| 11 | X | കുറ്റിയിൽ മുക്ക് - മാരൂർ | 200 | 5 | ഗ്രാവൽ |
| 12 | X | K.T.D.C - കൃഷ്ണപുരം കനാൽ | 630 | 5 | ഗ്രാവൽ |
| 1 | XI | തൊണ്ടിയിൽ - കൊച്ചുവിട് | 300 | 6 | ഗ്രാവൽ |
| 2 | XI | തഴത്തോട് - പരിച്ചപ്പുഴ | 250 | 3½ | ഗ്രാവൽ |
| 3 | XI | കിളിക്കൽ മുക്ക് - മണക്കാട് | 1625 | 5 | ഗ്രാവൽ |
| 4 | XI | പുതുക്കാട്ട് - പൂളയിൽ | 400 | 4 | ഗ്രാവൽ |
| 5 | XI | കണിയാമുക്ക് - തഴത്തോട് | 400 | 8 | ഗ്രാവൽ |
| 6 | XI | വലിയവീട്ടിൽ - മണ്ണാമുറി | 450 | 4 | ഗ്രാവൽ |
| 7 | XI | കളക്കാട്ടു മുക്ക് - കുറത്തി മൂല | 250 | 3½ | ഗ്രാവൽ |
| 8 | XI | തോപ്പിൽ മുക്ക് - മേച്ചേരി ത്തറ | 200 | 3 | ഗ്രാവൽ |
| 9 | XI | ചക്കാലമുക്ക് - തഴത്തോട് | 300 | 3 | ഗ്രാവൽ |

# ഊർജ്ജം

കൃഷ്ണപുരം പഞ്ചായത്തിൽ ഏതാണ്ട് 35 വർഷത്തോളമായി വൈദ്യുതി എത്തിയിട്ട്. 35 വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിൽ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ ഏതാണ്ട് മുന്നു വാർഡുകളിൽ കായംകുളംമേജർ സെക്ഷന്റെകീഴിൽ നിന്നും 5 വാർഡികളിൽ ഓച്ചിറ മേജർ സെക്ഷന്റെ കീഴിലും ഒന്നാം വാർഡിന്റെ കിഴക്കൻ പ്രദേശത്തുള്ള 15 ഓളം വീടുകൾ കറ്റാനം സെക്ഷന്റെ കീഴിലും 10 ഓളം വീടുകൾ മാവേലിക്കര സെക്ഷ നിലുമാണ് നിയന്ത്രണം നടക്കുന്നത്. കൃഷ്ണപുരം പഞ്ചായത്തിലേക്കെത്തന്ന വൈദ്യുതി 10 ട്രാൻഫോർമറുകൾ വഴിയാണ് വിതരണം നടക്കുന്നത്. പഞ്ചായത്തൽ ഉപഭോക്താക്കൾ കറണ്ട് ചാർജ്ജ് അടക്കുന്നത് ഓച്ചിറ, കൃഷ്ണപുരം, കായംകുളം, കറ്റാനം, കാപ്പിൽ സബ്സെന്റർ മാവേലിക്കര, വള്ളിക്കുന്നം എന്നിവിടങ്ങളിലാണ്. പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ ട്രാൻസ്ഫോ ർമറുകളും അധിക ഭാരം വഹിക്കുന്നവയാണ്. ഗാർഹിക ഇപഭോക്താക്കൾ മുഴുവനും വേൾട്ടേജ് കുറവിനെക്കുറിച്ച് പരാധി ഉള്ളവരാണ്. അതുകൊണ്ട് തന്നെ മിക്ക ഗ്രാമ ങ്ങളിലും ട്രാൻസ് ഫോർമറിനൻന്റെ ആവശ്യകതയെ ക്കുറിച്ചുള്ള പരാധികൾ ഉയർന്നു വരിന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്താകെ 6 കിലോമീറ്റൾ 611 KV ലൈനുകളും 2 കിലോമീറ്റർ ത്രീഫേസ് ലൈനുകളും 14 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ 55 ട്യൂബുകൾ അടക്കം 405 സ്ട്രീറ്റ ലൈറ്റുകൾ മാത്രമാണ് ഉള്ളത്. എന്നാൽ 70% ത്തോളെ പ്രവർത്തനയോഗ്യ മായിക്കണുന്നില്ല.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ബോർഡിന്റെ പല ഓഫീസിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന വിഷമങ്ങൾക്ക് പുറമെ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമമനുഭവപ്പെടുന്നു.
3. പ്രേക്ഷണവിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു പ്രശ്നമായി തുടരുന്നു.
4. പഞ്ചായത്തിലെ ഹരിജൻ കോളനികളും, ലക്ഷംവീട് കോളനികലും ഹരിജൻ പോക്കറ്റുകളും വൈദ്യുതീകരിച്ചിട്ടില്ല.
5. പഞ്ചായത്തിൽ 55 പ്ലൂറസെന്റ് ട്യൂബുകളും 350 തെരുവ് വിളക്കുകളും മാത്രമാണുള്ളത്.
6. വൈദ്യുതിയുടെ ഉപഭോഗം കെ.എസ്.ഇ.ബിക്ക് കണക്കാക്കാൻ കഴിയുന്നതിനേക്കാൾ വളരെ കൂടുതലാണ്.
7. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, അതായത് ജനങ്ങളുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിമുഖതാ, എന്നിവ ജനങ്ങൾക്കുള്ള വിഷമങ്ങൾ വർദ്ദിപ്പിക്കുന്നു.

**സാദ്ധ്യതകൾ**

1. വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനെക്കാൾ എത്രയോ അധികമാണ് വൈദ്യുതിയുടെ ഉപഭോഗം. സമ്പന്ന കുടുംബങ്ങളിൽ (സ്റ്റെപ്-അപ്) നിയന്ത്രണമില്ലതെ ഉപയോഗിക്കുന്നത് കാരണം മറ്റു വീടുകളിൽ വോൾട്ടേജ് കുറയുന്നു. പ്രേക്ഷണ-വിതരണ രംഗങ്ങളിൽ വരിന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാവുന്നു. മരച്ചില്ലകളും മറ്റും ലൈനുകളിൽ തട്ടിയുണ്ടാകുന്ന തടസങ്ങൾ നിത്യ സംഭവങ്ങലാണ്. ഇതരം കാര്യങ്ങൾ ശ്രദ്ധിക്കാൻ പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഏകദേശം 17.5 K.M., 11 KV ലൈനുകളും 15 km ത്രീഫേസ് ലൈനുകളും 15 km സിംഗിൾ ഫേസ് ലൈനുകലും ആവശ്യമാണ്. തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതാത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്കും പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ചേർത്ത് ഒരേ ഓഫീസിന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കണം. പഞ്ചായത്തിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണുന്നതിന് സ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 10% ത്തിൽ താഴെയെ വരു.

പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും, സോളാർ വിളക്കുകളെപ്പറ്റിയും ഗോവരർ ഗ്യാസിനെപ്പറ്റിയും സംഘടനകളും, സാമൂഹ്യപ്രവർത്തകരും ഉള്ള പ്രദേശമായതിനാൽ അനർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയും ഖാദി ആന്റ് വല്ലല്ലേജ് ഇന്റസ്ട്രീസ് കമ്മീഷന്റെയും സഹകരണത്തോടെ പഞ്ചായത്ത് മുൻകൈ എടുത്ത് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും വീടുകളിലെ ദിരുപയോഗം തടയാനും, അപകടങ്ങൾ തടയുവാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി സന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉണ്ടാക്കണം. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നല്ലതുപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ വീടുകളിലെ ഉപയോഗത്തിനും, കവല വിളക്കുകൾക്കും സോളാർ വിളക്കുകളെ ആദാരമാക്കിയുള്ള ഒരു പഞ്ചായത്ത് സംവിധാനം ആവശ്യമാണ്.

ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം മാവേലിക്കര സബ്സ്റ്റേഷനിൽ നിന്നുള്ള ചെങ്ങന്നൂർ ഫീഡറിന്റെ അവസാന ഭാഗവും, കായംകുളം ഫീഡറിന്റെ അവസാനഭാഗവും ആയതിനാൽ ഏത് തരത്തിലുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് സംവിധാനം ഉണ്ടാക്കിയാലും നമ്മുടെ പഞ്ചായത്തിലെ വേൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുവാൻ സാധ്യമല്ല.

1. അടിയന്തിരമായി മേൽപ്പറഞ്ഞ മൂന്ന് ഫീഡറിന്റെ അവസാനഭാഗങ്ങളായി നിൽക്കുന്ന ഓച്ചിറ, കൃഷ്ണപുരം, വള്ളിക്കന്നം, ഭരണിക്കാവേ, കായംകുളം, മാവേലിക്കര, എന്നീ വൈദ്യുതി വിതരണ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു സബ്സ്റ്റേഷൻ നിർമ്മിച്ചാൽ മാത്രമെ ഈ മേഖലയിലെ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുവാൻ സാധ്യമാവൂ.

2. കായംകളം സബ്സ്റ്റേഷന്റെ പണി പൂർത്തീകരിച്ചാൽ കൃഷ്ണപുരം, ഓച്ചിറ, എന്നീ വിതണ ഓഫീസുകളെ കായംകളം സബ്സറ്റേഷനുമായി ബന്ധിപ്പിക്കുക.

3. സബ്സ്റ്റേഷനുകൾ മുതൽ ട്രാൻസ്ഫോർമറുകൾ വരെയുള്ള ഫീഡറുകളുടെ നീളക്കുടുതൽ വോൾട്ടേജ് ഡ്രോപ്പ് ഉണ്ടാക്കുവാൻ കാരണമാണ്. ആയതിനാൽ ഓരോ കിലോമീറ്റർ ഇടവിട്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചെങ്കിലൽ മാത്രമെ നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സാധിക്കൂ.

4. കൃഷ്ണപുരത്തു സ്ഥിതി ചെയ്യുന്ന തെങ്ങുഗവേഷണ കേന്ദ്രം വരെ 11 KV ലൈൻ കായംകുളത്തുനിന്ന് എത്തിയിട്ടുള്ളത് കൊണ്ട് കാപ്പിൽ മെക്ക് ട്രാൻസ്ഫോർമർവരെ കായംകുളത്തു നിന്നുള്ള കണക്ഷൻ കൊടുത്താൽ ഒരു പരിധിവരെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.

5. അത്യാവശ്യമായി ഏറ്റവും കുറഞ്ഞത് ദേശത്തിനകം,പുള്ളിക്കണക്ക്, ചാലക്കൽ ഭാഗം, മന്നത്ത് ഭാഗം, വിശ്വഭാരതി ജംഗ്ഷൻ, ഹെൽത്ത് സെന്റർ ജംഗ്ഷൻ, പറത്തറ ജെഗ്ഷൻ, കറുകത്തറ ജെഗ്ഷൻ കരിഞ്ഞപ്പള്ളി ജംഗ്ഷൻ, കുറ്റിത്തറ ജെഗ്ഷൻ, കൊച്ചുമുറി കളയ്ക്കാട്ട് ജെഗ്ഷൻ എന്നിവിടുങ്ങളിൽ ഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

മറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിച്ചട്ടങ്ങൾ ലഘൂകരിക്കുക.

2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയുംതെരുവിവിളക്കുകൾ ഇല്ലാത്ത റോഡുകൾ തെരുവു വിളക്കുകൾ സ്ഥാപിക്കുക

3. കൃഷ്ണപുരം പഞ്ചായത്തിലെ 1.5 കി.മീ നാഷണൽ ഹൈവേ കടന്നു പോകുന്ന. ഇവിടെ 15 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

## മാർക്കറ്റ്


കൃഷ്ണപുരം പഞ്ചായത്തൽ രണ്ട് ചന്തകളാണ് ഉള്ളത്. 1. കുറ്റിതെരുവിലും 2. കാപ്പിൽ കുറ്റിപ്പുറത്തും. രണ്ടും സ്വകാര്യ വ്യക്തികളുടെ വകയാണ്. പ്രധാനമായും മത്സ്യവും മാംസവും പച്ചക്കറികളുമാണ് ഇവിടെ കച്ചവടം ചെയ്യപ്പെടുന്നത്. നെല്ല്, നാളീകേരം എന്നിവയാണ് പഞ്ചായത്തലെ പ്രധാന വിളകൾ. അടയ്ക്കാ, കശുവണ്ടി, എല്ല്, നേന്ത്രക്കായ് എന്നിവയും ചെറിയതോതിൽ കൃഷിചെയ്തു വരുന്നു. ധാരാളം ജനങ്ങൾ കോഴിവളർത്തലിനും എർപ്പെട്ടിരിക്കുന്നു. ഇവയുടെ വിപണനത്തന് ഉള്ളസൗകര്യം ഇപ്പോൾ പഞ്ചായത്തിലില്ല. കായംകളം, ഓച്ചിറ, ചൂനാട്, എന്നീ പ്രദേശങ്ങളിൽ കൊണ്ടു പോയി ഉൽപന്നങ്ങൾ വിൽക്കുകയാണ് ഇപ്പോൾ ചെയ്തു രിന്നത്. പഞ്ചായത്തിലെ പ്രധാന

ഉൽപന്നമായ നാളീകേരത്തിനെങ്കിലും ഒരു പൊതുവിപണിയോ വിശ്വസിക്കാവുന്ന സ്വകാര്യ വിപണിയോ ആവശ്യമാണ്.

**നിർദ്ദേശങ്ങൾ**

1. രണ്ടാംകുറ്റി, പേരൂർമുക്ക് അജന്താ ജംഗ്ഷൻ, കൊച്ചുമുറി, കണിയാമുക്ക് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച പബ്ലിക്ക് മാർക്കറ്റ് ഉണ്ടാകേണ്ടതാണ്. സ്വകാര്യ മാർക്കറ്റും സംരംഭങ്ങലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
2. പഞ്ചായത്തിൽ കുറഞ്ഞത് രണ്ട് കൺസ്യൂമർ സൊസൈറ്റികളെങ്കിലും ഉണ്ടാകണം.

❖❖❖❖❖❖



# പാർപ്പിടവും സാമൂഹ്യക്ഷേമവും

കാർഷിക പ്രധാന്യമുള്ളതും വിദ്യാഭ്യാസപരമായി മുന്നോക്കം നില്ക്കുന്നതുമായ ഒരു പഞ്ചായത്താണ് കൃഷ്ണപുരം. കൃഷിയാണ് ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം. എങ്കിലും ഗൾഫ് പണവും ജനങ്ങളുടെ ജീവിതരീതിയെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ പണം സ്വരൂപിച്ച് പഞ്ചായത്തിന്റെ സമൂലവികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള

(പട്ടിക 1)

വീടുകളുടെ വാർഡു തലത്തിൽ

| ക്രമ നമ്പർ | വാർഡ് | ഒന്നിൽക്കൂടുതൽ നില-കളുള്ള കെട്ടിടങ്ങൾ | കോൺക്രീറ്റ് വീടുകൾ | ഓടിട്ട - വീടുകൾ | ഓല മേഞ്ഞ വീടുകൾ |
|---|---|---|---|---|---|
| 1 | I | 6 | 160 | 80 | 170 |
| 2 | II | 8 | 165 | 68 | 172 |
| 3 | III | 6 | 90 | 50 | 172 |
| 4 | IV | 9 | 88 | 70 | 170 |
| 5 | V | 8 | 100 | 67 | 178 |
| 6 | VI | 6 | 140 | 82 | 145 |
| 7 | VII | 5 | 140 | 74 | 175 |
| 8 | VIII | 6 | 120 | 67 | 160 |
| 9 | IX | 8 | 150 | 60 | 154 |
| 10 | X | 10 | 142 | 65 | 174 |
| 11 | XI | 3 | 125 | 67 | 179 |
| ആകെ | | 75 | 1420 | 750 | 1850 |

സംവിധാനം നിലവിലില്ല.

## പാർപ്പിടം

പഞ്ചായത്തിൽ പൊതുവ "ഓലമേഞ്ഞ" വീടുകളാണധികവും. പഞ്ചായത്തിന്റെ ആകെയുള്ള 6190 വീടുകളിൽ 1850 ഓലമേഞ്ഞ വീടുകളും 750 ഓടിട്ടവീടുകളും 1495 കോൺക്രീറ്റ് വീടുകളും ആണ് ഉള്ളത്. കോൺക്രീറ്റ് വീടുകളിൽ 75 എണ്ണം ഒന്നിലധികം നിലകളുള്ളതുമാണ്.

1991 ലെ സെൻസസ്സ് പ്രകാരം സ്വന്തമായി തല ചായ്ക്കാൻ ഇടമില്ലാതെ ബന്ധുക്കളുടെ വീടുകളിലും വാടക വീടുകളിലും അഭയം പ്രാപിച്ചിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം 37 ആണ് ഇപ്പോൾ ഇതിലും വളരെ കൂടുതലാണ്. ഇവരിൽ അധികം പോരും കൂലി പണിക്കാരാണ്.

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവർ പഞ്ചായത്തിൽ 1887 കുടുംബങ്ങൾ ഉണ്ട്. ഇതിന്റെ 115% വീടുകൾ കൂടിയെങ്കിലും വരുന്ന പദ്ധതി കാലത്ത് പഞ്ചായത്തിൽ നിർമ്മിച്ചാൽ ഒരു പക്ഷെ ങ്ങനെയൊരു ദുരവസ്ഥയിൽ നിന്നും പഞ്ചായത്തിലുള്ള 90% വരെയെങ്കിലും രക്ഷിക്കുവാൻ കഴിയും.

ഇപ്പോൾ ഇന്ദിര ആവാസ് യോജന (IAY) മില്ല്യൻ പെൻ പെൻ സ്കീം (MWS) എന്നീ പദ്ധതികൾ പ്രകാരമാണ് പഞ്ചായത്തിൽ പ്രധാനമായും ഭവനനിർമ്മാണ സഹായം ലഭിച്ചു കൊണ്ടിരിക്കുന്നത്. 1992-1993 മുതൽ 1995-96 വരെ ഈ പദ്ധതി പ്രകാരം 73 വീടുകളാണ് പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളത്. ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് അപര്യാപ്തമാണ്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന 2200/- രൂപയിൽ നിന്ന് 40 000/- രൂപയായി വർദ്ധിപ്പിച്ചാൽ ഇത് കൂടുതൽ പ്രയോജനകരമാണ്.

പഞ്ചായത്തിൽ ഭവനനിർമ്മാണ വായ്പകൾ ലഭിക്കുന്നത് കാർത്തികപ്പള്ളി താലൂക്കേ ഗ്രാമവികസന ബാങ്കു വഴിയും (LMB) ഹൗസിംഗ് ബോർഡ് വഴിയും ആണ്. ഈ സ്ഥാപനങ്ങളിലെ സങ്കീർണ്ണമായ വ്യവസ്ഥകൾ നിമിത്തം വായ്പകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഈ സഹായം പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുവാനുള്ള പുതിയ സംവിധാനം ഉണ്ടാക്കിയാൽ കൂടുതൽ പേർക്കും പ്രയോജനം ചെയ്യും.

ഭവനനിർമ്മാണബോർഡിലൂടെ നടപ്പാക്കുന്ന "രാജീവ് ദശലക്ഷം ഭവന നിർമ്മാണ" പദ്ധതിയാണ് പഞ്ചായത്തിൽ നിലവിലുള്ള മറ്റൊരു സ്കീം. ഈ പദ്ധതി പ്രകാരം 26400/- രൂപയാണ് ലഭിക്കുന്നത്. ഇതിൽ 9000 രൂപ ഗ്രാന്റും ബാക്കി ലോണുമാണ്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന "മൈത്രി ഭവന ദാന" പദ്ധതി പഞ്ചായത്ത് വഴി നടപ്പിലാക്കേണ്ടതാണ്. വീട് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ വൻപിച്ച വിലക്കയറ്റം മൂലം ഈ രംഗത്തിലെ തൊഴിലാളികളുടെ കൂലി വർദ്ധനയും ഈ തുക അപര്യാപതമാണ്. ആയതിനാൽ ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തുക 50000 രൂപയായി (15000 രൂപ ഗ്രാന്റും 35000 രൂപ ലോണുമായ) ഉയർത്തിയാൽ ഇതിലൂടെ സഹായം ലഭിക്കുന്നവർക്ക് കൂടുതൽ പ്രയോജനപ്പെടും.

**നിർദ്ദേശങ്ങൾ**

1. ഹൗസിംഗ് ബോർഡ് ഓഫീസ്സ് താലൂക്ക് തലത്തിൽ ആരംഭിക്കുക.
2. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുക.
3. സാധനങ്ങളുടെ വിലയും, കൂലിയും മറ്റും വർദ്ധിച്ചതിനാൽ ഭവനനിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് ക്രമീകരണം ഉണ്ടാക്കം.
4. വാർഡുതലത്തിൽ " ലേബർ ബാങ്കുൾ" രൂപീകരിച്ച് വിദഗ്ദ്ധ, അവിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുക.
5. കൈരളി ഭവന നിർമ്മാണ പദ്ധതി പുനരാരംഭിക്കുക.
6. വായ്പ വ്യവസ്ഥകൾ ലഘൂകരിക്കുക.
7. വീടിന്റെയും, വീടു നിർമ്മിക്കുന്ന സ്ഥലത്തിന്റെയും ഈടിന്മേൽ വായ്പ ലഭ്യമാക്കുക.
8. ഭവന നിർമ്മാണവായ്പക്കാവശ്യമായ എല്ലാവിധ ഫാറങ്ങളും പഞ്ചായത്തു വഴി വിതരണം ചെയ്യുക

9. പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശ രേഖ ലഭ്യമാക്കുക.

10. L.I.C തുടങ്ങി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് 'സ്പോൺസർ' ആകുക.

11. നാലുലക്ഷം രൂപയിൽ അധികം മുടക്കുമുതൽ ഉണ്ടാകുന്ന ഭവനങ്ങൾ നിർമ്മിക്കുന്നവരിൽ നിന്ന് നാലുലക്ഷത്തിൽ അധികം വരുന്ന സംഖ്യയുടെ നിശ്ചിത ശതമാനം തുക പഞ്ചായത്തിന് ലഭ്യമാക്കി പഞ്ചായത്തു തലത്തിൽ ദുർബല ഭവന നിർമ്മാണ ഫണ്ടിന് രൂപം നല്കുക.

12. സ്ഥലമില്ലാത്തവർക്ക് അഞ്ചുസെന്റ് സ്ഥലം വീതം ലഭ്യമാക്കണം.

13. ഭവനനിർമ്മാണ വായ്പയുടെ പലിശ ഇളവു ചെയ്യുകയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്യുക.

14. വളരെയേറെ പ്രശസ്തി നേടിയ രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പാക്കാനൊക്കാത്ത സാഹചര്യമാണുള്ളത്. സെന്റിന് 2500 രൂപയാണ് സർക്കാർ വസ്തുവിന്റെ വില നിശ്ചയിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായ തുകയാണ്. ആകയാൽ ഈ പഞ്ചായത്തിൽ മാർക്കറ്റു വിലയ്ക്ക് രണ്ടര ഏക്കർ വസ്തു വാങ്ങി ടി സ്ക്കീമിൽ വീടുവയ്ക്കുന്നതിന് വേണ്ടി നിയമം ഭേദഗതി ചെയ്ത് ഈ പദ്ധതി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കണം.

15. പ്രകൃതിക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെടുന്നവർക്കായുള്ള ഭവനനിർമ്മാണ സഹായം പഞ്ചായത്തിൽ ലഭിക്കുന്നില്ല. ഈ പദ്ധതി പ്രകാരം 15000 രൂപയാണ് ലഭ്യമാകുന്നത്. ഈ സംഖ്യ 40000 രൂപയാക്കി ഉയർത്തി പഞ്ചായത്തിന് ലഭ്യമാക്കുക.

16. കൃഷ്ണപുരം പഞ്ചായത്തും ദേവികുളങ്ങര പഞ്ചായത്തും ഉൾക്കൊള്ളിച്ച് Q 175-ാം നമ്പരായി ഒരു ഭവന നിർമ്മാണ സഹകരണസംഘം പ്രവർത്തന രഹിതമായി കിടക്കുന്നുണ്ട്. അത് പുനർജ്ജീവിപ്പിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിന് നടപടി ഉണ്ടാകണം.

പഞ്ചായത്തിലെ ഭവന രഹിതരെ പൊതുവെ 1. പൂർണ്ണായും സർക്കാർ സഹായം ലഭിക്കേണ്ടവർ 2. .സർക്കാർ സഹായത്തോടൊപ്പം വായ്പയും ലഭ്യമാക്കി വീടു നിർമ്മിക്കാൻ കഴിയാത്തവർ 3. പൂർണ്ണായും വായ്പ ലഭിച്ചാൽ വീടു നിർമ്മിക്കാൻ കഴിയുന്നവർ എന്ന ക്രമത്തിൽ തരം തിരിച്ച് ഭവന നിർമ്മാണ സഹായം ലഭ്യമാക്കാവുന്നതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേരംഗത്ത് പഞ്ചായത്തിൽ നിലവിലുള്ള പല പദ്ധതികളും പുനസംഘടിപ്പിക്കുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും വഴി ഈ രംഗത്ത് പ്രകടമായ മാറ്റം വരുത്തുവാൻ സാധിക്കും.

സമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള പരിപാടികളും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

സർക്കാർ നേരിട്ട് നടപ്പിലാക്കുന്നവയും ക്ഷേനിധി ബോർഡുകൾ നടപ്പാക്കുവന്നവയുമാണ് ഇവയിൽ പ്രധാനപ്പെട്ടവ. ഇവ കൂടാതെ പട്ടികജാതി വികസന കോർപ്പറേഷൻ വഴിയും, പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴിയും ഉള്ള ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കി വരുന്നുണ്ട്.

**കുറ്റ**

പ്രധാനമായും പഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമപ്രവർത്തനം ആണ് ബ്ലോക്കു വഴിയുള്ള IRDP . കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ഈ പദ്ധതിയിൽ 212 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. സഹായത്തിന് അർഹതയുള്ള 1136 കുടംബങ്ങൾ ഇനിയും പഞ്ചായത്തിലുണ്ട്.

ദേശസാൽകൃത ബാങ്കുകൾ വഴിയാണ് ഈ പദ്ധതിയിൽ പ്രധാനമായും നടപ്പിലാക്കി വരുന്നത്. സഹകരണ മേഖലയുടെ ഈ രംഗത്ത പ്രവർത്തനം പഞ്ചായത്തിൽ തൃപ്തികരമല്ല. സഹകരണ മേഖലയെ ഈ രംഗത്ത് സജീവമാക്കിയാൽ ഈ പദ്ധതികൾ വഴിയുള്ള പ്രയോജനം

കൂടുതൽ ഫലപ്രദമാകും.

DWCRA (Development for Women and Children in the Rural Areas)

ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തെ ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പഞ്ചായത്തിലെ VII ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന 'പരബ്രഹ്മോദയ' പർപ്പിടക നിർമ്മാണ യൂണിറ്റ് വഴി പതിനൊന്ന് സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാണ്.

III, IV വാർഡുകൾ കേന്ദ്രീകരിച്ച് പത്ത് വനിതകൾക്കും തൊഴിൽ ലഭിക്കത്തക്ക രീതിയിൽ തഴപ്പായ് നെയ്ത്ത് യൂണിറ്റിന്റെ രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

പഞ്ചായത്തിൽ കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭിക്കത്തക്ക രീതിയിൽ ഈ പദ്ധതികൾ വിപുലികരിക്കേണ്ടിയിരിക്കുന്നു.

**ട്രൈസം**

പതിനെട്ടു വയസ്സിനും മുപ്പത്തിയഞ്ചു വയസ്സിനും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കി. സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതാണീ പദ്ധതി. ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി ക്രമം ലഘൂകരിച്ച് കൂടുതൽ ആളുകൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുവാൻ കഴിയണം. പരിശീലനം ലഭിക്കുന്നവർക്കുള്ള സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കണം.

**ടൂൾകിറ്റ്**

ഗ്രാമീണ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൻ പ്രകാരം പഞ്ചായത്തിൽ 7 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

**ഇRജ (ഇലിയുമഹ Rയുമഹ ടമിശമേേശീി ജൗിയുമാല)**

ഈ പദ്ധതിപ്രകാരം 1992-93 വർഷം മുതൽ 1995-96 വർഷം വരെ 37 കക്കൂസുകൾ ആണ് ലഭിച്ചിട്ടുള്ളത്. IRDP സർവ്വെ പ്രകാരം 934 കുടുംബങ്ങൾക്ക് ESP കക്കൂസുകൾ പോലും ഇല്ലാത്തവർ ആണ്. ആവശ്യകതയുമായി ബന്ധപ്പെടുത്തുമ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള കക്കൂസുകൾ തീരെ അപര്യാപ്തമാണ്. ഇത് പഞ്ചായത്തിലെ വലിയ ഒരു ആരോഗ്യപ്രശ്നമായി മാറിയിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുന്നതിന് ഒരു പ്ലാൻ തയ്യാറാക്കി CRSP പ്രകാരം ലഭിക്കുന്ന കക്കൂസിനുള്ള ധനസഹായം 2500 രൂപയിൽ നിന്നും 5000 രൂപയാക്കി വർദ്ധിപ്പിച്ചാൽ ഇത് കൂടുതൽ പ്രയോജനപ്രദമാകും.

**അംഗൻവാടി**

പഞ്ചായത്തിന്റെ 11 വാർഡുകളിലായി 17 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. '1000 ജനസംഖ്യക്ക് ഒന്ന്' എന്ന ലക്ഷ്യത്തിൽ എത്തിയിട്ടില്ല. 1, 2,, 5, 8, 9 എന്നീ വാർഡുകളിൽ ഒന്നു വീതം അംഗൻ വാടികൾ മാത്രമാണുള്ളത്. ഈ വാർഡുകളിൽ അടിയന്തിരമായി ഓരോ അംഗൻ വാടികൾ കൂടി സ്ഥാപിക്കണം. പഞ്ചായത്തിൽ രണ്ട് അംഗൻ വാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ളവയ്ക്ക് സ്ഥലമോ കെട്ടിടമോ ഇല്ല. ഇവർക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.

വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന അംഗൻവാടി പ്രവർത്തകർക്ക് തുച്ഛമായ വരുമാനമാണുള്ളത്. ഇവരെ സ്ഥിര സർക്കാർ ജീവനക്കാരാക്കി മാറ്റണം.

**വില്ലേജ് ഓഫീസുകൾ വഴിയുള്ള പെൻഷൻ പദ്ധതികൾ**

സാമൂഹ്യക്ഷേമരംഗത്ത് റവന്യുവകുപ്പ് വഴി നടപ്പാക്കി വരുന്ന പെൻഷനുകളും വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതികളും ആണ്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ചുമതല പഞ്ചായത്തിന് വിട്ടുകൊടുക്കുകയും ഈ പദ്ധതി മൂലമുള്ള ധനസഹായം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും വഴി കൂടുതൽ ഉപഭോക്താക്കൾക്ക് പ്രയോജന പ്രദമാകും.

*വിധവാ പെൻഷൻ*

പഞ്ചായത്തിൽ 113 വിധവകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. പ്രായപൂർത്തിയായ ആൺമക്കളുള്ളതുകൊണ്ട് നിർദ്ധരരായ വിധവകൾക്ക് ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ ചട്ടം

ലഘൂകരിച്ച് അർഹരായ മുഴുവൻ വിധവകൾക്കും ഈ പദ്ധതി മുലമുള്ള സഹായം ലഭ്യമാക്കണം.

*വികലാംഗപെൻഷൻ*

പഞ്ചായത്തിലെ 120 അംഗങ്ങൾക്ക് ഈ പദ്ധതിമൂലമുള്ള സഹായം ലഭിക്കുന്നു. വികലാംഗർക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാൻ PHC കൾ വഴി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടി ഉണ്ടായാൽ കൂടുതൽ പ്രയോജനപ്രദമാണ്.

*വാർദ്ധക്യകാല പെൻഷൻ*

41 പേർക്ക് പഞ്ചായത്തിൽ ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നു. 20 വയസ്സുള്ള ആൺമക്കൾ ഉണ്ടെന്ന കാരണത്താൽ നിർദ്ധനരായ വൃദ്ധർക്ക് ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ നടപടി ക്രമം ഇളവു ചെയ്യുകയും അടുത്ത 5 വർഷത്തിൽ 10% വർദ്ധനവുണ്ടാകുകയും ചെയ്താൽ കൂടുതൽ നിർദ്ധനരായ വൃദ്ധകൾക്ക് പ്രയോജന പ്രദമാണ്.

*കർഷക തൊഴിലാളി പെൻഷൻ*

അർഹരായ മുഴുവൻ ആൾക്കാർക്കും ഇത് ലഭ്യമാക്കണം. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തിനു നല്കുക വഴി ഇതു കൂടുതൽ ആളുകൾക്ക് പ്രയോജനം ചെയ്യും.

*തൊഴിലില്ലായ്മ വേതനം*

നമ്മുടെ പഞ്ചായത്തിൽ 1289 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നു. ഇതിൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള അവകാശം ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നതു വഴി ഇതു കൂടുതൽ പ്രയോജനം ചെയ്യും.

തയ്യൽ തൊഴിലാളി ക്ഷേനിധി

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തയ്യൽ തൊഴിലാളികളേയും ക്ഷേമനിധികൾ അംഗങ്ങളാക്കണം.

*കയർ തൊഴിലാളി ക്ഷേമനിധി*

സമീപ പ്രദേശമായ ദേവകുളങ്ങരയിലും മറ്റും പോയി കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ഇവരെ ക്ഷേനിധിയിൽ അംഗങ്ങളാക്കുവാൻ വേണ്ട നടപടിയുണ്ടാവണം. ഈ പഞ്ചായത്തിന്റെ II, IV, X, XI വാർഡുകളിലാണ് കയർ തൊഴിലാളികൾ അധികവും

*കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിൽ നിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ വളരെ കൂടുതലാണ്. ഇതിൽ നല്ലൊരു ശതമാനം ആളുകളും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണം.

*കർഷകതൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗം കാർഷിക രംഗമാണ്. ഈ രംഗത്തു പണിയെടുക്കുന്ന തൊഴിലാളികൾ അസംഘടിതരാണ്. മുഴുവൻ കർഷകതൊഴിലാളികളേയും ക്ഷേനിധിയിൽ അംഗങ്ങളാക്കുന്നത് കൂടുതൽ പ്രയോജനപ്രദമാണ്.

*മരംകയറ്റം തൊഴിലാളി ക്ഷേമനിധി*

ആഭരണ തൊഴിലാളികൾ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്നവരും, അപകട സാദ്ധ്യത കൂടുതലുള്ള മേഖലയുമാണ്. ഈ തൊഴിലാളികളെ ക്ഷേമിനിധിയിൽ അംഗങ്ങളാക്കുകയും അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുകയു ചെയ്താൽ കൂടുതൽ പ്രയോജനപ്രദമാണ്.

*ആഭരണതൊഴിലാളിക്ഷേമനിധി*

ആഭരണ തൊഴിലാളികൾപഞ്ചായത്തിൽ വളരെ കൂടുതലുണ്ട്. ക്ഷേമനിധി പ്രവർത്തനം വേണ്ടത്ര ഇല്ല.

*തഴപ്പായ് നെയ്ത്ത് തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിലെ തഴപ്പായ് നെയ്ത്ത് വളരെ പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ്. ഏകദേശം മൂവായിരം സ്ത്രീ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. ഇവരുടെ അദ്ധ്വാന ഭാരമനുസരിച്ചുള്ള പ്രതിഫലം കിട്ടുന്നില്ല. ഒരു തൊഴിലാളി മൂന്നു ദിവസം രാപകലില്ലാതെ പണിയെടുത്തെങ്കിലെ ഒരു പായ് നെയ്തെടുക്കാൻ കഴിയു. ഒരു പായ് നെയ്ത് വിറ്റാൽ കിട്ടുന്നത് വെറും 25 രൂപ മാത്രം. ഇവർക്ക് ക്ഷേനിധിയും പെൻഷനും അടിയന്തിരമായി അനുവദിക്കുതിനുള്ള നടപടികൾ ഉണ്ടാകണം. സാമ്പത്തിക സഹായങ്ങൾ നല്കി ചെറിയ സൊസൈറ്റികളുണ്ടാക്കി നെയ്തുണ്ടാക്കുന്ന പായുടെ വിപണന സംവിധാനവും ഉണ്ടാകണം.

*ബീഡി തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിലെ പ്രത്യേകിച്ച് VIII - ാം വാർഡിലെ വനിതാ ബീഡി തൊഴിലാളികൾക്കായി വനിത സഹകരണ സംഘം രൂപീകരിക്കണം. മുഴുവൻ ബീഡി തൊഴിലാളികളേയും ക്ഷേനിധിയിൽ അംഗങ്ങളാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

അസംഘടിത മേഘലയിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളേയും വിവിധ പദ്ധതികളിൽ അംഗങ്ങളാക്കുന്നതിനു വേണ്ട ബോധവല്ക്കരണ പരിപാടികൾ വാർഡു തലത്തിൽ സംഘടിപ്പിക്കണം. പട്ടികജാതി വികസന കോർപ്പറേഷൻ, പിന്നോക്ക ജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, എന്നിവയിലൂടെ നടപ്പാക്കപ്പെടുന്ന ക്ഷേമ പ്രവർത്തനങ്ങളെകുറിച്ച് പഞ്ചായത്തിലെ യഥാർത്ഥ ഗുണഭോക്താക്കൾ അജ്ഞരാണ്. പഞ്ചായത്തിൽ ഇതിന്റെ ഗുണം വേണ്ടത്ര ലഭ്യമല്ല. ഇവയുടെ ക്ഷേമപ്രവർത്തനങ്ങളെ കുറിച്ച് വേണ്ടത്ര പ്രചരണ പ്രവർത്തനം നടത്തണം. ജില്ലാ തലത്തിൽ ഈ സ്ഥാപനങ്ങളുടെ ഓഫീസ്സുകൾ ആരംഭിക്കുകയും, സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യണം.

"ഉപഭോക്തൃ സഹകരണസംഘം' പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്നത് പഞ്ചായത്ത് നിവാസികൾക്ക് പൊതുവെ ഗുണകരമാണ്.

*കുട്ടികൾക്കുള്ള പാർക്ക്*

X-ാം വാർഡിൽ നാഷണൽ ഹൈവേയ്ക്കു പടിഞ്ഞാറുവശം അജന്താ ജംഗ്ഷനു സമീപമുള്ള പുറമ്പോക്കു സ്ഥലം കുട്ടികൾക്കുള്ള പാർക്ക് സ്ഥാപിക്കാൻ പഞ്ചായത്തിന് വിട്ടുകിട്ടണം. ഞക്കനാൽ 'ജയഭാരത്' ഗ്രന്ഥശാലയുടെ മുൻവശത്തുള്ള സ്ഥലം കൂടി കുട്ടികളുടെ പാർക്കിന് പ്രയോജനപ്പെടുത്തണം.

യാചക പുനരധിവാസകേന്ദ്രം


പഞ്ചായത്തിൽ ചുറ്റി തിരിയുന്ന യാചകരെ കണ്ടെത്തി പുനരധിവസിപ്പിക്കുവാൻ ഒരു 'യാചക പുനരധിവാസ കേന്ദ്രം' ഉണ്ടാകുന്നത് കൂടുതൽ പ്രയോജനകരമാണ്.

*വൃദ്ധമന്ദിരം*

പഞ്ചായത്തു തലത്തിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കണം

**പൊതു വിതരണം**

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ (കാപ്പിൽ) മാത്രമാണുള്ളത്. വാർഡിൽ ഒന്ന് എന്ന തോതിൽ മാവേലിസ്റ്റോർ സ്ഥാപിക്കണം. റേഷൻ കടകൾ വഴി നിത്യോപയോഗ സ്ഥാപനങ്ങൾ ഫലപ്രദമായി വിതരണം ചെയ്യണം. റേഷൻ കടകളിലെ സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.



# സംസ്കാരം

(സാമൂഹിക-സാംസ്കാരിക ചരിത്രം കാണുക)

കായംകുളം രാജാവിന്റെ തലസ്ഥാനമായിരുന്ന കൃഷ്ണപുരത്തിന് തനതായ ഒരു സാംസ്കാരിക ചരിത്രമുണ്ട്. കൃഷ്ണപുരം കൊട്ടാരത്തിന്റെ (ഇപ്പോൾ കായംകുളം മുനിസിപ്പാലിറ്റിയിൽ) ചുമരിൽ ഇന്നും മങ്ങാതെ കാണപ്പെടുന്ന പച്ചിലയും പഴച്ചാറും കൊണ്ടു വരച്ച ഗജേന്ദ്രമോക്ഷം' ചുവർച്ചിത്രം ജാജ്ജ്വല്യമാനമായ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മായാത്ത സാക്ഷ്യപത്രമാണ്.

ചുറ്റമ്പലമോ ശ്രീകോവിലോ ഇല്ലാത്ത കേരളത്തിന്റെ നാനാഭാഗത്തു നിന്നും നാനാജാതിമതസ്ഥർ ആരാധനയ്ക്കെത്തുന്ന ഓച്ചിറ പരബ്രഹ്മക്ഷേത്രത്തെ (കൊല്ലം ജില്ല) തൊട്ടുകിടക്കുന്ന കൃഷ്ണപുരത്തിന്റെ സംസ്കാരം മതസഹിഷ്ണതയുടെ സംസ്കാരമാണ്. ഇടയൊടിക്കാവ് ദേവീക്ഷേത്രം, പുള്ളിക്കണക്ക്-വള്ളുകപ്പള്ളി ദേവീക്ഷേത്രം, അഴകിയകാവ് ദേവീക്ഷേത്രം, ഗുരുസികാമൻ ശിവക്ഷേത്രം, പനയന്നാർകാവ് ദേവക്ഷേത്രം, ചിറയ്ക്കൽ ദേവീക്ഷേത്രം, പുതിയകാവ് ദേവീക്ഷേത്രം, തുമ്പിളിൽ ദേവീക്ഷേത്രം, കളത്തിൽ ദേവീക്ഷേത്രം, കുറകാവ് ക്ഷേത്രം, പച്ചംകുളത്ത് ക്ഷേത്രം, തെക്കൻ കാവ്, കോയിക്കൽ ക്ഷേത്രം, തെക്ക് കൊച്ചുമുറി ഐക്കരവള്ളിയിൽ കളരി എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഹൈന്ദവ ആരാധനാ കേന്ദ്രങ്ങൾ. ഓച്ചിറ വടക്കേ മുസ്ലീം ജുമാ അത്ത് പള്ളി, കാപ്പിൽ മുസ്ലീം ജുമാ അത്ത് പള്ളി, കുറ്റിത്തെരുവ് മുസ്ലീം ജുമാ അത്ത് പള്ളി (തക്കിയാവ്)കാപ്പിൽ കിഴക്ക് മുസ്ലീം ജുമാ അത്ത് പള്ളി, ഓച്ചിറ പടിഞ്ഞാറേത്തെരുവ് ജുമാ അത്ത് പള്ളി എന്നീ മുസ്ലീം ദേവാലയങ്ങളും, കാപ്പിൽ C.S.I ചർച്ച്, കാപ്പിൽ മാർത്തോമാ ചർച്ച് എന്നീ ക്രിസ്ത്യൻ ദേവാലയങ്ങളുമുണ്ട്.

ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെ ആരാധനാക്രമങ്ങളുമായി അഭേദ്യമായ ബന്ധമാണ. ഈ പ്രദേശത്തുകാർക്കുള്ളത്. ഓച്ചിറക്കളി എന്ന പാരമ്പര്യ ആയോധന കലയിൽ പ്രാവീണ്യമുള്ളവർ ഈ പഞ്ചായത്തിലുണ്ട്. രാജഭരണകാലത്തെ രണസ്മരണകളുണർത്തുന്ന ഈ കലാരൂപം ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രദേശത്തിന്റെ തനത് കലാരൂപമായ ഓച്ചിറക്കളിയെ സംരക്ഷിച്ച് പരിപോഷിപ്പിക്കേണ്ടതാണ്.

19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ സ്ഥാപിതമായ C.M.S.L.P സ്കൂളാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം. പഞ്ചായത്തിലെ ഒരേ ഒരു ഹൈസ്കൂൾ (വിശ്വഭാരതി മോഡൽ ഹൈസ്കൂൾ)സ്ഥാപിക്കപ്പെട്ടത് 1982 ലാണ്. ഇന്ന് 6 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് ഈ

വിദ്യാലയങ്ങൾ നല്കിയ സംഭാവനകൾ ചെറുതല്ല.

1946 ൽ സ്ഥാപിതമായ ഞക്കനാൽ ജയഭാരത് ഗ്രന്ഥശാലയാണ് (രജി നമ്പ: 1950)ആണ് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ഗ്രന്ഥശാല. ശ്രീ കൊച്ചുകളീക്കൽ കൃഷ്ണപിള്ള BA ആയിരുന്നു ഇതിന്റെ പ്രസിഡന്റ്. രണ്ട് സെന്റ് സ്ഥലം സ്വന്തമായുള്ള ഈ ഗ്രന്ഥശാലയുടെ കെട്ടിടം ജീർണ്ണിച്ചു തകർന്നിരുന്നു. സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ നാട്ടുകാരുടെ ശ്രമഫലമായി 1.5 ലക്ഷം രൂപ സമാഹരിച്ച് മൂന്ന് മുറികളുള്ള ഒരു കെട്ടിടം അടുത്ത കാലത്ത് നിർമ്മിക്കുകയും അതിന്റെ ഉദ്ഘാടനം 1996 ഒക്ടോബറിൽ സ്റ്റേറ്റ് ലൈബ്രററി കൗൺസിൽ പ്രസിഡന്റ് ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ നിർവ്വഹിക്കുകയം ചെയ്തിരുന്നു. 5000 ലേറെ പുസ്തകങ്ങളും 600 ഓളം അംഗങ്ങളുമുള്ള ഈ ഗ്രന്ഥശാല പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 10000 രൂപയുടെ ബാദ്ധ്യതയിലാണ്.

1949 ൽ സ്ഥാപിതമായ കൈരളി വിലാസം ഗ്രന്ഥശാല (എ ഗ്രേഡ്) വൈപുല്യത്തിലും പ്രവർത്തനക്ഷമതയിലും മുന്നിൽ നില്ക്കുന്നു. 9000 പുസ്തകങ്ങളും 1226 അംഗങ്ങളും ഉള്ള ഈ ഗ്രന്ഥശാലയുടെ 45-ാം വാർഷികം ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, ശ്രീ.ഐ.വി.ദാസ് എന്നിവരെ പങ്കെടുപ്പിച്ചു നടത്തിയിട്ട് അധികനാളായിട്ടില്ല.

50 വർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായ ദേശ സേവനി ഗ്രന്ഥശാല (കൃഷ്ണപുരം) 10000 ഓളം പുസ്തകങ്ങളും 800 ഓളം അംഗങ്ങളുള്ള ആദ്യ കാല ഗ്രന്ഥശാലയായിരുന്നു. ശോചനീയമായ നിലയിലായിരുന്നു ഈ ഗ്രന്ഥശാല കൃഷ്ണപുരം പഞ്ചായത്ത് ഏറ്റെടുക്കുകയും 1991 ൽ ഒരു കെട്ടിടം പണിയുകയും ചെയ്തു. പഞ്ചായത്ത് സാസ്കാരിക നിലയമായി ഇന്നത് പ്രവർത്തിക്കുന്നു. ഓണറ്റേറിയം വ്യവസ്ഥയിൽ ഒരു പാർട്ട് ടൈം ലൈബ്രേറിയനാണ് ഇന്നതിനുള്ളത്. ഈ സ്ഥാപനത്തിന് ഒരു ഫുൾടൈം ലൈബ്രേറിയൻ ഉണ്ടാകണം.

പുള്ളിക്കണക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണ ഗ്രന്ഥശാല സ്ഥാപിച്ചത് 1986-ൽ (രജി. നമ്പ്ര : 1870) ആണ്. 5500 ഓളം പുസ്തകങ്ങളും 730 ഓളം അംഗങ്ങളുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. കെട്ടിടം അടിയന്തിരമായി പുതുക്കി പണിയേണ്ട സ്ഥിതിയാണ്. ലൈബ്രറിയിലെ ഉപകരണങ്ങളുടെയും അവസ്ഥ ശോചനീയമാണ്,

കൃഷ്ണപുരം നവപ്രതിഭാ ആർട്ട്സ്, സ്പോർട്ട്സ് കൾച്ചറൽ അസോസിയോഷൻ (NASCA) ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രഥമ ദേശീയ യുവജന അവാർഡ് (ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും) ലഭിച്ച സംഘടനയാണ്. സ്വന്തമായി സ്ഥലവും മനോഹരമായ ഓഫീസ് കെട്ടിടവുമുള്ള ഈ സംഘടനയുടെ പ്രവർത്തം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അതിന്റെ പ്രതാപകാലത്തെ സ്ഥിതിയിലേക്കുയർത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

കലാ-സാംസ്കാരിക കായിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വേറേയും നിരവധി സംഘടനകൾ ഉണ്ട്. എല്ലാറ്റിന്റെയും പേര് പരാമർശിക്കുന്നില്ല. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ചില സംഘടനകളുണ്ടെങ്കിലും ഭൂരിപക്ഷവും ഓണത്തിനോ മറ്റേതെങ്കിലും വിശേഷാവസരങ്ങളിലോ എന്തെങ്കിലും ചില പരിപാടികൾ സംഘടിപ്പിച്ച് തൃപ്തിയടയുന്നവയാണ്. ഈ സ്ഥിതി മാറണം. നാടിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങൾക്കും ഒരു പങ്കു വഹിക്കുവാനുണ്ടെന്ന് ധാരണ ഈ സംഘടനയുടെ പ്രവർത്തകരായ യുവാക്കളിലുണ്ടായിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിന് അവരുടെ കർമ്മശേഷി പ്രയോജനപ്പെടണം.

**കായികരംഗം**


ഒരു കാലത്ത് കേരളമെങ്ങും അറിയപ്പെട്ടിരുന്ന ഗുസ്തി വിദഗ്ദ്ധർ കൃഷ്ണപുരത്തുണ്ടായിരുന്നു. ഇന്നലെകളുടെ കളരികളും ഫയൽവാന്മാരും ഇന്ന് ഓർമ്മകൾ മാത്രം. ചകിരി നിറച്ച തോൽപന്തുകൊണ്ടുള്ള നാടൻ പന്തുകളി ഈ പ്രദേശത്ത് പ്രചാരത്തിലുണ്ടായിരുന്ന - ഒരു വിനോദമായിരുന്നു. കിളിത്തട്ട്, കബഡി തുടങ്ങിയ കളികളിലും യുവാക്കൾ ആവേശപൂർവ്വം പങ്കെടുത്തിരുന്നു. എന്നാൽ ക്രിക്കറ്റിന്റെ അമിതപ്രചാരം, കായികക്ഷമത വളർത്താൻ ഉപയുക്തമായ ഇത്തരം പാരമ്പര്യകളികളെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. 'നാടൻ പന്തും, കിളിത്തട്ടും' ഏറെക്കുറെ അപ്രത്യക്ഷമായി എന്നു തന്നെ പറയാം. വിശാലമായ കളിക്കളങ്ങളും ഇല്ലാതായി കൊണ്ടിരിക്കുന്നു.

**സാംസ്കാരിക - കായിക രംഗങ്ങളിലെ പ്രശ്നങ്ങൾ**

1. 1, 3, 4, 5, 10, 11 വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ പ്രവർത്തിക്കുന്നില്ല.
2. പുള്ളിക്കണക്ക് സഹകരണസംഘം ഗ്രന്ഥശാലാ കെട്ടിടം പഴകി ദ്രവിച്ചുകൊണ്ടിരിക്കുന്നു.
3. പഞ്ചായത്തിൽ ഒരു ഇൻഫൊർമേഷൻ സെന്റർ ഇല്ല.
4. കലാ-കായിക സംഘടനകളുടെ ദൈനം ദിന പ്രവർത്തനം തൃപ്തികരമല്ല.
5. മൺമറഞ്ഞ കലാകാരന്മാരുടെ സ്മരണ നിലനിർത്താൻ കഴിയുന്നില്ല.
6. സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർജ്ജീവമാണ്.
7. പരമ്പരാഗത കലാ-കായിക രൂപങ്ങൾ അന്യം നിന്നു പോകുന്നു.
8. വിശാലമായ കളിസ്ഥലങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നു.
9. സ്കൂളുകളുടെ ഭാഗമായി വേണ്ടത്ര കളിസ്ഥലങ്ങൾ ഇല്ല.
10. ആധുനിക പരിശീലനം സിദ്ധിച്ച കായികാദ്ധ്യാപകർ പല സ്കൂളികളിലും ഇല്ല.

**സാധ്യതകൾ**

1. ഗ്രന്ഥശാലകൾ ഇല്ലാത്ത പ്രദേശങ്ങളിൽ രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന കണക്കിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
2. പുള്ളിക്കണക്ക് സഹകരണ ഗ്രന്ഥശാലയുടെ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയാക്കുക
3. പഞ്ചായത്ത് സംസ്കാരിക കേന്ദ്രത്തോട് ചേർന്ന് ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക
4. സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഊർജ്ജിതപ്പെടുത്തുക
5. പ്രധാന കളി സ്ഥലങ്ങൾ സംരക്ഷിക്കുക. പഞ്ചായത്തിന്റെ തനതു കളിസ്ഥലങ്ങൾ (മിനി സ്റ്റേഡിയം) നിർമ്മിക്കുക.
6. എല്ലാ കലാ-കായിക സംഘടനകളുടെയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിക്കുക. കലാ-കായിക താരങ്ങളുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്താഫീസിൽ സൂക്ഷിക്കുക
7. പഞ്ചായത്തു തലത്തിൽ കലാ-കായികപ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനം നൽകാൻ ഒരു ഉപദേശക സമിതി രൂപീകരിക്കുക.
8. എല്ലാ സ്കൂളികളിലും ആവശ്യമായ കളിസ്ഥലങ്ങൾ ഉണ്ടാക്കുക.
9. പരിശീലനം സിദ്ധിച്ച കായികാദ്ധ്യാപകരുടെ സേവനം എല്ലാ സ്കൂളുകളിലും ഉറപ്പു വരുത്തുക
10. മൺമറഞ്ഞ മഹാന്മാരായ കലാകാരന്മാരുടെ സ്മാരകങ്ങൾ സംരക്ഷിക്കുക. പുതിയ സ്മാരകങ്ങൾ നിർമ്മിക്കുക.



# വനിതാക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാല ഘട്ടത്തിൽ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. കൃഷ്ണപുരം പഞ്ചായത്തിലും ഈ പ്രവണത നില നിൽക്കുന്നു.

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കെട്ടുകല്യാണം എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. ആൺകുട്ടികൾക്കെന്ന് പോലെ പെൺകുട്ടികൾക്കും നിലത്തെഴുത്താശാൻമാരിലൂടെയും പള്ളിക്കൂടങ്ങളിലൂടെയും ആയിരുന്നു എഴുത്തുവാനും വായിക്കുവാനുമുള്ള അറിവ് ലഭിച്ചത്. 1991 ലെ സെൻസസ് പ്രകാരം കൃഷ്ണപരും പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 12464 ആണ്. പുരുഷൻമാരുടെ ജനസംഖ്യയേക്കാൾ 686 എണ്ണം കൂടുതലാണ് ഇത്.

വിദ്യാഭ്യാസത്തിന് ആൺകുട്ടികൾക്കെന്നപോലെ പെൺകുട്ടികൾക്കും സൗകര്യം ഉണ്ടായിരുന്നു. എന്നാൽ സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കാവസ്ഥയിലായിരുന്ന വിഭാഗക്കാരിലെ കുട്ടികളെ സ്കൂളിൽ വിട്ടു പഠിപ്പിക്കുന്നതിന് ഇന്നത്തേത് പോലെയുള്ള താൽപര്യം രക്ഷകർത്താക്കളിൽ ഇല്ലായിരുന്നു. എന്നാൽ താഴ്ന്ന പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വിവിധങ്ങളായ പ്രോത്സാഹനങ്ങൾ/ സഹായങ്ങൾ ഇന്ന് ലഭിക്കുന്നു. ഇതിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലകളിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപകരംഗത്ത് ഇന്ന് പുരുഷന്മാരേക്കാൾ മുൻപന്തിയിയാണ് സ്ത്രീകൾ. ആരോഗ്യമേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം കുറവല്ല.

ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരായ സ്ത്രീകളെ മുന്നിൽകണ്ട് കൊണ്ടല്ല പഠനങ്ങളും സെമിനാറുകളും മറ്റും നടത്തുന്നത്. ഏത് തരത്തിലുള്ള അക്രമം ഉണ്ടായാലും സ്ത്രീകളാണ് വളരെയധികം പീഢനത്തിനും ദുരിതത്തിനും ഇരയാകുന്നത് സ്ത്രീധനം, പെണ്ണായി പിറന്നതിലുള്ള അവഹേളനം, മദ്യം എന്നിവ സ്ത്രീകളെ കണ്ണീരു കുടിപ്പിക്കുകയാണ്. കുടുംബത്തിനുള്ളിൽ സ്ത്രീ ഏറ്റെടുക്കുന്ന തൊഴിൽ ഏതുതരത്തിലും പരിഗണിക്കപ്പെടുന്നില്ല. ദേശിയ വരുമാന കണക്കുകളിലും മറ്റ് സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളിലും ഒന്നും ഈ അദ്ധ്വാനം ആരും പെടുത്താറില്ല. കുടുംബജീവിതത്തിന്റെ ആവശ്യകത സ്ത്രീക്കും പുരുഷനും തുല്യമാണെന്ന് തോന്നൽ ബഹുഭൂരിപക്ഷത്തിനും ഇല്ല.

സ്ത്രീയെ എല്ലാ നിലയ്ക്കും ശക്തിപ്പെടുത്തേണ്ടത് ഉണ്ട്. സ്ത്രികളിൽ ബഹുഭൂരിപക്ഷവും ഗൃഹജോലികളിൽ മുഴുകി കഴിയുന്നു. തൊഴിൽ മേഖലയിൽ കൂലി നിരക്കിൽ അവഗണനില നിൽക്കുന്നു. കാർഷിക മേഖലയുടെ

തകർച്ചയെ തുടർന്ന് ഈ രംഗത്ത് ജോലി ചെയ്തിരുന്നു കർഷകത്തൊഴിലാളി സ്ത്രീകൾക്ക് ഇന്ന് തൊഴിൽ സാദ്ധ്യതയില്ല. കയർപിരി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ കുറവാണ്. പ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ വീട്ടു വേലക്ക് പോകുന്ന സ്ത്രീകളും ചുരുക്കം പേരുണ്ട്. കശുവണ്ടി സംസ്കരണ മേഖലയിൽ സ്ത്രീകൾ ജോലിയിലേർപ്പെടുന്നുണ്ട്. കശുവണ്ടി ശേഖരണം ഫലപ്രദമായി നടത്തി കശുവണ്ടി ഫാക്ടറികൾ വ്യാപകമായി പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞാൽ സ്ത്രീകളിൽ ഒരു വിഭാഗത്തിന് തൊഴിലസരം ഉണ്ടാകുന്നു. ചെറുകിട വ്യവസായങ്ങൾ, കോഴി വളർത്തൽ, പച്ചക്കറി കൃഷി കുറ്റിമുല്ല കൃഷി, പപ്പടനിർമ്മാണം, റെഡി മെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, മെഴുകുതിരി യൂണിറ്റ് പായ് നെയ്ത്ത് ക്ഷീരോൽപ്പന്ന വിപണന യൂണിറ്റ് തയ്യൽ പരിശീലനയൂണിറ്റ് എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്.

പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. പഞ്ചായത്തിൽ വിവിധ വനിതാ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള 17 അംഗൻവാടികളുടെ മേൽനോട്ടം സ്ത്രികൾക്കാണ് വനിതകളുടേതു മാത്രമായി പഞ്ചായത്തിൽ 2 ക്ഷീരോൽപ്പന്ന നിർമ്മാണയൂണിറ്റുകളും ഒരു പപ്പട നിർമ്മാണ യൂണിറ്റുകളും ഒരു തഴപ്പായ് നെയ്ത്ത് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ തയ്യൽ പരിശീലന കേന്ദ്രങ്ങളുണ്ട്. സ്ത്രീകൾ കുടുംബനാഥകളായിട്ട് 10% വീടുകൾ ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് എണ്ണത്തിൽ കൂടുതലുള്ളത്.

കുടുംബവഴക്കിന്റെ ഫലമായി സ്ത്രീകൾക്ക് നേരേ അക്രമം ഉണ്ട്. സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളും ഉണ്ട്. കുടുംബത്തിലേ പുരുഷന്റെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നവരും കുറവല്ല. റേഷൻകട, മാർക്കറ്റ്, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ സാധനങ്ങൾ വാങ്ങാൻ പോകുന്നവരിലധികവും സ്ത്രീകളാണ്. ബഹുജനസംഘടനകളിൽ സ്ത്രീ പങ്കാളിത്തം പല തലങ്ങളിലുമുണ്ട്.

**പ്രശ്നങ്ങൾ**

തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. കെട്ടിടനിർമ്മാണമേഖലയിലും കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലെ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കാൻ കഴിയുകയുള്ളു. പൊതുവെ ജോലികൾ എറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറ്വ് സ്ത്രീകളിലുണ്ട്. പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ബുദ്ധിയും കഴിവും ആർജ്ജിച്ചിട്ടുള്ള സ്ത്രീകൾ അത് പ്രകടിപ്പിക്കാനുള്ള തന്റെടം കാണിക്കേണ്ടതുണ്ട്. അവകാശങ്ങൾ തിരിച്ചറിഞ്ഞ് അതു നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയാണ് വിമോചനത്തിനുള്ള പാതയെന്ന് തിരിച്ചറിയേണ്ടതുണ്ട്. വനിതാ സംഘടനകളിലും സാസംകാരിക സംഘങ്ങളിലും മറ്റു ബഹുജനസംഘടനകളിലും പ്രവർത്തിക്കാനും കമ്മറ്റികളിൽ പ്രാതിനിധ്യം വഹിക്കാനും സ്ത്രീകൾ താൽപര്യം പ്രകടിപ്പിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**


തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യതകൾ പഞ്ചായത്തിലുണ്ട്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, അവയുടെ വില്പന വിപണന യൂണിറ്റ് കുടിൽ വ്യവസായങ്ങളായ മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, പപ്പട നിർമ്മാണയൂണിറ്റ് , പായ് നെയ്ത്ത്, ബീഡിനിർമ്മാണ യൂണിറ്റ്, തയ്യൽ പരിശീലന യൂണിറ്റ്, തീപ്പെട്ടിനിർമ്മാണ യൂണിറ്റ് മുതലായവയുടെ സാദ്ധ്യതകൾ ഏറെയുണ്ട്. പുരയിടങ്ങളിലുള്ള കുറ്റിമുല്ല/പച്ചക്കറി അടുക്കളത്തോട്ടങ്ങളും കോഴി വളർത്തലും സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. വരുമാന വർദ്ധനവിനുതകുന്ന സ്വയം തൊഴിൽ പ്രവർത്തനങ്ങളി

ലേർപ്പെടാൻ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

**വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ**

1. തൊഴിൽ മേഖലയിൽ കൂലി നിരക്കിൽ അവഗണന നേരിടുന്നു.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തസജ്ജരായി പുറത്തു വരുന്നില്ല.
3. .സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിനു സൗകര്യങ്ങൾ ലഭിക്കുന്നില്ല.
6. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസ്സമാണ്.
7. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
8. അഗനവാടി അദ്ധ്യാപികമാർ ന്യായമായവേതനം കിട്ടാതെ വിഷമിക്കുന്നു. ഭൂരിപക്ഷം അംഗൻ വാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല.
9. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്
10. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധനനിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.
11. ഹൈസ്കൂൾ തലം മുതൽ പാഠ്യപദ്ധതിയിൽ സ്ത്രീകളുടെ എല്ലാ തരത്തിലുമുള്ള ഉയർച്ച ലക്ഷ്യമാക്കിക്കൊണ്ട് അവർക്കുവേണ്ടിയുള്ള ഒരു പ്രത്യേകവിഷയം പഠിപ്പിക്കുന്ന ഏർപ്പാട് നിലവിലില്ലായ്മ
12. സ്ത്രീധന സമ്പ്രദായത്തിനെതിരെ വ്യാപകവും ബോധപൂർവ്വകവുമായ ബോധവൽക്കരണ പ്രവർത്തനത്തിന്റെ അപര്യാപ്തത.
13. സ്ത്രീപീഡനമുണ്ടായാൽ കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷയില്ലായ്മ.

◆◆◆



കടത്തിൽ ജനിച്ചു ; കടത്തിൽ ജീവിച്ചു; കടത്തിൽ തന്നെ മരണപ്പെട്ടുക കൊണ്ടിരിക്കുന്ന ഇൻഡ്യൻ കർഷകരെ ഋണബാദ്ധ്യതയിൽ നിന്നു രക്ഷിക്കുന്ന എന്ന ഉദ്ദേശ്യത്തോടുകൂടി 1904 ലെ

# സഹകരണം

സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഈ പ്രസ്ഥാനം ഇന്ന് മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും പ്രവർത്തിച്ചു വരുന്നു. ഇടത്തട്ടുകാരായ ചൂഷകരെ ഒരു അളവു വരെ ഒഴിവാക്കാൻ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ

മേഖലകളിലായി നിലവിൽ 18 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 12 സംഘങ്ങൾ പ്രവർത്തനനിരതവും 6 സംഘങ്ങൾ പ്രവർത്തന രഹിതവും ആണ്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധിയിൽ ഗ്രാമപഞ്ചായത്ത് പ്രദേശവും കൂടി ഉൾപ്പെട്ടിരിക്കുന്നു.

**സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ**

കാർഷിക മേഖലയിൽ കാപ്പിൽ സർവ്വീസ് സഹകരണ സംഘം മാത്രമാണ് തനതായി ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നത്. എന്നാൽ കായംകുളം മുൻസിപ്പൽ അതിർത്തിയിൽ പ്രവർത്തിക്കുന്ന പുള്ളിക്കണക്ക് സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തിലെ ദേശത്തിനകം, പുള്ളിക്കണക്ക്, കാപ്പിൽമേക്ക് എന്നീ പ്രദേശങ്ങൾ കൂടി ഉൾപ്പെടുന്നുണ്ട്. അതുപോലെ ദേവികുളങ്ങര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പുതുപ്പള്ളി 2730-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്തിലെ 10, 11 വാർഡുകൾ കൂടി ഉൾപ്പെടുന്നുണ്ട്.

കാപ്പിൽ സർവ്വീസ് സഹകരണ സംഘവും പുള്ളിക്കണക്ക് സർവ്വീസ് സഹകരണ സംഘവും കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കേണ്ടതുണ്ട്. മൂന്ന് ക്ഷീരോല്പാദക സഹകരണസംഘങ്ങളാണ് ഈ പഞ്ചായത്ത് അതിർത്തിയിൽ നിലവിൽ പ്രവർത്തിക്കുന്നത്. കാപ്പിൽ ക്ഷീരോല്പാദക സഹകരണസംഘത്തിന്റെയും ഞക്കനാൽ ക്ഷീരോൽപാദക സഹകരണസംഘത്തിന്റെയും പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ പുള്ളിക്കണക്ക് ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഒരു മാച്ച് ഇൻഡസ്ട്രിയൽ സഹകരണസംഘം, മൂന്ന് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഒരു കോഴി വളർത്തൽ സഹകരണസംഘം, 2 കയർ വ്യവസായ സംഹകരണസംഘങ്ങൾ, ഒരു തീപ്പെട്ടി നിർമ്മാണസഹകരണ സംഘം, ഒരു തഴപ്പായ് നെയ്ത്തു സഹകരണസംഘം ഒരു ഖാദി വ്യവസായ സഹകരണ സംഘം എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്.

**കാർഷികമേഖല**

*ഹ്രസ്വകാലകാർഷികവായ്പ :*

ഏകദേശം 5000 ഓളം കർഷക കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഹ്രസ്വകാല കാർഷിക വായ്പ മേൽപറഞ്ഞ സഹകരണസംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്നുണ്ടെങ്കിലും അർഹരായ മുഴുവൻ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കർഷകരുടെ ഭൂമിയുടെ വിസ്തീർണ്ണകുറവ് സഹായ സഹകരണങ്ങൾ ലഭിക്കുന്നതിന് വിഘാതമായി വരുന്നുണ്ട്.

*ദീർഘകാലകാർഷിക വായ്പ:*

സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും ദീർഘകാലകാർഷിക വായ്പകളുടെ വിതരണം തുലോം കുറവാണ്.കാർത്തികപ്പള്ളി താലൂക്ക് ഭൂവികസനബാങ്കിൽ നിന്നും കർഷകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി വായ്പകൾ ലഭിക്കുന്നതായി കാണുന്നില്ല.

**കാപ്പിൽ സർവ്വീസ് സഹകരണസംഘം:**

മൂവായിരത്തി തൊള്ളായിരത്തിപ്പന്ത്രണ്ട് (3912) കർഷകരാണ് ഈ സംഘത്തിൽ അംഗങ്ങളായിട്ടുള്ളത്. കാർഷിക/ കാർഷികേതര വായ്പകൾ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് ടി സംഘത്തിന് സാധിക്കുന്നില്ല. ഒരു അംഗത്തിന് പരമാവധി പതിനായിരം (10000) രൂപായാണ് ഇപ്പോൾ വായ്പയായി വിതരണം ചെയ്തു വരുന്നത്. ഇത് വളരെ അപര്യപ്തമാണ്. ഒരു അംഗത്തിന് ചുരുങ്ങിയത് ഇരുപത്തി അയ്യായിരം (25000) രൂപാ എങ്കിലും വായ്പയായി ലഭിക്കുന്നതിനുള്ള ബൈലാ ഭേദഗതി ആവശ്യമാണ്. അതോടൊപ്പം വസ്തുവിന്റെ വിസ്തീർണ്ണത്തിൽ ഉപരി കമ്പോളവിലയുടെ അടിസ്ഥാനത്തിലും വ്യക്തിഗതവും വായ്പകൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഹൃസ്വകാല ദീർഘകാല കാർഷിക വായ്പകളോടൊപ്പം കർഷകർ അല്ലാത്ത ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതിന് സംഘം തയ്യാറാകണം.

**ഖാദിഗ്രാമവ്യവസായ സംഘങ്ങൾ :**

പുള്ളിക്കണക്ക് മാച്ച് ഇൻഡസ്ട്രീയൽ സഹകരണസംഘം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു. ഏകദേശം 25 ഓളം ആളുകൾക്ക് പ്രത്യക്ഷമായും 50 ഓളം ആളുകൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിനും ലാഭകരമായി പ്രവർത്തിക്കുന്നതിനും സംഘത്തിന് സാധിക്കുന്നുണ്ട്.

പ്രവർത്തനരഹിതമായ 2 ഖാദിവ്യവസായ സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

**കയർവ്യവസായ സഹകരണസംഘങ്ങൾ :**

2 കയർ വ്യവസായ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ തന്നെയും ഇവ രണ്ടും പ്രവർത്തനക്ഷമമല്ല. ഈ രണ്ട് സംഘങ്ങളിലും യന്ത്രവത്കരണം നടപ്പിലാക്കി ടി സംഘങ്ങൾ പ്രവർത്തനക്ഷമത ഉള്ളവയാക്കി തീർത്തണം.

**സ്കൂൾ സഹകരണസംഘങ്ങൾ :**

ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിശ്വഭാരതി മോഡൽ ഹൈസ്കൂൾ, കുറ്റിത്തെരുവ് H.H.Y.S.M.V.P. സ്കൂൾ, കാപ്പിൽ U.P സ്കൂൾ എന്നീ സ്കൂളുകൾ കേന്ദ്രീകരിച്ച് സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവകളുടെ പ്രവർത്തനം വിപുലീകരിക്കുവാൻ സാധ്യതകൾ ഉള്ളതാണ് അതിനുള്ള ശ്രമം അത്യാവശ്യമാണ്.

**ലേബർകോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ**

3 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ടി സംഘങ്ങളിൽ ആഡിറ്റും ക്ലാസിഫിക്കേഷനും നടത്തി സർട്ടിഫിക്കേട്ട് നൽകാതെ വരുന്നതിനാൽ വലിയ പണികൾ ഏറ്റെടുതത് നടത്തുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നു. നിർമ്മാണ തോഴിലാളികളെ സംഘടിപ്പിട്ട് പ്രവർത്തനം വിപുലപ്പെടുത്താനുള്ള ശ്രമം ഉണ്ടാകണം.

**ക്ഷീരസഹകരണസംഘങ്ങൾ**

പതിനൊന്ന് വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ മൂന്ന് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നണ്ട്. അതിൽ കാപ്പിൽ ക്ഷീരോൽപാദക സഹകരണ സംഘം. ഞക്കനാൽ ക്ഷീരോൽപാദക സഹകരണ സംഘം ഇവ രണ്ടും ലാഭകരമായി പ്രവർത്തിക്കുന്നു. പുള്ളിക്കണക്ക് ക്ഷീരോൽപാദക സഹകരണ സംഘം തൃപ്തികമായിട്ടല്ല പ്രവർത്തിക്കുന്നത്. കർഷകർക്ക് ആവശ്യമായ കറവ മാടുകളെ വിതരണം ചെയ്യുന്നതിനും, പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും, കറവമാടുകൾക്ക് കാലാകാലങ്ങളിൽ വേണ്ട വിവിധ ഗർഭചികിതസാസൗകര്യങ്ങൾ ഉണ്ടാകുന്നതിനും കാലിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനും ആവശ്യമായ സഹായങ്ങൾ ടി സംഘങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാകണം. അർഹരായ മുഴുവൻ കർഷകരേയും അംഗങ്ങളായി ചേർത്ത് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. അത് ഒഴുവാക്കി ടി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും എല്ലാ വാർഡുകളിലും, ഓരോ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുകയും വേണം. ഇതിന് ആവശ്യമായ നിയമഭേദഗതികൾ ഉണ്ടാകണം.

**വിവിധ മേഖലകളിൽ നടപ്പിലാകേണ്ട പദ്ധതികൾ.**

*കാർഷിക മേഖല:-*

1. കാപ്പിൽ സർവ്വീസ് സഹകരണ സംഘം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം ഒഴിവാക്കാതെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയില്ല. ആയതിനാൽ നഷ്ടത്തിനു തുല്യമായ തുക പലിശരഹിത ദീർഘകാലവായ്പയായും ഓഹരി മൂലധനമായും ടി സംഘത്തിന് അനുവദിക്കണം.
2. എല്ലാ കർഷകരേയും അംഗങ്ങൾ ആക്കി ഓഹരി മൂലധനം വർദ്ധിക്കുക. അതോടൊപ്പം നിക്ഷേപം വർദ്ധിക്കുന്നതിനുള്ള കർമ്മ പദ്ധിതികൾ നടപ്പിലാക്കുക.
3. കൺസ്യൂമർ വായ്പ. സ്വർണപണയ വായ്പ. ഭവന നിർമ്മാണ വായ്പ ഇവകൾ ടി സംഘത്തിൽ നടപ്പിലാക്കുക.

4. സഹകരണ സംഘങ്ങൾ ചിട്ടി നടത്തുകയും ആയതിലേക്ക് ചിട്ടി നിയമവ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുക.

5.ഓരോ കർഷകനും ഒരു വർഷത്തേയ്ക്ക് ആവശ്യമായ കാർഷിക വായ്പകൾ വർഷാരംഭത്തിൽ തന്നെ പാസ്ക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിൽ വരുത്തുക.

6. സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന പലിശ സബ്സിഡി യഥാകാലങ്ങളിൽ വായ്പക്കാർക്ക് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.

7.സഹകരണ സംഘത്തിലെ വായ്പാപരിധി കുറഞ്ഞത് ഇരുപത്തി അയ്യായിരം (25000) രൂപയായി ഉയർത്തുക.

8.വളവും കാർഷിക ഉപകരങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

9.ദീർഘകാല വായ്പകൾ നൽകി വരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പ വിതരണ സംവിധാനം ലളിതവത്കരിക്കുകയും, ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയ വത്കരിക്കുകയും ചെയ്യുക.

**മറ്റു നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ ക്ഷീര സഹകരണ സംഘം രൂപീകരിച്ച് കർഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാവശ്യമായ നിയമ ഭേദഗതികൾ വരുത്തുക. ക്ഷീര വ്യവസായ സഹകരണ സംഘം വഴി കൃത്യമായി കാലിത്തീറ്റ വിതരണം നടത്തുക.

2.നല്ലയിനം കറവമാടുകളെ ക്ഷീരസംഘങ്ങൾ വഴി അംഗങ്ങൾക്കുലഭിക്കുന്നതിനുവേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.

3.കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുക.

4.പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകസംഘങ്ങളിൽ കൂടി യന്ത്രങ്ങളുടെ വിതരണം ചെയ്ത് തയന്ത്രവത്കരണത്തിൽ കൂടി കൃഷി പുനർ ജീവിപ്പിക്കുകയും അതോടൊപ്പം തന്നെ ഒരു വനിതാ കയർ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.

5.തരിശായി കിടക്കുന്ന ഭൂമികൾ പാട്ടത്തിന് ഏറ്റെടുത്ത് കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് ആയി ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ കർഷകർക്ക് ആവശ്യമായ കാർഷിക സാമഗ്രികൾ വിതരണം ചെയ്യുക, കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുകയും, വിറ്റഴിക്കുകയും ചെയ്യുക.

6.പട്ടിക ജാതി, പട്ടിക വർഗ്ഗക്കരുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുക.

7.ക്ഷീര വ്യവസായ സഹകരണ സംഘങ്ങളിൽ അംഗത്വംകൊടുക്കുന്നത് ഇപ്പോൾ ഉത്പാദർക്കു മാത്രമാണ്. അംഗത്വം ഉപഭോക്താക്കൾക്ക് കൂടി നൽകുന്നത് സൊസൈറ്റികളുടെ വളർച്ചയ്ക്ക് നല്ലതായിരിക്കും.

8.മരം കയറ്റതൊഴിലാളികൾ ഉൾപ്പടെ കർഷകർക്കാവശ്യമായ തൊഴിലാളികളെ ലഭിക്കത്തക്കതരത്തിൽ കർഷകതൊഴിലാളികളുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുക.

9.തയ്യൽ, ബുക്ക് ബയന്റിംഗ്, മെഴുകുതിരി, ചന്ദനത്തിരി , കറിപൗഡർ, ജാം, സ്ക്വാഷ് മുതലായവ നിർമ്മിച്ച് വിതരണം ചെയ്യുന്നതിലൂടെ ഒരു വനിതാ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

10.ബാർബർ തൊഴിൽ, അലക്കുതൊഴിൽ, പരമ്പരാഗത തൊഴിൽ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നീ മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടേതായ ഒരു സഹകരണ സംഘം രൂപീകരിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

11. തൊഴിൽ രഹിതരായ വിദ്യാസമ്പന്നരുടെ ഒരു എഡ്യൂക്കേഷണൽ സഹകരണ സംഘം രൂപീകരിച്ച് അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുകയും അതോടൊപ്പം വിദ്യാഭ്യാസ മേഖലയുടെ വളർച്ചയും ത്വരിതപ്പെടുത്തുക.

*കോഴിവളർത്തൽ സഹകരണ സംഘം.*

കേരളത്തിന്റെ വരുമാനത്തിന്റെ വലിയ ഒരു

ഭാഗം ഇറച്ചിക്കോഴി,കോഴിമുട്ട, മാംസം എന്നിവ ക്കുവേണ്ടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴു കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള കോഴി വളർത്തിൽ സഹകരണ സംഘങ്ങൾ പുന: സംഘടിപ്പിച്ച് കോഴി വളർത്തിൽ പ്രോൽത്സാഹിപ്പിക്കേണ്ടതും ചെറിയ ചെറിയ യൂണിറ്റുകൾ വീടുകളിൽ രൂപീ കരിക്കുകയും ചെയ്യുക. കുരുമുളക് കർഷകരു ടേതായ ഒരു സഹകരണ സംഘത്തിനും സാധ്യ തയുണ്ട്.

**ഖാദിവ്യവസായ സഹകരണ മേഖലകൾ:-**


ഈ വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങൾ പുനർജീവിപ്പിച്ച് തൊഴിൽ സാധ്യതകൾ വളർത്തുക.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന ങ്ങൾ മുകളിൽ വിവരിച്ച രൂപത്തിലും ഭാവ ത്തിലും നടപ്പിൽ വരുത്തുവാൻ ബന്ധപ്പെട്ട അധി കാരികൾ ശ്രദ്ധിക്കുകയും അതുവഴി കൃഷ്ണ പുരം പഞ്ചായത്തിലെ കാർഷിക തൊഴിൽ സഹ കരണ രംഗത്ത് സമൂലമായ മാറ്റം വരുത്തി സാമ്പത്തിക മേഖലയിൽ വൻപിച്ച പുരോഗതി സൃഷ്ടിക്കുകയും ഗ്രാമീണജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക - സാമൂഹിക, സംസ്ക്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ സഹകരണരംഗത്ത് നടപ്പിലാക്കേണ്ട ഏതാനും പദ്ധതികൾ ആണ് മുകളിൽ സൂചിപ്പിച്ചിരിക്കു ന്നത്. ഇവകൾക്ക് മുൻഗണന നൽകി നടപ്പിൽ വരുത്തണം.

**പട്ടിക . 1 കാർഷിക വായ്പാ സംഘങ്ങൾ**

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം തുടങ്ങിയ വർഷം | പ്രവർത്തന പരിധി | വ്യക്തിഗത അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | കടം (പ്രധാന വായ്പ) | നിക്ഷേപം | വായ്പകൾ | | നടുവർത്തന മൂലധനം | ലാഭനഷ്ടം | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | സ്ത്രീ | പുരുഷൻ |
| 1 | കാഷിൽ സർവ്വീസ് സഹകരണ സംഘം: 1594 | 4-11-1102 (വൃശ്ചികം) | കൃഷ്ണപുരം, കായംകുളം, കരുനാഗപ്പള്ളി, ഓച്ചിറ, ചവറ, കുന്നത്തൂർ, പുത്തൂർ, കൊട്ടാരക്കര, പുനലൂർ, പത്തനാപുരം, കുണ്ടറ, കൊല്ലം, പരവൂർ, ചാത്തന്നൂർ, കൊട്ടിയം, ചടയമംഗലം, കുളത്തൂപ്പുഴ, അഞ്ചൽ



# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 11% പട്ടികജാതി വിഭാഗമാണ്. പട്ടികജാതികളിൽപെട്ട 2715 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ട 55 പേരും താമസിച്ച് വരുന്നു.

വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. സാമ്പത്തിക രംഗത്ത് ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പ് അവകാശം ഒരു പരിധി വരെ സഹായകമായിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് ഇന്ന് ഉച്ചനീചത്വം അനുഭവിക്കേണ്ടി വരുന്നില്ല. എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും അർഹമായ അളവിൽ അല്ലെങ്കിലും പരിഗണന ലഭിക്കുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തത് കൊണ്ടും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോദപ്പെടുത്തുന്നതിന് കഴിയാതെ വരുന്നു. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗീകമാ. നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എങ്കിലുംപോലും പലർക്കും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നില നിൽക്കുന്നുണ്ട്. അതായത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പട്ടികജാതിക്കാരായിട്ടുള്ളവർ തിങ്ങിപ്പാർത്ത് വരുന്നു. ഇവരിൽ ചില ഭാഗങ്ങളിൽ ഉള്ളവരെ കോളനി നിവാസികളായി അംഗീകരിക്കേണ്ടതുണ്ട്. കോളനികളുടെ വിഭാഗം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

ലഭ്യമായ കണക്ക് പ്രകാരം കോളനികളിലേതു അടക്കം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ 2770 (പട്ടികജാതി - 2715 പട്ടികവർഗ്ഗം - 55) ആണ്.

*വിദ്യാഭ്യാസം*

നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി ക്ക് വിജയിക്കാതെ വരുന്നവരിൽ ഒരു നിശ്ചിത ശതമാനം തുടർന്നു പഠിക്കുവാൻ താൽപര്യപ്പെടുന്നില്ല. ഒരു നിശ്ചിത ശതമാനം കുട്ടികൾ കോളേജ് തല വിദ്യാഭ്യാസത്തിന് പോകുന്നുണ്ടെങ്കിലും പ്രീഡിഗ്രി പരീക്ഷ വിജയിക്കുവാൻ കഴിയാഞ്ഞതിനാൽ തുടർവിദ്യാഭ്യാസം നിലയ്ക്കുന്നു. ഈ സാഹചര്യം മുറിച്ച് കടക്കുന്നതിന് പ്രൈവറ്റ് ട്യൂഷൻ വഴി കഴിയുമെങ്കിലും സാമ്പത്തിക കഴിവ് ഇല്ലാത്തതിനാൽ അതിന് കഴിയാതെ വരുന്നു. 96-97 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലുമായി കുട്ടികളും കോളേജ് തലത്തിൽ പഠനം നിർത്തിയിട്ടുണ്ട്. ഈ അവസ്ഥക്ക് പരിഹാരം ഉണ്ടാകേണ്ടതുണ്ട്. കലാകായിക രംഗങ്ങളിൽ താൽപര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന

തിന് കഴിയും വിധം പരിശീലന ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കണം. അംഗനവാടികൾ ഇല്ലാത്ത കോളനികൾ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് അംഗനവാടികളുടെ പ്രവർത്തനം ഉണ്ടാക്കണം. അംഗനവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

*തൊഴിൽ*

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കർഷകമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വന്നിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച തൊഴിൽ കിട്ടാതെയും തൊഴിലിന് വേണ്ടി മറ്റു മേഖലകളിൽ പോകുന്നതിന് നിർബന്ധിതരായി.

നെൽകൃഷിയിടങ്ങൾ നികത്തിയുള്ളതിന്റെ ഫലമായി കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകാത്തതിനാൽ കാർഷിക രംഗത്ത് കൃഷിക്കാർക്ക് താൽപര്യം കുറഞ്ഞതിനാലും തെങ്ങ്നും മറ്റും ഉണ്ടാകുന്ന രോഗങ്ങൾ കാരണം തെങ്ങ് കൃഷിയിലും താൽപര്യം കുറയുന്നതുകൊണ്ടും ആ മേഖലയിൽ തൊഴിൽ ചെയ്യിക്കുന്നതിന് കൃഷിക്കാർ തൽപ്പരരല്ല. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറയുന്നതിനും ഇത് കാരണമാണ്. ഈ കാരണത്താൽ ഈ മേഖലയിലെ തൊഴിലാളികൾ തൊഴിലിന് വേണ്ടി മറ്റു മേഖലകളിലേക്ക് അതായത് കെട്ടിട നിർമ്മാണ രംഗത്തേക്കും മറ്റു പ്രദേശങ്ങളിൽ കശുവണ്ടി സംസ്കരണമേഖലകളിലേക്കും പോകുന്നുണ്ട്. തഴപ്പായ നെയ്ത്ത് രംഗത്ത് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവു കാരണം ആ രംഗത്ത് തൊഴിൽ നഷ്ടത്തിലാണ്. തെങ്ങുകയറ്റത്തൊഴിലാളിയുടെ തൊഴിൽ പഴയതുപോലെ നില നിന്നു വരുന്നു. ഇവർക്ക് തൊഴിൽ ചെയ്യവേ അപകടം സംഭവിക്കുന്നുണ്ട്. ഇത്തരക്കാർക്ക് ഭ്രുതന ധനസഹായ പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പിലാക്കണം.

കൂടുതൽ സ്ത്രീകൾക്കും തൊഴിൽ ചെയ്യാനില്ലാത സാഹചര്യമാണ്. കുടിൽവ്യവസായങ്ങൾ (തീപ്പെട്ടി, മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കയർപിരി (റാട്ട്) ചന്ദനത്തിരി നിർമ്മാണം) കുറ്റിമുല്ല കൃഷി, പച്ചക്കറി കൃഷിക്കുള്ള സംവിധാനങ്ങൾ, മുട്ടക്കോഴി വളർത്തൽ എന്നീ സംരംഭങ്ങളുടെ തൊഴിൽ നൽകുവാൻ ഏർപ്പാടുകൾ ഉണ്ടാക്കണം. കുട്ടനെയ്ത്ത് വിഭാഗങ്ങൾക്ക് പ്രോത്സാഹനം ആവശ്യമാണ്.

*പാർപ്പിടം*

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കു വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഹരിജൻ കോളനികളിൽ പരിമിതമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും ചെറ്റക്കുടിലുകളിൽ താമസിക്കുന്നവർ ഇന്നും ധാരാളമായുണ്ട്. കോളനി വാസികളായി അംഗീകരിക്കപ്പെടേണ്ടവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴുമുണ്ട്. (പ്രശ്നങ്ങൾ' എന്ന തലക്കെട്ടിന് താഴെ വിശദ വിവരം ചേർത്തിട്ടുണ്ട്) ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പഎടുത്ത് കടക്കെണിയിൽ പെട്ടു പോയിട്ടുണ്ട്. തിരിച്ചടക്കാനുള്ള കഴിവ് പരിശോധിക്കുമ്പോൾ നിവൃത്തിയില്ലാ എന്നു കാണുന്നവരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനം ഉണ്ടാകേണ്ടതാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടു വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടു വയ്ക്കാനുള്ള സ്ഥലവും വീടിനുള്ള ധനസഹായവും അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. ഇത്തരക്കാർ പ്രദേശത്ത് താമസിച്ചു വരുന്നു. നിലവിലുള്ള പല കോളനികളിലും കോളനിയായി പരഗണിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലും കക്കൂസുകൾ നിലവിലില്ലാത്ത സ്ഥിതിയുണ്ട്. 3, 4 സെന്റ് സ്ഥല വിസ്തൃതിയുള്ള സ്ഥലത്ത് മാത്രമായി വീടു വച്ചു താമസിക്കുന്നവർക്ക് കിണറും, കക്കൂസും അടുത്തടുത്തായി വരുന്നതിനാൽ കിണറ്റിലെ വെള്ളം

അശുദ്ധമാകാൻ സാധ്യതയുണ്ട്. കൂടാതെ ഇത്ത രക്കാർക്ക് ശവം മറവു ചെയ്യേണ്ടി വരുന്നതി നാലും കുടിവെള്ളം അശുദ്ധമാകാൻ സാധ്യത യുണ്ട്. ഇതു മൂലം ആരോഗ്യപ്രശ്നങ്ങളുണ്ടാ കുന്നു. ആയതിനാൽ കോളനി പ്രദേശങ്ങളിൽ പൊതുകക്കൂസ്, പൊതുശ്മശാനം ഉണ്ടാക്കേണ്ട തുണ്ട്. പലർക്കും ശുദ്ധജലത്തിന് കിണറില്ലാത്ത അവസ്ഥയാണ്. കോളനികളെ സംബന്ധിച്ച് വിവരം 1, 2 പട്ടികകളിലായി ചേർക്കുന്നു.

പട്ടികജാതിക്കാർ, കോളനി നിവാസികൾ എന്നിവർക്ക് പോയി വരുന്നതിനുള്ള നടപ്പാത ഇല്ലാത്ത സാഹചര്യവും വൈദ്യുതി ഇല്ലാത്ത സാഹചര്യവും നില നിൽക്കുന്നു. തൊട്ടടുത്തുള്ള വസ്തു ഉടമകളുടെ കൂടി അനുമതി ഉണ്ടെങ്കിൽ മാത്രമേ ഇതു സാധ്യമാകു. പലപ്പോഴും ഇത് നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്.

കോളനികളിൽ ഉൾപ്പെടാത്ത/കോളനിയായി അംഗീകരിക്കപെടേണ്ടതാണെങ്കിലും ഉൾപ്പെടാത്ത ഒറ്റപ്പെട്ട നിരവധി കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിലുള്ള ലക്ഷം വീടു കോളനി നിവാസികൾ ഇപ്പോൾ താമസിച്ചു വരുന്ന ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കേണ്ടതുണ്ട്. നിലവിലുള്ള വീടുകൾക്ക് അറ്റക്കുറ്റപ്പണികൾ ചെയ്യേണ്ടതും അത്യാവശ്യമാണ്.

**പ്രശ്നങ്ങൾ**

1. വിദ്യാഭ്യാസപുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞു. ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു. ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യത്തിൽ
3. ചുരുക്കം ചിലർക്ക് സ്വന്തമായി കിടപ്പാടമോ, പാർപ്പിടമോ ഇല്ല. വീടു നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം അപര്യാപ്തമാണ്.
4. കോളനികളിൽ ഉള്ളവർ അശുദ്ധജലം ഉപയോഗിക്കേണ്ടു വരുന്നു.
5. കോളനികളിൽ പൊതുശ്മശാനം, പൊതുകക്കൂസ് എന്നിവയില്ല.
6. ചുരുക്കം ചിലർക്ക് കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. കോളനി നിവാസികൾക്ക് പ്രത്യേകം ആരോഗ്യസംരക്ഷണസംവിധാനം ഇല്ല.
8. നിർദ്ധനകുടുംബത്തിലെ രോഗികളായിട്ടുള്ളവർക്ക് ചികിത്സക്ക് ധനസഹായം ലഭിക്കുന്നില്ല.
9. നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിഭാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.
10. ഐ.ആർഡി.പി. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തിന്നില്ല. ഇത്തരം പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ ഉണ്ട്.
11. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് നൽകുന്ന ധനസഹായവും വായ്പയും ലക്ഷ്യം നേടുന്നില്ല.
12. കിണർ കക്കൂസ് എന്നിവ ഇല്ലാത്തവരുണ്ട്
13. പലർക്കും നടപ്പാത ഇല്ല
14. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ ഉണ്ട്.
15. പലരും ഓലപ്പുരയിൽ താമസിക്കുന്നു.
16. അർഹതയുള്ളവർക്കെല്ലാം വിവിധ തരത്തിലുള്ള പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കുന്നവർക്കു തന്നെ മാസങ്ങൽ കഴിഞ്ഞാണ് ലഭിക്കുന്നത്
17. കലാ – കായിക മൽസരങ്ങളിൽ പരിശീലനം ലഭിക്കുന്നതിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഇല്ല.
18. തെങ്ങുകയറ്റ തൊഴിലാളികൾ തൊഴിലേർപ്പെട്ടിരക്കവേ താഴെ വീണുണ്ടാകുന്ന അപകടത്തിന് പെട്ടെന്നുള്ള ധനസഹായം ഇല്ല.
19. മിനിമം യോഗ്യതയുള്ള അഭ്യസ്തവിദ്യരായിട്ടുള്ളവർക്ക് സർക്കാർ സർവ്വീസിൽ ജോലി കിട്ടുന്നില്ല.
(ഉയർന്ന നിലവാരത്തിലുള്ള എഴുത്തുപരിക്ഷാരീതി നിലവിലുണ്ട്)
20. വൻതുക ഫീസ് നൽകി പ്രൈവറ്റ് ട്യൂഷനിലൂടെ പഠിച്ചെങ്കിൽ മാത്രമേ ഉയർന്ന ക്ലാസ്സുകൾ പഠിച്ചു ജയിക്കുവാൻ നിർബന്ധിതമാക്കുന്ന സ്കൂൾ/ കോളേജ് അന്തരീക്ഷം
21. കോളനി പ്രദേശത്തിനടുത്തുള്ള റോഡുകൾ ഗ്രാവൽ/ടാർ ചെയ്തിട്ടില്ല.
22. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറ

ഞ്ഞുവരുന്നതിന് പാനെയ്ത്ത് തൊഴിൽ സാധ്യത കുറയുന്നു.

23. വായ്പ ലഭിച്ചവർക്ക് തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിൽ പെട്ടുപോകുന്നു.

**സാധ്യതകൾ**

*വൈദ്യുതി :* കോളനി വീടുകളിലും ഒറ്റപ്പെട്ട മറ്റ് വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തവർക്ക് അതിനുള്ള സൗകര്യം ഉണ്ടാക്കണം. വൈദ്യുതികരിക്കാവനശ്യമായ പ്രത്യേക പദ്ധതിക്ക് രൂപം നൽകണം.

*കുടിവെള്ളം :* എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നില്ല..കോളനി കേന്ദ്രങ്ങളിൽ ശുദ്ധജല ലഭ്യതക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് ഏറ്റവും അടുത്തുള്ള ജലസംഭരണികളിൽ നിന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് രൂപം നൽകണം. ഒറ്റപ്പെട്ട താമസക്കാരിൽ കിണർ ഇല്ലാത്തവർക്ക് കിണർ സ്ഥാപിച്ച് കുടിവെള്ളം ലഭിക്കുന്നതിനായി മേൽപ്പറഞ്ഞ പദ്ധതിയിൽ തന്ന ഇക്കാര്യം സൂചിപ്പിക്കാവുന്നതാണ്. 3-ാം വാർഡിലെ നിലവിലുള്ള വൈദ്യുതി പമ്പ് പ്രവർത്തിപ്പിക്കുന്നതിന് കഴിയുന്നില്ല. ഇക്കാര്യത്തിന് പരിഹാരം ഉണ്ടാക്കി കുടിവെള്ള പ്രശ്നം പരിഹരിക്കണം.

*റോഡുകൾ/വഴികൾ* – രണ്ടാം വാർഡിൽ H.H.Y.S M. UP സ്കൂൾ, ചാലയ്ക്കൽ I.H.D. കോളനി റോഡ് ടാർ ചെയ്യണം. 2-ാം വാർഡിലെ എൻ. എസ്.എസ് കരയോഗം മുതൽ ചാലയ്ക്കൽ IHDP കോളനി റോഡ് ടാർ ചെയ്യണം. 5-ാം വാർഡിൽ കടത്തുവള്ളികോളനി പ്രദേശത്തേക്കുള്ള റോഡ് തണ്ടാശേരി മുക്ക് മുതൽ ശ്രീരംഗം മുക്ക് വരെ) ഗ്രാവൽ/ടാർ ചെയ്തു കിട്ടുന്നതിനും, പ്രസ്തുത വാർഡിൽ തന്നെ അരക്കണ്ടത്തിൽ കോളനി വരെ) ഗ്രാവൽ ചെയ്ത് കിട്ടുന്നതിനും പ്രസ്തുത വാർഡിൽ തന്നെ കാഞ്ഞിക്കലേത്ത് ലക്ഷം വീട്ടിലേക്കുള്ള റോഡ് പേരവിള മുക്ക് മുതൽ ലക്ഷം വീട് വരെയുള്ള ഗ്രാവൽ ചെയ്ത് കിട്ടുന്നതിനും 4-ാം വാർഡിൽ പച്ചൗടത്ത് കോളനിയിലേക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. 4-ാം വാർഡിൽ കോളനി റോഡായ കറുകത്തറ-കളിയ്ക്കൽ മുക്ക് റോഡ് ടാർ ചെയ്ത് കിട്ടണം. ആക്കനാൽ കോളശ്ശേരിക്കുറ്റി ലക്ഷം വീട് കോളനിറോഡ് വാലാത്തുമുക്കു മുതൽ കറുകത്തറമുക്ക് വരെ ടാർ ചെയ്യണം. 8-ാം വാർഡിൽ കളിയിക്ക വയിൽ പട്ടികജാതി കോളനിയിലേക്ക് ഇപ്പോഴുള്ള വഴി വേണ്ടത്ര സഞ്ചാരയോഗ്യമല്ലാത്തതിനാൽ ടി വഴി വീതി കൂട്ടി ഗ്രാവൽ ചെയ്ത് കിട്ടുന്നതിനും, കളിക്ക വയിലിൽ ഹരിജൻ കോളനിയിലേക്കുള്ള നടപ്പാത അംഗീകൃ നടപ്പാതയാക്കി മാറ്റണം. പത്താം വാർഡിൽ ആക്കനാട്ട് കോളനിയിലേക്ക് പോകുന്നതിന് നിലവിലുള്ള വഴി വേണ്ടത്ര സഞ്ചാരയോഗ്യമല്ലാത്തതിനാൽ പ്രസ്തുത വഴി വീതി കൂട്ടി ഗ്രാവർ ചെയ്തിട്ടു കിട്ടുന്നതിനും പത്താം വാർഡിൽ മാലിത്തറ കോളനി നിവാസികൾക്ക് പോയി വരാനുള്ള വഴി വേണ്ടത്ര സൗകര്യപ്രദമല്ലാത്തിനാൽ പ്രസ്തുത വഴി വീതി കൂട്ടി ഗ്രാവൽ ചെയ്യിച്ച് കിട്ടുന്നതിനും പ്രത്യേകമായ പദ്ധതിയ്ക്ക് രൂപം നൽകണം. പള്ളിമുക്ക് മുതൽ, കൃഷ്ണപുരം യു.പി. സ്കൂൾ മാലീത്ര കണ്ണംമ്പള്ളി കോളനി വഴിയുള്ള പ്രവർത്തനങ്ങൾക്ക് സംഘടിതമായ സന്നദ്ധസേവനം ലഭ്യമാണ്.

*പൊതു കക്കൂസ് :* മലമൂത്രവിസർജ്ജനം നടത്തുന്നതിന് നിലവിലുള്ള കക്കൂസ് ഉപയോഗിക്കൽ കാരണം തൊട്ടടുത്തുള്ള കിണറ്റിലെ വെള്ളം അശുദ്ധമാകാനും അടുത്ത വീടുകൾ ഉള്ളവർക്ക് പ്രത്യേകം പ്രത്യംക കക്കൂസ് ഉപയോഗിക്കപ്പെടുന്നതിലൂടെ ആരോഗ്യപ്രശ്ന ങ്ങളും ഉണ്ടാകിനിടയുണ്ട്. ആയതിനാൽ കോളനി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പൊതു കക്കൂസ് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകണം.

*പൊതുശ്മശാനം :* ദരിദ്രവും ഹിന്ദുമതത്തിൽപ്പെട്ടവരുമായ ചിലർ സാമ്പത്തിക ബുദ്ധിമുട്ടും കാരണത്താലും മറ്റ് കാരണത്താലും ശവം മറവ് ചെയ്യുന്ന രീതി നിലവിലുണ്ട്. അൽപ്പം മാത്രമായ സ്ഥലത്ത് താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ശവം മറവു ചെയ്യേണ്ടി വരുക, കിണറിന് സമീപവും, തൊട്ടടുത്ത വീടിന്സമീപവുമാകുന്നു. ഇതു കാരണം കുടിവെള്ളം അശുദ്ധമാകാനും, ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാ

കാനും ഇടയുണ്ട്. ആയതിനാൽ കോളനി കേന്ദ്രീകരിച്ച് പൊതുശ്മശാനത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിക്കണം.

*കിടപ്പാടം/പാർപ്പിടം :* പ്രദേശത്ത് സ്വന്തമായി കിടപ്പാടമോ, പാർപ്പിടമോ ഇല്ലാത്തവർ ഉണ്ട്. ദരിദ്രരായ ഇവർക്ക് കിടപ്പാടവും, പാർപ്പിടവും ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം.

2. നിലിവിലുള്ള 2 ലക്ഷം വീട് കോളനികളിൽ ഉള്ളവർ ഒരു വീട്ടിൽ രണ്ട് കുടുംബക്കാർ എന്ന നിലയിൽ (ഇരുവീട്) താമസിച്ചു വരുന്നു. കുടുംബത്തിന്റെ സ്വകാര്യത നഷ്ടപ്പെടുത്തുന്ന ഇപ്രകാരമുള്ള ജീവിത സാഹചര്യത്തിന് അറുതി വരണം. നിർബന്ധമായും ഇരട്ടവീടുകൾ ഒറ്റവീടുകൾ ആക്കുന്ന പദ്ധതിക്ക് രൂപം നൽകണം.

3. കോളനികളിലും ഒറ്റപ്പെട്ടും മറ്റുമായി താമസിക്കുന്നവരിൽ പലരുടെയും താമസം ഓലപ്പുരയിലും മറ്റു വേണ്ടത്ര സുരക്ഷിതത്വമില്ലാത്ത ഓടിട്ട വീടുകളിലുമാകുന്നു. ഇത്തരക്കാരുടെ വീടുകളുടെ റിപ്പയർ ചെയ്തു നൽകുകയും ഓലപ്പുരക്കാർക്ക് പകരം മറ്റുനല്ല വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം

*ചികിത്സാ സഹായം :* നിർദ്ധന കുടുംബത്തിലെ രോഗികളായിട്ടുള്ളവർക്ക് ചികിത്സക്ക് ധനസഹായം നൽകുന്നു പദ്ധതിക്ക് രൂപം നൽകണം. കൂടാതെ കോളനി പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ ഡോക്ടർമാരുടെ ഭവനസന്ദർശനവും പരിശോധനയും ലഭ്യമാക്കണം.

*വിവാഹത്തിന് ധനസഹായം :* നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക ശേഷി ഇല്ലാത്തതു കാരണം വിഷമം അനുഭവിച്ചു വരുന്ന ഇത്തരക്കാർക്ക ധനസഹായം ലഭ്യമാകുന്ന പദ്ധതിക്ക് രൂപം നൽകണം.

*പെൻഷൻ :* വിവിധ തരത്തിലുള്ളപെൻഷൻ പദ്ധതികൾ നിലിവിലുണ്ടെങ്കിലും അർഹതയുള്ളവർക്കെല്ലാം അവയുടെ പ്രയോജനം ലഭ്യമാകുന്നില്ല. നിലവിലുള്ള നിബന്ധനകളും അർഹരായവരെ കണ്ടുപിടിക്കുന്നതിനുള്ള ഫലപ്രദമായ അന്വേഷണമില്ലായ്മയും ഇതിന് കാരണമാണെന്ന് കാണണം. ഗ്രാമസഭയിലൂടെ അർഹതയുള്ളവരെ നിശ്ചയിക്കാൻ അധികാരം നൽകുന്ന നിയമനിർമ്മാണം ഉണ്ടാകണം. ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ കുടിശ്ശിക വരാതെ ലഭ്യമാക്കണം.

*കലാ-കായിക പരിശീലനം* :കലാ കായിക മൽസരങ്ങളിലൂടെ തങ്ങളുടെ കഴിവ് പ്രദർശിപ്പിച്ച് തങ്ങളുടെ ഭാവി ജീവിതം തന്നെം രൂപപെടുത്തുവാൻ കഴിയുന്നവർ പ്രദേശത്ത് ചുരുക്കമായുണ്ട്. എന്നാൽ അത്തരക്കാർക്ക് പരിശീലനം ലഭിക്കുനതിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഇല്ല. ആയതിനാൽ ഈ വിഭാഗക്കാരിൽ പെട്ടവർക്ക് പ്രാദേശികതലത്തിൽ പരിശീലനം ലഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം.

*അപകട പരിരക്ഷാ സഹായം :* പ്രദേശത്തെ തെങ്ങ് കയറ്റത്തൊഴിലാളികൾ തൊഴിലിലേർപ്പെട്ടിരിക്കവേ താഴെ വീണു അപകടം ഉണ്ടാകുന്ന സംഭവങ്ങൾ അപൂർവ്വമായുണ്ട്. ഇവർക്കു ലഭിക്കുന്ന ധനസഹായം മാസങ്ങളും/വർഷങ്ങളും കഴിഞ്ഞാണെന്ന് കാണുന്നു. ഇത്തരത്തിലുള്ള ധനസഹായ രീതി ഫലപ്രദമല്ല. ആയതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ഇവർക്കു സഹായം നൽകുന്നതിനുള്ള ദ്രുതധനസഹായപദ്ധതിക്ക് രൂപം നൽകണം.

*സർക്കാർ സർവ്വീസിൽ ജോലി ലഭ്യത* :നിലവിലുള്ള ഉയർന്ന നിലവാരത്തിലുള്ള എഴുത്തു പരിക്ഷാ രീതി കാരണം ഈ വിഭാഗത്തിൽപെട്ട മിനിമം യോഗ്യതയുള്ളവർക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിന് കഴിയാതെ വരുന്നു. ആയതിനാൽ ജോലിക്കുവേണ്ടിയുള്ള നിശ്ചിത കുറഞ്ഞ യോഗ്യതയുള്ളവരെ പ്രായത്തിന്റെ മുൻഗണനാ ക്രമത്തിൽ എൻട്രീസ് തസ്തികയിൽ നിയമനം നൽകാനുള്ള ചട്ടത്തിന് രൂപം നൽകണം.

*വായ്പാ* :ഈ വിഭാഗത്തിൽപെട്ട ദരിദ്രരായിട്ടുള്ളവർ വിവിധ വായ്പ പദ്ധതി പ്രകാരം എടുത്തിട്ടുള്ള വായ്പതുക പൂർണ്ണമായും തിരിച്ചടക്കുവാൻ കഴിയാത്തവരാണ് അന്വേഷണത്തിൽ സാമ്പത്തികമായി കഴിവില്ലാത്തവരാണെന്ന് ബോധ്യമുള്ളവരെ സംബന്ധിച്ചിടത്തോളം കുടിശിഖതുക എഴുതിത്തള്ളുന്നതിനുള്ള തീരുമാനം

ഉണ്ടാകണം

**നിർദ്ദേശങ്ങൾ**


1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപപ്പിക്കുക
2. പായ് നെയ്ത്ത്, കൊട്ട, പനമ്പ്, എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാത്തിൽ സംഘടിപ്പിക്കുക.
3. കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാ വിധ സഹായവും ചെയ്യുക
4. അഭ്യസ്തവിദ്യരായവർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുട മാന ദണ്ഡങ്ങൾ ലഘൂകരിച്ച് ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക
5. വ്യവസായ പരിശീലനം നൽകുകയും പരി ശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദി ക്കുകയും ചെയ്യുക

വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപ യോഗിക്കുന്നുണ്ടോ എന്ന് പരിശോധനയും വായ്പകൾ ദുർവിനിയോഗം ചെയ്യുന്നത് തടയു കയും ചെയ്യുന്നതനുള്ള അധികാരം ഗ്രാമപഞ്ചാ യത്തിൽ നിക്ഷിപ്തമാക്കുക.

6. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പി ക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെ യ്ഡ്, കയറുൽപ്പന്നങ്ങളുടെ നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, തയ്യൽ പരിശീലനം, മെഴു കുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവി ഷ്കരിക്കുക
7. പട്ടികജാതി സർവീസ് സഹകരണസംഘം ആരംഭിക്കുക
8. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപ്പാദനത്തി നായി കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.
9. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്തിൽ സമി തികളെ ചുമതലപ്പെടുത്തുകയും മേൽനോട്ട ത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക
10. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കി വരുന്ന മൂന്ന് മുതൽ 5 വരെ പ്രായമുള്ള കുട്ടി കൾക്ക് ബാലവാടികളും നഴ്സറികളും രണ്ടോ മൂന്നോ കോളനികൾക്ക് സംയ്കുതമായി ഏർപ്പെ ടുത്തുക.
11. 5 മുതൽ 10 വരെ സ്റ്റാൻഡേർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക
12. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
13. വായനശാലകൾ സ്ഥാപിക്കുക
14. അഭ്യസ്ത വിദ്യരായുള്ള സേവനം കോളനി യിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക
15. ബോധവൽക്കരണത്തിന്റെ ഭാഗമായി കോള നികളിൽ ടി.വി സെറ്റുകൾ സ്ഥാപിക്കുക

## പട്ടിക 1
## കോളനികളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | വിശദീകരണം |
|---|---|---|---|
| I | 1. ദേശത്തിനകം ലക്ഷം വീട് കോളനി | 26 | 13 വീടുകളിലായി 25 കുടുംബങ്ങൾ താമസിച്ചു വരുന്നു. കുടുംബത്തിന്റെ സ്വകാര്യത ഇപ്രകാരമുള്ള ജീവിത സാഹചര്യത്തിന് അറുതി വരുത്തണം. നിർബന്ധമായും ഇരു വീടുകൾ ഒറ്റവീടുകളാക്കുന്നതിന് തീരുമാനമുണ്ടാക്കണം |
| II | 1. കളപ്പുരയിൽ ലക്ഷം വീട് കോളനി | | |
| | 2. പതിയാരേത്ത് ലക്ഷം വീട് കോളനി (പേരൂർ) | 23 | |
| | 3. ചാലക്കൽ ഐ.എച്ച് പി.പി കോളനി | 14 | അംഗീകരം ലഭിക്കണം |
| III | 1. പുത്തൻകണ്ടത്തിൽ കോളനി | | |
| | 2.മുത്തിനിത്താഴെ പട്ടികജാതി ക്കോളനി | 8 | അംഗീകാരം ലഭിക്കണം |
| IV | 1. വവ്വടത്ത് പട്ടികജാതികോളനി | 13 | അംഗീകാരം ലഭിക്കണം |
| V | 1. കടത്തുവള്ളിയിൽ പട്ടികജാതികോളനി | 21 | അംഗീകാരം ലഭിച്ചു |
| | 2. ആലുംമൂട്ടിൽ കോളനി | 17 | |
| | 3. ആരക്കണ്ടത്തിൽ പട്ടികജാതി കോളനി | 9 | അംഗീകാരം ലഭിക്കണം |
| | 4.കാഞ്ഞിക്കലേത്ത് ലക്ഷം വീട് കോളനി | 12 | അംഗീകാരം ലഭിക്കണം |
| VI | ചാരും മൂട്ടിൽ പട്ടികജാതികോളനി | 16 | അംഗീകാരം ലഭിക്കണം |
| VII | 1. മണിമംഗലത്തു പട്ടികജാതികോളനി | 10 | അംഗീകാരം ലഭിക്കണം |
| | 2. കോളശ്ശേരിക്കുറ്റി ലക്ഷം വീട് കോളനി | 19 | |
| | 3. പാണേവയൽ പട്ടികജാതി കോളനി | 9 | അംഗീകാരം ലഭിക്കണം |
| | 4.വേണാട്ടുവയൽകോളനി | 9 | അംഗീകാരം ലഭിക്കണം |
| VIII | കളീയിക്ക വയലിൽ പട്ടികജാതിക്കോളനി | 13 | അംഗീകാരം ലഭിക്കണം |
| IX | ആക്കനാട്ട് പട്ടികജാതിക്കോളനി | 14 | |
| X | 1. മാലീത്തറ ഹരിജൻ കോളനി | 22 | അംഗീകാരം ഉണ്ട് |
| | 2. ശീലാന്തപട്ടികജാതിക്കോളനി | 11 | അംഗീകാരം ലഭിക്കണം |
| | 3.കണ്ണമ്പള്ളി പട്ടികജാതിക്കോളനി | 12 | അംഗീകാരം ലഭിക്കണം |
| | 4.കളപ്പുരയ്ക്കൽ പട്ടികജാതിക്കോളനി | 15 | അംഗീകാരം ലഭിക്കണം |
| XI | 1. കുറത്തിമൂല പട്ടികജാതിക്കോളനി | 16 | അംഗീകാരം ലഭിക്കണം |
| | പാപ്പനാടി ഹരിജൻ കോളനി | 10 | അംഗീകാരം ലഭിക്കണം |



# വിഭവസമാഹരണം

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം പണം പഞ്ചായത്തുകളിലേക്ക് (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്) കൈമാറാൻ പോകുകയാണ്. തീർച്ചയായും വലിയൊരു തുക നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കും. എന്നാൽ, ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളെല്ലാം നിറവേറ്റണമെങ്കിൽ ഈ പണം കൊണ്ടു മാത്രം മതിയാവുകയില്ല. സഹായത്തിനായി പിന്നെയും സംസ്ഥാന ഗവൺമെന്റിനെ സമീപിക്കാനും കഴിയില്ല.അതുകൊണ്ട് ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കുന്ന നമുക്ക് ചില പുതിയ വിഭവ സമാഹരണ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും കാർഷിക-കാർഷികേതര മേഖലകളിൽ കൂലിപ്പണി ചെയ്യുന്നവരാണ്. ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവരിൽ വളരെ കുറച്ചു പേർ മാത്രമാണ് സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലിത്തെയിട്ടുള്ളത്. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലകളിലെ 'വൈറ്റ് കോളർ' ജോലിക്കാർ എന്നു വിശേഷിപ്പിക്കാവുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.

കാർഷിക-വ്യാവസായിക മണ്ഡലങ്ങളിലെ മുരടിപ്പാണ് വികസനം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി. കാര്യമായ പുത്തൻ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല. ഉള്ള വിരലിലെണ്ണാവുന്ന ചെറുകിടവ്യവസായങ്ങളുടെ സ്ഥിതിയും അത്ര മെച്ചമെന്ന് പറയാനാവില്ല. കൃഷി നിലങ്ങൾ നികത്തപ്പെടുകയും കോൺക്രീറ്റ് സൗധങ്ങൾ ഉയർത്തപ്പെടുകയും ചെയ്തതോടെ കാർഷികോൽപ്പാദനവും കുറയാൻ തുടങ്ങി. കാർഷിക വ്യാവസായിക മണ്ഡലങ്ങളിൽ കാര്യമായി ഇടപെടാൻ ഗ്രാമപഞ്ചായത്തിന് അധികാരം ലഭിക്കുന്നതോടെ മാത്രമേ ഈ അവസ്ഥക്ക് മാറ്റമുണ്ടാകൂ.

സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള നമ്മുടെ പഞ്ചായത്തിന്റെ തനി വരവ് എത്ര ചെറുതാണെന്ന് താഴെ കൊടുക്കുന്ന 95-96 ലെ വരവ് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നു

| ഇനം | വാർഷിക വരുമാനം |
|---|---|
| കെട്ടിടനികുതി | 2,45000 |
| തൊഴിൽ നികുതി | 86,000 |
| വിനോദനികുതി | 32000 |
| അഡീഷണൽ നികുതി | 20,000 |
| പ്രദർശന നികുതി | 2200 |
| സർചാർജ്ജ് | 600 |
| ചന്തവരവ് (മാർക്കറ്റ് ഫീ) | 1300 |
| ലൈസൻസ് ഫീസ് | 3700 |
| വസ്തു കൈമാറ്റനികുതി | 1,55,600 |
| മറ്റുവരുമാനം | 33,300 |
| ആകെ | 5,79700 |

64,59295.45 രൂപാ വരവും 60,10000 രൂപാ ചെലവും 449295.45 രൂപാ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്നതാണ് കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 96-97 ലെ ബഡ്ജറ്റ്. ഇതിൽ 7,25000

രൂപാ പൊതുമരാമത്തിനും 500000 രൂപാ, ഭവന നിർമ്മാണത്തിനും (കക്കൂസ്, കിണർ) നീക്കിവെച്ചിരിക്കുന്നു. പൊതുജനാരോഗ്യത്തിന് 390000 രൂപയും കൃഷിക്ക് 300000 രൂപയുടം സാമൂഹ്യ ക്ഷേമപ്രവർത്തവങ്ങൾക്ക് 166000 രൂപായും നീക്കിവെച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിന് നീക്കി വെച്ചിരിക്കുന്നത് 75000 രൂപായാണ്. ഈ മേഖലകളിൽ കാര്യമായ വികസനപ്രവർത്തനങ്ങൾ നടത്താൻ ഈ തുക അപര്യപ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ

നിലവിലുള്ള നികുതികൾ യുക്തിസഹമായിരിക്കുകയും, പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കുന്നതു വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. നികുതി ജനങ്ങൾക്ക് താങ്ങാനാവത്ത ഒരു ഭാരമാകാൻ പാടില്ല എന്ന തിരിച്ചറിവോടെ നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കു വേണ്ടി വരുന്ന തുകയുടം ഒരു ചെറിയ അംശമെങ്കിലും കണ്ടെത്താനുതകുന്ന ചില വിഭസമാഹരണനിർദ്ദേങ്ങൾ ചുവടെ കൊടുക്കുന്നു.

*കെട്ടിടനികുതി*

ആനുവൽ റെന്റൽ വാല്യുവിന്റെ 6% കണക്കാക്കിയാണ് പഞ്ചായത്തിൽ ഇപ്പോൾ കെട്ടിട നികുതി നിശ്ചയിക്കുന്നത്. ഇത് ഏറ്റവും കുറഞ്ഞ നിരക്കാണ്. ഇത് വർദ്ധിപ്പിക്കാവുന്നതാണ്. നികുതിയോടൊപ്പം ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. കെട്ടിട നികുതി പിരിവ് കാര്യക്ഷമമാക്കുകയും കൃത്യമായും ചട്ടങ്ങൾ പിന്തുടർന്നു കൊണ്ടുമായാൽ തന്നെ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതാണ്.

*ഭൂനികുതി*

അധിഷ്ഠാന ഭൂനികുതി ഇനത്തിൽ സെന്റൊന്നിന് 20 പൈസ ക്രമത്തിൽ റവന്യു അധികാരങ്ങൾ പിരിചചുകൊണ്ടിരിക്കുന്നു. ഇങ്ങനെ പിരിക്കുന്ന തുകയിൽ നാമ മാത്രമേ തുക പഞ്ചായത്തുകൾക്ക് ഗവൺമെന്റിൽ നീന്ന് ഭൂ നികുതി ഇനത്തിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോഴുള്ള നികുതി (സെന്റൊന്നിന് 20 പൈസ) വർദ്ധിപ്പിക്കുകയും ഭൂ നികുതിപരിവ് ഗ്രാമപഞ്ചായത്തിനെ ഏർപ്പിക്കുകയും ചെയ്യേണ്ടതാണ്.

*വിവാഹരജിസ്ട്രേഷൻ ഫീസ്*

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾ യാതൊരു ഫീസും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല്. ലക്ഷങ്ങൾ ദുർവ്യയം ചെയ്തു നടക്കുന്ന മാമാങ്കളായി വിവാഹച്ചടങ്ങുകൾ മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വിവാഹ രജിസ്ട്രേഷൻ ഫീസായി ഒരു തുക ഗ്രാമപഞ്ചായത്ത് ഈടാക്കുന്നതിൽ ഒരു തെറ്റുമില്ല.

*ജനനമരണ രജിസ്ട്രേഷൻ ഫീസ്*

ജനനം രജിസ്റ്റർ ചെയ്യുന്നതിനും ഇപ്പോൾ ഫീസൊന്നുമില്ല. ജനനരജിസ്ട്രേഷൻ ഫീസായി ഒരു ചെറിയ തുക ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

*പരസ്യനികുതി*

പഞ്ചായത്തതിർത്തിക്കുള്ളിൽ പരസ്യ ബോർഡ് ബാനർ മുതലായവ (സിനിമാ പരസ്യം ഒഴിച്ച്) പ്രദർശിപ്പിക്കുന്നതിന് ഇപ്പോൾ ഗ്രാമപഞ്ചായത്ത് നികുതി ചുമത്തുന്നില്ല. ഇതിന് മിതമായ ഫീസ് നിശ്ചയിക്കാവുന്നതാണ്.

*പഞ്ചായത്തിൽ നിക്ഷ്പിതമായ പുറമ്പോക്കു ഭൂമിയുടെ സംരക്ഷണവും വിനിമയവും*

ഗ്രാമപഞ്ചായത്തിന്റെ ആധീനതയിലുള്ള തോട്, വഴി, കുളം മുതലായ പുറമ്പോക്ക് ഭൂമി കൈവശം വച്ചനുഭവിക്കുന്ന ധാരാളം കേസുകൾ ഉണ്ട്. അവ കണ്ടുപിടിച്ച് പഞ്ചായത്ത് ഏറ്റെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാലോചിക്കാവുന്നതാണ്.

*ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി*

പഞ്ചായത്തിലുള്ള എല്ലാത്തരം വിദഗ്ദ്ധ, അവിദഗ്ധ തൊഴിലാളികളെയും അവരുടെ ക്ഷേമം മുൻനിർത്തിതി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടു വരേണ്ടതാണ്. ഇങ്ങനെ അംഗങ്ങളാകുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഒരി ചെറിയ സംഖ്യ ഈടാക്കാവുന്നതാണ്.

*പഞ്ചായത്തിലുള്ള പ്രൈവറ്റ് ആശുപത്രികൾക്ക് ലൈസൻസ് ഫീസ് നിശ്ചയിക്കണം*

രോഗികളെ കിടത്തി ആശുപത്രികളിലെ ചികിത്സിക്കുന്ന കിടക്കകളുടെ എണ്ണം തിട്ടപ്പെടുത്തി കിടക്കയൊന്നിന് ഒരു നിശ്ചിത തുക കണക്കാക്കി നികുതി ഈടാക്കാവുന്നതാണ്.

*ലൈസൻസ് :*

കച്ചവടക്കാരിൽ നിന്നുള്ള ലൈസൻസ് ഫീസ് പിരിവ് ഊർജ്ജിതമാക്കണം. ഒരു സ്ഥാപനം പോലും വിട്ടു പോകരുത്. വർഷം തോറും കച്ചവടക്കാരുടെ കണക്ക് കൃത്യമായി ശേഖരിച്ച് ലൈസൻസ് ഫീസ് പിരിച്ചെടുക്കണം.

*വിനോദനികുതി :*

ഈ ഇനത്തിൽ വളരെ കുറച്ചു വരുമാനം മാത്രമേ നമ്മുടെ പഞ്ചായത്തിനുള്ളൂ. ഒരേ ഒരു സിനിമാ തിയറ്റർ മാത്രമാണ് പഞ്ചായത്തിലുള്ളത്. കാപ്പിൽ കുറ്റിപ്പുറം ചന്തക്ക് സമീപവും കുറ്റിത്തെരുവിൽ നമ്മുടെ പഞ്ചായത്തധീനതയിൽപെടുന്ന പ്രദേശത്തും ഓരോ സിനിമാ തിയറ്റേർ ഉണ്ടായാൽ ഈ ഇനത്തിലുള്ള വരുമാനത്തിൽ വർദ്ധനവുണ്ടാകും. ഈ പ്രദേശങ്ങളിൽ സിനിമാ തിയറ്റർ തുടങ്ങുവാൻ താൽപര്യമുള്ള വ്യക്തികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

നാഷണൽ ഹൈവേയിൽ അജന്താ ജംഗ്ഷനു സമീപം ഉപയോഗശൂന്യമായ നാഷണൽ ഹൈവേ വക കുളം പഞ്ചായത്തിന് പതിച്ചു കിട്ടുകയാണെങ്കിൽ അവിടെ ഒരു പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് പണിയാവുന്നതാണ്. ഭൂമി പതിച്ചു കിട്ടാൻ പഞ്ചായത്തു സമിതി കാര്യമായ ശ്രമിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരേ ഒരു വാണിജ്യബാങ്ക് മാത്രമാണുള്ളത്. 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ബാങ്കിന്റെ ശാഖ. രണ്ട് നാഷണലൈസ്ഡ് ബാങ്കുകൾ കൂടിയെങ്കിലും പഞ്ചായത്തിൽ ഉണ്ടാകണം. പഞ്ചായത്താഫീസ് ജംഗ്ഷനിലും അജന്താ ജംഗ്ഷനിലും ഇപ്പോഴുള്ള ബാങ്ക് (ഇന്ത്യൻ ബാങ്ക്) തന്നെ ഈ പ്രദേശത്തു നിന്നു ലഭിക്കുന്ന നിക്ഷേപത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമാണ് ലോണുകളായി ഇവിടെയുള്ള ജനങ്ങൾക്ക് നൽകി വരുന്നത്. ഈ സ്ഥിതി മാറണം. നിക്ഷേപത്തിന്റെ കുറഞ്ഞത് 60% തുകയെങ്കിലും ലോണുകളായി ഇവിടുത്തെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന സാഹചര്യമുണ്ടാകണം.

കല്ലട ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി പഞ്ചായത്തിലെ 1 മുതൽ 10 വരെ വാർഡുകളിൽ ഭൂമി സർവ്വേ ചെയ്തിട്ടുണ്ട്. ചില വാർഡുകളിൽ ഉടമകൾക്ക് വില നൽകി ഭൂമി ഏറ്റെടുത്തിട്ടുമുണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നില്ലെങ്കിൽ ഇപ്രകാരം ജലസേചന വകുപ്പ് ഏറ്റെടുത്ത ഭൂമി ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള ശ്രമം നടത്തേണ്ടതാണ്.

*നിക്ഷേമസമാഹരണം*

ദേശീയ സമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കപ്പെടുന്ന തുകയുടെ 25% പഞ്ചായത്തുകൾക്ക് ലഭിക്കുമെന്നുള്ളതിനാൽ താഴെ പറയുന്ന സാധ്യതകൾ പരിഗണിക്കേണ്ടതാണ്

1. യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ (ഡഠക) യുടെ യൂണിറ്റികൾ പ്രതിവർഷം 10 ലക്ഷം രൂപയ്ക്ക സമാഹരിച്ച് 25% പഞ്ചായത്തിന് ഉപയോഗിക്കാം.
2. പോസ്റ്റോഫീസ് റെക്കറിംഗ് ഡെപ്പോസിറ്റ് വർദ്ധിപ്പിച്ച് 25% ലോണായി പഞ്ചായത്തിന് ഉപയോഗിക്കാം.
3. ഇന്ദിരാ വികാസ് പത്രയുടെ സർട്ടിഫിക്കറ്റുകൾ – പ്രതിവർഷം 10 ലക്ഷം രൂപയ്ക്ക് എടുപ്പിച്ച് 25% പഞ്ചായത്തിന് ഉപയുക്തമാക്കാം.

***മനുഷ്യാധ്വാനം***

പഞ്ചായത്തിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെയും വിവിധ ബഹുജനസംഘടനകളുടെയും സജീവ പങ്കാളിത്തം ഉറപ്പു വരുത്തണം. 100 രൂപാ ചെലവാക്കുമ്പോൾ 125 രൂപയുടെയെങ്കിലും ഫലം ലഭിക്കത്തക്കതരത്തിൽ മനുഷ്യാധ്വാനം സൗജന്യമായി നേടാൻ കഴിയണം. സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ വിദഗ്ദ്ധരായ നിരവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട് പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിലും നടപ്പിലാക്കുന്നതിലും അവരുടെ സാങ്കേതികജ്ഞാനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം അങ്കണവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തൽ തുടങ്ങി വിവിധ മേഖലകളിൽ പഞ്ചായത്തിലെ വിദഗ്ദ്ധർമാരുടെ സഹകരണം തേടാവുന്നതാണ്.

# രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരം പഞ്ചായത്തുരാജ് നിയമത്തിലൂടെയും ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയും ജനങ്ങളിലേക്ക്

സ്മരിക്കുക!! ഗ്രാമീണരുടെ ഉന്നതിയിലാണ് മഹാത്മജി ഇൻഡ്യയുടെ ആത്മാവ് തൊട്ടറിഞ്ഞതും ഭാവി ദർശിച്ചതും. ഇൻഡ്യയുടെ സ്വതന്ത്ര്യം സംരക്ഷിക്കുവാൻ, ഗ്രാമങ്ങളിലെ നിരക്ഷരരായ പട്ടിണിപ്പാവങ്ങളുടെ ഉയിർത്തെഴു നേൽ പ്പിലൂടെ മാത്രമെ കഴിയുവെന്ന് രാഷ്ട്ര പിതാവ് ഉറച്ചു വിശ്വസിച്ചിരുന്നു. അധികാരം ഒരുപിടി ആളുകളുടെ കരങ്ങളിൽ ഒതുക്കാതെ ജനങ്ങൾക്ക് പകർന്നു നൽകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. നമ്മുടെ ഗ്രാമങ്ങൾ തകർന്നാൽ ഇൻഡ്യയും അതോടൊപ്പം നമ്മുടെ വികസന പ്രക്രിയയും തകരുമെന്ന് അദ്ദേഹം ദീർഘ ദർശനം ചെയ്തിരിന്നു. അതിനാൽ അദ്ദേഹം ''ഗ്രാമസ്വരാജ്'' സ്വപ്നം കണ്ടു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള പ്രവർത്തനത്തിലാണല്ലോ ഇന്ന് നാം അണി നിരന്നിരിക്കുന്നത്.

ഇൻഡ്യയുടെ സ്വതന്ത്രം സംരക്ഷിക്കുവാൻ ഗ്രാമങ്ങൾ ഉണർന്നേ കഴിയൂ.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കിമാറ്റുന്നതിന്റെ വിവിധ തലങ്ങളിലുള്ള ചർച്ചകൾക്ക് ശേഷം തയ്യാറാക്കിയ സമഗ്രമായ ഈ വികസന രേഖ പഞ്ചായത്തുതല വികസന സെമിനാറിൽ അവതരിപ്പിക്കുകയാണല്ലോ? നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, സംസ്ക്കാരം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ തലങ്ങളിൽ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ അടങ്ങുന്നതുമാണ് ഈ റിപ്പോർട്ട്.

പഞ്ചായത്തിരാജ് നിയമത്തിലൂടെയും, ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെയും ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കിമാറ്റുവാനുള്ള കൃഷ്ണപുരം ഗ്രാമ പഞ്ചായത്തുകമ്മറ്റിയുടെയും, പ്രസിഡന്റ് ശ്രീ.എൻ.രവിയുടെയും ഊർജ്ജസ്വലമായ പ്രവർത്തനം അഭിനന്ദനാർഹമാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നേതൃത്വപരമായ പങ്കുവഹിച്ച മുഴുവൻ ജന നേതക്കന്മാരേയും വിവിധ വകുപ്പുദ്യോഗസ്ഥരെയും കൃഷ്ണപുരത്തെ ജനസമൂഹത്തെയും ആദരവോടെ സ്മരിക്കുന്നു.

ഈ വികസന രേഖ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ഒരു ചരിത്ര രേഖയായി മാറട്ടെ !

ചിറപ്പുറത്ത് മുരളി,
മെമ്പർ
ബ്ലോക്ക് പഞ്ചായത്ത്
മുതുകുളം

# നന്ദിപൂർവ്വം.....

73-74 ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്ത്രാജ്-നഗര പാലികാ നിയമം സംസ്ഥാനത്ത് നടപ്പിലായശേഷം കൃഷ്ണപുരം പഞ്ചായത്തിൽ 25-9-95 ന് ആണ് തെരെഞ്ഞെടുപ്പ് നടന്നത്. തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ 30-9-95ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. 4-10-95ൽ നടന്ന പ്രസിഡന്റിന്റേയും വൈസ്പ്രസി ഡന്റിന്റേയും തെരെഞ്ഞെടുപ്പോടുകൂടി കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രവർത്തനം ആരംഭിച്ചു. വ്യത്യസ്ത രാഷ്ട്രീയ ചിന്താഗതികൾ ഉള്ളവർ അംഗങ്ങളായുള്ള ഭരണസമിതിയാണെങ്കിലും പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനും പുരോഗതിക്കും വേണ്ടി ഒരുമയോടെ പ്രവർത്തിക്കു വാനാണ് പഞ്ചായത്ത് സമിതിയുടെ പ്രഥമ യോഗത്തിൽ തന്നെ അംഗങ്ങൾ ഐകകണ്ഠ്യേന തീരുമാനമെടുത്തത്.

പുതിയ ഗ്രാമപഞ്ചായത്ത് സമിതി നിലവിൽ വന്നതിനുശേഷമാണ് പ്രാഥമികാരോഗ്യകേന്ദ്രം നിലവിലില്ലാതിരുന്ന കൃഷ്ണപുരം പഞ്ചായത്തിൽ ഈ കുറവ് പരിഹരിക്കപ്പെട്ടത് 12-1-96ൽ പഞ്ചായത്തിലെ 6-ാം വാർഡിൽ കാഷിൽ കുറ്റിപുറത്ത് പുതിയ പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന ആരോഗ്യ മന്ത്രിയായിരുന്ന ശ്രീ.വി.എം.സുധീരൻ ആണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇപ്പോൾ ഇത് വാടകകെട്ടിടത്തലാണ് പ്രവർത്തിക്കുന്നത്.

പാവപ്പെട്ട ഗ്രാമ വാസികൾക്ക് കുടിവെള്ളമെത്തിക്കന്നതിനും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് അടിയന്തിരസഹായം നൽകുന്നതിനുമാണ് പഞ്ചായത്ത് സമിതി പ്രഥമ പരിഗണന നൽകിയിട്ടുള്ളത്.

95-96 സാമ്പത്തിക വർഷത്തിൽ JRY അൺടൈഡ് ഫണ്ടുകൾ ഉപയോഗിച്ച് 136 നിർദ്ധന കുടുംബങ്ങൾക്ക് കിണറുകളും 95 കുടുംബങ്ങൾക്ക് കക്കൂസുകളും നിർമ്മിച്ചു നല്കുകയുണ്ടായി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്ക് വീടു നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ IAY പദ്ധതി പ്രകാരം മുതുകുളം ബ്ലോക്കിൽ നിന്നും അനുവദിച്ച 35 വീടുകളുടെയും 33 CRSP ലാട്രിന്റേയും പണികൾ എല്ലാ വർഡുകളിലും നടന്നുകൊണ്ടിരിക്കുകയാണ്.

സ്വാശ്രയ ഗ്രാമപദ്ധതി

സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് അനുവദിച്ചു കിട്ടിയ തുക ഉപയോഗിച്ച് .5 ലക്ഷം രൂപാ ചെലവഴിച്ച് മാച്ചിംഗ് ഗ്രാന്റായി ദുർബ്ബലവിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് തയ്യൽമെഷീനും 1.75 ലക്ഷം രൂപാ ചെലവഴിച്ച് 100 കുടുംബങ്ങൾക്ക് ലോഡു സൈക്കിളും വിതരണം ചെയ്തു. ഇതിന്റെ വിതരണോദ്ഘാടനം 1-9-96-ൽ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി ശ്രീ.പാലൊളി മുഹമ്മദ് കുട്ടിയാണ് നിർവ്വഹിച്ചത്. പഞ്ചായത്ത് 4-ാം വാർഡിൽ ആയുർവേദാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ടി 73,750 രൂപ മുടക്കി 29 1/2 സെന്റ് സ്ഥലം പഞ്ചായത്തിനുവേണ്ടി വാങ്ങുകയുണ്ടായി. 1,05,000 രൂപ (SRYഫണ്ട്) ഉപയോഗിച്ച് 30 കുടുംബങ്ങൾക്ക് കക്കുസും 12 കുടുംബങ്ങൾക്ക് കിണറും നിർമ്മിച്ചു നല്കി.

ഗ്രാമറോഡുകളുടെ സംരക്ഷണം.

ഗവൺമെന്റിൽ നിന്നും പഞ്ചായത്തിനും ലഭിച്ച VTC. VRM ഗ്രാന്റായ 4,95,000 രൂപ ഉപയോഗിച്ച് വാർഡുകളിലായി 45,000 രൂപ വീതം ചെലവഴിച്ച് ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നു കൊണ്ടിരിക്കുകയാണ്.

റോഡ്ടാറിംഗ്

പഞ്ചായത്ത് 1-ാം വാർഡിൽ SRYഫണ്ടായ 1,95,000 രൂപ ചെലവഴിച്ച് ഇടയോടിക്കാവ് ക്ഷേത്രം - മുട്ടത്ത് വയൽ റോഡിൽ ടാറിംഗ് പണി പൂർത്തീകരിച്ചു. വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ അനുവദിച്ച 2,00,000 രൂപ ഉപയോഗിച്ച് 1-ാം വാർഡിൽ ട്രാൻസ്ഫോർമർമുക്ക് - മീനത്തമൂലമുക്ക് റോഡിൽ ടാറിംഗ് പണി നടത്തി. 1-ാം വാർഡിൽ മൈനർ ഇറിഗേഷൻ സ്കീമിൽ ഇടയൊടിക്കാവ് ക്ഷേത്രത്തിനു സമീപം 1,40,000 രൂപയുടെ പാലം നിർമ്മിച്ചു.

രണ്ടാം വാർഡിൽ പുള്ളിക്കണക്ക് പേരൂർമുക്ക് ലക്ഷം വീട് മുക്ക് റോഡ് വെള്ളപ്പൊക്ക ദുരിതാശ്വാസസ്കീമിൽ അനുവദിച്ച 1,00,000 രൂപ ഉപയോഗിച്ച് ടാർ ചെയതു. 2-ാം വാർഡിൽ തൈക്കാവ് മുക്ക്, കുറ്റിയിൽ തെക്ക്മുക്ക് റോഡ് വസ്തു കൈമാറ്റ നികുതിയിനത്തിൽ ലഭിച്ച 1,00,000 രൂപ ഉപയോഗിച്ച് ടാറിംഗും മെയിന്റനൻസും നടത്തി.

അഞ്ചാം വാർഡിൽ പാവുത്തറമുക്ക് ചിറയ്ക്കൽ ക്ഷേത്രം റോഡ് വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ അനുവദിച്ച 2.5 ലക്ഷം രൂപ ചെലവഴിച്ച് ടാറിംഗ് നടത്തി.

ഒൻപതാം വാർഡിൽ വസ്തുകൈമാറ്റ നികുതിയിനത്തിൽ ലഭിച്ച 1,00,000 രൂപ ഉപയോഗിച്ച് വയനകംമുക്ക് - തൂവിനേത്ത് മുക്ക് റോഡും വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ അനുവദിച്ച 1,00,000 രൂപ ചെലവഴിച്ച് തൂവിനേത്ത്മുക്ക് - കുറ്റിത്തറമുക്ക് റോഡും, വെള്ളപ്പൊക്ക് ദുരിതാശ്വാസ സ്കീമിൽ ലഭിച്ച 1,00,000 രൂപ മുടക്കി കുറ്റിത്തറമുക്ക് - മുനിസിഷൽ ലിമിറ്റ് റോഡും ടാർ ചെയ്തു.

പത്താം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ അനുവദിച്ച 2,00,000 രൂപ ചെലവഴിച്ച് പള്ളിമുക്ക് കൃഷ്ണപുരം യു.പി.എസ്.റോഡ് ടാറിംഗ് പണി നടന്നു വരുന്നു. 10-ാം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ അനുവദിച്ച 1.5 ലക്ഷം രൂപ ചെലവഴിച്ച് താഴത്തോട്ടിൽ പാലവും ഒണക്കയ്യത്തമുക്ക് വരെ റോഡ് മെയിന്റനൻസും നടത്തി.

പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിയിൽപ്പെടുത്തി 10,11 വാർഡുകളിൽലെ പാഷനാടി പുഞ്ചകൃഷി വികസന പദ്ധതിയ്ക്കായി 6,41000 രൂപ അനുവദിച്ചു. ഇതിന്റെ പണിനടന്നുകൊണ്ടിരിക്കുന്നു.

1,2,5,6,8,10,11 വാർഡുകളിൽ നീരോഴുക്ക് തോടിനു കുറുകെ ചെറിയ നടപ്പാലങ്ങൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

ധനസഹായ - വികസന പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട 81 കുടുംബങ്ങൾക്ക് പുരകെട്ടി മേയുന്നതിന് ധനസഹായം നല്കി പഞ്ചായത്ത് അതിർത്തിയിലെ താമസക്കാരായ വിദ്യർത്ഥികളിൽ ട.ട.ഘ.ഇ യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ രണ്ട് വിദ്യർത്ഥികൾക്കും പട്ടികജാതിയിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കും പഞ്ചായത്ത് ക്യഷ് അവാർഡ് നല്കി.

ദുർബല വിഭാഗത്തിൽപ്പെട്ട മാരകരോഗം ബാധിച്ചവർക്കും അപകടം സംഭവിച്ചവർക്കും സാമ്പത്തിക സഹായം നൽകി. കൃഷി ഭവന്റേയും ഗ്രാമപഞ്ചായ ത്തിന്റേയും കാർഷിക വികസന പദ്ധതികൾക്ക് രൂപം നല്കി നടപ്പാക്കി വരുന്നു. സർക്കാരിന്റെ സഹായത്തോടെ ശുദ്ധജല വിതരണം പഞ്ചായത്തിലുടനീളം നടപ്പാക്കുന്നതിനുള്ള ബ്യഹത്ത് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ പ്രൈമറി വിദ്യാ ലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ സ്ക്കൂളുകളിലേയും അദ്ധ്യയന നിലവാരം മേച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന ങ്ങൾക്ക് തുടക്കം കുറിച്ചു. ഇത്രയും കാര്യങ്ങളെകെലും ഈ കാലയളവിൽ നടപ്പാക്കാൻ കഴിഞ്ഞത് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെ കൂട്ടായ പരിശ്രമത്തി ലൂടെയാണ്.

പഞ്ചായത്തിലെ 1,7,9 വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹാരിക്കുന്നതിനുവേണ്ടി വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി നാല് ട്രാൻസ് ഫോമറുകൾ സ്ഥാപിച്ചു. ശ്രീ.ജി.സുധാകരൻ ങ.ഘ.അ യാണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽപ്പെടുത്തി ഒരു ലക്ഷം രൂപാ വീതം ചെലവഴിച്ച് കൈരളിമുക്ക്- കൃഷി ഭവൻ റോഡ് ഓച്ചിറ കൊച്ചുമുറി റോഡ് ച.ട.ട കരയോഗം- തയ്യിൽതെക്ക് എന്നീ റോഡുകൾ ടാർച്ചെയ്യാനുള്ള അനുമതി ലാഭിച്ചിട്ടുണ്ട്. കൈരളിമുക്ക് - കൃഷിഭവനിൽ റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് 3,95046 രൂപാ ചെലവഴിച്ച് ടാറു ചെയ്യുന്നതിനുള്ള ടെണ്ടർ കഴിഞ്ഞിരിക്കുകയുമാണ്. എം.പി.ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വിനിയോഗിച്ച് പുള്ളിക്കണക്ക് ചാലയ്ക്കൽ തോടിനുകുറുകെ പാലം പണിയുവാനും അനുമതിയായിട്ടുണ്ട്. കൂടാതെ 96-97 സാമ്പത്തിക വർഷത്തേക്ക് ലഭിച്ചിട്ടുള്ള അൺടൈസ്ഫണ്ട് (10,31000 രൂപ) ഉപയോഗിച്ച് 145 കക്കൂസും 71 കണറും നിർമ്മിക്കുന്നതിനും H.H.Y.S.M യു.പി. സ്ക്കൂൾ ചാലയ്ക്കൽ കോളനി റോഡ് ടാർ ചെയ്യുന്നതിനും (1.5 ലക്ഷം രൂപാ) 5-ാം വാർഡിൽ തണ്ടാശ്ശേരിൽമുക്ക് - കടത്തുവള്ളി ഹരിജൻകോളനി റോഡ് അറ്റകുറ്റപണി നടത്തുന്നതനും (14,5000 രൂപാ) ഉള്ള ആക്ഷൻ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

പുനരർഷണദിനം

കേരളപിറവി ദിനമായ നവംബർ 1 കൃഷ്ണപുരം ഗ്രാമ പഞ്ചായത്തും പുനർഷണ ദിനമായി ആചരിക്കുകയുണ്ടായി ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്താഫീസ് ജംഗഷ്ൻ കാഷിൽ കുറ്റിപ്പുറം റോഡ്, മുത്തനാട്ടുമുക്ക് മേടയിൽ മുക്ക് റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളും മേടയിൽ നടപ്പാലത്തിന്റെയും ഞക്കനാൽപാലത്തിന്റേയും സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടുകൂടി കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള കർമ്മ പദ്ധതിയും ആവിഷ്ക്കരിച്ചുണ്ട്.

പിന്നിട്ട ഒരു വർഷകാലയളവിനുള്ളിൽ കുറേയേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു എന്ന സംതൃപ്തി പഞ്ചായത്തു ഭരണസമിതിയ്ക്കുണ്ട്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാനും പഞ്ചായത്തിന്റെ സമഗ്രപുരോഗതി കൈവരിക്കുവാനും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടേയും ജനങ്ങളുടേയും കൂട്ടായ പരിശ്രമം ഏറെ ആവശ്യമാണ്. ഇതിനായി ഇപ്പോൾ സംസ്ഥാന ഗവൺമെന്റും സംസ്ഥാന പ്ലാനിംഗ് ബോർഡും സംയുക്തമായി ആവിഷ്കരിച്ചിരിക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം ഏറെ പ്രതീക്ഷയും കൂടുതൽ ആത്മവിശ്വാസവും നൽകിയിരിക്കുകയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുനടന്ന പ്രവർത്തനങ്ങൾ 'ആമുഖത്തിൽ' വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ അതിനുമുതിരുന്നില്ല. എന്നാൽ ഒരു കാര്യം എടുത്തു പറയാൻ ആഗ്രഹിക്കുന്നു. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി പഞ്ചായത്തു കമ്മറ്റി അംഗങ്ങളും വിവിധ വകുപ്പുദ്യോഗസ്ഥന്മാരും സന്നദ്ധ പ്രവർത്തകരും നടത്തിയ കൂട്ടായ ശ്രമമാണ് പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ വിജയത്തിനടിസ്ഥാനം.

പഞ്ചായത്തിന്റെ ചുമതലയുള്ള കീ റിസോഴ്സ് പേഴ്സൺ *ശ്രീ.എം.ആർ.ജീവൻലാൽ*, ഡി.ആർ.പി.മാരുടെ കൺവീനർ ശ്രീ മണക്കാട് രാചന്ദ്രൻപിള്ള, ഡി.ആർ.പി.മാരായ മറ്റ് ഡി.ആർ.പി മാരായ സർവ്വ ശ്രീ.കെ.എം. *വാസുദേവൻ ഉണ്ണിത്താൻ, ഓച്ചിറ ശിവരാമൻ, കെ.എം.ഷംസു കുഞ്ഞ്, എസ്.നസീം, രാജേഷ് അരവിന്ദ്, ആർ.അനിൽ കുമാർ, പി.രാധാമണി* എന്നിവർ വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതു മുതൽ ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയവരാണ്. അവരോട്

കൃഷ്ണപുരം ഗ്രാമപഞ്ചായത്തു കമ്മറ്റിക്കുള്ള നിസീമമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. ഇവരെ കൂടാതെ നൂറോളം ലോക്കൽ റിസോഴ്സ് പേഴ്സൺസ്, റിസോഴ്സ് ഗ്രൂപ്പുകളുടെ കൺവീനർമാരായ പ്രമുഖ ഉദ്യോഗസ്ഥർ പഞ്ചായത്തിലെ മറ്റ് വിദഗ്ധരായ വ്യക്തികൾ, ഗ്രാമപഞ്ചായത്താഫീസിലെ ഉദ്യോഗസ്ഥർ എന്നിവരും ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. അവരേയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ വിജയിത്തിനും എല്ലാ ഭാഗത്തു നിന്നും ഈ സഹകരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. എല്ലാവരോടുമുള്ള നന്ദി ഒരിക്കൽ കൂടി രേഖപ്പെടുത്തികൊണ്ട്.



എൻ.രവി
പ്രസിഡന്റ്, (കൃഷ്ണപുരം
ഗ്രാമപഞ്ചായത്ത്)

## ഉപസംഹാരം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികൾ താഴേത്തട്ടിൽതന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേയ്ക്കുള്ള സുപ്രധാനമായ രണ്ടു ഘട്ടങ്ങൾ നാം പിന്നിട്ടു കഴിഞ്ഞു. പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും 'വിശേഷാൽ ഗ്രാമസഭകൾ' വിജയകരമായി സംഘടിപ്പിച്ചു. കൃഷ്ണപുരത്തിന്റെ 'വികസന റിപ്പോർട്ട്' തയ്യാറാക്കി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് വിദഗ്ധർ , സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ആത്മാർത്ഥമായ സഹകരണമാണ് ഇതുവരെയുള്ള പ്രവർത്തന വിജയങ്ങൾക്കാധാരം. ചെയ്തതിനേക്കാൾ കൂടുതൽ ഇനിയും ചെയ്യാനുണ്ട് എന്ന തിരിച്ചറിവാണ് ഈ ഘട്ടത്തിൽ നമുക്കുണ്ടാകേണ്ടത്. 'വികസനറിപ്പോർട്ടി'ൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളെ പ്രോജക്ടുകളാക്കി മാറ്റുക എന്ന കൂടുതൽ സാങ്കേതികജ്ഞാനം ആവശ്യമായ പ്രവർത്തനമാണ് ഇനി നടക്കാൻ പോകുന്നത്. എങ്കിലും നമുക്കധീരരാകേണ്ടതില്ല. ജനങ്ങളുടെ കർമ്മശേഷിയിലും സംഘബോധത്തിലുമുള്ള അചഞ്ചലമായ വിശ്വാസം നമ്മെ വിജയത്തിലെത്തിക്കും. ഒരുമയോടെ മുന്നോട്ട് !


– എഡിറ്റോറിയൽ ബോർഡ്

ആശംസകളോടെ !

# കോയിക്കൽ ജ്യുവലേഴ്സ്

ഹരിപ്പാട് ഫോൺ : 2096, കരുനാഗപ്പള്ളി, ഫോൺ : 20096,
കായംകുളം ഫോൺ : 2096

ആശംസകളോടെ !



# ഹോട്ടൽ സിദ്ധാർത്ഥ

ഒച്ചിറ

## സന്ദി വിസാ സർവ്വീസ്

സമ്പൂർണ്ണ യാത്രാ സജ്ജീകരണങ്ങൾ
ഓച്ചിറയിൽ നിന്ന്

# എസ്. എം. എയർ ട്രാവൽസ്

(മാർക്കറ്റ് റോഡ്)
ഓച്ചിറ, കൊല്ലം ജില്ല
Ph : 047569-314, Resi : 692 Fax : 047569 - 7534

*ബോംബെ റിയാ ട്രാവൽസിന്റെ അംഗീകാരമുള്ള ഓച്ചിറയിലെ ഏക പ്രതിനിധി*

Authorised Rep :
Riya Travels
approved by Govt. of India ministry of labour
Reg. No. 00949/BOM/PER/1000+/3/1769/84 H.O. Bombay

---

Gram : MANIFOLD Phone : 0479-443263

# MANIFOLD INDUSTRIES

STRUCTURAL ENGINEERS & FABRICATORS
·S.S.I, REG. NO. 092718/KA/01 DT.: 18-4-1991

**Kappil East**
**Krishnapuram P.O.,**
**Alappuzha Dist., Kerala**
**Pin - 690 533**

*Structural Fabricate, Concreate Hollow Block Moulding Machine, Steal windows, Rolling Shutters and other Special Purpose Machines*

സമ്പൂർണ്ണ ഗൾഫ് യാത്രാ സജ്ജീകരണങ്ങളിൽ
20 വർഷമായി ആർജ്ജിച്ച വിശ്വാസം

# ഗൾഫ് ഇൻഡ്യാ ടൂർസ് & ട്രാവൽസ്

കാവേരി ഷോപ്പിംഗ് കോംപ്ലക്സ്, മെയിൻ റോഡ്, ഓച്ചിറ
ഫോൺ : (Off) 690 436, 691163, Res. 691 319


സൗദി വിസ സർവീസിംഗിന്

## ബോംബെ റിയാ ട്രാവൽസിന്റെ

ഓച്ചിറയിലെ അംഗീകൃത ഏജൻസി

സഹോദര സ്ഥാപനങ്ങൾ

മുണ്ടുകോട്ടയിൽ നഴ്സറി,
കൃഷ്ണപുരം & ഓച്ചിറ
അജ്മൽ കോൾഡ് സ്റ്റോറേജ് & ഐസ് ക്രീം പാർലർ,
കൃഷ്ണപുരം & ഓച്ചിറ



മംഗല്ല്യ മുഹൂർത്തങ്ങൾക്ക്
വേദിയൊരുക്കാൻ....

# M.G.HALL

## (Maruthavana Garden Hall)

**OACHIRA. ☎:690674.**

**(CATTERING FACILITIES AVAILABLE)**